# പരിസ്ഥിതി ധാർമ്മികത

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# പരിസ്ഥിതി ധാർമ്മികത

**Title:** Environmental Ethics
**Published by:** The Director, Alpha Institute, Archdiocese of Tellicherry, Sandesa Bhavan, Tellicherry, 670 101, Kannur, Kerala
Ph: 0490 - 2344727, 2343707
**Published on:** 2019 July 3 (*St. Thomas Day*)

**Editorial Board:** Mar Joseph Pamplany
Rev. Fr. Joseph Kakkaramattathil
Rev. Dr. Philip Kaviyil
Rev. Fr. Deepu Karakkattu
Rev. Dr. Bincy Mathew SH

**Office Assistance:** Br. Paul Mundackal
Mr. Nidhin Reji
Mrs. Jeshitha Vijesh
Mrs. Vimmi N.K
**Language Mentorts:** Fr. Mathew Edamula, Sr. Gloria MSMI
**Design & Layout:** Midhun Thomas
**Printing:** Vimala Offset Press, Thalassery
**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher



# ഉള്ളടക്കം

1. പരിസ്ഥിതി ധാർമ്മികത: പദോല്പത്തി, ചരിത്രം, ധാർമ്മിക രീതികൾ ......... 05
2. സാബത്തു ദർശനത്തിന്റെ പാരിസ്ഥിതിക പ്രസക്തി ........ 15
3. പരിസ്ഥിതി ദൈവശാസ്ത്രവും സഭാപിതാക്കന്മാരും ........ 23
4. പരിസ്ഥിതി പ്രതിസന്ധിയും ആനുകാലിക ദാർശനികാഭിമുഖ്യങ്ങളും ........ 29
5. പ്രപഞ്ചവിജ്ഞാനീയം: വിസ്മയങ്ങളിൽനിന്ന് മഹാവിസ്മയങ്ങളിലേക്ക് ........ 40
6. പരിസ്ഥിതി ആദ്ധ്യാത്മികതയും കാർഷിക സംസ്കാരവും ........ 60
7. പ്രപഞ്ചോൽപത്തി: വേദവും ശാസ്ത്രവും ........ 81
8. പ്രകൃതി ഭാരതീയ കാഴ്ചപ്പാടിൽ ........ 92
9. പ്രകൃതിയും ആരോഗ്യവും ആയുർവേദത്തിന്റെ നിലപാടുകൾ ........ 99
10. പരിസ്ഥിതി ദൈവശാസ്ത്രം: കത്തോലിക്കാസഭാപ്രബോധനങ്ങൾ ........ 105
11. പ്രപഞ്ചം ധാർമ്മിക മൽക്കളരിയോ? ........ 112
12. പരിസ്ഥിതിവാദവും രാഷ്ട്രീയ ഇടപെടലുകളും ........ 117
13. ജനങ്ങളും പ്രകൃതിയും നേർക്കുനേർ ........ 128
14. ഇന്ത്യയിലെ പ്രകൃതി സംരക്ഷണനിയമങ്ങൾ: ഒരവലോകനം ........ 137
15. നമ്മുടെ പൊതുഭവനമായ ഭൂമിയുടെ നന്മയ്ക്ക് ........ 145

*Published for the use of the students of Alpha Institute of Theology and Science*



# 01

## പരിസ്ഥിതി ധാർമ്മികത: പദോല്പത്തി, ചരിത്രം, ധാർമ്മിക രീതികൾ

സമഗ്രമായി പരിസ്ഥിതിയെക്കുറിച്ച് പഠിക്കുവാൻ പരിസ്ഥിതിയെക്കുറിച്ചുള്ള വിവിധ പദങ്ങൾ സഹായിക്കും. പരിസ്ഥിതി ധാർമ്മികതക്ക് ദീർഘമായ ഒരു ചരിത്രമാണുള്ളത്. പരിസ്ഥിതി സംബന്ധമായ കാര്യങ്ങൾ വിലയിരുത്തുന്നത് വിവിധ ധാർമ്മിക രീതികളിലൂടെയാണ്. പരിസ്ഥിതി ധാർമ്മികതയെക്കുറിച്ചുള്ള പദങ്ങളും ഹ്രസ്വമായ ചരിത്രവും വിവിധ ധാർമ്മിക രീതികളുമാണ് ഈ അധ്യായത്തിന്റെ പ്രതിപാദന വിഷയം.

### 1. പദങ്ങൾ

(a) ആവാസവ്യവസ്ഥ (Ecosystem)

ചേതനകളും അചേതനങ്ങളുമായ വസ്തുക്കളുടെ പ്രവർത്തന ഐക്യം.

(b) പരിസ്ഥിതി (Ecology)

ഇത് സാമൂഹ്യശാസ്ത്രത്തിന്റെ ഭാഗമാണ്. മനുഷ്യസമൂഹവും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെ ഇത് സൂചിപ്പിക്കുന്നു.

(c) മനുഷ്യകേന്ദ്രീകൃതവാദം (Anthropocentrism)

ചേതനങ്ങളും അചേതനങ്ങളുമായ വസ്തുക്കളുടെയും ജീവികളുടെയും ഇടയിൽ മനുഷ്യനാണ് ഏററവും കൂടുതൽ പ്രാധാന്യം എന്ന കാഴ്ചപ്പാട്.

(d) ജൈവ കേന്ദ്രീകൃതവാദം (Biocentrism)

പ്രകൃതിയിലെ ജീവനുള്ളവയ്ക്ക് മാത്രം മൂല്യം കൊടുക്കുന്ന വാദമാണിത്.

(e) പ്രകൃതി കേന്ദ്രീകൃതവാദം (Ecocentrism)

പ്രകൃതിയുടെ കേന്ദ്രീയതയെ സൂചിപ്പിക്കാൻവേണ്ടി രാഷ്ട്രീയ തത്വശാസ്ത്രത്തിൽ ഉപയോഗിക്കുന്ന പദമാണിത്. ചേതനങ്ങളും അചേതനങ്ങളുമായ വസ്തുക്കളെ അർത്ഥമാക്കാൻ ഈ പദം പ്രയോഗിക്കുന്നു.

(f) തീവ്രപരിസ്ഥിതി (Deep Ecology)

പരിസ്ഥിതിശാസ്ത്രത്തിന്റെ ഒരു ശാഖ. മനുഷ്യനു കിട്ടുന്ന പ്രയോജനത്തേക്കാൾ, പ്രകൃതിയുടെ മൊത്തത്തിലുള്ള ക്ഷേമത്തിനാണ് പ്രാധാന്യം കൊടുക്കേണ്ടത് എന്ന ചിന്ത.

(g) പ്രകൃതി തത്വശാസ്ത്രം (Eco Philosophy)

മനുഷ്യസമൂഹം പ്രകൃതിയുടെ ഭാഗമാണ്. പരിണാമത്തിന്റെ ഭാഗമായ മനുഷ്യൻ അചേതനയിൽനിന്നും ജീവനിലേക്കും, അവിടെനിന്ന് ദൈവത്തിലേക്കും ലക്ഷ്യം വച്ചിരിക്കുന്നു.

(h) പരിസ്ഥിതി ധാർമ്മികത (Environmental Ethics)

ചേതനകളും അചേതനങ്ങളുമായ വസ്തുക്കളും ഇന്നലത്തേയും ഇന്നത്തേയും വരാനിരിക്കുന്ന തലമുറയിലേയും പരിസ്ഥിതി അവബോധവും അതിൽനിന്നുമുള്ള ഉത്തരവാദിത്വവും പ്രതിബദ്ധതയുമാണ് പരിസ്ഥിതി ധാർമ്മികതകൊണ്ട് വിവക്ഷിക്കുന്നത്.

(i) സ്ത്രീപരിസ്ഥിതിവാദം (Ecofeminism)

ഇത് ഒരു സ്ത്രീപക്ഷപ്രസ്ഥാനമാണ്. സ്ത്രീത്വപരമായ തത്വങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ പ്രകൃതിയിലെ പ്രശ്നങ്ങളെ വിലയിരുത്തുന്നു.

(j) പരിസ്ഥിതി മനഃശാസ്ത്രം (Ecopsychology)

പ്രകൃതിയും മനഃശാസ്ത്രവും തമ്മിലുള്ള ബന്ധമാണ് ഇതിന്റെ പ്രതിപാദനവിഷയം. പരിസ്ഥിതിമനഃശാസ്ത്രം പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തിലെ മാനസിക, ആത്മീയ, ചികിത്സാപരമായ വശങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നു.





(k) പരിസ്ഥിതി ആധ്യാത്മികത (Ecospirituality)

പ്രകൃതിയും ആത്മീയതയുമായുള്ള ബന്ധത്തെ ഇത് സൂചിപ്പിക്കുന്നു. പ്രകൃതിയിലെ എല്ലാ വസ്തുക്കളിലും ദൈവികത കണ്ടെത്താൻ കഴിയും.

(I) മനുഷ്യപരിസ്ഥിതി ശാസ്ത്രം (Human Ecology)

മനുഷ്യനും പ്രകൃതിയും കൂടിച്ചേർന്ന പഠനശാഖയാണിത്. മനുഷ്യനും പരിസ്ഥിതിയും തമ്മിൽ ഗാഢമായ ഒരു ബന്ധമുണ്ട്. ക്രൈസ്തവ മനുഷ്യപരിസ്ഥിതിശാസ്ത്രത്തിൽ ലോകം മുഴുവൻ പിതാവായ ദൈവത്തിന്റെ ദാനമാണെന്ന സന്ദേശമാണ് ഉൾക്കൊണ്ടിരിക്കുന്നത്. മനുഷ്യവ്യക്തിയും ദൈവത്തിന്റെ ദാനമാണ്. മനുഷ്യനെ അംഗീകരിച്ചുകൊണ്ടുള്ള പരിസ്ഥിതി സംരക്ഷണമാണ് ഇവിടെ ലക്ഷ്യം വയ്ക്കുന്നത്.

m) പരിസ്ഥിതി ദൈവശാസ്ത്രം (Ecotheology)

ദൈവശാസ്ത്രത്തിലെ ഒരു ശാഖ. മതവും പ്രകൃതിയും തമ്മിലുള്ള ബന്ധമാണ് ഇതിന്റെ മുഖ്യചർച്ചാവിഷയം.

## 2. പരിസ്ഥിതി ധാർമ്മികതയുടെ ചരിത്രം

പരിസ്ഥിതി ധാർമ്മികത പൊതുധാർമ്മികതയുടെ ഒരു ശാഖയാണ്. മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെ ധാർമ്മികമായി വിശകലനം ചെയ്യുന്ന രംഗമാണിത്. മനുഷ്യൻ പ്രപഞ്ചത്തിന്റെ ഭാഗമാണ്. അതുപോലെതന്നെ ജീവനുള്ളവയും ജീവനില്ലാത്തവയും ഇതിന്റെ ഭാഗമാണ്. ജീവനുള്ളവയുടെയും ജീവനില്ലാത്തവയുടെയും മൂല്യങ്ങളെയും നിലനില്പിനെയുംകുറിച്ച് പരിസ്ഥിതിധാർമ്മികത ചർച്ച ചെയ്യുന്നു. ധാർമ്മികത സാധാരണ മനുഷ്യനെക്കുറിച്ച് പ്രതിപാദിക്കുന്നു. എന്നാൽ പരിസ്ഥിതി ധാർമ്മികതയിൽ പ്രപഞ്ചത്തെ മുഴുവനും ഉൾക്കൊള്ളിക്കുകയാണ് ചെയ്യുന്നത്. പരിസ്ഥിതി ധാർമ്മികശാസ്ത്രം പരിസ്ഥിതി നിയമം, പരിസ്ഥിതിയുടെ സാമൂഹ്യമാനം, പരിസ്ഥിതി ദൈവശാസ്ത്രം, സാമ്പത്തിക പരിസ്ഥിതി, പരിസ്ഥിതിയും ജനസംഖ്യാവർദ്ധനവും തുടങ്ങിയവയെക്കുറിച്ച് ചർച്ചചെയ്യുന്നു.

പരിസ്ഥിതി ധാർമ്മികതയ്ക്ക് വ്യത്യസ്തമായ രീതികളും മാനങ്ങളുമാണുള്ളത്. പരിസ്ഥിതി ധാർമ്മികതയുടെ ചരിത്രം പാശ്ചാ

തൃലോകം കൃത്യമായി വിവരിക്കുന്നുണ്ട്.

1949 ൽ ആൾഡോ ലിയോപോർഡ് (Aldo Leopold) ധാർമ്മിക ചരിത്രം മനുഷ്യന്റെ മാത്രമല്ല, മറിച്ച് അതിനെ വിശാലമായ അർത്ഥത്തിൽ വിലയിരുത്തണമെന്ന് വാദിച്ചു. ധാർമ്മിക തീരുമാനങ്ങളിൽ മനുഷ്യനും മറ്റ് ജീവജാലങ്ങളും വസ്തുക്കളും ഉൾക്കൊള്ളണം.

1960 ൽ തത്വശാസ്ത്രജ്ഞർ പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. ഇതിൽ പ്രധാനമായവയാണ് ലിൻവൈറ്റിന്റെ "പരിസ്ഥിതി പ്രശ്നങ്ങളുടെ ചരിത്രകാരണങ്ങൾ" (Lynn White, 1969), ഗാരറ്റ് ഹാർഡിന്റെ (Garett Hardin, 1968) "ജനസംഖ്യാ വർദ്ധനക്കുള്ള സാങ്കേതികപരിഹാരം" തുടങ്ങിയവ. ഇവയ്ക്ക് ധാർമ്മികാടിസ്ഥാനം കണ്ടെത്തുക ഈ കാലഘട്ടത്തിൽ പ്രധാന ചർച്ചാവിഷയങ്ങളായിരുന്നു.

റെയ്ച്ചൽ കാർസൺ (Rachel Carson) കീടനാശിനികളുടെ ഉപയോഗംകൊണ്ട് മനുഷ്യനും വന്യജീവികളും നേരിടുന്ന പ്രശ്നത്തെക്കുറിച്ച് എഴുതുകയുണ്ടായി. ഇന്നത്തെ പല പരിസ്ഥിതി പ്രസ്ഥാനങ്ങളും ഇതിൽനിന്നും ആശയമുൾക്കൊണ്ടാണ് വളർന്നത്.

1973 ൽ നാസിന്റെ (A. Naess) ലേഖനം ജനശ്രദ്ധ പിടിച്ചുപറ്റിയതാണ്. ഈ ലേഖനത്തിന്റെ ആദ്യഭാഗം മലിനീകരണത്തിനും പ്രകൃതിവിഭവങ്ങൾ നശിക്കുന്നതിനുമെതിരായി പോരാടണമെന്ന് വാദിക്കുന്നു. രണ്ടാംഭാഗത്തിൽ മനുഷ്യന് പ്രകൃതിയുമായി സമഗ്രബന്ധം വേണമെന്ന് പറയുന്നു. എല്ലാ ജീവജാലങ്ങളോടും ആഴത്തിലുള്ള അടുപ്പമാണ് വേണ്ടത്. ഡീപ്പ് ഇക്കോളജി (Deep Ecology) വളർന്നത് മേൽപറഞ്ഞ ആശയത്തിൽനിന്നുമാണ്.

തത്വശാസ്ത്രചർച്ചയിൽ മൃഗങ്ങളുടെ സ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും കുറിച്ചുള്ള വാദങ്ങൾ 1975 മുതൽ കാണുവാൻ സാധിക്കും. 1975-ൽ ഓസ്ട്രേലിയൻ തത്വചിന്തകനായ പീറ്റർ സിങ്ങറുടെ (Peter Singer) കൃതികൾ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഉപഭോഗവാദത്തിന്റെ അടിസ്ഥാനത്തിലാണ് മൃഗങ്ങളെക്കുറിച്ച് അദ്ദേഹം ചർച്ചചെയ്യുന്നത്.

പരിസ്ഥിതിപ്രശ്നങ്ങളിലുള്ള താല്പര്യം 1979-ൽ കൂടുതലായി ചർച്ച ചെയ്യുന്നുണ്ട്. ഈ കാലത്തിലാണ് പരിസ്ഥിതിയെക്കുറിച്ചുള്ള യുജിൻ ഹാർഗ്രോവ് (Eugine C. Hargave) പരിസ്ഥിതിധാർമ്മികതയെക്കുറിച്ചുള്ള (Enviormental Ethics) മാസിക ഇറക്കിയത്. ഇതേ തുടർന്ന് 1980-ൽ റോബിൻ അറ്റ്ഫിൽഡ് (Robin Attfield) പരിസ്ഥിതി





ധാർമ്മികതയെക്കുറിച്ചുള്ള ലേഖനസമാഹാരം പുസ്തകരൂപത്തിലിറക്കുകയുണ്ടായി.

ഈ കാലഘട്ടത്തിൽതന്നെ പരിസ്ഥിതി സ്ത്രീസ്വാതന്ത്ര്യവാദ (ecifeminism) പ്രസ്ഥാനം കാരൻ വാറൻ (Karan Warren) തുടങ്ങുകയുണ്ടായി. തുടർന്നു സാമൂഹികപരിസ്ഥിതി (Social ecology) മുറേ ബുക്ക്ചിൻ (Murray Bookchin) ആരംഭിച്ചു. പിന്നീട് ഉത്പതിഷ്ണുക്കളായ സർവ്വകലാശാല പരിസ്ഥിതി അധ്യാപകർ കനേഡിയൻ പരിസ്ഥിതി മാസിക ഇറക്കുകയുണ്ടായി (The Canadian Deep Ecology Journal - The Trunk Peter). ജീവനുള്ളവയ്ക്ക് അന്തർലീനമായ മൂല്യമുണ്ടെന്ന് ഈ മാസിക പ്രധാനമായും സ്ഥാപിക്കുന്നു.

1988-ൽ പരിസ്ഥിതിയെക്കുറിച്ച് പ്രതിപാദിക്കുന്ന പല ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കുകയുണ്ടായി. പോൾ ടെയ്ലർ (Poul Taylor) ഹോൽമസ് റോൽസ്റ്റാൺ (Holmex Rolston), മാർക്ക് സാഗോഫ് (Mark Sogoff), യുജിൻ സി. ഹാർഗ്രോവ് (Eugin C. Hargrove) ബ്രയർഡ് കാലികോട്ട് (Briard Callicott), ബ്രയിൻ നോർട്ടൻ (Brayan Norton) എന്നിവരുടെ സംഭാവനകൾ വളരെ വിലപ്പെട്ടതാണ്.

1989-ൽ പരിസ്ഥിതിയെക്കുറിച്ച് ജനപ്രിയമായ വിഷയങ്ങൾ ചർച്ച ചെയ്യുവാൻ Earth Ethics Quarterly എന്നൊരു മാസിക പ്രസിദ്ധീകരണം ആരംഭിച്ചു.

1990-ൽ പരിസ്ഥിതിധാർമ്മികതക്ക് വേണ്ടിയുള്ള ലോക സംഘടന തുടങ്ങി. ലൗറാ വെസ്റ്റട്രായുടെയും ഹോൽമസ് റോൽസ്റ്റാൺ (Laura Westra & Holmes Rolston) ന്റെയും പരിശ്രമഫലമായാണ് ഇത് ആരംഭിച്ചത്.

1992-ൽ പരിസ്ഥിതിധാർമ്മികതയെക്കുറിച്ചുള്ള തത്വശാസ്ത്ര കേന്ദ്രീകൃതമായ മാസിക ഇംഗ്ളണ്ടിൽ നിന്നും പ്രസിദ്ധീകരിക്കുകയുണ്ടായി. (Envirmental Values). 1996-ൽ ജോർജിയ യൂണിവേഴ്സിറ്റിയിൽ നിന്നും പുതിയ ഒരു മാസിക അച്ചടിക്കുകയുണ്ടായി (Ethics and Enviornment). 1997-ൽ പരിസ്ഥിതിതത്വശാസ്ത്രലോകസംഘടന രൂപീകരിക്കുകയുണ്ടായി. പരിസ്ഥിതിയുടെ ദൃശ്യഘടനജ്ഞാനത്തിനാണ് (Phenomenology) ഇത് കൂടുതൽ പ്രാധാന്യം കൊടുത്തത്. പരിസ്ഥിതിതത്വശാസ്ത്രമെന്ന മാസികയും (Enviormental Philosophy) ഇവിടെ നിന്നു പ്രസിദ്ധീകരിക്കുന്നു. 1998 മുതൽ ഇന്നുവരെയുള്ള വർഷങ്ങളിൽ പരിസ്ഥിതിയെക്കുറിച്ച് ഗവേഷണങ്ങൾ, ബോധവൽക്കരണം തുടങ്ങിയ പ്രസ്ഥാനങ്ങളും പദ്ധതികളും ത്വരിതഗതിയിൽ നടക്കുന്നു.

### 3. പരിസ്ഥിതിധാർമ്മിക രീതികൾ

ചരിത്രം പരിശോധിക്കുമ്പോൾ വ്യത്യസ്ത പരിസ്ഥിതി ധാർമ്മിക രീതികളാണുള്ളത്. വ്യത്യസ്തമായ നിയമങ്ങളുടെയും തത്വങ്ങളുടെയും ആശയങ്ങളുടെയും അടിസ്ഥാനത്തിലാണ് പ്രകൃതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുത്തിരിക്കുന്നത്. പരിസ്ഥിതിധാർമ്മിക രീതിയുടെ ഉറവിടം മൂല്യാധിഷ്ഠിത തത്വമാണ്. എന്തിനാണ് മൂല്യമുള്ളത്? എവിടെനിന്നുമാണ് മൂല്യംവരുന്നത്? വസ്തുപരമാണോ വ്യക്തിപരമാണോ മൂല്യം? എവിടെയാണ് മൂല്യം സ്ഥിതി ചെയ്യുന്നത്? മൂല്യം ഉണ്ടെങ്കിൽ എങ്ങനെയാണ് മറ്റ് ജീവജാലങ്ങളോടും വസ്തുക്കളോടും പെരുമാറേണ്ടത്? എങ്ങനെയാണ് തീരുമാനങ്ങൾ എടുക്കേണ്ടത്? മൂല്യങ്ങൾ സംരക്ഷിക്കുമ്പോൾ എന്തെല്ലാം പ്രശ്നങ്ങളാണ് ഉള്ളത്? ഒന്നിനെ സംരക്ഷിക്കാൻ വേണ്ടി മറ്റൊന്നിനെ ഹനിക്കണമോ? തുടങ്ങിയ വ്യത്യസ്തമായ വീക്ഷണങ്ങളിലാണ് ധാർമ്മിക രീതികൾ മൂല്യങ്ങളെ മനസ്സിലാക്കിയതും പ്രകൃതിയെ വീക്ഷിച്ചതും. പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രധാന ധാർമ്മിക രീതികളാണ് ഇനി ചുരുക്കമായി പ്രതിപാദിക്കുന്നത്.

**a. വ്യക്തിഗത പരിണിതഫല രീതി** (Individual Consequentalist Approach)

ഇംഗ്ലീഷ് തത്വശാസ്ത്രജ്ഞന്മാരായ ബന്താമും മില്ലുമാണ് (Jeremy Bentham and J.S. Mill) ഈ ധാർമ്മികരീതിയുടെ ഉപജ്ഞാതാക്കൾ. ഉപഭോഗവാദം എന്നതുകൊണ്ട് ഏറ്റവും കൂടുതൽ ഫലം കിട്ടുന്നതാണ് ശരിയെന്ന് കരുതുന്ന സത്യത്തിനോ വിശ്വാസത്തിനോ മൂല്യങ്ങൾക്കോ ഇവിടെ പ്രാധാന്യമില്ല. മൊത്തത്തിലുള്ള പരിസ്ഥിതിക്കോ ജീവജാലങ്ങളുടെ കൂട്ടങ്ങൾക്കോ അല്ല പ്രാധാന്യം, മറിച്ച് വ്യക്തിഗതജീവിക്കാണ് പ്രാധാന്യം. പീറ്റർ സിങ്ങറാണ് (Peter Singer) ഈ രീതിയെ പ്രോത്സാഹിപ്പിക്കുന്ന തത്വശാസ്ത്രജ്ഞൻ. ഉപഭോഗവാദത്തിലധിഷ്ഠിതമായാണ് ഇദ്ദേഹത്തിന്റെ പുസ്തകം രചിച്ചിരുന്നത്. സന്തോഷത്തിന്റെയും വേദനയുടെയും അടിസ്ഥാനത്തിലാണ് മൂല്യങ്ങളെ വിലയിരുത്തുന്നത്. സ്വയാവബോധമുള്ള ജീവിക്കാണ് പ്രാധാന്യം. വൃക്ഷങ്ങൾക്കും ആവാസവ്യവസ്ഥക്കും ധാർമ്മികമായി പ്രാധാന്യമില്ല. സ്വന്തമായി താല്പര്യം പ്രകടിപ്പിക്കുന്നവയ്ക്ക് മാത്രമേ അവകാശമുള്ളൂ. സുഖവും ദു:ഖവും അനുഭവിക്കാൻ പറ്റുന്നവയ്ക്കാണ് ധാർമ്മികമായി പ്രാധാന്യമുള്ളത്. ഏറ്റവും കൂടുതൽ പ്രയോജനമുള്ളതിനാണ് മുൻഗണന. പലരും ഈ രീതിയെ വിമർശിക്കുന്നുണ്ട്. ഉദാഹരണമായി, മനുഷ്യകേന്ദ്രീകൃത പരിസ്ഥിതിവാദം ഉപഭോഗത്തിന് പ്രാധാന്യം നല്കുന്നു. കൂടാതെ





വ്യക്തികേന്ദ്രീകൃതപരിസ്ഥിതിവാദം എല്ലാ ജീവജാലങ്ങൾക്കും വസ്തുക്കൾക്കും തുല്യ പ്രാധാന്യം നല്കുന്നില്ല. വ്യക്തികേന്ദ്രീകൃതത്തിനാണ് ഈ രീതി മുൻഗണന കൊടുക്കുന്നത്. മൂല്യം അനുഭവവുമായി ബന്ധിപ്പിക്കുന്നു തുടങ്ങിയ ചിന്തകളാണ് ഈ രീതിയിൽ.

**b. വ്യക്തിഗത കർത്തവ്യ രീതി** (Individual Deontological Approach)

ഈ രീതിയിൽ സംഘാത്മകതയെക്കാൾ വ്യക്തികേന്ദ്രീകൃതത്തിനാണ് പ്രാധാന്യം. ഇത് പരിണിതഫലത്തെ ആശ്രയിച്ചല്ല തീരുമാനിക്കുന്നത്. ഓരോ ജീവിക്കും അതിൽതന്നെ മൂല്യമുണ്ട്. അനുഭവവുമായി ബന്ധപ്പെട്ടല്ല മൂല്യം നിശ്ചയിച്ചിരിക്കുന്നത്. ജീവജാലങ്ങൾക്ക് അതിൽതന്നെ മൂല്യമുണ്ട്. അവയുടെ പ്രവൃത്തിയനുസരിച്ചാണ് മൂല്യം ഉണ്ടെന്ന് തീരുമാനിക്കേണ്ടത്. റ്റോം റേഗൺ (Tom Regan) മൃഗങ്ങളുടെ അവകാശത്തിനുവേണ്ടി വാദിക്കുന്ന തത്വശാസ്ത്രജ്ഞനാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ എല്ലാ സ്വാഭാവിക വസ്തുക്കൾക്കും അതിൽതന്നെ നന്മയുണ്ട്. ജീവനുള്ള എല്ലാത്തിനും അവകാശമുണ്ട്.

രണ്ട് രീതിയിലുള്ള ആശയങ്ങൾ വ്യക്തിഗതകർത്തവ്യരീതിക്കാർ പുലർത്തുന്നുണ്ട്. ഒന്നാമത്തെ കൂട്ടരുടെ അഭിപ്രായത്തിൽ ധാർമ്മികമായി പരിഗണിക്കാവുന്ന എല്ലാ വ്യക്തികൾക്കും തുല്യ മൂല്യമുണ്ട് (Paul Taylor, Schweitzer). മറ്റൊരുകൂട്ടരുടെ അഭിപ്രായത്തിൽ പ്രകൃതിയിലുള്ളവയ്ക്ക് തുല്യ മൂല്യമല്ല ഉള്ളത്. മറിച്ച്, വ്യത്യസ്തതരത്തിലുള്ള മൂല്യമാണുള്ളത് (Lombardi). അടിസ്ഥാനപരമായ കഴിവിന്റെ അടിസ്ഥാനത്തിലാണ് ആന്തരികമൂല്യം നിശ്ചയിക്കപ്പെടുന്നത്. ഉദാഹരണമായി സസ്യങ്ങൾക്ക് എല്ലാറ്റിനും അടിസ്ഥാനപരമായി സസ്യമെന്ന കഴിവാണുള്ളത്. അതുകൊണ്ട് അല്പം മൂല്യമാണുള്ളത്. മൃഗങ്ങൾക്ക് സന്തോഷവും ദു:ഖവും അനുഭവിക്കാൻ സാധിക്കും. അതുകൊണ്ട് അല്പംകൂടി കൂടുതൽ മൂല്യമുണ്ട്. മറ്റെല്ലാറ്റിനെയുംകാൾ മനുഷ്യന് കൂടുതൽ മൂല്യം ഉണ്ട്. പ്രധാനമായും ഈ ധാർമ്മികരീതിക്ക് എതിരായ പ്രധാനവിമർശനം ഇത് ജൈവസമൂഹത്തിന് പ്രാധാന്യം കൊടുക്കുന്നില്ലെന്നതാണ് (Baird Callicott).

**c. ലക്ഷ്യാധിഷ്ഠിത ധാർമ്മികരീതി** (Teleological Approach)

ഒരു പ്രവൃത്തി ശരിയോ തെറ്റോ എന്നത് ലക്ഷ്യത്തെ അടിസ്ഥാനപ്പെടുത്തിയാണ് വിലയിരുത്തുന്നത്. ഒരു പ്രവൃത്തിക്ക് ഒന്നോ അതിലധികമോ ലക്ഷ്യങ്ങൾ ഉണ്ടാകാം. പോൾ ടെയ്‌ലറാണ് (Paul Taylor) പരിസ്ഥിതിയുമായി ഈ ധാർമ്മികരീതിയെ

യോജിപ്പിച്ചത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ എല്ലാ ജീവികൾക്കും അതിന്റേതായ ഒരു ലക്ഷ്യമുണ്ട്. ഓരോ സജീവവസ്തുവിനും അതിനെ പിൻതുടരുന്ന ഒരു നന്മ അതിന്റേതായ വഴിയിലുണ്ട്. ജീവികളുടെ ഈ ലക്ഷ്യമാണ് അതിന്റെ ആന്തരികപ്രാധാന്യം നിശ്ചയിക്കുന്നത്. ഈ ആന്തരികമൂല്യം എല്ലാ ജീവികൾക്കും ഒരുപോലെയാണ് ഉള്ളത്. മനുഷ്യന് മനുഷ്യന്റെ നന്മയുള്ളതുപോലെ ജീവികൾക്കും അതിന്റെ നന്മയുണ്ട്.

d. **ആനുപാതിക ധാർമ്മിക രീതി** (The Principle of Proportionality)

ആനുപാതികരീതിയിൽ രണ്ട് ഭാഗങ്ങൾ തമ്മിലുള്ള താരതമ്യമാണ് ചർച്ച ചെയ്യുന്നത്. സന്മാർഗ്ഗശാസ്ത്രത്തിൽ ആനുപാതിക തത്വം, മാർഗ്ഗങ്ങളും ലക്ഷ്യവും തമ്മിലുള്ള ആനുപാതിക ബന്ധവും, പ്രവൃത്തിയുടെ നന്മയും തിന്മയും തമ്മിലുള്ള ആനുപാതിക ബന്ധവും വിലയിരുത്തുന്നു. മറ്റൊരുതരത്തിൽ പറഞ്ഞാൽ ഒരു പ്രവൃത്തിചെയ്താൽ ഉണ്ടാകാവുന്ന നന്മയും തിന്മയും ആനുപാതികമായി വിലയിരുത്തിയതിനുശേഷം ആ പ്രവൃത്തി ചെയ്യാൻ തീരുമാനിക്കുന്ന അവസ്ഥയാണിത്. ഉദാഹരണമായി മനുഷ്യന്റെ നന്മക്കുവേണ്ടി ആനുപാതികമായി മാത്രമേ മൃഗങ്ങളെ പരീക്ഷണത്തിന് വിധേയമാക്കാവൂ എന്ന തത്വം. ആനുപാതികയുക്തി പരിസ്ഥിതിപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കാൻ പ്രധാനമായും നാല് മാർഗ്ഗങ്ങൾ സ്വീകരിക്കാമെന്ന് പറയുന്നു. (1) മാർഗ്ഗവും ലക്ഷ്യവും വിരുദ്ധമാകരുത്. (2) ലക്ഷ്യത്തിന് ആവശ്യമായ മാർഗ്ഗം മാത്രമേ ഉപയോഗിക്കാവൂ (3) മാർഗ്ഗവും ലക്ഷ്യവും തമ്മിൽ ആനുപാതിക ബന്ധം ഉണ്ടായിരിക്കണം. (4) മാർഗ്ഗം ലക്ഷ്യത്തിന് എതിരാകരുത്.

e. **സംഘാത്മക പരിസ്ഥിതിധാർമ്മികത** (Collective Environmental Ethics)

പരിണിതഫല ധാർമ്മികരീതിക്കും കർത്തവ്യരീതിക്കും എതിരായി രൂപം കൊണ്ടതാണ് സംഘാത്മകപരിസ്ഥിതി ധാർമ്മിക രീതി. വ്യക്തിഗത പ്രാധാന്യത്തെക്കാൾ കൂട്ടത്തിന് അല്ലെങ്കിൽ ആവാസവ്യവസ്ഥക്കാണ് പ്രാധാന്യം. സംഘാത്മക രീതിയിൽ വംശത്തിനും, മൊത്തത്തിലുള്ള പരിസ്ഥിതിക്കും, ജൈവമണ്ഡല സംവരണ മേഖലയ്ക്കും പ്രാധാന്യം കൊടുക്കുന്നു. സംഘാത്മക ധാർമ്മിക രീതിക്ക് പരിണിതഫല ധാർമ്മിക രീതിയുമായാണ് കൂടുതൽ ബന്ധം. ഭൂമിക്ക് മുഴുവനുമായാണ് പ്രാധാന്യം കൊടുക്കേണ്ടത്. മണ്ണും വെള്ളവും സസ്യങ്ങളും മൃഗങ്ങളും ഒരുമിച്ച് കൂടുന്നതാണ് ഭൂമി. അതിനുവേണം പ്രാധാന്യം കൊടുക്കാൻ.





സംഘാത്മക പരിസ്ഥിതിധാർമ്മികതക്ക് പ്രാധാന്യം കൊടുക്കുന്ന പരിസ്ഥിതി ചിന്തകരാണ് Aldo Leopold, J. Baird Collicott, James Lovelock ഇവർ എല്ലാവരും വ്യക്തിഗത പരിസ്ഥിതിരീതിയേക്കാൾ പരിസ്ഥിതിയുടെ സാമൂഹികമാനത്തിനാണ് മൂല്യം കല്പിക്കുന്നത്.

f. **മിശ്രിത – അദ്വൈതപരിസ്ഥിതിധാർമ്മികത** (Mixed Monistic Environment Ethics)

ചില പരിസ്ഥിതിധാർമ്മിക ശാസ്ത്രജ്ഞന്മാർ വ്യക്തിഗത ധാർമ്മിക രീതിയും സംഘാത്മക ധാർമ്മികരീതിയും ഒരുമിച്ച് അവതരിപ്പിക്കുന്നുണ്ട് (Holmes Rolston, Lowrence Johnson, Richard Rolston). ഉദാഹരണമായി റോൽസ്റ്റോൺ പറയുന്നു പ്രപഞ്ചത്തിന് വസ്തുതാപരമായ മൂല്യമുണ്ട്. അടിസ്ഥാനപരമായ മൂല്യം ഓരോ ജീവിയുടെയും ലക്ഷ്യത്തിലുണ്ട്. ജീവികൾക്ക് പൊതുവായ മൂല്യവും വ്യക്തിഗതമായ മൂല്യവുമുണ്ട്.

g. **അഗാധമായ പരിസ്ഥിതി** (Deep Ecology)

ആഴമില്ലാത്ത പരിസ്ഥിതിക്കെതിരായാണ് (Shallow ecology) അഗാധമായ അല്ലെങ്കിൽ തീവ്രമായ പരിസ്ഥിതിരീതി രൂപം കൊണ്ടത്. എല്ലാ ജീവകണത്തിനും തുല്യപ്രാധാന്യമുണ്ട്. ജീവനുള്ളവയ്ക്ക് എല്ലാം തുല്യപ്രാധാന്യം കൊടുക്കണം. ധാർമ്മികരീതിയേക്കാൾ പ്രകൃതിയേക്കാൾ പ്രകൃതിയെക്കുറിച്ചുള്ള അവബോധം കൊടുക്കുവാനാണ് ഈ രീതി പരിശ്രമിക്കുന്നത്. തീവ്രപരിസ്ഥിതി പ്രചരിപ്പിച്ച വ്യക്തിയാണ് Arne Naess (1973). അടിസ്ഥാനപരമായി എല്ലാം ഒന്നാണ് എന്ന് ഈ കൂട്ടർ വാദിക്കുന്നു.

h. **നവോത്ഥാനപരിസ്ഥിതി വാദം** (Revivalist Environmental Position)

വ്യത്യസ്തമായ ധാർമ്മിക രീതികൾ പരിസ്ഥിതിധാർമ്മികതയിൽ ഒരുമിപ്പിച്ചിരിക്കുകയാണ് ഇവിടെ. പരിസ്ഥിതിതത്വശാസ്ത്രം പൊതുവായും ധാർമ്മികത പ്രത്യേകമായും എടുത്തതുകൊണ്ട് ഒന്നുകിൽ ഏകതത്വശാസ്ത്രജ്ഞന്റെ ആശയത്തിൽ അല്ലെങ്കിൽ ഒരു തത്വശാസ്ത്രവീക്ഷണരീതിയിൽനിന്നുമാണ് കാര്യങ്ങൾ അവതരിപ്പിക്കുന്നത്. പ്രക്രിയതത്വശാസ്ത്രം (A.N. Whitehead) പരിസ്ഥിതിയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ഓരോന്നിന്റെയും നിലനിൽപ്പിൽതന്നെ മൂല്യമുണ്ട്. എല്ലാറ്റിനും തുല്യ മൂല്യം കൊടുക്കുവാൻ സാധിക്കുന്നില്ല. തീഷ്ണതയുടെയും യോജിപ്പിന്റെയും (Intensity and Harmony)അനുഭവത്തിൽനിന്നാണ് മൂല്യം നിശ്ചയിക്കപ്പെടുന്നത്. അല്ലെങ്കിൽ അതിന് വ്യത്യാസമുള്ളത്. ഇത് അർത്ഥമാക്കു

ന്നത് ഒരു കാര്യത്തിന് തീർപ്പ് കല്പിക്കാവുന്നത് ഏറ്റവും കൂടുതൽ മൂല്യം തരുന്നതിനനുസരിച്ചാണ്. സസ്യങ്ങൾക്കും അചേതനവസ്തുക്കൾക്കും മൂല്യാധിഷ്ഠിതമായ അനുഭവനിമിഷങ്ങൾ ഉണ്ടാകും. എന്നാൽ തീവ്രമായ അനുഭവം ഇവയ്ക്കില്ല. അതുകൊണ്ട് കുറഞ്ഞ മൂല്യമേ ഇവയ്ക്കുള്ളൂ.

**ഉപസംഹാരം**

പരിസ്ഥിതിയെക്കുറിച്ചുള്ള പദങ്ങൾ, ചരിത്രം ധാർമ്മികരീതികൾ എന്നിവയാണ് ഈ അധ്യായത്തിൽ നാം ചർച്ച ചെയ്തത്. പദങ്ങൾ പരിസ്ഥിതിയെക്കുറിച്ചുള്ള പല നിർവ്വചനങ്ങളാണ് അവതരിപ്പിച്ചത്. പരിസ്ഥിതിയുമായുള്ള മനുഷ്യന്റെ പ്രതിബദ്ധതയാണ് പരിസ്ഥിതി ധാർമ്മികതയുടെ ചരിത്രം ഓർമ്മിപ്പിക്കുന്നത്. വിവിധ തരത്തിലുള്ള പരിസ്ഥിതി ധാർമ്മിക രീതികൾ എത്രമാത്രം വ്യത്യസ്തവും, സങ്കീർണ്ണവുമാണെന്നുള്ള സത്യമാണ് നമുക്ക് വിലയിരുത്തുവാൻ കഴിഞ്ഞത്. പരിസ്ഥിതിയെക്കുറിച്ച് തീരുമാനങ്ങളെടുക്കുവാൻ പരിസ്ഥിതി ധാർമ്മികത നമ്മെ സഹായിക്കും. മനുഷ്യനും മറ്റു ജീവികളും വസ്തുക്കളും തമ്മിൽ മൂല്യത്തിൽ വ്യത്യാസമുണ്ട്. അതുകൊണ്ട് മനുഷ്യന് കൂടുതൽ ഉത്തരവാദിത്വമുണ്ട്. ഭൂമിയിലെ വസ്തുക്കൾ തനിക്കുവേണ്ടി ആനുപാതികമായി ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ. കൂടാതെ മറ്റുള്ളവയുടെ മൂല്യത്തെ സംരക്ഷിക്കാനും മനുഷ്യന് കടമയുണ്ട്.

**ഡോ. സ്കറിയാ കന്യാകോണിൽ**

(*പരിസ്ഥിതി ദൈവശാസ്ത്രത്തിന് ഒരു സമകാലികഭാഷ്യം*,
ഓറിയെന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീസിയസ് സ്റ്റഡീസ്, കോട്ടയം, 2016)



# 02

## സാബത്തു ദർശനത്തിന്റെ പാരിസ്ഥിതികപ്രസക്തി

പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചും അവയ്ക്കുള്ള സമഗ്രമായ പ്രതിവിധിയെക്കുറിച്ചുമുള്ള ധാരാളം കാലികപഠനങ്ങൾ, ചർച്ചകൾ നടക്കുന്നുണ്ട്. ഫ്രാൻസീസ് മാർപ്പാപ്പയുടെ *അങ്ങേക്കു സ്തുതി*യുടെ വരവിനു ശേഷം ക്രൈസ്തവമണ്ഡലങ്ങളിൽ ഇത്തരം ചർച്ചകൾക്ക് നവാവബോധവും സംജാതമായിട്ടുണ്ട്. പാരിസ്ഥിതിദർശനത്തെയും ആത്മീയതയെയുംകുറിച്ച് പ്രതിപാദിക്കുന്ന *അങ്ങേക്കു സ്തുതി*യുടെ ആറാം അദ്ധ്യായത്തിൽ ഞായറാഴ്ച ആചരണത്തിന്റെ പാരിസ്ഥിതി പ്രസക്തിയേക്കുറിച്ചാണ് പാപ്പ പറയുന്നത്, യഹൂദരുടെ സാബത്തുപോലെ ഞായറാഴ്ചയാചരണവും ദൈവത്തോടും നമ്മോടുതന്നെയും മറ്റുള്ളവരോടും ലോകത്തോടും നമുക്കുള്ള ബന്ധങ്ങളെ സൗഖ്യപ്പെടുത്തുവാൻ ഉദ്ദേശിച്ചുള്ളതാണ് (LS, 237). അതിസമ്പന്നമായ ഒരു ദൈവശാസ്ത്രമാണ് സാബത്ത് ആചരണത്തിനു പിന്നിലുള്ളത്. സാബത്തിന്റെ ദാർശനികതയെ അപഗ്രഥിച്ചതിനുശേഷം അതിന്റെ പാരിസ്ഥിതികപ്രസക്തിയെ സൂചിപ്പിക്കാനാണ് ഈ ലേഖനത്തിൽ ശ്രമിക്കുന്നത്.

## സാബത്തിന്റെ ദൈവശാസ്ത്രം

യഹൂദക്രൈസ്തവപാരമ്പര്യങ്ങളിൽ രൂപംകൊണ്ട മനുഷ്യകേന്ദ്രീകൃതമായ ദർശനം സമകാലികപാരിസ്ഥിതിക പ്രശ്നങ്ങളുടെ പേരിൽ ധാരാളം പഴികേൾക്കേണ്ടി വന്നിട്ടുണ്ട്. കീഴടക്കുവാനും ആധിപത്യം പുലർത്തുവാനുമുള്ള (ഉല്പ 1:28) കല്പനയുടെ ചരിത്രപരമായ പുനർവായനകളും നവഭാഷ്യങ്ങളും ഇന്ന് സമ്പന്നമാണെങ്കിൽകൂടി, ചരിത്രത്തിൽ മനുഷ്യകേന്ദ്രീകൃതമായ ഒരു ദർശനത്തിന് ഇത് വഴിതെളിച്ചിട്ടുണ്ട്. ഭൂമിയെയും അതിലെ വസ്തുക്കളെയും മനുഷ്യന്റെ മാത്രം നന്മ ലക്ഷ്യമാക്കി ഉപയോഗിക്കുവാൻ മനുഷ്യരെ പ്രേരിപ്പിച്ച ഈ ദർശനത്തെ ഇടുങ്ങിയ മാനവികത എന്നാണ് മേരി മിഡ്ഗ്ലെ വിശേഷിപ്പിക്കുന്നത്. സൃഷ്ടിയുടെ വിവരണം (ഉല്പ 1:1-2a) അനുസരിച്ച് ഏഴാം ദിവസം ദൈവം തന്റെ സൃഷ്ടികർമ്മം പൂർത്തിയാക്കി വിശ്രമിക്കുന്നു. യൂർഗൻ മോൾട്ട്മൻ ചൂണ്ടിക്കാണിക്കുന്നതുപോലെ, സാബത്തിലൂടെയും സാബത്തിലുമാണ് ദൈവം തന്റെ സൃഷ്ടികർമ്മം പൂർത്തീകരിച്ചത്. ഈ അർത്ഥത്തിൽ സൃഷ്ടിയുടെ പൂർത്തിയായി നിലകൊള്ളുക സാബത്താണ്; അതുകൊണ്ട് സൃഷ്ടിയുടെ മകുടവും.

## സാബത്തിന്റെ അടിസ്ഥാനം

വി.ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ സാബത്താചരണത്തിന് രണ്ടു കാരണങ്ങളാണുള്ളത്. ഉല്പത്തി, പുറപ്പാട് ഗ്രന്ഥങ്ങളുടെ പശ്ചാത്തലത്തിൽ ദൈവം ആറു ദിവസം സൃഷ്ടിയിലേർപ്പെട്ടിട്ട്, ഏഴാം ദിവസം വിശ്രമിച്ചതിന്റെയും ആ ദിവസം വിശുദ്ധീകരിച്ച് അനുഗ്രഹിച്ചതിന്റെയും സ്മരണക്കായി സാബത്ത് ആചരിക്കണം (ഉല്പ 2:1 -4: പുറ 20:10-11). എന്നാൽ നിയമാവർത്തന പുസ്തകത്തിന്റെ ഭാഷ്യത്തിൽ ഈജിപ്തിലെ അടിമത്തത്തിൽനിന്നും ദൈവം ഇസ്രായേൽ ജനതയെ മോചിപ്പിച്ചതിന്റെ അനുസ്മരണമാണ് സാബത്താചരണം (നിയ 5,14-15). പ്രത്യക്ഷത്തിൽ വ്യത്യസ്തമായ രണ്ടു കാരണങ്ങൾ സാബത്താചരണത്തിന് ഉണ്ടെന്നുതോന്നുമെങ്കിലും ആത്യന്തികമായി ഇവ വിരൽചൂണ്ടുന്നത് ഒരേ യാഥാർത്ഥ്യത്തിലേക്കാണ്. പുറപ്പാട് ഗ്രന്ഥം ദൈവത്തെ പ്രപഞ്ചത്തിന്റെ മുഴുവനും സ്രഷ്ടാവായി കാണുമ്പോൾ നിയമാവർത്തന പുസ്തകം ദൈവത്തിന്റെ രക്ഷാകര ദൗത്യം അരക്കിട്ടുറപ്പിക്കുന്നു. വിശാലമായ അർത്ഥത്തിൽ ദൈവവും പ്രപഞ്ചവും തമ്മിലുള്ള ബന്ധമാണ് ഈ രണ്ടു വചനഭാഗങ്ങളുടെയും കാതൽ. പ്രപഞ്ചവും അതിലുള്ള സർവ്വവും സൃഷ്ടിച്ച ദൈവം, തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിന്റെ ജീവിതത്തിലും ചരിത്രത്തിലും ഇടപെടുന്നു. അതിന്റെ





അനുസ്മരണവും ഉദ്ഘോഷണവും എന്ന നിലയിൽ സാബത്ത് ആചരണം അവരുടെ ജീവിതത്തിന്റെ ഭാഗമാവുകയും ചെയ്തു. ഈ അർത്ഥത്തിൽ, ഈ പ്രപഞ്ചത്തിന്റെ മുഴുവനും മൂലകാരണവും ആധാരവുമായി വർത്തിക്കുന്ന യാഹ്വേയിലുള്ള ഇസ്രായേൽ ജനത്തിന്റെ അടിയുറച്ച വിശ്വാസത്തിന്റേയും, അവിടുന്നാണ് എല്ലാറ്റിന്റേയും സ്രഷ്ടാവ് എന്നുള്ള ബോധ്യത്തിന്റേയും പ്രഖ്യാപനവും ആഘോഷവുമാണ് സാബത്ത്.

കേവലം ബാഹ്യമായ വിശ്രമത്തിനപ്പുറമുള്ള ആത്മീയമാനങ്ങൾ സാബത്താചരണത്തെ സമ്പന്നമാക്കുന്നതിനു കാരണം വിശ്വാസത്തിന്റെ ആന്തരികമായ ഈ തലമാണ്. ദൈവവും മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള അന്യൂനമായ പാരസ്പര്യത്തിന്റെ ആവിഷ്കാരവും അനുസ്മരണവുമായി സാബത്തു മാറിയതുകൊണ്ടു കൂടിയാണ് പഴയനിയമത്തിലെ ഉടമ്പടിയുടെ അടയാളമായി അവർ സാബത്ത് ആചരണത്തെ ചിത്രീകരിച്ചതും (പുറ 31:12-13). ചുരുക്കത്തിൽ, പഴയനിയമ ദൈവശാസ്ത്രത്തിന്റെ മുഴുവനും അടിസ്ഥാനമായി വർത്തിക്കുന്ന ദൈവവും - ഇസ്രായേലും തമ്മിലുള്ള ബന്ധത്തിന്റെ ആധാരമായ ഉടമ്പടിയുടെ ബാഹ്യഅടയാളമാണ് സാബത്ത്

## സാബത്ത്: പ്രപഞ്ചത്തിന്റെ വിശ്രമം

വി. ഗ്രന്ഥത്തിലെ ഏറ്റവും പഴക്കംചെന്ന സാബത്ത് നിയമം (പുറ.10-12) ഇസ്രായേൽ ജനതയിൽനിന്നും സമ്പൂർണ്ണമായ വിശ്രമമാണ് ആവശ്യപ്പെടുന്നത്. ഉത്പ 2:1-14ലെയും പുറ. 16:23ലെയും സാബത്തുദിനം സാബത്തുവർഷത്തിനു വഴിമാറുന്ന കാഴ്ചയാണ് ഈ ഭാഗത്ത് നാം കാണുന്നത്. മനുഷ്യർ മാത്രം പങ്കാളികൾ ആയിരുന്ന സാബത്താചരണത്തിൽ പ്രപഞ്ചത്തിലെ ഇതരജീവജാലങ്ങളും ഭൂമിതന്നെയും പങ്കുകാരാവുന്നു. മനുഷ്യന്റെ പരിമിതതലങ്ങളിൽനിന്നും പ്രപഞ്ചത്തിലെ ജൈവസമൃദ്ധിയിലേയ്ക്ക് വിശ്രമത്തിന്റെ വ്യാപ്തി വർദ്ധിക്കുകയും ചെയ്യുന്നു. പ്രപഞ്ചത്തെയും സമസ്ത ജീവജാലങ്ങളെയും സംബന്ധിച്ച വി.ഗ്രന്ഥത്തിന്റെ വിശാലമായ ദർശനമാണ് ഈ വചനഭാഗത്തിന്റെ സാരം.

പ്രസിദ്ധ ബൈബിൾ പണ്ഡിതനായ വാൾട്ടർ ബ്രൂമാന്റെ വീക്ഷണത്തിൽ നിയ. 15:1-17, ലേവ്യ 25:1-22ഭാഗങ്ങളുമായി ചേർത്തുവയ്ക്കുമ്പോഴാണ് ഈ സാബത്ത് നിയമാവലി പൂർണ്ണമാവുക. അടിമകളുടെ വിമോചനം, ഭൂമിയുടെ വിശ്രമം, ഋണബാധ്യതയിൽ നിന്നുള്ള വിടുതി എന്നിങ്ങനെയുള്ള മൂന്ന് പ്രായോഗികകാര്യങ്ങൾക്ക് പ്രാധാന്യം നൽകിയാണ് ഈ നിയമാവലി രൂപകല്പന

ചെയ്തിരിക്കുന്നത്. പ്രപഞ്ചത്തിന്റെമേലുള്ള ദൈവത്തിന്റെ ഉടമസ്ഥാവകാശത്തെ അരക്കിട്ടുറപ്പിക്കുവാനുള്ള വി.ഗ്രന്ഥകാരന്റെ ശ്രമമാണ് ഇവിടെ കാണുന്നത്. മനുഷ്യൻ ഭൂമിയുടെ സർവ്വാധിപതിയല്ലെന്നും ഭൂമി ദൈവത്തിനുള്ളതാണെന്നുമുള്ള വി. ഗ്രന്ഥകാഴ്ചപ്പാടിന്റെ ഏറ്റവും മൂർത്തമായ ആവിഷ്ക്കാരമായി വേണം ഈ വചന ഭാഗത്തെ നാം മനസ്സിലാക്കുവാൻ. ഭൂമിയുടെ മേലുള്ള ദൈവത്തിന്റെ അവകാശം എല്ലാ സൃഷ്ടവസ്തുക്കളിൻമേലുള്ള അവകാശമായി മാറുകയും ചെയ്തിരിക്കുന്നു. ഭൂമിയിലെ വസ്തുക്കളിൻമേലും ഭൗമവിഭവങ്ങളിൻമേലും കടന്നാക്രമണം നടത്താനും തന്റെ സ്വാർത്ഥ താല്പര്യങ്ങൾക്കായി അവ ഉപയോഗിക്കാനുമുള്ള മനുഷ്യന്റെ ത്വരയെ ഹനിക്കുവാനുള്ള ആഹ്വാനമാണ് സാബത്താചരണത്തിന്റെ കാതൽ. സൃഷ്ടികർമ്മം പൂർത്തീകരിച്ച് ദൈവം വിശ്രമിച്ച ഏഴാം ദിവസത്തിന്റെ ശാന്തതയിലേക്കും സ്വച്ഛതയിലേക്കും ക്രമസമൃദ്ധിയിലേക്കുമുള്ള മടക്കയാത്രയായിരിക്കണം ഓരോ സാബത്താചരണവുമെന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

**വിശ്രമം ദൈവഹൃദയത്തിലേയ്ക്കുള്ള പ്രവേശകം**

താൻ ചെയ്ത പ്രവൃത്തിയിൽനിന്നും പിൻവാങ്ങി ഏഴാം ദിവസം ദൈവം വിശ്രമിച്ചു (ഉല്പ 2:23) എന്നതാണ് സാബത്തിന്റെ കാതൽ. ദൈവത്തിന്റെ ഈ വിശ്രമത്തെ ബാഹ്യമായ പ്രവർത്തനരാഹിത്യത്തേക്കാൾ ആന്തരികമായ പിൻമാറ്റം (Internal withdrawal) ആയിട്ടാണ് ബൈബിൾ പണ്ഡിതന്മാർ ഇന്നു മനസ്സിലാക്കുന്നത്. താൻ സൃഷ്ടിച്ചത് എല്ലാം നല്ലത് എന്നു കണ്ട ദൈവം ആ ദിവസത്തെ അനുഗ്രഹിച്ച് വിശുദ്ധമാക്കി.

ദൈവത്തോടൊപ്പം വിശ്രാന്തിയിലേക്ക് പിൻവാങ്ങി പ്രപഞ്ചത്തിന്റെയും ജീവജാലങ്ങളുടെയും നന്മയും സൗന്ദര്യവും ആന്തരികതയും ധ്യാനിക്കുവാൻ മനുഷ്യരെ ക്ഷണിക്കുന്ന ദിനമാണ് സാബത്ത്. വെറുതെ നേരംപോക്കിനായി വിശ്രമിക്കുന്നതിലല്ല. മറിച്ച്; ദൈവത്തോടൊപ്പം ആയിരുന്നുകൊണ്ട്, അവന്റെ വിശ്രാന്തിയിൽ ഉൾച്ചേർന്ന് പ്രപഞ്ചത്തിന്റെ ആന്തരിക സത്തയിലേക്ക് ഹൃദയം തുറക്കുന്നതാണ് സാബത്തു വിശ്രമത്തിന്റെ കാതൽ. രൂപരഹിതവും ശൂന്യവുമായിരുന്ന ആദിയിൽനിന്ന് ക്രമബദ്ധവും സൗന്ദര്യവും നിറഞ്ഞതുമായ പ്രപഞ്ചക്രമത്തിൽ സന്തോഷിക്കുന്ന ദൈവവുമായുള്ള മനുഷ്യമനസ്സിന്റെ സംയോഗമാണ് യഥാർത്ഥത്തിൽ സാബത്തിൽ നടക്കുന്നത്. ഇത് പ്രപഞ്ചത്തിന്റെ തനതു സൗന്ദര്യത്തിലേയ്ക്കും ആദിതാളത്തിലേക്കുമുള്ള തിരിച്ചുപോക്കുകൂടെയാണ്.





പ്രപഞ്ചത്തിലെ സകലചരാചരങ്ങളുടെയും അന്തർധാരയായ സൃഷ്ടിപരതയ്ക്ക് (Createdness) സാബത്തുദർശനം ആഴമായി ഊന്നൽ നൽകുന്നുമുണ്ട്. പ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങളെയും ഒരേ കണ്ണിയായി കോർത്തിണക്കുന്നതും പരസ്പരം ബന്ധിപ്പിക്കുന്നതും ദൈവം സ്രഷ്ടാവാണ് എന്ന യാഥാർത്ഥ്യമാണ്. ജൈവപരമായ വൈവിദ്ധ്യവും തനതായ അസ്തിത്വവും ഓരോ സൃഷ്ടിക്കുമുള്ളപ്പോൾ തന്നെ, അടിസ്ഥാനപരമായി എല്ലാം തങ്ങളുടെ സ്രഷ്ടാവുമായി അതിഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു എന്നത് അനിഷേധ്യമായ സത്യമാണ്. മനുഷ്യനുൾപ്പെട്ട എല്ലാ ജീവജാലങ്ങളും തങ്ങളുടെ നിലനിൽപ്പിനാധാരമായ ദൈവത്തിൽ ആശ്രയിക്കുന്നുവെന്നും അതിനാൽതന്നെ ഒരു വ്യക്തിയും തങ്ങളിൽതന്നെ പൂർണ്ണരല്ലെന്നുമാണ് ഈ പ്രപഞ്ചനിയമത്തിന്റെ സാക്ഷ്യം. സൃഷ്ടിയുടെ മഹത്വത്തിന്റെ കാതൽ ഒരു വ്യക്തിയുടെയോ, ഒരു വംശത്തിന്റെയോ മഹത്വമല്ലെന്നും, ദൈവത്തിന്റെ സത്തയിലുള്ള പങ്കുചേരലാണെന്നും സൃഷ്ടിയുടെ ഈ പാഠങ്ങൾ പറഞ്ഞുതരുന്നു. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഇതര ജീവജാലങ്ങളിൽനിന്നും അനന്യർ ആയിരിക്കുന്നതുപോലെ തന്നെ, പ്രപഞ്ചത്തിലെ സകലജീവികൾക്കും തങ്ങളുടെ അനന്യതയും (Uniqueness) സ്വത്വവും (Identity) കാത്തുസൂക്ഷിക്കുവാനും സംരക്ഷിക്കുവാനുമുള്ള അവകാശമുണ്ടെന്നും സൃഷ്ടിപരത എന്ന യാഥാർത്ഥ്യം ഓർമ്മിപ്പിക്കുന്നു. ജീവജാലങ്ങളുടെ പരസ്പരപൂരകമായ ഈ ബന്ധമാണ് സമകാല പാരിസ്ഥിതിക വിജ്ഞാനീയത്തിൽ ഇന്നു മുഖ്യസ്ഥാനം നേടിയിരിക്കുന്നത്. ഭൗമകേന്ദ്രീകൃതമായ പാരിസ്ഥിതിക വ്യാഖ്യാനങ്ങൾ സൃഷ്ടവസ്തുക്കളുടെ അസ്തിത്വത്തിന് ആധാരം അവയിൽതന്നെ തിരയുമ്പോൾ വി.ഗ്രന്ഥകാരൻ ഇത് ദൈവത്തിൽ കണ്ടെത്തുന്നു. സാബത്ത് ആചരണത്തിലൂടെ ശക്തവും സർഗാത്മകവുമായ ഈ ദൈവാവബോധവും പാരസ്പര്യവുമാണ് ഊട്ടിയുറപ്പിക്കപ്പെടുക.

**സാബത്ത് നിരാസവും പരിസ്ഥിതിക പ്രതിസന്ധിയും**

മരുഭൂമിയിലെ യാത്രാമദ്ധ്യേ സീനായ് മലയിൽവച്ചാണ് ഇസ്രായേൽക്കാരുമായി ദൈവം ഉടമ്പടി സ്ഥാപിച്ചത്. ഉടമ്പടി സ്ഥാപനത്തിന്റെ പ്രായോഗികതയിലുള്ള പാഠമായിരുന്നു പത്തുകല്പനകൾ. ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധത്തിന്റെ പ്രതീകവും അടയാളവുമായാണ് പഴയനിയമം ഉടമ്പടിയെ വീക്ഷിക്കുന്നത്. പഴയനിയമത്തിലെ സാബത്ത് അനുഷ്ഠാനം ഉടമ്പടിയുടെ ബാഹ്യ അടയാളം ആകുമ്പോൾതന്നെ ദൈവ - മനുഷ്യ - പ്രപഞ്ചപാര

സ്പര്യത്തെ കോർത്തിണക്കുന്ന കണ്ണിയായി മാറുകയും ചെയ്യുന്നു. ഉടമ്പടി കേവലമായ കല്പനകളുടെ അനുസരണം മാത്രമായിരുന്നില്ല. പ്രപഞ്ചത്തിന്റെ നിലനിൽപ്പും സമഗ്രതയും ഉടമ്പടിബന്ധത്തിലധിഷ്ഠിതമാണ്. ഇസ്രായേലിന്റെ അടിസ്ഥാന മണ്ഡലങ്ങളായിരുന്ന കാർഷിക - രാഷ്ട്രീയ - സാമൂഹ്യമണ്ഡലങ്ങളെ നിയന്ത്രിച്ചിരുന്ന ചാലകമായാണ് ഉടമ്പടി ബന്ധത്തെ സമകാലിക ബൈബിൾ നിരൂപകർ കാണുന്നത്. മൈക്കിൾ നോർത്ത്കോട്ടിന്റെ വീക്ഷണത്തിൽ, പഴയനിയമ പശ്ചാത്തലത്തിൽ ഭൂമിയുടെ നിലനിൽപ്പിനാധാരം ദൈവ മനുഷ്യബന്ധത്തിലധിഷ്ഠിതമായ ഉടമ്പടിയുടെ അനുസരണമാണ്. പ്രപഞ്ചത്തിലെ സകല സൃഷ്ടജാലങ്ങളുമായുള്ള മനുഷ്യന്റെ ബന്ധത്തെയാണ് ഉടമ്പടി അനുസ്മരിപ്പിക്കുക. ഇസ്രായേലിന്റെ ധാർമ്മികക്രമത്തെയും സാമൂഹ്യസാമ്പത്തികക്രമങ്ങളെയും നിയന്ത്രിച്ചിരുന്ന മുഖ്യ ഉപാധിയായും ഉടമ്പടി നിയമങ്ങൾ വിശിഷ്യ സാബത്താചരണം ആവിഷ്കൃതമാക്കുന്നു. അതുകൊണ്ട് പ്രാപഞ്ചിക ഉടമ്പടി (Cosmic Convenant) എന്നാണ് റോബർട്ട് മുറൈ പഴയനിയമ ഉടമ്പടിയെ വിശേഷിപ്പിക്കുക.

സാബത്താചരണത്തെ ഉടമ്പടിജീവിതത്തിന്റെ ഏറ്റവും ദൃശ്യമായ അടയാളമായി കാണുന്നതുകൊണ്ടാണ്, സാബത്ത് ആചരണത്തിലൂടെ ഇസ്രായേൽ ദൈവത്തെ മഹത്വപ്പെടുത്തിയതുപോലെ, സാബത്ത് നിരാസത്തിലൂടെ അവർ ദൈവത്തിൽനിന്ന് മുഖം തിരിച്ചിരിക്കുന്നുവെന്ന് റെയ്നർ ആൽബർട്ട് സമർത്ഥിക്കുന്നത്. സാബത്ത് അഥവാ ഉടമ്പടിപാലനം ഇസ്രായേലിനു ഐശ്വര്യവും ക്ഷേമവും പ്രദാനം ചെയ്യുകയും ദൈവ - മനുഷ്യ - പ്രപഞ്ചബന്ധം ഊട്ടിയുറപ്പിക്കുകയും ചെയ്തതുപോലെ, സാബത്തിന്റെ മുടക്കം ദൈവ - മനുഷ്യ - പ്രപഞ്ച പാരസ്പര്യത്തിന് വിഘ്നം വരുത്തുകയും ചെയ്തതായി വി.ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. വിശാലാർത്ഥത്തിൽ ഉടമ്പടിയുടെ ലംഘനം പ്രപഞ്ചത്തിന്റെ മുഴുവനും നാശത്തിനു കാരണമാവുന്നു (ഉല്പ 9:1-17 ഏശ. 24:4-23, 32; ജറ 12:4, 33:20-26). കേവലം അനുഷ്ഠാനവിധികൾപ്പുറമുള്ള സാബത്തിന്റെ ആത്മാവിലേയ്ക്കു മിഴികൾ തുറക്കുന്ന താക്കോലാണ് സാബത്തും ഉടമ്പടിയും തമ്മിലുള്ള ഈ ബന്ധം. ബാഹ്യമായ ആചാരങ്ങൾക്കും, ഉപരിപ്ലവമായ കേവലവിശ്രമത്തിനുമതീതമായി പ്രപഞ്ചക്രമത്തിന്റെ അനുസ്യൂതമായ താളലയങ്ങളുടെ ചാക്രികതയ്ക്കും നിരന്തരമായ വികാസപരിണാമത്തിനും ആധാരമായി സാബത്താചരണത്തെ വി.ഗ്രന്ഥം കാണുന്നു.





**സാബത്താചരണം: പ്രപഞ്ചക്രമത്തിലേക്കുള്ള മടക്കയാത്ര**

ഇസ്രായേലിനു ചരിത്രത്തിൽ നേരിടേണ്ടിവന്നിട്ടുള്ള തിക്താനുഭവങ്ങളുടെ നേർരേഖയാണ് ബാബിലോൺ പ്രവാസം. ബാബിലോണിലെ പ്രവാസത്തിന്റെയും അടിമത്തത്തിന്റെയും മുഖ്യകാരണം ഉടമ്പടി നിയമങ്ങളുടെ, വിശിഷ്യ സാബത്താചരണത്തിലുണ്ടായ വീഴ്ചയാണ്. സാബത്താചരണം ഒരു ജനത എന്ന നിലയിൽ യഹൂദരുടെ ആത്മപ്രകാശത്തിന്റെയും സ്വത്വാവിഷ്ക്കാരത്തിന്റെയും മാധ്യമംകൂടി ആയിരുന്നു. ബാബിലോണിൽ പ്രവാസത്തിലായിരുന്ന ഇസ്രായേൽക്കാരും വാഗ്ദാനനാട്ടിൽ ഭൂമിയുടെ അവകാശികളും, ഭരണാധിപന്മാരുമായിരുന്ന ഇസ്രായേൽക്കാരും തമ്മിൽ ധാരാളം അന്തരമുണ്ട്. സ്വന്തമായ ദേശവും മണ്ണും തനതു സംസ്കാരവും, ആരാധനക്രമവിധികളും അന്യവത്കരിക്കപ്പെട്ടുപോയ ഒരു ജനതയുടെ ചിത്രമാണ് പ്രവാസജീവിതം നമുക്ക് നൽകുന്നത്. ദേശത്തിൽനിന്നും മണ്ണിൽനിന്നുമുള്ള ഈ അന്യവത്കരണം തങ്ങളുടെ സ്വത്വത്തിൽനിന്നും, തനതു സാംസ്കാരിക ഭൂമികയിൽ നിന്നുമുള്ള പിഴുതെറിയലായിട്ടാണ് അവർ മനസ്സിലാക്കിയത്. കാനാൻ ദേശത്തെ ജീവിതം വാഗ്ദാനങ്ങളുടെ പൂർത്തീകരണത്തിന്റെയും ഉടമ്പടിപാലനത്തിന്റെയും സമ്യക് ആവിഷ്ക്കാരമായിരിക്കുമ്പോൾ തന്നെ, പ്രവാസജീവിതം ഉടമ്പടി വിഘ്നത്തിന്റെ അനന്തരഫലമായിത്തീരുകയും ചെയ്യുന്നു.

പ്രവാസജീവിതത്തിന്റെ ദുരന്തനാളുകളിലാണ് പ്രത്യാശയുടെ സന്ദേശവുമായി പ്രവാചകന്മാർ ഇസ്രായേലിൽ രംഗത്തുവന്നത്. അടിമത്തത്തിലായിരുന്നവർക്ക് പ്രവാസജീവിതത്തിന്റെ അന്ത്യത്തെയും വാഗ്ദാനദേശത്തുള്ള പുതിയ ജീവിതത്തെയുംകുറിച്ചുള്ള പ്രത്യാശാനിർഭരമായ വചനങ്ങളിൽ അവർ പ്രതീക്ഷയുടെ നവദീപം തെളിച്ചു. വാഗ്ദാനനാട്ടിലേയ്ക്കുള്ള മടക്കയാത്രയുടെ ഉപാധികളിൽ മുഖ്യം സാബത്തിന്റെ പുനഃസ്ഥാപനം ആയിരുന്നു (ഏശ 56:6-7, 13-14 ജറ. 17:21-27)

നഷ്ടമായ ദേശത്തിന്റെയും ഭൂമിയുടെയും വീണ്ടെടുക്കൽ പ്രക്രിയയിൽ സാബത്താചരണം മുഖ്യപങ്കു വഹിച്ചതുപോലെ, സമകാലപാരിസ്ഥിതികപ്രതിസന്ധിയിൽ സാബത്തുദർശനത്തിനു ചില സംഭാവനകൾ നൽകുവാൻ കഴിയും. മനുഷ്യന്റെ അതിരുകടന്ന ഭോഗതാല്പര്യങ്ങളും ലാഭേച്ഛയും എന്തിനെയും കീഴടക്കാനുള്ള അഹങ്കാരവുമാണ് ഇന്നത്തെ ദുരവസ്ഥയിലേയ്ക്ക് പ്രകൃതിയെ എത്തിച്ചത്. സാബത്ത് ഒഴിവാക്കികൊണ്ടുള്ള കേവല മനുഷ്യകേ

ന്ദ്രീകൃതമായ സൃഷ്ടിയുടെ വ്യാഖ്യാനമാണ് കാലികപരിസ്ഥിതി നാശത്തിന് കാരണമെന്ന ഗൊരാൾഡിൽ സ്മിത്തിന്റെ പ്രസ്താവന ഇവിടെ ശ്രദ്ധേയമാണ്. സാബത്തനുഷ്ഠാനത്തിന്റെ ബാഹ്യ ആചാരങ്ങൾക്കതീതമായി നിൽക്കുന്ന സാബത്തിന്റെ ആന്തരിക ദർശനങ്ങളെ ധ്യാനാത്മകമായി മനസ്സിലാക്കിയാൽ വ്യത്യസ്തമായ ഒരു ഭൂമികയിലേക്ക് അവ നമ്മെ നയിക്കും. ദൈവത്തിന്റെ പിതൃത്വം അംഗീകരിക്കുകയും, പ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങളുടെയും ആന്തരികമൂല്യം മനസ്സിലാക്കുകയും ചെയ്യുന്ന ഒരു ദർശനമാണ് ഇത്: വിശ്രമരഹിതമായി അദ്ധ്വാനിച്ചു കൂടുതൽ സ്വത്തു സമ്പാദിക്കുവാനുള്ള ഭൗതികതാല്പര്യങ്ങളുടെ പ്രലോഭനങ്ങളെ അതിജീവിക്കുവാനുള്ള ഒരു ആഹ്വാനം; മനുഷ്യനെന്നപോലെ ഈ പ്രപഞ്ചത്തിനും വിശ്രമം ആവശ്യമാണെന്നും, പ്രപഞ്ചവിഭവങ്ങൾ പരിമിതമാണെന്നുമുള്ള തിരിച്ചറിയൽ. പ്രപഞ്ചവിഭവങ്ങളെ മാനിക്കാനും ആദരിക്കുവാനും കഴിയുന്ന നവീനമായ കാഴ്ചപ്പാടുള്ളവർക്ക് ഭൂമിയെ പുതിയ രീതിയിൽ നോക്കികാണുവാനാവും. കേവലമായ ഭൗതികമണ്ഡലത്തിനും, ബാഹ്യപരതയ്ക്കും അതീതമായ അർത്ഥവും വ്യാഖ്യാനവും പ്രപഞ്ചത്തിനു നൽകിയെങ്കിൽ മാത്രമേ ചൂഷണത്തിനു വിധേയമായ ഈ പ്രകൃതിയെ വീണ്ടെടുക്കാൻ കഴിയൂ. ജീവിതത്തോടും ലോകത്തോടും നാം അധിവസിക്കുന്ന ഭൂമിയോടും ബഹുമാനവും ആദരവും പുലർത്തുന്ന, പ്രപഞ്ചവസ്തുക്കളുടെ നന്മയും വിശുദ്ധിയും ധ്യാനിക്കുന്ന ഒരു സമൂഹത്തിനു മാത്രമേ പ്രകൃതിയിലേക്കു മടങ്ങാനും അവളുടെ നിലനിൽപ്പിനായുള്ള രോദനം ശ്രവിക്കാനും കഴിയൂ. സാബത്താചരണം ഇത്തരം വിശാലതയിലേക്ക് മനുഷ്യമനസ്സുകളെ ഉയർത്തുന്നതിനുള്ള മാധ്യമം ആയിരിക്കും. കാരണം ജോലിയിൽനിന്നുമുള്ള വിരമിക്കൽ - സാബത്തു വിശ്രമം - ദൈവത്തിന്റെ ഹൃദയഭാവങ്ങളെ ധ്യാനവിഷയമാക്കുന്ന ഒരു പ്രക്രിയയാണ്. ദൈവം പ്രകൃതിയെ നോക്കിക്കണ്ടതുപോലെയുള്ള ധ്യാനത്മകമായ ഒരു ദർശനം.



# 03

## പരിസ്ഥിതി ദൈവശാസ്ത്രവും സഭാപിതാക്കന്മാരും

**ഡോ. സജി മാത്യു കണയങ്കൽ CST**
*(പരിസ്ഥിതി ദൈവശാസ്ത്രത്തിന് ഒരു സമകാലികഭാഷ്യം,*
ഓറിയെന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീസിയസ് സ്റ്റഡീസ്, കോട്ടയം, 2016)

ദൈവം ആകാശവും ഭൂമിയും അവയിലുള്ള സകലത്തിന്റെയും സ്രഷ്ടാവാകുന്നു എന്ന വിശ്വാസമാണ് പരിസ്ഥിതി ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നത്. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധം വിശദീകരിച്ചുകൊണ്ട് ആദിമകാലത്ത് വിവിധ അബദ്ധോപദേശകരുടെ വാദമുഖങ്ങളെ സഭാപിതാക്കന്മാർ ഖണ്ഡിച്ചു. സൃഷ്ടിക്കു സ്രഷ്ടാവിനോടുണ്ടായിരിക്കേണ്ട ബന്ധത്തെ വിശദീകരിക്കുന്നതാണ് യഥാർത്ഥ ക്രൈസ്തവ ആദ്ധ്യാത്മികത.

### യഹൂദ ക്രൈസ്തവദർശനം

പ്രാരംഭകാല ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനം യഹൂദമത ദർശനങ്ങളാണ്. മിദ്രാഷ് എന്ന പേരിൽ അറിയപ്പെടുന്ന റബ്ബിമാരുടെ വ്യാഖ്യാനശൈലിയുടെ സ്വാധീനം സുവിശേഷകന്മാരിലും പ്രാരംഭകാല ദൈവശാസ്ത്രജ്ഞന്മാരിലും കാണുവാൻ കഴിയും. പഴയനിയമത്തിൽനിന്നും പ്രപഞ്ചത്തിൽ (പ്രകൃതി) നിന്നുമുള്ള ധാരാളം പ്രതീകങ്ങൾ വിശ്വാസസത്യങ്ങളെ വിശദീകരിക്കുവാൻ ആദിമക്രൈസ്തവർ ഉപയോഗപ്പെടുത്തി. സൂര്യനെ മിശിഹായുടെ പ്രതീകമായും

ചന്ദ്രൻ, കപ്പൽ എന്നിവയെ സഭയുടെ പ്രതീകങ്ങളായും അവർ അവതരിപ്പിച്ചു. ജീവന്റെ വൃക്ഷം, കിരീടം, ജീവജാലം, അഗ്നി, മത്സ്യം, യാക്കോബിന്റെ നക്ഷത്രം, താവ് എന്ന അക്ഷരം എന്നിവ അക്കാലത്തെ മറ്റു ചില ക്രൈസ്തവ പ്രതീകങ്ങളാണ്.

പ്രതീകങ്ങളുടെ ദൈവശാസ്ത്രം ആദിമ സുറിയാനി പിതാക്കന്മാർ പിൻതുടർന്നുപോന്നു. തോമായുടെ നടപടിയിലും മാനിക്കേയൻ കീർത്തനങ്ങളിലും അഫ്രാത്തിന്റെ (d.c.345) കൃതികളിലും ഇതു വളരെ പ്രകടമാണ്. മാർ അപ്രേമിന്റെ (d.373) ദൈവശാസ്ത്രം ഇതിന്റെ മകുടോദാഹരണമായി നിലകൊള്ളുന്നു.

**തത്ത്വചിന്തയുടെ സ്വാധീനം**

ലോകം ധാർമ്മികത എന്നിവയ്ക്കു പ്രാധാന്യം നൽകിയിരുന്ന ഒരു ഗ്രീക്കു തത്ത്വചിന്തയാണ് സ്റ്റോയിസിസം. ഭൗതിക ലോകത്തെ ഒരു യാഥാർത്ഥ്യമായി അവർ അവതരിപ്പിക്കുന്നു. വൈരുദ്ധ്യങ്ങളുടെ നടുവിലുള്ള ലോകത്തിന്റെ നിലനിൽപുതന്നെ അതിലുള്ള ദൈവസാന്നിധ്യത്തിന്റെ ഒരു തെളിവായി സ്റ്റോയിക്കുകൾ അവതരിപ്പിക്കുന്നു. റോമിലെ ക്ലെമെന്റ്, അലക്സാൻഡ്രിയൻ വിദ്യാപീഠത്തിന്റെ സ്ഥാപകൻ പന്തേനൂസ്, ആദ്യത്തെ ലത്തീൻ ദൈവശാസ്ത്രജ്ഞൻ തെർത്തുല്യൻ എന്നിവരെ സ്റ്റോയിക് തത്ത്വചിന്ത സ്വാധീനിച്ചിരുന്നു.

റോമിലെ ക്ലെമെന്റ് കൊറിന്തോസുകാർക്കുള്ള കത്തിൽ സൃഷ്ടപ്രപഞ്ചത്തെ സഭയുടെ ഐക്യത്തിനു (ഏകത്വം) മാതൃകയായി എടുത്തുകാട്ടുന്നുണ്ട് (അധ്യായം 20). പ്രപഞ്ചം മുഴുവനിലും ഒരു ക്രമവും പരസ്പര ബന്ധവും ദൃശ്യമാണ് എന്ന സ്റ്റോയിക് ദർശനം ഈ അധ്യായത്തിൽ പ്രകടമാണ്. കോറിന്തോസിലെ സഭയിൽ ഉടലെടുത്ത വിഭാഗീയതയുടെ പശ്ചാത്തലത്തിലാണ് ക്ലെമെന്റ് ഈ കത്തെഴുതിയത്. സഭയിലെ ഐക്യം പുന:സ്ഥാപിക്കുക എന്നതായിരുന്നു ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. പ്രപഞ്ചനിയമത്തെതന്നെ മാതൃകയാക്കി, ഇപ്രകാരം സഭയുടെ ഏകത്വം ക്ലെമെന്റ് വിശദീകരിച്ചു. സമാധാനത്തിലും സാഹോദര്യത്തിലും സഹവസിക്കുവാൻ വേണ്ടിക്കൂടിയാണ് ദൈവം എല്ലാറ്റിനേയും സൃഷ്ടിച്ചതെന്നും അദ്ദേഹം പറയുന്നുണ്ട്.

**ജ്ഞാനവാദം**

രണ്ടും മൂന്നും നൂറ്റാണ്ടുകളിൽ സഭ അഭിമുഖീകരിച്ച വലിയ പാഷണ്ഡതയാണ് ജ്ഞാനവാദം (Gnosticism). പദാർത്ഥത്തെ തിന്മയായി അവർ കണക്കാക്കുന്നു. ആത്മീയതലം ഭൗതികതലം എന്നിങ്ങനെ രണ്ടു ലോകങ്ങളുണ്ടെന്ന് അവർ പഠിപ്പിക്കുന്നു. ആത്മീയതലം നന്മയും ഭൗതികതലം തിന്മയുമാണ്. മനുഷ്യനിലെ ആത്മാവ് ആത്മീയതലത്തോടും ശരീരം ഭൗതികതലത്തോടുമാണ് ബന്ധപ്പെട്ടിരിക്കുന്നത്. പദാർത്ഥം തിന്മയായതിനാൽ, ദൈവത്തെ സ്രഷ്ടാവായി അവർ അംഗീകരിക്കുന്നില്ല. പഴയനിയമ വെളിപാടിനെയും മിശിഹായുടെ മനുഷ്യസ്വഭാവത്തെയും അവർ നിഷേധിക്കുന്നു. അതായത്, സൃഷ്ടപ്രപഞ്ചത്തിന്റെ നന്മയെ നിഷേധിക്കുന്ന പാഷണ്ഡതയാണ് ജ്ഞാനവാദം. ലിയോണിലെ ഇരണെവൂസ്, അലക്സാൻഡ്രിയായിലെ ക്ലെമെന്റ്, തെർത്തുല്യൻ, ഒരിജൻ, റോമിലെ ഹിപ്പോളിറ്റസ് എന്നിവരാണ് ഈ പാഷണ്ഡതയ്ക്കെതിരേ പോരാടിയത്. ജ്ഞാനവാദചിന്തകൾതന്നെയാണ് പിന്നീടു മാനിക്കേയൻ മതവും പിൻതുടർന്നു പോന്നത്.

" പാഷണ്ഡതകൾക്കെതിരേ" എന്ന പേരിൽ ഒരു കൃതി രചിച്ചുകൊണ്ട് ഇരണെവൂസ് (d.c.202) ജ്ഞാനവാദത്തെ നേരിട്ടു. ദൈവവും സൃഷ്ടലോകവും തമ്മിലും, ആത്മാവും ശരീരവും തമ്മിലും പരസ്പരം യോജിച്ചിരിക്കുന്നു എന്ന് അദ്ദേഹം പഠിപ്പിച്ചു. ജ്ഞാനവാദികളുടെ പ്രബോധനങ്ങൾ ദ്വൈതവാദത്തിൽ(dualism)അധിഷ്ഠിതമാണെങ്കിൽ, ഇരണെവൂസിന്റെ ദൈവശാസ്ത്രം ഏകത്വം (unity) എന്ന ചിന്തയിൽനിന്നുമാണ് ഉരുത്തിരിയുന്നത്. ഇതിനെ അടിസ്ഥാനമാക്കി ശരീരങ്ങളുടെ ഉയിർപ്പ് എന്ന ആശയം അദ്ദേഹം സമർത്ഥിച്ചു. "പാഷണ്ഡതകൾക്കെതിരെ" എന്ന കൃതിയിലെ അഞ്ചാമത്തെ പുസ്തകത്തിൽ ഇതേക്കുറിച്ചാണു പ്രതിപാദിക്കുന്നത്. ഇപ്രകാരം, മനുഷ്യശരീരത്തിന്റെ നിരാകരിക്കലല്ല, പ്രത്യുത സമ്പൂർണ്ണ മനുഷ്യന്റെ പുനർസൃഷ്ടിയാണു രക്ഷ എന്ന് ഇരണെവൂസ് വ്യക്തമാക്കി. മനുഷ്യവർഗത്തിനുവേണ്ടി നൽകപ്പെട്ടിരിക്കുന്ന അനുഗൃഹീതഭവനം എന്നാണ് പ്രകൃതി (Nature) യെ അദ്ദേഹം വിളിക്കുന്നത്.

ജ്ഞാനവാദികളുടെ പ്രബോധനങ്ങൾക്കെതിരേ, ദൈവം സ്രഷ്ടാവാകുന്നു എന്ന വസ്തുത, സ്റ്റോയിക് തത്ത്വചിന്തകനായ തെർത്തുല്യൻ (d.c.220) ഉയർത്തിക്കാട്ടി. സൃഷ്ടപ്രപഞ്ചത്തിൽ നിന്നും സ്രഷ്ടാവിനെ മനസ്സിലാക്കാൻ കഴിയുമെന്ന് അദ്ദേഹം വ്യക്തമാക്കി. ദൈവം സ്രഷ്ടാവാകുന്നുവെന്ന വസ്തുത യുക്തിക്കു നിരക്കുന്നതാണ്. കാരണം, വൈരുദ്ധ്യങ്ങൾ നിറഞ്ഞ ഈ ലോകത്തെ നിലനിർത്തുന്ന ഒരു പരിപൂർണ്ണ ശക്തി ഉണ്ടായിരിക്കണം; അല്ലാത്തപക്ഷം പ്രപഞ്ചത്തിനു നിലനിൽക്കാനാവില്ല എന്ന് അദ്ദേഹം പഠിപ്പിക്കുന്നു.

പദാർത്ഥം തിന്മയാണെന്ന മാനിക്കേയൻ ചിന്തയെ അഗസ്തീനോസ് (d.430) ഖണ്ഡിക്കുന്നുണ്ട്. നന്മയുടെ അഭാവം മാത്രമാണു തിന്മയെന്നും, തിന്മ അതിൽതന്നെ ഒരു സത്തയല്ലെന്നും "ക്രമപാലനം" എന്ന കൃതിയിൽ വ്യക്തമാക്കിയിട്ടുണ്ട്. സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ നന്മയായിട്ടാണ് അദ്ദേഹം തന്റെ കൃതികളിൽ അവതരിപ്പിക്കുന്നത്., ഉൽപത്തി പുസ്തകത്തെ വ്യാഖ്യാനിച്ചുകൊണ്ട് മാനിക്കേയൻ വാദത്തെ അദ്ദേഹം നിഷേധിക്കുന്നു. താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നുവെന്നു ദൈവം കണ്ടു (ഉൽപ 1,31) എന്ന വാക്യത്തെ അടിസ്ഥാനമാക്കി പ്രപഞ്ചം നന്മയാണെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. സൃഷ്ടിക്കപ്പെട്ട ഓരോ വസ്തുവും അതിൽത്തന്നെ നല്ലതാണ്. മൊത്തത്തിൽ എടുക്കുമ്പോൾ അവ വളരെ നല്ലതാണ്. അവയുടെ ഒരുമിപ്പാണ് പ്രപഞ്ചത്തെ അത്ഭുതകരമായ ഐക്യത്തിലും സൗന്ദര്യത്തിലും നിലനിർത്തുന്നത് എന്നും ആഗസ്തീനോസ് രേഖപ്പെടുത്തിയിരിക്കുന്നു.

**അപ്രേമിന്റെ ദൈവശാസ്ത്രം**

പരിസ്ഥിതിവീക്ഷണങ്ങൾ ഉൾക്കൊള്ളുന്ന ദൈവശാസ്ത്ര ചിന്തകൾ ഏറ്റവുമധികം കാണുന്നത് അപ്രേമിന്റെ കൃതികളിലാണ്. പ്രതീകങ്ങളുടെ ദൈവശാസ്ത്രം എന്നാണ് അദ്ദേഹത്തിന്റെ ദൈവശാസ്ത്രത്തെ പൊതുവിൽ വിശേഷിപ്പിക്കുന്നത്. പഴയനിയമത്തിൽ നിന്നും പ്രപഞ്ചത്തിൽ (പ്രകൃതി) നിന്നുമുള്ള ധാരാളം പ്രതീകങ്ങൾ (mystery, type) അദ്ദേഹം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ദൈവത്തിന്റെ അടയാളങ്ങൾ സൃഷ്ടിയിലും, മനുഷ്യചരിത്രത്തിലും വേദപുസ്തകത്തിലും അദ്ദേഹം കാണുന്നു. പ്രതീകങ്ങളുടെ ദൈവശാസ്ത്രം അനാവരണം ചെയ്യുന്നതിലൂടെ സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധം അദ്ദേഹം വിശദീകരിക്കുന്നു. സൃഷ്ടവസ്തുക്കൾ സ്രഷ്ടാവിനു തുല്ല്യമല്ല; എന്നാൽ, സ്രഷ്ടാവിന്റെ ഛായ സൃഷ്ടിയിൽ നിഗൂഢമാണ്. പ്രതീകങ്ങളിലെല്ലാം ഒരു രഹസ്യാത്മകത ദർശിക്കുന്നതുകൊണ്ട്, പ്രകൃതിയുടെ നേർക്കുള്ള അദ്ദേഹത്തിന്റെ സമീപനം അത്ഭുതത്തിന്റെയും വിസ്മയത്തിന്റേതുമായ ഒന്നാണ്.

വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ടാണ് അപ്രേം പ്രതീകങ്ങളെ നോക്കിക്കാണുന്നതും അതിനെ വ്യാഖ്യാനിക്കുന്നതും. എല്ലാ പ്രതീകങ്ങൾക്കും അർത്ഥം കൈവന്നത് ക്രിസ്തു സംഭവത്തിലൂടെയാണ്. അതുകൊണ്ട്, മിശിഹായെ പ്രതീകങ്ങളുടെ നാഥൻ എന്നാണ് അദ്ദേഹം വിളിക്കുന്നത്. ഇപ്രകാരം, പ്രതീകങ്ങളുടെ ദൈവശാസ്ത്ര



പരിസ്ഥിതി ധാർമ്മികത

ത്തിലൂടെ, ജ്ഞാനവാദത്തെയും മാനിക്കേയൻ ചിന്തകളെയും അദ്ദേഹം ഖണ്ഡിച്ചു. അതായത്, അവർക്കെതിരേ പ്രകൃതിയുടെ യഥാർത്ഥ അർത്ഥം അദ്ദേഹം വരച്ചുകാട്ടി.

ഉല്പത്തി പുസ്തകത്തിലെ ജീവന്റെ വൃക്ഷത്തെയും ആകാശത്തിലൂടെ പറക്കുന്ന പക്ഷിയെയും സ്ലീവായുടെ പ്രതീകങ്ങളായി അദ്ദേഹം അവതരിപ്പിക്കുന്നു. അഗ്നിയെ ത്രിത്വത്തിന്റെയും മിശിഹായുടെ ദൈവത്വത്തിന്റെയും പരിശുദ്ധാത്മാവിന്റെയും വി. കുർബാനയുടെയും പ്രതീകമായി അവതരിപ്പിക്കുന്നു. സൂര്യഗോളത്തെ പിതാവിന്റെയും അതിന്റെ പ്രകാശകിരണങ്ങളെ പുത്രന്റെയും തത്ഫലമായുളവാകുന്ന ഊഷ്മാവിനെ പരിശുദ്ധാത്മാവിന്റെയും പ്രതീകങ്ങളായി അപ്രേം കണക്കാക്കുന്നു. രക്തസാക്ഷിയായ ജസ്റ്റിൻ, അത്തനാഗോറസ്, തെർത്തുല്യൻ, അത്തനാസ്യോസ് ജറുസലെമിലെ സിറിൾ, ബസ്സേലിയോസ്, നസിയാൻസൂസിലെ ഗ്രിഗറി, നീസ്സായിലെ ഗ്രിഗറി എന്നിവരും സൂര്യനെ ത്രിത്വത്തിന്റെ പ്രതീകമായി അവതരിപ്പിച്ചിട്ടുണ്ട്. പെസഹാക്കുഞ്ഞാട്, ജീവന്റെ ഔഷധം, ജ്വലിക്കുന്ന തീക്കനൽ (ഏശയ്യാ 6,6) എന്നിവയെ വി. കുർബാനയുടെ പ്രതീകങ്ങലളായി അപ്രേം ചിത്രീകരിക്കുന്നു.

എല്ലായിടത്തും ദൈവത്തിന്റെ പ്രതീകങ്ങൾ കാണുന്നതിനാൽ, സൃഷ്ടപ്രപഞ്ചത്തെ ഒരു തുറന്ന വേദപുസ്തകമായിട്ടാണ് അപ്രേം കണക്കാക്കുന്നത്. എല്ലാ ജനപദങ്ങൾക്കും ഒരുപോലെ മനസ്സിലാക്കുവാൻ കഴിയുന്ന ഒരു ശൈലിയാണ് പ്രതീകങ്ങളുടെ ഭാഷ. സൃഷ്ടപ്രപഞ്ചത്തെ സ്രഷ്ടാവിന്റെ വെളിപ്പെടുത്തലായി അപ്രേം അവതരിപ്പിക്കുന്നതിനാൽ. ഭൗതികലോകം തന്നെ ഒരു കൂദാശയായി നിലകൊള്ളുന്നു. മനുഷ്യന്റെ ഈലോകജീവിതവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും പ്രതീകങ്ങളായി അദ്ദേഹം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

**പ്രകൃതിയുടെ മനോഹാരിത**

പ്രകൃതിയുടെ മനോഹാരിതയെക്കുറിച്ച് പല പിതാക്കന്മാരും സംസാരിക്കുന്നുണ്ട്. പാപം ചെയ്യുന്നതിനു മുൻപ് മനുഷ്യനും മൃഗങ്ങളും ഒരുമിച്ചു സഹവസിച്ചിരുന്നുവെന്ന് സൃഷ്ടിയുടെ പുസ്തകത്തിന്റെ വ്യാഖ്യാനത്തിൽ അപ്രേം രേഖപ്പെടുത്തിയിട്ടുണ്ട്. ഭൂമി മനുഷ്യന്റെ പൊതുസ്വത്താണെന്നും പ്രകൃതി ഒരു പൊതുനിയമമാണ് കൊണ്ടുവന്നിരിക്കുന്നതെന്നും "ശുശ്രൂഷകരുടെ കടമകൾ" എന്ന കൃതിയിൽ അംബ്രോസ് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അത്യാർത്തി അതിനെ സ്വകാര്യ അവകാശമായി മാറ്റിയെന്നും

അദ്ദേഹം കൂട്ടിച്ചേർത്തിരിക്കുന്നു. സൃഷ്ടിയിലൂടെ സ്രഷ്ടാവിന്റെ മഹത്വം മനസ്സിലാക്കാൻ കഴിയുമെന്നും അംബ്രോസ് പറയുന്നു ണ്ട്. എല്ലാ പദാർത്ഥത്തിലും ദൈവത്തിന്റെ കൃപ കണ്ടെത്താൻ സാധിക്കുന്നതിനാൽ, ഞാൻ അവയെ ആദരിക്കുകയും ബഹുമാ നിക്കുകയും ചെയ്യുന്നുവെന്ന് തിരുസ്വരൂപങ്ങളെക്കുറിച്ചുള്ള വിവ രണത്തിൽ ജോൺ ഡമഷീൻ പറയുന്നുണ്ട്.

**ഉപസംഹാരം**

ദൈവത്തിന്റെ അടയാളങ്ങൾ സഭാപിതാക്കന്മാർ എപ്പോഴും പ്രകൃതിയിൽ ദർശിച്ചിരുന്നു. ദൈവത്തിന്റെ മഹത്വം മനസ്സിലാക്കു വാനുള്ള ഒരു വഴിയായിരുന്നു അവർക്ക് സൃഷ്ടപ്രപഞ്ചം. അതോ ടൊപ്പം, ദൈവവും പ്രപഞ്ചവും തമ്മിലുള്ള ഐക്യം അവർ ഉയർത്തിക്കാട്ടി. സൃഷ്ടി എല്ലായ്പ്പോഴും സ്രഷ്ടാവിലേക്കു തിരി ഞ്ഞിരിക്കുന്നു. സൃഷ്ടി അതിന്റെ പൂർണ്ണത പ്രാപിക്കുമ്പോഴാണ് സാർവത്രികരക്ഷ യാഥാർത്ഥ്യമായിത്തീരുന്നത്.

**ഡോ. തോമസ് കുഴുപ്പിൽ**
(*പരിസ്ഥിതി ദൈവശാസ്ത്രത്തിന് ഒരു സമകാലികഭാഷ്യം*,
ഓറിയെന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീസിയസ് സ്റ്റഡീസ്, കോട്ടയം, 2016)



# 04

## പരിസ്ഥിതിപ്രതിസന്ധിയും ആനുകാലിക ദാർശനികാഭിമുഖ്യങ്ങളും

ആധുനിക പ്രകൃതിസ്നേഹികളും പരിസ്ഥിതിപ്ര വർത്തകരും ഇന്നത്തെ പരിസ്ഥിതിപ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും ഒരു കാരണമോ പ്രധാനകാര ണമോ ആയി ചൂണ്ടിക്കാണിക്കുന്നത് മനുഷ്യകേന്ദ്രീ കൃത പ്രകൃതിദർശനമാണ്. ഈ ആരോപണം വെറുതെ തള്ളിക്കളയാവുന്നതുമല്ല. ഫ്രാൻസീസ് പാപ്പാ *ലൗദാത്തോ സി* എന്ന തന്റെ ചാക്രികലേഖന ത്തിൽ മാനുഷികകാരണങ്ങൾ ചർച്ച ചെയ്യുന്നതിന് ഒരധ്യായം തന്നെ നീക്കിവച്ചിരിക്കുകയാണ്. എന്നാൽ നാം ഇവിടെ ചില കാര്യങ്ങളിൽ വ്യക്തത വരുത്തേ ണ്ടതുണ്ട്. ഈ പശ്ചാത്തലത്തിലാണ് പരിസ്ഥിതിപ്ര തിസന്ധിയുടെ മാനുഷിക ഉറവിടങ്ങൾ ഈ ലേഖനം ചർച്ചാവിഷയമാക്കുന്നത്. ഈ ലേഖനം വളരെ വിപു ലമായ ഒരു പ്രോജക്ടിന്റെ ഭാഗമായതിനാൽ പാപ്പാ യുടെ ചാക്രിക ലേഖനത്തിന്റെ മൂന്നാം അധ്യായം അഥവാ 101 – 136 വരെയുള്ള ഖണ്ഡികകളാണ് പ്രധാ നമായും പഠനവിഷയമാക്കിയിട്ടുള്ളത്.

**മനുഷ്യകേന്ദ്രീകൃത പ്രകൃതിദർശനം?**

മനുഷ്യനെ മാറ്റിനിർത്തി ഒരു പ്രകൃതിദർശനം സാധ്യമാണോ? പ്രകൃതിദർശനത്തിൽ മനുഷ്യനുള്ള കേന്ദ്രസ്ഥാനം ഒരുവന് തള്ളിക്കളയാനാകുമോ? ഇതു

രണ്ടും സാധ്യമല്ല; കാരണം, മനുഷ്യനില്ലാത്ത പ്രകൃതിദർശനം അർത്ഥരഹിതമായിരിക്കും. ഒരു മതവും മനുഷ്യന്റെ കേന്ദ്രസ്ഥാനത്തെ നിരാകരിക്കുന്നുമില്ല. നമ്മുടെ ചർച്ചാവിഷയമായ ചാക്രിക ലേഖനവും ഈ കാഴ്ചപ്പാടിനോട് വിയോജിക്കുന്നില്ല. ഫ്രാൻസിസ് പാപ്പായുടെ ദർശനം ഇക്കാര്യത്തിൽ വളരെ വ്യക്തമാണ്: "പര്യാപ്തമായ നരവംശശാസ്ത്രം കൂടാതെ പരിസ്ഥിതിശാസ്ത്രത്തിനു പ്രസക്തിയില്ല" ( LS118). അപ്പോൾ തെറ്റുപറ്റിയത് മനുഷ്യകേന്ദ്രീകൃതപ്രകൃതിദർശനത്തിലല്ല; ഈ ദർശനത്തിന്റെ പൊരുൾ മനസ്സിലാക്കുന്നതിലും അതിന്റെ പ്രായോഗികതയിലുമാണ്. മനുഷ്യൻ സൃഷ്ടിയുടെ മകുടമാണെന്നും, ജീവജാലങ്ങളുടെമേൽ അധികാരം ഉള്ളവനുമാണെന്ന ബൈബിൾ പ്രബോധനംപോലും അതിന്റെ സമഗ്രതയിൽ നാം മനസ്സിലാക്കിയില്ല. അധികാരത്തോടൊപ്പം (ഉല്പത്തി 1,26) ഉത്തരവാദിത്വവും മനുഷ്യനു ദൈവം കൊടുത്തു: "കൃഷി ചെയ്യാനും സംരക്ഷിക്കാനും മനുഷ്യനെ ദൈവം നിയോഗിച്ചു" (2,15). ഈ ചിന്ത തന്നെയാണ് ഫ്രാൻസിസ് പാപ്പയും അദ്ദേഹത്തിന്റെ മുൻഗാമികളും പങ്കുവയ്ക്കുന്നത്. "പ്രപഞ്ചത്തിന്റെമേൽ യജമാനത്വം സ്ഥാപിക്കണമെന്നും പ്രകൃതിസംരക്ഷണമെന്നത് ദുർബലഹൃദയരുടെ മാത്രം സംരംഭമാണെന്നും ധരിക്കുന്ന ഒരു പ്രൊമിത്തിയൂസ്' വീക്ഷണം പലരേയും ഗ്രസിച്ചിരിക്കുന്നു. പകരം, നമുക്ക് പ്രപഞ്ചത്തിന്മേലുള്ള ആധിപത്യമെന്നത് ഉത്തരവാദിത്വപൂർണ്ണമായ കാര്യസ്ഥതയാണെന്ന യാഥാർത്ഥ്യം തിരിച്ചറിയണം" ( LS 116). ഈ വിധത്തിൽ ചിന്തിക്കുമ്പോൾ വ്യക്തമാകുന്ന ഒരു കാര്യം, ക്രൈസ്തവ മതമോ മറ്റു ലോകമതങ്ങളോ കൈമാറിയ പ്രകൃതിദർശനത്തിലല്ല പിഴവ് സംഭവിച്ചത്, മറിച്ച്, കൈമാറിയ സന്ദേശം ഉൾക്കൊള്ളുന്നതിൽ ആധുനികമനുഷ്യന് വന്ന വീഴ്ചയിലാണ്. എന്നാൽ ഇന്ന് നാം എത്തിനില്ക്കുന്നത് ഈ തെറ്റായ കാഴ്ചപ്പാടുതീർത്ത അനിവാര്യമായ ഒരു പ്രതിസന്ധിയിലാണ്. അതുകൊണ്ടാണ് പാപ്പാ പറയുന്നത്: "ആധുനികത അമിതമായ മനുഷ്യകേന്ദ്രീകൃതത്വത്താൽ മുദ്രിതമായിരിക്കുന്നു. അത് ഇന്ന്, മറ്റൊരു കപടരൂപത്തിൽ, പങ്കുവയ്ക്കപ്പെടുന്ന ധാരണയുടെയും സാമൂഹികബന്ധങ്ങളെ ശക്തിപ്പെടുത്താനുള്ള ഏതു പരിശ്രമത്തിന്റെയും വഴിയിൽ തടസ്സമായിനിന്നുകൊണ്ട് തുടരുന്നു. യാഥാർത്ഥ്യത്തോടും അത് അടിച്ചേൽപ്പിക്കുന്ന അതിരുകളോടും നവീനശ്രദ്ധ കാണിക്കേണ്ട സമയം സമാഗതമായിരിക്കുന്നു" (LS 116).

മാറ്റവും പുരോഗതിയും നല്ലതും ആവശ്യവുമാണ്. എന്നാൽ സമകാലിക കാലഘട്ടത്തിലെ മാറ്റങ്ങളും പുരോഗതിയും മനുഷ്യന്





സംതൃപ്തി നല്കുന്നതിലുപരി അവനെ ഒരു വിഷമവൃത്തത്തിലാക്കിയിരിക്കുകയുമാണ്. അതുകൊണ്ടാണ് പാപ്പാ പറയുന്നത് "നിരന്തരവും ദ്രുതഗതിയിലുള്ളതുമായ ഈ മാറ്റങ്ങൾ മനുഷ്യന്റെ സുസ്ഥിരവും സമഗ്രവുമായ വികസനമോ പൊതുനന്മയോ ലക്ഷ്യം വച്ചുള്ളവയല്ല. മാറ്റം അഭികാമ്യമാണ്; എന്നാൽ അതു ലോകത്തിനോ ഒരു വലിയ വിഭാഗം ജനങ്ങളുടെ ജീവിതനിലവാരത്തിനോ ഉപദ്രവകരമാകുമ്പോൾ അത് ഉത്കണ്ഠ ജനിപ്പിക്കുന്നു"(LS 18).

ഈ പശ്ചാത്തലത്തിലാണ് പാപ്പാ മനുഷ്യകേന്ദ്രീകൃത വാദത്തിന്റെ പരിസ്ഥിതിമാനങ്ങൾ വിമർശനാത്മകമായി വിലയിരുത്തുന്നത്. തിരുത്തപ്പെടേണ്ടത് മനുഷ്യകേന്ദ്രീകൃതവാദത്തിൽ ഇന്ന് കടന്നുവന്നിരിക്കുന്ന ചില നിലപാടുകളും തെറ്റായ ധാരണകളുമാണ്. ഇത് ആധുനികമനുഷ്യന്റെ ജീവിതശൈലിയുടെ ഭാഗമായിരിക്കുന്ന ദർശനവൈകല്യത്തിന്റെ ബാക്കിപത്രമാണ്.

**തിരുത്തപ്പെടേണ്ട മനുഷ്യകേന്ദ്രീകൃതവാദം**

മനുഷ്യകേന്ദ്രീകൃതകാഴ്ചപ്പാട് അതിൽത്തന്നെ അപകടമില്ലാത്തതും പ്രകൃതിയുടെ വളർച്ചയ്ക്കും സംരക്ഷണത്തിനും ഉതകുന്നതുമാണെങ്കിൽ ''ആധുനികത ഇന്ന് അതിരുകവിഞ്ഞ മനുഷ്യകേന്ദ്രവാദത്താൽ ശ്രദ്ധേയമാണെന്ന്"പറയുന്നതിലൂടെ പാപ്പായും പ്രകൃതിവാദികളും ഉദ്ദേശിക്കുന്നതെന്താണ്? സമീപ നൂറ്റാണ്ടുകളിൽ പ്രകടമായ തെറ്റായ വാദമുഖങ്ങളെ കീഴടക്കാൻ കഴിയുന്ന പുതിയൊരു ഉദ്ഗ്രഥനദർശനം (Synthesis) നാം വികസിപ്പിച്ചെടുക്കണം (LS121). എന്താണ് പാപ്പാ ഉദ്ദേശിക്കുന്ന ഈ ഉദ്ഗ്രഥനം അഥവാ സമഗ്രമായ കാഴ്ചപ്പാട്? യഥാർത്ഥത്തിൽ ഇതിൽ പ്രധാനം മനുഷ്യനെക്കുറിച്ചുതന്നെയുള്ള ശരിയായ ഒരു കാഴ്ചപ്പാട് രൂപീകരിക്കുക എന്നതാണ്. കാരണം, മറ്റു ജീവജാലങ്ങളിൽനിന്നും വ്യത്യസ്തനായ മനുഷ്യന്റെ മഹത്വം അടങ്ങിയിരിക്കുന്നത് അറിയാനും സ്നേഹിക്കാനും സംഭാഷണത്തിലേർപ്പെടുവാനും സാധിക്കുന്ന ഇതര മനുഷ്യവ്യക്തികളോടുള്ള സ്നേഹത്തിലും ബഹുമാനത്തിലും തുറവിയിലുമാണ് (LS119). അപരനോടും ദൈവത്തോടുമുള്ള ശരിയായ ബന്ധം പ്രപഞ്ചവുമായുള്ള ശരിയായ ബന്ധം ഒരുവനോട് ആവശ്യപ്പെടുന്നു (LS119). എന്നാൽ ഇന്ന് മനുഷ്യൻ പലപ്പോഴും നയിക്കപ്പെടുന്നത് സാമ്പത്തിക കണക്കുകൂട്ടലുകളാലും ഗണിതശാസ്ത്രത്തിന്റെയും ജീവശാസ്ത്രത്തിന്റെയും ഭാഷയാലുമാണ്. ഇതു മാനുഷികതയുടെ ഹൃദയത്തിലേക്ക് ഒരുവനെ എത്തിക്കുകയില്ല. ഇവ ആത്യന്തികമായ നമ്മുടെ പെരുമാറ്റത്തെ നിയന്ത്രിക്കുന്ന തിരഞ്ഞെടുപ്പുകളെ ബാധിക്കുന്നു. അതു

കൊണ്ടുതന്നെ പ്രകൃതിയോടും ജീവജാലങ്ങളോടുമുള്ള തുറവിയില്ലാതെ "പ്രകൃതിയേയും പരിസ്ഥിതിയേയും നാം സമീപിച്ചാൽ, ലോകത്തോടുള്ള നമ്മുടെ ബന്ധത്തിൽ സാഹോദര്യത്തിന്റെയും സൗന്ദര്യത്തിന്റെയും ഭാഷ നാം സംസാരിക്കാതായാൽ നമ്മുടെ മനോഭാവം യജമാനന്മാരുടെയും ഉപഭോക്താക്കളുടെയും നിർദ്ദയരായ ചൂഷകരുടേതുമായിരിക്കും"(LS11).

ഏതു ജീവികളോടുമുള്ള ക്രൂരത മനുഷ്യമഹത്വത്തിനു കടകവിരുദ്ധമാണെന്ന (2418) കത്തോലിക്കാ സഭയുടെ മതബോധനത്തിന്റെ കാഴ്ചപ്പാട് പാപ്പാ ഏറ്റുപറയുന്നു (LS 92). കാരണം, "സമാധാനം, നീതി, സൃഷ്ടികളുടെ സംരക്ഷണം'' ഇവ മൂന്നും, ഒന്ന് മറ്റൊന്നിൽനിന്ന് വേർപെടുത്താനാവാത്തവിധം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു (92). മനുഷ്യമഹത്വത്തിന്റെ ശരിയായ മനസ്സിലാക്കലോ മനുഷ്യന് പ്രകൃതിയുടെയും ജീവജാലങ്ങളുടെയും മേലുള്ള ന്യായമായ അധികാരമോ അല്ല ഇന്നത്തെ അപകടകരമായ അവസ്ഥയ്ക്ക് കാരണം. ദൈവതിരുമുൻപിൽ മറ്റു ജീവികൾക്കും ഒരു മൂല്യമുണ്ടെന്ന് അംഗീകരിക്കാത്തതും (69)മറ്റു ജീവികളുടെ ആത്യന്തികലക്ഷ്യം. മനുഷ്യനിലല്ല അടങ്ങിയിരിക്കുന്നതെന്ന് തിരിച്ചറിയാത്തതും (83) ഓരോ സൃഷ്ടിക്കുമുള്ള സ്വകീയമായ ജീവിതലക്ഷ്യത്തെ കാണാതെ പോകുന്നതും (84) ഊന്നിപ്പറയാത്തതുമാണ് ഇന്നത്തെ അപകടകരമായ അവസ്ഥയ്ക്കു കാരണം. മറ്റു ജീവികളെ ചൂഷണം ചെയ്യാനുള്ള വിളിയല്ല മനുഷ്യനു നല്കപ്പെട്ടിരിക്കുന്നത്, മറിച്ച്, സവിശേഷബുദ്ധിയുള്ള മനുഷ്യന്റെ ദൗത്യം എല്ലാ ജീവികളേയും അവയുടെ സ്രഷ്ടാവിലേക്കു തിരിച്ചു നയിക്കാനുള്ള വിളിയാണ് (83).

പുരോഗതിയിലും മനുഷ്യകഴിവുകളിലുമുള്ള, ഒരു പരിധിവരെ യുക്തിരഹിതമെന്നു തോന്നുംവിധമുള്ള, ആത്മവിശ്വാസമാണ് നമ്മെ ഇന്നത്തെ സ്ഥിതിയിലെത്തിച്ചത്(19). അതിനാൽ, പാപ്പാ ഉയർത്തിപ്പിടിക്കുന്നത് സമഗ്രമായ മനുഷ്യകേന്ദ്രീകൃത പ്രകൃതിദർശനത്തെയാണ്. വളച്ചൊടിക്കപ്പെട്ട മനുഷ്യകേന്ദ്രീകൃതവാദത്തെ തള്ളിക്കളയുന്ന മതബോധനഗ്രന്ഥത്തിന്റെ പ്രബോധനത്തെ പാപ്പാ ഉദ്ധരിക്കുന്നു: ' 'ഓരോ സൃഷ്ടിയുടെയും നന്മ മനുഷ്യൻ ആദരിക്കണം. എങ്കിലേ അവയുടെ ക്രമരഹിതമായ ഉപയോഗം ഒഴിവാക്കാനാകൂ" (ccc 339, LS. 69).

പ്രകൃതിസംരക്ഷണത്തിന്റെ അനിവാര്യത ഊന്നിപ്പറയുന്ന പാപ്പാ മനുഷ്യസമൂഹത്തിന്റെ മുഴുവൻ ശ്രദ്ധയ്ക്കായി ഒരു കാര്യം അടിവരയിട്ട് പ്രഖ്യാപിക്കുന്നു. അതു മറ്റൊന്നുമല്ല, മനുഷ്യമഹത്വത്തെയും മനുഷ്യജീവന്റെ അതുല്യതയേയും നിഷേധിക്കുന്ന പരിസ്ഥിതിപ്രേമം അപൂർണ്ണമാണ്. "എല്ലാ ജീവജാലങ്ങളേയും ഒരേതലത്തിൽ പ്രതിഷ്ഠിക്കണമെന്നോ മനുഷ്യരുടെ അതുല്യയോഗ്യതയും അതുൾക്കൊള്ളുന്ന വലിയ ഉത്തരവാദിത്തവും മനുഷ്യരിൽനിന്ന് എടുത്തുമാറ്റണമെന്നോ ഇതിനർത്ഥമില്ല.... മനുഷ്യവ്യക്തിക്കുള്ള ഏതു ശ്രേഷ്ഠതയേയും നിഷേധിക്കുന്ന ഒരുതരം മനോഭ്രമം ചിലപ്പോൾ കണ്ടുവരുന്നു." പാപ്പായുടെ ഈ വാക്കുകൾ ചിന്തോദ്ദീപകവും എല്ലാവർക്കുമായുള്ള മുന്നറിയിപ്പുമാണ്. ( LS. 90)





### ധാർമ്മികതയിൽനിന്നു വിച്ഛേദിക്കപ്പെട്ട ശാസ്ത്ര-സാങ്കേതിക വളർച്ച

ഇന്നത്തെ പരിസ്ഥിതിപ്രതിസന്ധിയുടെ മാനുഷികകാരണങ്ങൾ തേടുന്ന പാപ്പാ ഉയർത്തിക്കാണിക്കുന്ന ശ്രദ്ധേയമായ ഒരു കാര്യം ശാസ്ത്ര-സാങ്കേതിക വളർച്ചയാണ്. കഴിഞ്ഞ നൂറ്റാണ്ടുകളിലെ ശീഘ്രതരമായ വളർച്ചയുടെ ഫലം അനുഭവിക്കുന്നവരാണ് ഇന്നത്തെ തലമുറ. ഈ വളർച്ചയേയും അതിന്റെ നന്മയേയും സത്ഫലങ്ങളേയും പുകഴ്ത്തുന്നതിലും അക്കമിട്ട് നിരത്തുന്നതിലും പാപ്പാ ഒരു കുറവും വരുത്തുന്നില്ല. എന്നാൽ മനുഷ്യന്റെ മാത്രം വളർച്ചയും സുഖസൗകര്യങ്ങളും ലക്ഷ്യം വച്ചതും പ്രകൃതിയേയും പ്രകൃതിയിലെ മറ്റ് ജീവജാലങ്ങളേയും ചൂഷണത്തിന് വിധേയമാക്കിയതുമായ ശാസ്ത്ര - സാങ്കേതിക നേട്ടങ്ങൾ അപകടകരവും ആത്യന്തികനന്മയ്ക്ക് ഉപകരിക്കുന്നതുമല്ലെന്ന് പാപ്പാ മുന്നറിയിപ്പു നല്കുന്നു.

ശാസ്ത്ര-സാങ്കേതികവളർച്ച അതിൽതന്നെ ഭാവാത്മകമാണ്, നന്മയാണ്. എന്നാൽ ഈ വളർച്ചയെ ധാർമ്മികതയോട് ചേർത്ത് വായിക്കാനാവുന്നില്ലെങ്കിൽ അത് നശീകരണത്തിന്റെ വലിയ ശക്തിയായിരിക്കും. ഈ പശ്ചാത്തലത്തിൽ 20-ാം നൂറ്റാണ്ടിനെ വായിക്കുന്ന പാപ്പാ "മനുഷ്യവംശത്തിന് തന്റെമേൽതന്നെ" ഇത്ര വലിയ ശക്തി മുമ്പൊരിക്കലും നഷ്ടപ്പെട്ടിട്ടില്ലെന്ന് പറയുന്നു. എന്നാൽ ഇന്നത്തെയും കഴിഞ്ഞ നൂറ്റാണ്ടിന്റെയും പ്രശ്നമായി തീർന്നത് ഈ "ശക്തിയെ" വിവേചനാപൂർവ്വം ഉപയോഗിക്കുന്നതിലുള്ള പരാജയമാണ് (LS. 104). ശാസ്ത്ര -സാങ്കേതിക വളർച്ച മാനുഷികമായ പല പരിമിതികളേയും മറികടക്കുവാൻ മനുഷ്യകുലത്തിന് വർദ്ധിച്ച സാധ്യത നല്കി (102). എന്നാൽ ഈ വളർച്ചയെ ധാർമ്മികതയിൽനിന്ന് വേർപെടുത്തി വായിച്ചതും ജീവിതശൈലിയാക്കിയതുമാണ് ഇന്നത്തെ സ്ഥിതി കലുഷിതമാക്കിയത്. ശക്തിയിലുള്ള

വളർച്ച യഥാർത്ഥപുരോഗതിയും സാംസ്കാരികചൈതന്യവുമാണെന്ന് ആധുനികമനുഷ്യൻ തെറ്റിദ്ധരിച്ചുവെന്ന് പാപ്പാ വിലയിരുത്തുന്നു.

"ശക്തിയിലുള്ള ഓരോ വർദ്ധനവും, പുരോഗതിയിൽതന്നെയുള്ള വർദ്ധനവാണെന്നും സുരക്ഷിതത്വം, ഉപയോഗക്ഷമത, ക്ഷേമം, കരുത്ത് എന്നിവയിലുള്ള മുന്നേറ്റം സാംസ്കാരികധാരയിലേക്ക് പുത്തൻ മൂല്യങ്ങളെ ആഗിരണം ചെയ്യലാണെന്നും വിശ്വസിക്കുന്ന ഒരു പ്രവണത ഇന്നുണ്ട്" (LS. 105). പാപ്പായുടെ ഈ ദർശനം ഇന്നത്തെ അപകടകരമായ അവസ്ഥയുടെ കാരണങ്ങളിലേക്കു വിരൽചൂണ്ടുന്നതാണ്.

എവിടെയാണ് വിശേഷണബുദ്ധിയുടെ ഉടമയായ മനുഷ്യന് തെറ്റുപറ്റിയത്? ഒരു പ്രവാചകന്റെ ധീരതയോടും ദാർശനികന്റെ ഉൾക്കാഴ്ചയോടുംകൂടി മനുഷ്യന് വഴിതെറ്റിയത് എവിടെയാണെന്ന് ചിന്തിക്കാൻ ആഹ്വാനം ചെയ്യുകയാണ് പാപ്പാ. ശാസ്ത്ര -സാങ്കേതിക-സാമ്പത്തികവളർച്ചയെ ധാർമ്മികതയിൽനിന്നും വേർപെടുത്തി ജീവിതക്രമം രൂപീകരിച്ചതിന്റെ ഫലങ്ങൾ പാപ്പാ വ്യക്തമാക്കുന്നത് താഴെപറയുംവിധം സംഗ്രഹിക്കാം.

1. സാങ്കേതികവും സാമ്പത്തികവുമായ ശക്തിയിൽനിന്നുതന്നെ സ്വാഭാവികമായി യാഥാർത്ഥ്യവും, നന്മയും സത്യവും പ്രവഹിക്കുമെന്നു നാം വിശ്വസിച്ചു.

2. ശാസ്ത്ര-സാങ്കേതിക-സാമ്പത്തികവളർച്ചയോടൊപ്പം മാനുഷികഗുണങ്ങളായ ഉത്തരവാദിത്വബോധം, മാനുഷികമൂല്യങ്ങൾ, മന:സാക്ഷി എന്നിവയുടെ വികസനമുണ്ടാവില്ല.

3. അധികാരം ശരിയായി വിനിയോഗിക്കുന്നതിൽ ആധുനികമനുഷ്യൻ പരാജയപ്പെട്ടു. സ്വാതന്ത്ര്യത്തിൽതന്നെ അന്തർലീനമായിരിക്കുന്ന ഉത്തരവാദിത്വപൂർണ്ണമായ തിരഞ്ഞെടുപ്പിനോട് ബന്ധപ്പെടുത്തി നാം ശക്തിയെ മനസ്സിലാക്കിയില്ല.

4. സ്വാതന്ത്ര്യം, ശക്തി, അധികാരം എന്നിവ ശരിയായി മനസ്സിലാക്കാത്തത് അവയെ സ്വാർത്ഥതാല്പര്യം, അക്രമം, തൽക്ഷണാവശ്യങ്ങൾ, സുബോധമില്ലായ്മ എന്നീ അന്ധകാരശക്തികൾക്ക് അടിയറ വയ്ക്കുന്നതിലേക്കു നയിച്ചു.

5. ഈ പശ്ചാത്തലത്തിൽ അനുദിനം വർദ്ധിക്കുന്ന ശക്തിക്കു മുമ്പിൽ അതിനെ എങ്ങനെ ശരിയായി ഉപയോഗിക്കുകയും നിയന്ത്രിക്കുകയും ചെയ്യണമെന്നറിയാതെ മനുഷ്യർ നഗ്നരും അരക്ഷിതരുമായി നില്ക്കുകയാണ്.





6.ഉപരിപ്ലവമായ യാന്ത്രികപ്രവർത്തനങ്ങളുടെ ഉടമയായ മനുഷ്യന് "അതിർവരമ്പുകളെ തീർക്കാനും ശുദ്ധമന:സാക്ഷിയിൽ ആത്മനിയന്ത്രണം പഠിപ്പിക്കാനും കഴിയുന്ന ഒരു ആധ്യാത്മികതയോ സംസ്കാരമോ നീതിശാസ്ത്രമോ ഉണ്ടെന്ന് അവകാശപ്പെടാനാകില്ല" (LS. 105).

ചുരുക്കത്തിൽ ശാസ്ത്ര-സാങ്കേതിക-സാമ്പത്തികശക്തികളും നേട്ടങ്ങളും മനുഷ്യജീവിതത്തെ നിയന്ത്രിക്കുന്ന ചട്ടക്കൂടായി ത്തീർന്നതാണ് ഇന്നത്തെ പ്രശ്നം.

**ശാസ്ത്ര-സാങ്കേതിക-സാമ്പത്തിക ജീവിതക്രമത്തിന്റെ ആഗോളീകരണം**

സമ്പദ്‌വ്യവസ്ഥയും സാങ്കേതികവിദ്യയും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടാണ് ഇന്നത്തെ പരിസ്ഥിതി പ്രശ്നങ്ങളുടെ മറ്റൊരു ഉറവിടം. കാരണം, ഈ കൂട്ടുകെട്ടിന്റെ നിക്ഷിപ്തതാല്പര്യങ്ങളെ സംരക്ഷിക്കുവാൻ ഇതിനെതിരായിട്ടുള്ളതും ചേർന്നു നില്ക്കാത്തതുമായ എല്ലാത്തിനെയും ഇത് പാർശ്വവത്കരിക്കുന്നു. അതുകൊണ്ടുതന്നെ ഈ കൂട്ടുകെട്ട് ശരിയായ ദിശയിലുള്ള പരിസ്ഥിതി പ്രവർത്തനങ്ങളെ ഒഴിവാക്കപ്പെടേണ്ട തടസ്സങ്ങളായോ കാല്പനിക മിഥ്യാധാരണകളെ (Romantic illusions) അടിസ്ഥാനമാക്കിയുള്ള ശല്യമായോ കരുതുന്നു (LS. 54).

ഇന്നു മഹത്വവത്കരിക്കപ്പെട്ടിരിക്കുന്ന ജീവിതമാതൃകയും ശൈലിയും ശാസ്ത്ര-സാങ്കേതിക-സാമ്പത്തികമാതൃകയുടേതാണ് (Paradigm). ഈ വിധത്തിൽ ഇന്നത്തെ മനുഷ്യൻ രണ്ടു വിധത്തിലുള്ള അപകടങ്ങളിൽ ചെന്നുപെട്ടിരിക്കുന്നു.

1. സാങ്കേതിക-സാമ്പത്തിക കൂട്ടുകെട്ടും പ്രയോഗവും ധാർമ്മിക പരിഗണനയുടെയോ ആഴത്തിലുള്ള മാറ്റത്തിന്റെയോ സഹായമില്ലാതെ ഇന്നത്തെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്ന തെറ്റായ ധാരണ വച്ചുപുലർത്തുന്നു, അതിന്റെ പ്രചാരകരാകുന്നു (LS. 60).

2. സാമ്പത്തിക-സാങ്കേതികശക്തിയുടെ മാതൃക പ്രപഞ്ചവസ്തുക്കളും മനുഷ്യരും തമ്മിലുള്ള ബന്ധം ഏറ്റുമുട്ടലിന്റേതാക്കിയിരിക്കുന്നു. കാരണം, ഈ മാതൃകയിൽ മനുഷ്യൻ മാത്രമാണ് എല്ലാത്തിന്റെയും കർത്താവ് (Subject). പ്രപഞ്ചവും അതിലെ വസ്തുക്കളും ആകട്ടെ ആന്തരികമൂല്യങ്ങളില്ലാത്തതും ഉപയോഗിക്കപ്പെടേണ്ടതുമായ കേവലവസ്തുക്കളായി (object) തരം താഴ്ത്തപ്പെട്ടിരിക്കുന്നു. ഈ മാതൃകയിൽ "കൈവശപ്പെടുത്തലിന്റെയും യജമാനത്വത്തിന്റെയും ഉടച്ചുവാർക്കലിന്റെയും ഉപാധിയായി മാറി

ക്കഴിഞ്ഞ ശാസ്ത്രപരീക്ഷണമാർഗങ്ങളെല്ലാം സ്ഥാപിച്ചെടുക്കാൻ മേൽപ്പറഞ്ഞ കർത്താവ് (Human Subject) എന്തും ചെയ്യും" (LS. 106).

മുകളിൽ വിവരിച്ച കൂട്ടുകെട്ടും മാതൃകയും പ്രിയങ്കരമായിരിക്കുന്നത് ചില സാമ്പത്തികവിദഗ്ധർക്കും സമ്പന്നർക്കും സാങ്കേതികവൈജ്ഞാനികർക്കും മാത്രമാണ്. കാരണം, അനന്തവും അനിയന്ത്രിതവുമായ വളർച്ച കൈവരിക്കാൻ ഈ മാതൃക സഹായകരമാണ് (106). ഈ ശൈലി ആത്യന്തികമായി മനുഷ്യന്റെ സാമൂഹിക ജീവിതത്തിന്റെ സമസ്തമേഖലകളെയും ബാധിക്കുന്ന ഒരു ന്യൂനീകരണത്തിലേക്കു (reductionism)നയിക്കുന്നു (LS. 107). ശാസ്ത്ര-സാങ്കേതിക-സാമ്പത്തിക കൂട്ടുകെട്ടിനെ വ്യക്തി-സമൂഹ ജീവിതത്തെയും പ്രവർത്തനങ്ങളെയും രൂപപ്പെടുത്തുന്ന ഒരു വിജ്ഞാന ശാസ്ത്ര (epistemological) മാതൃകയാക്കുന്നത് ആത്യന്തിക വിശകലനത്തിൽ മനുഷ്യന്റെ നന്മയ്ക്കോ ക്ഷേമത്തിനോ ഉപകരിക്കില്ലെന്ന് പാപ്പാ ഉറപ്പിച്ചു പറയുന്നു (107,108). മറ്റു വിധത്തിൽ പറഞ്ഞാൽ ഇന്നത്തെ സാമ്പത്തിക-സാങ്കേതിക മാതൃക മനുഷ്യന്റെ അടിമത്തത്തിന്റെ പുതിയ മുഖമാണ്. കാരണം, "തീരുമാനങ്ങളെടുക്കുവാനുള്ള നമ്മുടെ കഴിവ്, യഥാർത്ഥസ്വാതന്ത്ര്യം, ഓരോരുത്തരുടെയും വ്യതിരിക്തമായ സൃഷ്ടിപരതയ്ക്കുള്ള സ്ഥാനം എന്നിവയെ ഇതു ചുരുക്കുന്നു." (108). കൂടാതെ, മനുഷ്യന്റെ സമഗ്രവികസനവും സാമൂഹ്യപങ്കാളിത്തവും ഉറപ്പുവരുത്താൻ വിപണിക്കാവില്ലെന്നും പാപ്പാ ശരിയായി വിലയിരുത്തുന്നു (109). ഇവിടുത്തെ മറ്റൊരു പ്രശ്നം ശരിയായ നീതിശാസ്ത്രമേഖലകൾ ഇല്ലാത്തതാണ്. അതുകൊണ്ട്, "സാങ്കേതികവിദ്യയെ അസ്തിത്വത്തിന്റെ അർത്ഥം മനസ്സിലാക്കാനുള്ള മുഖ്യ താക്കോലായി കണക്കാക്കികൊണ്ട് ജീവിതത്തെ ക്രമേണ അതിന്റെ സാഹചര്യങ്ങൾക്കു അടിയറ വയ്ക്കുകയും ചെയ്യുന്നു" (110).

ഇവിടെ ഫ്രാൻസിസ് പാപ്പാ ഉയർത്തുന്ന മറ്റൊരു ചിന്ത ഇന്നത്തെ പരിസ്ഥിതിപ്രശ്നങ്ങൾക്ക് സാങ്കേതിക-സാമ്പത്തിക മാതൃക നിർദ്ദേശിക്കുന്നവരും സ്വീകരിക്കുന്നവരും പ്രശ്നകാരണത്തെത്തന്നെ പരിഹാരമാർഗമായി തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നതെന്നാണ്. അത് യഥാർത്ഥത്തിൽ ഇന്നത്തെ ഏറ്റവും വലിയ ആഗോളപ്രശ്നത്തെ (പരിസ്ഥിതി) തമസ്കരിക്കുന്നതിന് തുല്യമാണ് (111). അതുകൊണ്ട് ഇന്ന് ആവശ്യമായിരിക്കുന്നത് ഈ സാങ്കേതിക-സാമ്പത്തികജീവിതക്രമത്തിൽനിന്നുള്ള മോചനം സാധ്യമാക്കുന്ന ഒരു സാംസ്കാരികവിപ്ലവമാണ് (114). കാരണം, ശാസ്ത്ര-സാങ്കേതികപുരോഗതി മാനവികതയുടെയും ചരിത്രത്തിന്റെയും





കരയില്ലാത്ത അളവുകോലാക്കാൻ സാധിക്കില്ല; അതിന് കൃത്രിമത്വത്തെ മഹത്വവത്ക്കരിക്കാനേ സാധിക്കൂ. സ്വസ്ഥമായിനിന്ന് ജീവിതത്തെക്കുറിച്ച് ആഴമായി ചിന്തിക്കുക ഇന്ന് ദുഷ്കരമായിരിക്കുന്നു. പാപ്പാ ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കുന്നു. വാസ്തുവിദ്യ (architecture)യഥാർത്ഥത്തിൽ ഒരു കാലഘട്ടത്തിന്റെ ചൈതന്യത്തെ പ്രതിഫലിപ്പിക്കുന്നതാണ്. എന്നാൽ ഇന്നത്തെ "വൻസൗധങ്ങളും വിരസമായ കെട്ടിട നിരകളും പുതുപുത്തൻ ഉത്പന്നങ്ങളുടെ നിരന്തരപ്രളയവും മടുപ്പിക്കുന്ന വിരസതയുള്ള ആഗോളവത്ക്കരിക്കപ്പെട്ട സാങ്കേതിക വിദ്യയുടെ പ്രകടനങ്ങളാണ്" (113). ജീവിതത്തിന്റെ അർത്ഥലക്ഷ്യങ്ങളെക്കുറിച്ച് നമ്മെ വിസ്മയിപ്പിക്കാൻ സാധിക്കാത്ത സാങ്കേതികവിദ്യാമാതൃക ഉപേക്ഷിച്ച് പുതിയ ഉത്ഗ്രഥനത്തിനാഹ്വാനം ചെയ്യുന്ന ശരിയായ മാനവികത വളർത്താനാണ് മാർപാപ്പ ആഹ്വാനം ചെയ്യുന്നത്. ഇതിന് അനിവാര്യമായിരിക്കുന്നത് പുതിയൊരു സാംസ്കാരിക വിപ്ലവത്തിൽ കുറഞ്ഞതൊന്നുമല്ല (112,114). കാരണം, " ധർമ്മശാസ്ത്രത്തിൽനിന്നു വിച്ഛേദിക്കപ്പെട്ട സാങ്കേതിക വിദ്യയ്ക്ക് സ്വന്തം ശക്തിയെ പരിമിതപ്പെടുത്താൻ എളുപ്പമല്ല" (LS. 106).

**ആപേക്ഷിക വാദവും തിരുത്തപ്പെടേണ്ട ആഭിമുഖ്യങ്ങളും**

ഫ്രാൻസിസ് പാപ്പായുടെ കാഴ്ചപ്പാടിൽ ഇന്നത്തെ പരിസ്ഥിതിപ്രതിസന്ധി ഏതാനും ഒറ്റപ്പെട്ട കാരണങ്ങളുടെ ഫലമല്ല. പിന്നെയോ, ആധുനികമനുഷ്യന്റെ ആഭിമുഖ്യങ്ങളിൽ വന്ന മാറ്റത്തിന്റെ, ചില തെറ്റായ ജീവിതദർശനങ്ങളുടെ ഫലമാണ്. ഇന്നത്തെ മനുഷ്യരുടെ ദർശന വൈകല്യത്തിന്റെ "ഒരു ആധുനികധാർമ്മിക സാംസ്കാരിക ആത്മീയപ്രതിസന്ധിയുടെ ചെറിയ അടയാളമാണ്" (LS 119). അതുകൊണ്ട് ഏതാനും ചെറിയ ശൈലിമാറ്റങ്ങൾ പ്രശ്നപരിഹാരമാകില്ല. വളരെ വ്യക്തമായി പാപ്പാ പറയുന്ന കാര്യം ശ്രദ്ധേയമാണ്. " ഒരു വശത്ത് ചെറു ജീവികളിൽ യാതൊരുവിധ ആന്തരിക മൂല്യങ്ങളും കാണാതിരിക്കുകയും അതോടൊപ്പം മനുഷ്യജീവനിൽ സവിശേഷമൂല്യങ്ങളൊന്നും കാണാതിരിക്കുകയും ചെയ്യുന്ന സാങ്കേതിക അധീശത്വം ഒരു വിഘടിത മാനസികാവസ്ഥയിലേക്കു നിരന്തരം നയിക്കുന്നു.... മനുഷ്യബന്ധങ്ങളുടെ നവീകരണമില്ലാതെ പ്രകൃതിയുമായുള്ള നമ്മുടെ ബന്ധത്തെ പുനരുദ്ധരിക്കാനാവില്ല. പര്യാപ്തമായ നരവംശശാസ്ത്രം കൂടാതെ പരിസ്ഥിതിശാസ്ത്രത്തിനു പ്രസക്തിയില്ല" (LS 118).

പ്രശ്നപരിഹാരത്തിന് മനുഷ്യരുടെ അടിസ്ഥാന ആഭിമുഖ്യങ്ങളിലാണ് മാറ്റം വരേണ്ടത്. പ്രകൃതിസ്നേഹവും പാവങ്ങളുടെ

സംരക്ഷണവും സാമൂഹികപ്രതിബദ്ധതയും ആത്മീയസമാധാനവും ഒരുമിച്ചുപോകുന്നതാണ് (9-10). അതുകൊണ്ട്. "പരിസ്ഥിതിയുമായുള്ള നമ്മുടെ ബന്ധത്തെ ഒരിക്കലും മറ്റുള്ളവരുമായോ ദൈവവുമായോ ഉള്ള ബന്ധത്തിൽനിന്നും വേർപെടുത്തി കാണാനാവില്ല" (LS 119). ഇക്കാര്യത്തിൽ മനുഷ്യന് വെളിച്ചം പകരുന്നത് വിശ്വാസമാണ് (64,79). അതുകൊണ്ട് പാപ്പാ പറയും: "അടുത്തകാലത്തെ തെറ്റായ വാദമുഖങ്ങളെ കീഴടക്കാൻ കഴിയുന്ന പുതിയൊരു ഉദ്ഗ്രഥനം നാം വികസിപ്പിച്ചെടുക്കണം. ക്രിസ്തുമതം സ്വന്തം തനിമയോടും ഈശോമിശിഹായിൽനിന്നു സ്വീകരിച്ച സത്യത്തിന്റെ സമ്പന്നമായ നിക്ഷേപത്തോടും വിശ്വസ്തത പുലർത്തിക്കൊണ്ടും മാറിമാറിവരുന്ന ചരിത്രസാഹചര്യങ്ങളോടു ഫലപ്രദമായി സംവദിച്ചുകൊണ്ടും ഈ പ്രശ്നങ്ങളെക്കുറിച്ചുള്ള വിചിന്തനം തുടരുന്നു. അതുവഴി ക്രൈസ്തവസമൂഹം അതിന്റെ നിത്യനവീനത്വത്തെ വെളിപ്പെടുത്തുന്നു" (LS 121). ഈ ചിന്തകളുടെ വെളിച്ചത്തിൽ പാപ്പാ പറയുന്ന ഏതാനും കാര്യങ്ങൾക്കൂടി ചുരുക്കമായി സൂചിപ്പിക്കാം.

1. ഇക്കാലം മുദ്രിതമായിരിക്കുന്ന താത്വിക-പ്രായോഗിക ആപേക്ഷിക വാദത്തെ തള്ളിക്കളയണം. കാരണം, അതു ദിശതെറ്റിയ മനുഷ്യകേന്ദ്രവാദത്തിന്റെ ഫലമാണ്. കൂടാതെ ഈ ചിന്താധാര താത്ക്കാലികമായവയ്ക്കു പ്രാധാന്യം കൊടുക്കുകയും, സാങ്കേതികാധീശത്വത്തെ പൊതുശൈലിയാക്കുകയും മനുഷ്യശക്തിയുടെ വീരാരാധന പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇതു ആത്യന്തികമായി പരിസ്ഥിതിശോഷണത്തിലേക്കും സാമൂഹികജീർണതയിലേക്കും നയിക്കും (LS 122).

2. സാങ്കേതികാധീശത്വത്തിന്റെ മറ്റൊരു ഫലം തൊഴിലിന്റെ മാഹാത്മ്യം തമസ്കരിക്കപ്പെടുന്നതാണ്. അതുകൊണ്ട് പരിസ്ഥിതിയെക്കുറിച്ചുള്ള സമഗ്രമായ കാഴ്ചപ്പാട് മനുഷ്യനെ ഒഴിവാക്കാത്തതും തൊഴിലിന്റെ മൂല്യത്തെ കണക്കിലെടുക്കുന്നതുമായിരിക്കണം (LS 124). രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനത്തെ ഉദ്ധരിച്ച് പാപ്പാ കൂട്ടിച്ചേർക്കുന്നു. "എല്ലാവിധ സാമ്പത്തിക സാമൂഹിക ജീവിതത്തിന്റെയും ഉറവിടവും കേന്ദ്രവും ലക്ഷ്യവും മനുഷ്യനാണ്" (GS. 63, LS.127).

3. മനുഷ്യന്റെ ശ്രേഷ്ഠതയും കേന്ദ്രസ്ഥാനവും തെറ്റായ മനുഷ്യകേന്ദ്രവാദത്തിലേക്കു നയിക്കരുത്. മനുഷ്യാധികാരത്തിനു പരിധികളുണ്ട്. അതുകൊണ്ട് മൃഗങ്ങൾക്ക് അനാവശ്യമായ സഹനമോ ജീവഹാനിയോ ഉണ്ടാകുന്നത് മനുഷ്യമാഹാത്മ്യത്തിനു വിരുദ്ധമായ പ്രവൃത്തിയാണ് (CCC 2418, LS. 130). ശാസ്ത്രീയ ഗവേഷണങ്ങളും സാങ്കേതികവിദ്യയുടെ ഉപയോഗവും ധാർമ്മിക തത്വങ്ങളെ അവഗണിക്കുവാൻ പാടില്ല (136).





**ഉപസംഹാരം**

ഫ്രാൻസിസ് പാപ്പായുടെ ചാക്രികലേഖനത്തിന്റെ വെളിച്ചത്തിൽ ഇന്നത്തെ പരിസ്ഥിതിപ്രശ്നങ്ങളുടെ മാനുഷികകാരണങ്ങളെ വിശദീകരിക്കുവാനും വിലയിരുത്തുവാനുമുള്ള ചെറിയ പരിശ്രമമാണ് ഇവിടെ നടത്തിയത്. ഈ ലേഖനം ഈ വിഷയത്തെ അധികരിച്ചുള്ള മറ്റനവധി ലേഖനങ്ങളുടെ ഭാഗമായതിനാൽ പല പരിധികൾക്കുള്ളിൽനിന്നുള്ള വിശകലനവുമാണിത്.

സഭാപ്രബോധനങ്ങളുടെ സവിശേഷതയും അതുല്യതയും, കൈകാര്യം ചെയ്യുന്ന വിഷയത്തെക്കുറിച്ചുള്ള സമഗ്രമായ കാഴ്ചപ്പാടാണ്. ഇന്ന് പല പ്രകൃതിസ്നേഹികളും പരിസ്ഥിതിപ്രവർത്തനകരും വിഷയത്തിന്റെ ഏതെങ്കിലുമൊരു വശത്തെ ഉയർത്തിക്കാണിച്ച് വസ്തുതകളെ ലഘൂകരണത്തിന് (reductionism) വിധേയമാക്കുന്നു. ഈ ലഘൂകരണ കാഴ്ചപ്പാടിനുള്ള മറുപടി കൂടിയാണ് പാപ്പായുടെ ആധികാരിക പ്രബോധനം. പരിസ്ഥിതിപ്രശ്നങ്ങളുടെ മാനുഷികകാരണങ്ങൾ തേടുന്ന പാപ്പാ ഇന്ന് പൊതുവേ ഉയർത്തിക്കാട്ടപ്പെടുന്ന മനുഷ്യകേന്ദ്രവാദത്തെ ഒരു പരിധിവരെ അംഗീകരിക്കുന്നു (68). എന്നാൽ ഇത് അന്ധമായ എതിർപ്പ് അല്ല; കാരണം പ്രകൃതി സംരക്ഷണം മനുഷ്യമഹത്വത്തിന് വെല്ലുവിളി ആകരുത് (90). അതുപോലെതന്നെ, പലവിധ പരിസ്ഥിതി പ്രതിസന്ധികൾക്കും കാരണമായ ശാസ്ത്ര-സാങ്കേതികവിദ്യയോടും പാപ്പാ വളരെ യാഥാർത്ഥ്യബോധത്തോടെയുള്ള സമീപനം ആണ് പുലർത്തുന്നത് (187). ധാർമ്മികതയിൽനിന്നും വേർപെടുത്തിയ ശാസ്ത്ര-സാങ്കേതിക വിദ്യയാണ് അപകടകരമെന്ന് പാപ്പാ മുന്നറിയിപ്പുതരുന്നു. പരിസ്ഥിതി പ്രതിസന്ധിയുടെ ആത്മീയ-സാമൂഹിക മാനങ്ങളെക്കൂടെ കണക്കിലെടുക്കാതെ, ദൈവ-മനുഷ്യ-പ്രകൃതി ബന്ധത്രയത്തിന്റെ സമഗ്രത കാത്തുസൂക്ഷിക്കാതെ പരിസ്ഥിതി പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം ഉണ്ടാകില്ല.

**ഡോ. തോമസ് പാടിയത്ത്**

*(പരിസ്ഥിതി ദൈവശാസ്ത്രത്തിന് ഒരു സമകാലികഭാഷ്യം*,
ഓറിയെന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീസിയസ് സ്റ്റഡീസ്, കോട്ടയം, 2016)

# 05

# പ്രപഞ്ചവിജ്ഞാനീയം: വിസ്മയ ങ്ങളിൽനിന്ന് മഹാവിസ്മയങ്ങളിലേക്ക്

കുഞ്ഞായിരിക്കുമ്പോൾ വീട്ടുമുറ്റത്ത് അമ്മയുടെ ഒക്കത്തിരുന്ന് നിലാവുള്ള രാത്രിയിൽ ആകാശത്ത് തിളങ്ങുന്ന ചന്ദ്രനെ കണ്ടിട്ട് അതെന്താകുന്നു എന്ന ചോദ്യം നമ്മൾ ചോദിച്ചിട്ടുണ്ടാവും. അത് അമ്പിളി മാമൻ ആണ് എന്ന ഉത്തരം അമ്മ തന്നിട്ടും ഉണ്ടാവും. അമ്പിളിമാമൻ എങ്ങനെയാ അവിടെ എത്തിയത് എന്ന് നമ്മൾ ചോദിച്ചിട്ടുണ്ടാവും. കുഞ്ഞിന്റെ കൗതുകം മാനവരാശിക്ക് എക്കാലവും ഉണ്ട്. അത് പ്രപഞ്ചരഹസ്യങ്ങളെ അറിയാനുള്ള ആഗ്രഹമാണ്. അത്യാധുനികമായ ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയുമൊക്കെ ചിറകിലേറിയാണ് നമ്മൾ ഇന്ന് അറിവ് അന്വേഷിക്കുന്നത്. പതിനായിരം കോടി ഗ്യാലക്സികൾ ഉൾപ്പെടുന്ന ഈ പ്രപഞ്ചത്തിന്റെ മുക്കിലും മൂലയിലും പോയി നമുക്ക് പ്രപഞ്ചത്തെ പഠിക്കാനാവില്ല. പക്ഷേ ഭാഗ്യവശാൽ ശാസ്ത്രം ഒരു കാര്യം മനസ്സിലാക്കിയിട്ടുണ്ട്. ഈ ബ്രഹ്മാണ്ഡ പ്രപഞ്ചം മുഴുവനുമായി വ്യാപിച്ചു കിടക്കുന്ന പദാർത്ഥത്തിന്റെ





ഘടന ഒന്നു തന്നെയാണ്. അതുകൊണ്ട് ഈ ലോകം മുഴുവനെയും മനസ്സിലാക്കാൻ നമ്മുടെ തലമുടിയിഴയെ പഠിച്ചു തുടങ്ങിയാൽ മതി. നമ്മുടെ ശരീരത്തിലെ മാംസത്തിന്റെയും കടലിലെ വെള്ളത്തിന്റെയും സൂര്യനിലെ പ്ലാസ്മയുടെയും എല്ലാം അടിസ്ഥാനഘടന ഒന്നുതന്നെയാണ്. ഇത്തരത്തിൽ പദാർത്ഥത്തിന്റെ ഘടനയെ മനസ്സിലാക്കി പ്രപഞ്ചത്തെത്തന്നെ മനസ്സിലാക്കുന്ന ഒരു ശാസ്ത്ര ശാഖയാണ് കണികാഭൗതികം (Particle physics).

പാർട്ടിക്കിൾ ഫിസിക്സ് ഒരു കല്ലിനെയോ, ചെടിയെയോ നമ്മുടെ മുടിയിഴയെയോ എടുത്ത് പരിശോധിച്ചിട്ട് ഒരേ കാര്യം പറയും. അവയെല്ലാം തന്മാത്രകളാൽ നിർമ്മിതമാണ്. തന്മാത്രകൾ ആറ്റങ്ങളാലും. ആറ്റത്തെ വിഭജിച്ചാൽ പ്രോട്ടോണും ന്യൂട്രോണും ഇലക്ട്രോണും കണ്ടെത്താം. ഈ കണങ്ങളെല്ലാം രൂപപ്പെട്ടിരിക്കുന്നത് അവയെക്കാൾ കൂടുതൽ പ്രാഥമികകണികകളായ ക്വാർക്കുകൾ, ലെപ്റ്റോണുകൾ, ഗ്ലൂവോണുകൾ എന്നിവ ചേർന്നാണ്. ഈ അടിസ്ഥാനകണങ്ങൾ കൂടിചേർന്നാണ് നമ്മുടെ ശരീരമുൾപ്പെടെ എല്ലാ പദാർത്ഥവും ഉണ്ടായിരിക്കുന്നത്. ഇവിടെ ഒരു പ്രശ്നമുണ്ട്. കണികകൾക്ക് വെറുതെ അങ്ങ് കൂടിച്ചേരാനാവില്ല. അവ ഒന്നുചേർന്ന് ഒരു പദാർത്ഥം രൂപം പ്രാപിക്കണമെങ്കിൽ അവയ്ക്ക് ഒരു അടിസ്ഥാനഗുണം വേണം. പിണ്ഡം എന്ന ഗുണം. നമ്മുടെ ശരീരങ്ങൾക്ക് ഭാരമുണ്ടല്ലോ. ഒരു വസ്തുവിന്റെ പിണ്ഡത്തോട് ഗുരുത്വാകർഷണം കൂടിച്ചേരുന്നതാണ് ഭാരം. നമ്മുടെ ശരീരം നിർമ്മിക്കപ്പെട്ടിരിക്കുന്ന കണികകൾക്ക് പിണ്ഡം എന്ന സവിശേഷത ഇല്ലായിരുന്നെങ്കിൽ നമ്മുടെ ശരീരം അനേകായിരം കണികകളായി അപ്പൂപ്പൻതാടിപോലെ പറന്നു നടന്നേനേ. പിണ്ഡം ഉള്ളതും ഇല്ലാത്തതുമായ കണികകളുണ്ട്. പിണ്ഡം ഉള്ള കണികകളാണ് പദാർത്ഥമായി മാറുന്നത്. അപ്പോൾ ശാസ്ത്രത്തിന് മുന്നിൽ ഒരു പ്രശ്നമുണ്ടായി. എങ്ങനെയാണ് കുറെ കണികകൾക്ക് മാത്രം പിണ്ഡമുണ്ടാവുന്നത്? അതിനുള്ള ഉത്തരമാണ് ഹിഗ്സ് ബോസോൺ എന്ന കണിക.

അനേകായിരം കോടി കിലോമീറ്ററുകൾ വ്യാപ്തിയുള്ള ഈ പ്രപഞ്ചത്തെ മനസ്സിലാക്കാൻ ഒരു പരമാണുവിനെ മനസ്സിലാക്കിയാൽ മതി! ആയിരത്തഞ്ഞൂറ് കോടി വർഷം പഴക്കമുള്ള പ്രപഞ്ചത്തിന്റെ ചരിത്രവും ഭാവിയും അറിയാൻ പ്രപഞ്ചോൽപ്പത്തിയുടെ ചരിത്രത്തിലെ ആദ്യത്തെ ഒരു സെക്കന്റിന്റെ അനേകായിരം കോടി അംശം സമയത്ത് എന്ത് നടന്നു എന്നു മനസ്സിലാക്കിയാൽ മതി! ഒരു പരമാണുവിന്റെ വലിപ്പമാകട്ടെ ഒരു സെന്റിമീറ്റ

റിന്റെ അനേകായിരം കോടി അംശത്തിലൊന്നു മാത്രം! ഒരു മണൽത്തരിയിൽ ഒരു വിശ്വം മുഴുവനെയും ഒരു ജലകണികയിൽ സ്വർഗ്ഗം മുഴുവനെയും കാണാം എന്ന ആംഗലേയ കവി വില്ല്യം ബ്ലേക്കിന്റെ വരികൾ ഇവിടെ സ്മരണീയമാണ്. പ്രപഞ്ചോൽപ്പത്തിയെക്കുറിച്ചുള്ള ബിഗ് ബാംഗ് തിയറിയുടെ ഉപജ്ഞാതാവായ, ശാസ്ത്രജ്ഞനും കത്തോലിക്കാവൈദികനുമായിരുന്ന ജോർജ്ജ് ലെമേത്രെ ഒരിക്കൽ പറഞ്ഞു: എനിക്ക് ഒരു ആറ്റം തരിക, ഞാൻ അതിൽ നിന്നും ഒരു പ്രപഞ്ചം മുഴുവനെയും ഉണ്ടാക്കിത്തരാം. ലോകത്തിലെ ഏറ്റവും ചെറുതായ ഒരു പരമാണുവിനെ പഠിക്കുവാൻ നമുക്ക് ലോകത്തിലെ ഏറ്റവും വലിയ, കിലോമീറ്ററുകൾ നീണ്ടുകിടക്കുന്ന, ലബോറട്ടറികൾ വേണ്ടി വരുന്നു എന്നതുതന്നെ വേറൊരു വിരോധാഭാസം.

**മഹാവിസ്ഫോടനം**

പ്രപഞ്ചത്തിന്റെ ഉത്പത്തി എപ്രകാരമെന്നുള്ള അന്വേഷണം ആധുനികശാസ്ത്രത്തിന്റെ സാഹസികകൃത്യങ്ങളിൽ ഒന്നാണ്. തത്ഫലമായി പ്രപഞ്ചോത്പത്തി വിശദീകരിക്കുന്ന നിരവധി ശാസ്ത്രീയ വിശദീകരണങ്ങൾ ആവിർഭവിക്കുന്നു. ഇന്ന് പ്രപഞ്ചോത്പത്തിയെക്കുറിച്ചുള്ള ഏറ്റവും സ്വീകാര്യമായ സിദ്ധാന്തമാണ് മഹാവിസ്ഫോടന സിദ്ധാന്തം. പൊതു ആപേക്ഷികതാ സിദ്ധാന്ത (General Relativity)മാണ് മഹാവിസ്ഫോടനത്തിന്റെ അടിസ്ഥാനം. ഭൂഗുരുത്വത്തെക്കുറിച്ചുള്ള ഐൻസ്റ്റൈന്റെ ആപേക്ഷിക ധാരണകൾ പ്രപഞ്ചം ചലനാത്മകവും പരസ്പരബന്ധിതവുമായ ഒരു മേഖലയാണെന്നും സ്ഥാപിച്ചു. എഡ്വിൻ ഹബിളിന്റെ പ്രപഞ്ചവികാസസങ്കല്പവും അതിനെ പിഞ്ചെന്നു. പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുകയാണെന്ന് 1929-ൽ ഹബിൾ നിരീക്ഷിച്ചു. പ്രശസ്തമായ ഹബിൾ നിയമത്തിൽ (Hubble's Law) അദ്ദേഹം പ്രസ്താവിച്ചു, ഒരു ഗ്യാലക്സി ഭൂമിയിൽ നിന്ന് എത്രമാത്രം അകലെയാണോ, അത്രയും അധികമാണ് അതിന്റെ വികാസ വേഗം. നമ്മുടെ പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുകയാണെന്നും അതിനാൽ പ്രപഞ്ചത്തിന് സമയത്തിൽ കൃത്യമായ ഉത്ഭവമുണ്ടെന്നുമുള്ള ആശയം അങ്ങനെ അവതരിച്ചു. തത്ഫലമായി സമയത്തിലാരംഭിച്ച ഈ വികാസപ്രക്രിയ അതാരംഭിക്കുന്ന ഒരു കേന്ദ്രത്തെയും സങ്കല്പിച്ചു. അങ്ങനെ പ്രപഞ്ചവിജ്ഞാനീയം (cosmology) ഇന്ന് മഹാവിസ്ഫോടനത്തിന്റെ പാതയിലാണ്.

മഹാവിസ്ഫോടനം (Big Bang) എന്ന വാക്ക് രൂപപ്പെടുത്തിയത് സ്ഥിരാവസ്ഥാസിദ്ധാന്തത്തിന്റെ (Steady state theory) ഉപജ്ഞാ





താവും മഹാവിസ്ഫോടന വാദഗതികളെ എതിർക്കുകയും ചെയ്ത ഫ്രെഡ് ഹോയ്ൽ ആണ്. 1927-ൽ പൊതു ആപേക്ഷികതാ സിദ്ധാന്തത്തിന്റെ സമവാക്യങ്ങളെക്കുറിച്ച് ചിന്തിക്കവേ അപ്രതീക്ഷിതമായിട്ടാണ് ഈ സിദ്ധാന്തത്തിലേക്ക് ഒരു ബൽജിയൻ പുരോഹിതൻ കൂടിയായിരുന്ന ജോർജ്ജ് ലെമേത്രെ എത്തുന്നത്. ആപേക്ഷികതാസിദ്ധാന്തത്തിന്റെ പ്രായോഗികത ഒരേ അളവിൽ, എല്ലായിടത്തും എല്ലാ ദിശകളിലേക്കും വികസിക്കുന്ന ഒരു പ്രപഞ്ചത്തെ അവതരിപ്പിക്കുന്നുവെന്ന് അദ്ദേഹം വാദിച്ചു. പ്രപഞ്ചത്തിലെ സകല പദാർത്ഥവും ഉൾക്കൊണ്ടിരുന്ന അതിസാന്ദ്രമായ ഒരു ആദിആറ്റത്തിന്റെ റേഡിയോ- ആക്ടീവ് ശിഥിലീകരണം (radioactive) മൂലമുണ്ടായ ഒരു വിസ്ഫോടനത്തിലൂടെയാണ് പ്രപഞ്ചം രൂപപ്പെട്ടതെന്ന ആശയം അദ്ദേഹം മുന്നോട്ടുവച്ചു. സകല പദാർത്ഥവും, നക്ഷത്രങ്ങളും ഗാലക്സികളുമെല്ലാം നിശ്ചിതമായ ഒരു പൂർവ്വസ്ഥലത്ത് കേന്ദ്രീകരിക്കപ്പെട്ടിരുന്നു. ഹെയ്ൻസ് പെയ്ഗൽസ് ഇതിനെ പദാർത്ഥസൂപ്പ് (matter soup) എന്നു വിശേഷിപ്പിക്കുന്നു. ഈ പദാർത്ഥസൂപ്പ് അതിവേഗം വികസിക്കുകയും പൊട്ടിത്തെറിക്കുകയും ചെയ്തു. അപ്രകാരം പൊട്ടിത്തെറിച്ചശേഷം അത് സാവധാനം തണുത്ത് ന്യൂക്ലിയസ്സുകളായും ആറ്റങ്ങളായും അവസാനം ഗാലക്സികളായും നക്ഷത്രങ്ങളായും ഗ്രഹങ്ങളായും രൂപപ്പെട്ടു. ഈ വികാസം ഇന്നും തുടരുന്നു. മഹാവിസ്ഫോടനത്തിന്റെ ചരിത്രം ശാസ്ത്രീയമായി നമുക്ക് അപഗ്രഥിക്കാം.

ഭൗതികശാസ്ത്രത്തിന്റെ എല്ലാ നിയമങ്ങളും തകർന്നുവീഴുന്ന അതിർത്തി അല്ലെങ്കിൽ പരിധിരേഖയാണ് സിംഗുലാരിറ്റി (singularity). മഹാവിസ്ഫോടനത്തിന്റെ ആരംഭം ഒരു സിംഗുലാരിറ്റിയിൽ നിന്നാണെന്ന് ശാസ്ത്രം കരുതുന്നു. മഹാവിസ്ഫോടനഘടികാരമനുസരിച്ച് പുറകോട്ടു പോവുകയാണെങ്കിൽ നാം ഒരു ആരംഭത്തിലെത്തിച്ചേരും. അവിടെ പ്രപഞ്ചത്തിലെ സകലപദാർത്ഥവും അനന്തമായ സാന്ദ്രതയിലും ഊഷ്മാവിലും ശേഖരിക്കപ്പെട്ടിരിക്കുന്നു. ഭൗമശാസ്ത്രജ്ഞർ ഈ പോയിന്റിനെ 't=0' എന്നു വിളിക്കുന്നു. ഈ അവസ്ഥയാണ് സിംഗുലാരിറ്റി (singularity). ഇന്നത്തെ പ്രപഞ്ചത്തിന്റെ വികാസവും അതിന്റെ വേഗതയും അനുസരിച്ച് മുകളിൽ സൂചിപ്പിച്ച ഏകത്വം എന്ന അവസ്ഥ 13 ബില്യൺ വർഷങ്ങൾക്കുമുമ്പാണ് നിലനിന്നിരുന്നതെന്ന് കണക്കാക്കാം.

കണങ്ങളെക്കുറിച്ചുള്ള ഭൗതികശാസ്ത്രത്തിന്റെ (Particle Physics) പുതിയ കണ്ടെത്തലുകൾ മഹാവിസ്ഫോടനത്തിനുശേഷം ആദ്യമൈക്രോസെക്കന്റിലെ പ്രപഞ്ചത്തിന്റെ ഭൗതികാവസ്ഥയും

ഘടനയും വിശദീകരിക്കാൻ ശാസ്ത്രജ്ഞരെ സഹായിക്കുന്നു. അവരുടെ പരീക്ഷണരീതി ശാസ്ത്രം പ്രോട്ടോണുകളെയും ഇല ക്ട്രോണുകളെയും അതിവേഗത്തിൽ ചലിപ്പിച്ച് പലവിധ ഊർജ്ജ രൂപങ്ങളാക്കി മാറ്റി അവയെ തമ്മിൽ കൂട്ടിയടിപ്പിച്ചുകൊണ്ടുള്ള താണ്. ഇത്തരം കൂട്ടിയിടികൾ അല്പസമയത്തേക്കെങ്കിലും പ്രപ ഞ്ചത്തിന്റെ ആദ്യനിമിഷങ്ങളെ പുനരാവിഷ്കരിക്കാൻ പ്രാപ്തമാ ണ്. ലബോറട്ടറിയിൽ ഇപ്പോൾ സാദ്ധ്യമാകുന്ന ഊർജ്ജസംയോ ജനം $10^{12}$ വോൾട്ട് അല്ലെങ്കിൽ $10^{16}$ കെൽവിനാണ്. വിസ്ഫോടന ത്തിനുശേഷം $10^{-10}$ നിമിഷത്തിൽ പ്രപഞ്ചത്തിന്റെ ഊഷ്മാവ് അതാ യിരുന്നുവെന്ന് അനുമാനിക്കപ്പെടുന്നു. പദാർത്ഥത്തെക്കുറിച്ച് ഈ ഘട്ടത്തിനപ്പുറം നമുക്കറിയില്ലെങ്കിലും ചില അനുമാനങ്ങളിലെ ത്താൻ കഴിയും. പക്ഷേ ശാസ്ത്രീയ അനുമാനങ്ങൾ എല്ലായ്പ്പോഴും സ്പർശ്യവും ഉയർന്ന കൃത്യതയുള്ളവയുമാണ്. $10^{-10}$ സെക്കന്റിന് മുമ്പ് പദാർത്ഥസൂപ്പിന്റെ ഭൗതീകാവസ്ഥ എന്തായിരുന്നിരിക്കണം? പ്രകൃതിയുടെ നാല് അടിസ്ഥാന ഊർജ്ജരൂപങ്ങൾ രൂപം കൊണ്ട സമയമാണ് $10^{-10}$നും $10^{-43}$-ക്കും ഇടയിലുള്ളത്. വളരെ ഉയർന്ന ഊർജ്ജത്തിൽ പ്രപഞ്ചം നിരവധി രൂപാന്തരങ്ങൾക്ക് വിധേയമാ യിട്ടുണ്ട്. $10^{-43}$ നിമിഷത്തിൽ ഭൂഗുരുത്വബലവും മറ്റ് ബലങ്ങളും തമ്മി ലുള്ള ശ്രേഷ്ഠമായ സമന്വയം നഷ്ടപ്പെട്ടു. $10^{-35}$ നിമിഷത്തിൽ ശക്ത അണുകേന്ദ്രബലവും വിദ്യുത്-കാന്തികബലവും വേർപിരിഞ്ഞു. ഇതാണ് മഹാഐക്യത്തിന്റെ (Grand Unity) കാലഘട്ടം. അവസാനം $10^{-10}$ നിമിഷത്തിൽ വൈദ്യുതകാന്തികബലത്തിൽ നിന്നും ദുർബല അണുകേന്ദ്രബലം വേർപെടുകയും ദുർബലഐക്യം (Weak Unity) സംജാതമാവുകയും ചെയ്തു. $10^{-4}$ നിമിഷത്തിന് മുമ്പുള്ള പ്രപഞ്ചം അടിസ്ഥാനഘടകങ്ങളുടെ സത്തായിരുന്നു: ലെപ്ടോൺസ് (ഇല ക്ട്രോൺസ്, ന്യൂവോൺസ്, ടൗവ്, ന്യൂട്രിനോസ്), ഹാഡ്രോൺസ് (ക്വാർക്സ്, ഗ്ലൂവോൺസ്). വിസ്ഫോടനത്തിനുശേഷം ഒരു മില്ലി സെക്കന്റിന്റെ പത്തിലൊന്ന് സമയത്തിൽ ($10^{-4}$) ന്യൂട്രോണുകളും പ്രോട്ടോണുകളും ഉണ്ടായിരുന്നില്ല. മറിച്ച് ഒരു ചുരുങ്ങിയ സമയ ത്തേക്ക് പ്രപഞ്ചം ഭീമാകാരമായ ഒരൊറ്റ ന്യൂക്ലിയസ്സ് ആയിരുന്നു. പ്രപഞ്ചത്തിന്റെ ഊഷ്മാവും സാന്ദ്രതയും കുറഞ്ഞുവന്നത് ന്യൂട്രോ ണുകളുടെയും പ്രോട്ടോണുകളുടെയും ജനനത്തിന് കാരണമായി.

ന്യൂട്രോണുകളുടെയും പ്രോട്ടോണുകളുടെയും ഭാഗങ്ങളായ അത്ഭുതകണങ്ങളാണ് ക്വാർക്കുകൾ. പ്രപഞ്ചചരിത്രത്തിന്റെ ആദ്യ മൈക്രോസെക്കന്റിൽ അതിസാന്ദ്രമായ പദാർത്ഥസൂപ്പ് നിലനിന്നി രുന്നത് ക്വാർക്കുകളുടെയും അവയുടെ ആന്റിക്വാർക്കുകളുടെയും രൂപത്തിലാണ്. കാരണം വളരെ ഉയർന്ന ഊഷ്മാവിൽ പദാർത്ഥം





സ്വതന്ത്രമായ ക്വാർക്കുകളുടെ രൂപത്തിലാണ് കാണപ്പെടുക. വിസ്ഫോടനത്തിലൂടെ രൂപപ്പെട്ട ക്വാർക്കുകളാണ് ഇന്നത്തെ പ്രപ ഞ്ചത്തിലെ സകലപദാർത്ഥവും നിർമ്മിക്കുന്നത്. മഹാവിസ്ഫോ ടനത്തിന്റെ വെളിച്ചത്തിൽ നമ്മുടെ പ്രപഞ്ചത്തിന്റെ തനതും രസ കരവുമായ ഒരു പ്രത്യേകത അത് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് പദാർത്ഥ വിരുദ്ധഘടകങ്ങൾക്കുപരി (anti-matter) പദാർത്ഥംകൊ ണ്ടുതന്നെയാണ് എന്നതാണ്. പ്രപഞ്ചം ഉൾക്കൊള്ളുന്ന ഏകദേശം $10^{78}$ പ്രോട്ടോണുകളും ന്യൂട്രോണുകളും അതിനാനുപാതികമായി നിലനിൽക്കുന്ന പ്രോട്ടോൺവിരുദ്ധവും പദാർത്ഥവിരുദ്ധവുമായ കണങ്ങളുടെ മിശ്രിതവും ഇല്ലായിരുന്നെങ്കിൽ യാതൊന്നിന്റെയും നിലനില്പ് സാദ്ധ്യമായിരുന്നില്ല. തണുത്തുകൊണ്ടിരുന്ന ഒരു ഘട്ട ത്തിൽ ക്വാർക്കുകൾ കട്ടപിടിച്ച് പ്രോട്ടോണുകളും ന്യൂട്രോണുകളും ഉൾക്കൊള്ളുന്ന ഹാഡ്രൺസ് എന്ന മിശ്രകണമായിത്തീർന്നു. ഈ സമയത്ത് ഊഷ്മാവ് ഒരു ട്രില്യൻ ഡിഗ്രി കെൽവിൻ ആയിരുന്നി രിക്കണം. ഇപ്രകാരം അനുകൂലമായ ഒരു പശ്ചാത്തലത്തിൽ പ്രപ ഞ്ചത്തിലെ സകലപദാർത്ഥത്തിന്റെയും അടിസ്ഥാന ഘടകങ്ങളായ പ്രോട്ടോണുകൾക്കും ന്യൂട്രോണുകൾക്കും രൂപമെടുക്കാൻ സാധി ക്കുന്നു.

മഹാവിസ്ഫോടനത്തിന് ഒരു സെക്കന്റ് ശേഷം $10^{10}$ ഊഷ്മാവി ലാണ് അണുകേന്ദ്രസംശ്ലേഷണം ആരംഭിച്ചത്. ആദ്യം ഹൈഡ്രജ ന്റെയും ഹീലിയത്തിന്റെയും ലിഥിയത്തിന്റെയും ന്യൂക്ലിയസ്സ് രൂപീ കരിക്കപ്പെട്ടു. പിന്നീട് സമയത്തിന്റെ ആദ്യമിനുട്ടുകളിൽ അണുസം യോജനപ്രതിപ്രവർത്തനങ്ങളുടെ ഫലമായി (nuclearfusion reactions) മിശ്രഅണുകേന്ദ്രങ്ങളായ ഹീലിയം, ഡ്യൂട്ടെരിയം, ലിഥിയം എന്നിവ ഉത്പാദിപ്പിക്കപ്പെട്ടു. ഈ അണുപ്രവർത്തനം മൂന്ന് മിനിട്ട് നീണ്ടു നിന്നു. അണുകേന്ദ്രസംശ്ലേഷണഘട്ടം ബില്യൺ ഡിഗ്രി കെൽവിൻ ഊഷ്മാവിൽ അവസാനിച്ചു.

അടുത്ത 300,000 വർഷങ്ങൾ പ്രപഞ്ചം ആപേക്ഷികമായി മാറ്റ ങ്ങളൊന്നും സംഭവിക്കാത്ത ഒരവസ്ഥയിലായിരുന്നു (relative stasis). ഹൈഡ്രജൻ, ഹീലിയം ന്യൂക്ലിയസുകളുടെ ഒരു കടലും ഫോട്ടോണുകളും സ്വതന്ത്ര ഇലക്ട്രോണുകളും പ്രപഞ്ചം മുഴുവൻ നിറഞ്ഞ് പരസ്പരം പ്രതിപ്രവർത്തിച്ചുകൊണ്ടിരുന്നു. ഇത് ഉഷ്ണ ത്തിന്റെ സംതുലിതാവസ്ഥയെന്നറിയപ്പെടുന്നു (thermal equilibrium). ഈ കാലഘട്ടത്തിൽ പ്രപഞ്ചം തണുത്തുകൊണ്ടിരിക്കുകയായിരു ന്നുവെങ്കിലും ഫോട്ടോണുകളുടെ സാന്നിദ്ധ്യം ഘടനകൾ രൂപപ്പെ ടുന്നതിന് അനുവദിച്ചില്ല. $3000^{0}$ കെൽവിൻ വരെ പ്രപഞ്ചം

തണുത്തപ്പോൾ ഇലക്ട്രോണുകളും ആറ്റോമിക് ന്യൂക്ലിയസുകളും സംയോജിച്ച് സാധാരണ ആറ്റങ്ങൾ, കൂടുതലായും ഹൈഡ്രജൻ, ഉണ്ടാകുവാൻ തുടങ്ങി. ഇലക്ട്രോണുകളെ ന്യൂക്ലിയസിൽ നിന്ന് വേർപെടുത്താനുള്ള ഊർജ്ജം ഫോട്ടോണുകൾക്ക് പെട്ടെന്ന് നഷ്ട മായപ്പോൾ കണങ്ങൾ ഒന്നുചേർന്ന് ന്യൂട്രൽ ആറ്റങ്ങൾ രൂപപ്പെട്ടു. ഇപ്പോൾവരെ ഫോട്ടോണുകൾക്ക് പദാർത്ഥവുമായി മറ്റ് യാതൊരു ബന്ധവുമില്ല. അപ്പോൾ ഹൈഡ്രജൻ, ഹീലിയം ആറ്റങ്ങൾ ഗുരു ത്വബലത്തിന് വിധേയമായി തകരാൻ തുടങ്ങും. ഈ തകർച്ച നക്ഷ ത്രങ്ങളും വാതകങ്ങളും മറ്റു പദാർത്ഥങ്ങളും ഗ്യാലക്സികളും ഉത്പാദിപ്പിക്കുന്നു.

ഗ്യാലക്സികളുടെ ജനനത്തോടെ നക്ഷത്രങ്ങളുടെ ജനനവും ആരംഭിച്ചു. ക്ഷീരമണ്ഡലങ്ങളിലെ (galactic disc ) തന്മാത്രാരൂപമായ (molecular) വാതകങ്ങളുടെ രൂപഭേദമായ മേഘപടലങ്ങൾക്കുള്ളി ലാണ് (molecular clouds) നക്ഷത്രങ്ങൾ രൂപപ്പെട്ടത്. ക്വേസാറുകൾ അഥവാ വിദൂരപ്രകാശസ്രോതസ്സുകളുടെ രൂപീകരണം ഇക്കാലഘ ട്ടത്തിലെ ആവേശകരമായ ഒരു മുന്നേറ്റമാണ്. മഹാവിസ്ഫോട നത്തെ തുടർന്ന രണ്ട് - മൂന്ന് ബില്യൺ വർഷങ്ങളിൽ, വലിയ എണ്ണം ഗ്യാലക്സികളുടെയും കേന്ദ്രസമൂഹങ്ങൾ നമ്മുടെ ഗ്യാലക്സി പോലുള്ള ആയിരമെണ്ണത്തിന്റേതിനേക്കാൾ ശോഭയേ റിയതായിത്തീർന്നു. അവ ക്വേസാറുകളുടെ ജനനത്തിന് കാരണ മായി. നമ്മിൽനിന്നും അവ വളരെ ദൂരെയായതിനാൽ അവയെ ക്കുറിച്ച് പഠിക്കുക സാദ്ധ്യമല്ല. ക്വേസാറുകളെ ഭീമാകാരമായ തമോ ഗർത്തങ്ങൾക്കു ചുറ്റുമുള്ള പ്രകാശവലയങ്ങളായുള്ള മാതൃകാചി ത്രങ്ങൾ ഇതുവരെയുള്ള നിരീക്ഷണങ്ങളെ നിഷേധിച്ചിട്ടില്ല; എന്നു മാത്രമല്ല, നിരീക്ഷണവിധേയമായ ഘടകങ്ങളെ വിശദീകരിക്കുന്ന തായും കാണപ്പെടുന്നു.

## മഹാവിസ്ഫോടനത്തിനുള്ള തെളിവുകൾ

മഹാവിസ്ഫോടന സിദ്ധാന്തം നിരവധി പ്രധാനനിരീക്ഷണങ്ങ ളിൽ അധിഷ്ഠിതമാണ്. ഹബിൾ വികാസം, കോസ്മിക് മൈക്രോ വേവ് പഞ്ചാത്തലവികിരണം, COBE ഗവേഷണം, ബ്ലാക്ക്ബോഡി റേഡിയേഷന്റെ ഐകരൂപ്യം, രാത്രി ആകാശത്തിന്റെ ഇരുളിമ തുട ങ്ങിയവ മഹാവിസ്ഫോടനത്തിന്റെ നിരീക്ഷിതതെളിവുകളാണ്.

## ഹബിൾ വികാസം

പ്രപഞ്ചം അചഞ്ചലമാണെന്നാണ് പല ശാസ്ത്രജ്ഞരും അനു മാനിച്ചിരുന്നത്. എല്ലാ ഗ്യാലക്സികളും നമ്മിൽനിന്ന് അകന്നുപോ





യിക്കൊണ്ടിരിക്കുകയാണെന്ന് 1920-ൽ എഡ്വിൻ ഹബിൾ നിരീ ക്ഷിച്ചു. വികാസ അളവിന്റെ കൃത്യമായ മൂല്യം ഹബിൾ സ്ഥിരാങ്കം (Hubble constant) എന്നറിയപ്പെടുന്നു. നമ്മുടെ ഗ്യാലക്സിയോട് ഏററവുമടുത്ത ഗ്യാലക്സികൾ അകന്നുപോയിക്കൊണ്ടിരിക്കുന്ന തായാണ് ഹബിൾ നിരീക്ഷിച്ചത്. എത്രയുമകലത്തിലാണോ അത്രയും വേഗതയിൽ അത് നീങ്ങിക്കൊണ്ടിരിക്കുന്നു. ദൂരവും പ്രവേഗവും (velocity) തമ്മിലുള്ള ബന്ധത്തെയാണ് ഹബിളിന്റെ നിയമം സൂചിപ്പിക്കുന്നത്. ഗ്യാലക്സികളിൽനിന്നുള്ള പ്രകാശകി രണങ്ങളാണ് പ്രവേഗം കണക്കാക്കാൻ ഉപയോഗപ്പെടുത്തിയിരി ക്കുന്നത്. ഡോപ്ലർ ഷിഫ്റ്റ് അടിസ്ഥാനമാക്കിയുള്ള ഹബിളിന്റെ നിരീക്ഷണങ്ങൾ ഗ്യാലക്സികൾ തമ്മിൽനിന്ന് അകലേക്ക് പോയി ക്കൊണ്ടിരിക്കുകയാണെന്ന് തെളിയിച്ചു. പ്രപഞ്ചം വികസിച്ചുകൊ ണ്ടിരിക്കുകയാണെങ്കിൽ അതിനർത്ഥം ഭൂതകാലത്തിലെവിടെയോ അതിന് നിശ്ചിതമായ ഒരാരംഭം ഉണ്ടെന്നു തന്നെയാണ്.

## പ്രാപഞ്ചിക പശ്ചാത്തല വികിരണം

മഹാവിസ്ഫോടനത്തിനുള്ള ഏറ്റവും ശക്തമായ തെളിവ് 1965-ലാണ് അവതരിക്കപ്പെട്ടത്. ബെൽ ലബോറട്ടറിയിലെ രണ്ട് ശാസ്ത്ര ജ്ഞർ പ്രാപഞ്ചിക പശ്ചാത്തലവികിരണത്തിന്റെ ഒരു സ്ഥിരത യാർന്ന ബഹിർക്ഷമനം (stedy hiss) തിരിച്ചറിയുന്നതിന് ഇടയാ യി. ഇത്തരം സമാനസ്വഭാവമുള്ള വികിരണം പ്രപഞ്ചം മുഴുവൻ ഉള്ളതായും ഒപ്പം ഈ താഴ്ന്നതരം വികിരണത്തിന്റെ റെഡ്ഷി ഫ്റ്റിംഗ് ഇത് ഏകദേശം 13 ബില്യൻ വർഷങ്ങൾക്കു മുമ്പ് ഉത്ഭവി ച്ചതായും തെളിയിക്കുന്നു. വികിരണത്തിന്റെ സാർവ്വത്രികമായി ഒരേ രീതിയിലുള്ള സാന്നിദ്ധ്യം മുൻനിർത്തി അത് പ്രപഞ്ചോത്പത്തി യോടൊപ്പം ആവിർഭവിച്ചതാകാമെന്നാണ് വിലയിരുത്തപ്പെടുന്നത്. സമാനസ്വഭാവമുള്ള വിതരണം അത്തരത്തിലുള്ള വികാസത്തെയും സൂചിപ്പിക്കുന്നു. നെമെസ്സറി അഭിപ്രായപ്പെടുന്നു: ആദ്യകാലപ്ര പഞ്ചം വളരെ ചൂടേറിയതും സാന്ദ്രവുമായിരുന്നതിനാൽ പ്രാപ ഞ്ചിക പശ്ചാത്തലവികിരണം മഹാവിസ്ഫോടനത്തിന്റെ അവശി ഷ്ടപ്രതിഫലനമാണ്. ആദ്യകാലപ്രപഞ്ചത്തിന്റെ തേജസ്സ് ഇന്ന് നമുക്ക് കാണുവാൻ സാധിക്കുന്നത് പ്രപഞ്ചത്തിന്റെ വിദൂരഭാഗങ്ങ ളിൽനിന്ന് പ്രകാശം തമ്മിലെത്തിച്ചേരുന്നത് ഇപ്പോഴായതിനാ ലാണ്. പ്രപഞ്ചത്തിന്റെ ശീഘ്രഗതിയിലുള്ള വികാസം കണക്കി ലെടുത്ത് ഈ പ്രകാശകിരണങ്ങൾ റെഡ്ഷിഫ്റ്റ് ചെയ്യപ്പെടേണ്ട തുണ്ട്. വാസ്തവത്തിൽ മൈക്രോവേവ് റേഡിയേഷൻ ആയി കാണ പ്പെടുംവിധം ഈ വൈദ്യുത കാന്തികവികിരണത്തിന്റെ തരംഗ ദൈർഘ്യം വളരെയധികം വർദ്ധിച്ചിരിക്കുന്നു.

## കോബ് (COBE) ഗവേഷണം

ദ്രവ്യത്തിന്റെ കേന്ദ്രീകരണത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഭൂഗുരുത്വ അസ്ഥിരതയാണ് ഗ്യാലക്സികളുടെ രൂപീകരണത്തിന് കാരണമായിരിക്കുന്നത്. മൈക്രോവേവ് ബാക്ഗ്രൗണ്ട് റേഡിയേഷന്റെ ഊഷ്മാവിലുള്ള വ്യതിയാനങ്ങൾ പ്രപഞ്ചത്തിന്റെ ദ്രവ്യവിതരണത്തിന്റെ ഒരു ചിത്രം നമുക്ക് നല്കുന്നു. ഇത്തരം വ്യതിയാനങ്ങളുടെ ശേഖരണത്തിനുവേണ്ടി ഭൗമശാസ്ത്രജ്ഞർ നിരവധി ഉപകരണങ്ങൾ ഉപയോഗിച്ചു. അവസാനം കോബ് സാറ്റലൈറ്റാണ് അവയെ കണ്ടെത്തിയത്. അവ ലക്ഷത്തിൽ ഒരു ഭാഗം മാത്രമായിരുന്നു. പ്രപഞ്ചത്തിന് കോടാനുകോടി വർഷങ്ങൾ പഴക്കമുള്ളതിനാൽ ഭൂഗുരുത്വ അസ്ഥിരത ഉപയോഗപ്പെടുത്തി ഐകരൂപ്യമില്ലാത്തവ എത്രമാത്രം വികസിച്ചാലാണ് ആദ്യഗ്യാലക്സിയും ക്ലസ്റ്ററുകളും രൂപപ്പെടുത്തുവാൻ കഴിയുക എന്ന് ഈ എണ്ണം കാണിച്ചുതരുന്നു. അങ്ങനെ മഹാവിസ്ഫോടനം വഴിയുള്ള പ്രപഞ്ചോത്പത്തിക്ക് കോബ് അന്വേഷണങ്ങളും പ്രബലമായ തെളിവാകുന്നു.

## മഹാവിസ്ഫോടനത്തിന് മുമ്പ്

സമയവും സ്ഥലവും മഹാവിസ്ഫോടനത്തോടൊപ്പം രൂപപ്പെട്ടതായതിനാൽ മഹാവിസ്ഫോടനത്തിനുമുമ്പ് എന്ത് എന്ന ചോദ്യം യുക്തിപരമായി അസാദ്ധ്യമാണ്. എങ്കിലും ആദ്യനിമിഷത്തിന്റെ നൂറിൽ ആദ്യത്തെ അംശത്തിന് മുമ്പ് എന്തായിരുന്നുവെന്ന് ശാസ്ത്രജ്ഞർ തിരയുന്നുണ്ട്. ഉയർന്ന ഊർജ്ജത്തെക്കുറിച്ചുള്ള ഭൗതികശാസ്ത്രത്തിൽനിന്നും (high energy physics) ഏകീകൃത ഫീൽഡ് സിദ്ധാന്തങ്ങളിൽനിന്നും (unfied field theories) ലഭ്യമാകുന്ന വിവരങ്ങളുപയോഗിച്ചുള്ള നിഗമനങ്ങൾ മാത്രമാണിവിടെയുള്ളത്. മഹാവിസ്ഫോടനം സംഭവിച്ചതെങ്ങനെയാണ്? പൂർണ്ണമായും പരീക്ഷണങ്ങളിലും സിദ്ധാന്തങ്ങളിലും അടിസ്ഥാനപ്പെടുത്തി ഈ ചോദ്യങ്ങൾക്കുത്തരം നല്കാൻ ഭൗതികശാസ്ത്രജ്ഞർക്ക് കഴിയില്ല.

## മഹാവിസ്ഫോടനവും ദൈവവും

സൃഷ്ടിയുടെ മഹാവിസ്ഫോടനവിവരണത്തെക്കുറിച്ചുള്ള ശാസ്ത്രജ്ഞരുടെയും ദൈവശാസ്ത്രജ്ഞരുടെയും പ്രധാന പ്രതികരണങ്ങൾ ഇവിടെ അവതരിപ്പിക്കുന്നു. സൃഷ്ടിയുടെ ശാസ്ത്രീയവും ബൈബിളധിഷ്ഠിതവുമായ വിവരണങ്ങൾ തമ്മിലുള്ള കൂടുതൽ ക്രിയാത്മകമായ സംവാദം ഇന്ന് സാധ്യമാണ്. സമയബന്ധിതമായ സൃഷ്ടിക്ക് മഹാവിസ്ഫോടനം പിന്തുണ നല്കുന്നുവെന്നും അതിനാൽ ഭൗമശാസ്ത്രത്തിൽനിന്നും ദൈവാസ്തിത്വത്തെ മനസ്സിലാക്കാമെന്നും നിരവധി ശാസ്ത്രജ്ഞരും ദൈവശാസ്ത്രജ്ഞരും ചിന്തിച്ചു. പുരോഹിതനും ദൈവശാസ്ത്രജ്ഞനുമായ സ്റ്റാൻലി ജാക്കി പ്രപഞ്ചത്തിന്റെ ആരംഭവും നൈമിഷികതയും സംബന്ധിച്ച ശാസ്ത്രവിവരണത്തിന്റെ പരിമിതികൾ പരാമർശിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ശാസ്ത്രീയ ഉത്തരങ്ങളുടെ അന്ത:സ്ഥിത (inbuilt) അപര്യാപ്തത പ്രപഞ്ചം അനിശ്ചിതമാണെന്ന് (contingent) തെളിയിക്കുന്നു. അതിന്റെ അനിശ്ചിതത്വം പ്രപഞ്ചത്തിന്റെ ശാസ്ത്രീയ അവതരണത്തോട് ചേർന്നിരിക്കുന്നു. ഭൗതികവാദികളുടെയും ബഹുദൈവവിശ്വാസികളുടെയും നിരീശ്വരരുടെയും അഭയമായ ഭൗമിക ആവശ്യകതാവാദത്തിന് (cosmic necessitarianism) നേരേ വിരുദ്ധമാണ് അനിശ്ചിതപ്രപഞ്ചം. വ്യതിരിക്തത(specificity) പരിമിതിയുടെ അടയാളമായതിനാൽ വ്യതിരിക്തമായ അസ്തിത്വങ്ങൾ പൂർണ്ണതയുടെ ആകെത്തുകയായ ഒരു സ്രഷ്ടാവിനോട് ബന്ധപ്പെടുത്തി മാത്രമേ മനസ്സിലാക്കാൻ കഴിയുകയുള്ളൂ. അതിഭൗതികമായ ഇത്തരമൊരു നിഗമനം കൂടാതെ ശാസ്ത്രം അനന്തമായ പിൻവാങ്ങൽ എന്ന തെറ്റിലകപ്പെടും (fallacy of infinite regress) എന്ന് സ്റ്റാൻലി ജാക്കി വാദിക്കുന്നു. സൈദ്ധാന്തികമായ മുൻകാലസമയങ്ങളെ ശാസ്ത്രീയപ്രപഞ്ചദർശനത്തിന് ഒഴിവാക്കാനാവാത്തതിനാൽ പ്രപഞ്ചം സ്വയം സമയത്തിന്റെ പാദമുദ്ര പേറുന്നു എന്നും അദ്ദേഹം ചിന്തിക്കുന്നു. അമൂർത്തമായതിന്റെ ദർശനം കരഗതമാക്കാനും പ്രപഞ്ചത്തിന്റെ അതിഭൗതികാവസ്ഥയെ മനസ്സിലാക്കാനും തയ്യാറുള്ള ആരെയും മുകളിലേക്കുയർത്താൻ കഴിവുള്ള ഒരു വലിയ സ്പ്രിംഗ് ബോർഡാണ് പ്രപഞ്ചത്തിന്റെ സിംഗുലാരിറ്റി എന്നത്. യഥാർത്ഥസൃഷ്ടിക്കുള്ള ഒരു തെളിവായി ലവർതിംഗും മഹാവിസ്ഫോടനത്തെ കാണുന്നു. അദ്ദേഹം എഴുതുന്നു: മഹാവിസ്ഫോടനമല്ലാതെ ആധുനികശാസ്ത്രത്തിന്റെ മറ്റൊരു സിദ്ധാന്തവും സൃഷ്ടിവിവരണത്തോട് കൂടുതൽ അടുത്ത് വന്നിട്ടില്ല. മഹാവിസ്ഫോടനസിംഗുലാരിറ്റിയിൽനിന്നുള്ള വികാസത്തെ നാം പിന്തുടരുകയാണെങ്കിൽ പ്രപഞ്ചത്തിന്റെ ഉത്ഭവമോ സൃഷ്ടിയോ ഊഹിക്കാൻ കഴിയുന്ന ഒരു കേന്ദ്രത്തിൽ നാമെത്തിച്ചേരും.

മഹാവിസ്ഫോടനത്തോടുള്ള എല്ലാ പ്രതികരണങ്ങളുംതന്നെ പ്രപഞ്ചത്തിന് സമയബന്ധിതമായ ഒരാരംഭം സങ്കല്പിക്കുകയും ഒരു നിത്യമായ പ്രപഞ്ചത്തെക്കുറിച്ചുള്ള ആശയത്തെ ഒഴിവാക്കുകയും ചെയ്യുന്നു. സമയത്തിൽ അനിശ്ചിതമായ (contingent) ഒരു പ്രപഞ്ചസങ്കല്പത്തെ ഏറ്റവും ശക്തമായി പിന്താങ്ങുന്നത് തെർമോഡൈനാമിക്സിന്റെ രണ്ടാം നിയമമാണ്. അതനുസരിച്ച് പ്രപഞ്ച

ത്തിന്റെ എൻട്രോപ്പി (entropy) വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പ്രപഞ്ചത്തിലെ ഉപയോഗയോഗ്യമല്ലാത്ത ഊർജ്ജത്തിന്റെ അളവാണ് എൻട്രോപ്പി. സ്പിറ്റ്സറുടെ അഭിപ്രായത്തിൽ, ജോലിയുടെ ഓരോ നിമിഷവും (ഒരു സംവിധാനത്തിലെ സ്വതന്ത്ര ഊർജ്ജത്തിന്റെ ഉപയോഗം) എൻട്രോപ്പിയുടെ വർദ്ധനവിന് കാരണമാകുന്നു. ജോലിക്കുപയോഗപ്രദമാകുന്ന രീതിയിൽ രൂപമാറ്റം വരുത്താവുന്ന ഊർജ്ജത്തിന്റെ അളവ് എല്ലായ്പ്പോഴും കുറഞ്ഞുകൊണ്ടിരിക്കുന്നു. പ്രപഞ്ചം നിത്യമായി നിലനില്ക്കുകയായിരുന്നുവെങ്കിൽ പ്രപഞ്ചത്തിന്റെ എൻട്രോപ്പി അല്പംപോലും ഉപയോഗയോഗ്യമായ ഊർജമില്ലാതെ ഒരു തെർമോഡൈനാമിക് സംതുലിതാവസ്ഥയിൽ എത്തിച്ചേരുമായിരുന്നു. ഇന്നത്തെ പഠനങ്ങൾ നിത്യമായി നിലനില്ക്കുന്ന ഒരു പ്രപഞ്ച സാദ്ധ്യതയെ തള്ളിക്കളഞ്ഞ് എൻട്രോപ്പിയുടെ അളവ് വളരെ കുറവാണെന്ന് രേഖപ്പെടുത്തുന്നു. ഏകതയ്ക്കു മുമ്പുള്ള അവസ്ഥയെക്കുറിച്ചുള്ള അവ്യക്തത ദൈവത്താലുള്ള പ്രപഞ്ചസൃഷ്ടി മനസിലാക്കുന്നതിനുള്ള ഒരു ദൈവശാസ്ത്രപരമായ ആരംഭബിന്ദുവാണ്. ടെഡ് പീറ്റർ നിരീക്ഷിക്കുന്നു: പ്രപഞ്ചത്തിന്റെ ഇന്ന് നിരീക്ഷിക്കുന്ന വികാസത്തിൽനിന്ന് പുറകോട്ട് സഞ്ചരിച്ചുകൊണ്ടാണ് അനന്തമായ സാന്ദ്രതയും ഊഷ്മാവുമുള്ള പ്രാരംഭസിംഗുലാരിറ്റി എന്ന ആശയം വികസിപ്പിക്കുന്നത്. വിസ്ഫോടനം അല്ലെങ്കിൽ പ്രാരംഭസിംഗുലാരിറ്റിയാണ് സമയവും സ്ഥലവും രൂപപ്പെടുത്തിയത്. ഇത് ശാസ്ത്രഗവേഷണങ്ങളുടെ അതിർരേഖയാണ്; കാരണം, വാനശാസ്ത്രജ്ഞർക്ക് അവരുടെ ഗവേഷണശാഖയുടെ പരിധിയിൽ നിന്നുകൊണ്ട് ഏകതയെക്കുറിച്ചും അതിനുമുമ്പു നിലനിന്നിരുന്ന സാഹചര്യത്തെക്കുറിച്ചും പറയാനാകില്ല.

ബൈബിളിലെ മോക്ഷബന്ധിയും സത്താപരവുമായ സൃഷ്ടിയുടെ പ്രകൃതിയും ശാസ്ത്രീയസൃഷ്ടിയിലെ ചരിത്രപരവും ഭൗതികവുമായ സ്വഭാവവും സൃഷ്ടിയെക്കുറിച്ചുള്ള ശാസ്ത്രീയവും ബൈബിളധിഷ്ഠിതവുമായ പഠനങ്ങൾ തമ്മിൽ സമാന്തരങ്ങൾ കണ്ടെത്താൻ നമ്മെ അനുവദിക്കുന്നില്ല. കൂടാതെ, ആരംഭത്തെക്കുറിച്ചുള്ള ചോദ്യം ശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ഇതുവരെ പരിഹൃതമാകാത്ത ഒരു പ്രശ്നമാണെന്ന കാര്യവും മറക്കരുത്. മഹാവിസ്ഫോടനം ഒരു പ്രധാന സംഭവമായി പരിഗണിക്കപ്പെടുന്നുണ്ട്. എങ്കിൽക്കൂടിയും, മഹാനാശം എന്ന ആശയവും, ഹോക്കിങ്ങിന്റെ നിത്യപ്രപഞ്ചസിദ്ധാന്തവും സ്ഥിരാവസ്ഥാസിദ്ധാന്തവും കൂടി രൂപപ്പെടുത്തുന്ന ചഞ്ചലിതമായ ഒരു പ്രപഞ്ചചിത്രം അവഗണിക്കാവതല്ല. ഭൂതകാലത്തിന്റെ അതിരുകളെക്കുറിച്ചുള്ള ചോദ്യം ദൈവശാസ്ത്രത്തിൽ ഇന്നും വിവാദവിഷയമാണ്. വിശു





ദ്ധഗ്രന്ഥത്തിന്റെ ഭാഗമായി തോമസ് അക്വിനാസ് സമയബന്ധിയായ ഒരാരംഭത്തെ സ്വീകരിച്ചു. പക്ഷേ അദ്ദേഹവും എക്കാലവും നിലനില്ക്കുന്ന ഒരു പ്രപഞ്ചത്തിന് സ്രഷ്ടാവും പരിപാലകനുമായി ദൈവം വേണമെന്ന് വാദിച്ചു. ഡേവിഡ് കെസ്ലിയുടെ അഭിപ്രായത്തിൽ, ജീവിതം ഒരു സമ്മാനമെന്നനിലയിലുള്ള കൃതജ്ഞതാപ്രകാശനത്തിന്റെ അനുഭവത്തിന് ആരംഭത്തിലെ തനതായ സംഭവങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകളോട് പ്രത്യേകമായ ബന്ധമൊന്നുമില്ല.

ആരംഭത്തെക്കുറിച്ചുള്ള സംവാദത്തിലെ രണ്ടു ധ്രുവങ്ങളിൽ ഒന്ന് സത്യമാകാം എന്ന സാധ്യതയ്ക്കു പുറമേ, ശാസ്ത്രീയവും ദൈവശാസ്ത്രപരവുമായ പഠനങ്ങൾ തമ്മിൽ സ്വരച്ചേർച്ചയുണ്ടാകാമെന്നതിന് ഉദാഹരണങ്ങളുണ്ട്. ബാർബറുടെ അഭിപ്രായത്തിൽ, സൃഷ്ടിയെക്കുറിച്ചുള്ള ശാസ്ത്രീയകാഴ്ചപ്പാട് അസ്തിത്വത്തിന്റെയും പരിധിചോദ്യങ്ങളുടെയും നിയമങ്ങളുടെയും നശ്വരത സ്ഥാപിക്കുന്നു. അവ സൃഷ്ടിയെക്കുറിച്ചുള്ള ദൈവശാസ്ത്രപഠനങ്ങളോട് സ്വരച്ചേർച്ചയുള്ളവയാണ്. ശാസ്ത്രത്തിൽ, ചാക്രികപ്രപഞ്ചത്തിന് പുതിയ തെളിവുകൾ ഉണ്ടായാൽപ്പോലും അസ്തിത്വത്തിന്റെ നശ്വരത നിലനില്ക്കുകയും ശൂന്യതയിൽനിന്നുള്ള സൃഷ്ടിയുടെ സന്ദേശം എല്ലാ ജീവജാലങ്ങൾക്കും ബാധകമാവുകയും ചെയ്യും. ശാസ്ത്രത്തിൽ സമയം അതിരറ്റതാണെങ്കിലും പരിധി സാഹചര്യങ്ങൾ തീർച്ചയായും ഉണ്ടാവുകയും അത് ഒരു ആരംഭത്തിന്റെ ആവശ്യമില്ലാതെതന്നെ ശൂന്യതയിൽനിന്നുള്ള സന്ദേശത്തെ പ്രദർശിപ്പിക്കുകയും ചെയ്യും. ആകസ്മികതയോടുള്ള ബന്ധം നിമിത്തം നിയമങ്ങളുടെ നശ്വരത ദൈവശാസ്ത്രത്തിലെ സൃഷ്ടിയുടെ ക്രമീകൃതഭാഗങ്ങളോട് തുലനം ചെയ്യാനാകും. ചുരുക്കത്തിൽ, ശാസ്ത്രീയ സൃഷ്ടിവിവരണങ്ങൾക്ക് അനിവാര്യതയിൽ നിന്നുയിർക്കൊള്ളുന്ന ഒരു പ്രപഞ്ചത്തിന് വിശദീകരണം നല്കാനാവില്ല. ശാസ്ത്രീയ സിദ്ധാന്തങ്ങൾ വികസിപ്പിച്ചെടുത്തിരിക്കുന്ന ഈ വാദത്തിന്റെ പരിണിതപ്രയോഗസാധ്യതകൾക്ക്. “ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു” എന്നതുപോലുള്ള ബൈബിളിലെ സൃഷ്ടിപ്രസ്താവനകളിലെ പ്രാപഞ്ചികപ്രക്രിയകളും ഭൗതിക പ്രവർത്തനങ്ങളും വിശദീകരിക്കാൻ കഴിയും.

യുക്ത്യനുസൃതം രൂപപ്പെടുത്തിയ ഈ പരസ്പരപൂരകത്വങ്ങളിൽനിന്ന് വേറിട്ട്, മഹാവിസ്ഫോടനവും ശൂന്യതയിൽനിന്നുള്ള സൃഷ്ടിയും തമ്മിൽ സമാന്തരങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്നത് ന്യായീകരിക്കാനാവില്ല. ഉത്പത്തി 1-ഉം മഹാവിസ്ഫോടന സിദ്ധാ

ന്തവും തമ്മിലുള്ള ഒരു സമാന്തരപഠനം വഴി പഴയനിയമാടിസ്ഥാനത്തിലുള്ള ഏതെങ്കിലുമൊരു മതത്തെ മഹാവിസ്ഫോടനം അംഗീകരിച്ചുവെന്ന് അർത്ഥമാക്കാനാവില്ല. പാഠമോ ആശയമോ സന്ദർഭത്തിൽനിന്ന് എടുത്തുമാറ്റിയാൽ മാത്രമേ ഇത്തരം സമാന്തരങ്ങൾ സാധ്യമാവുകയുള്ളൂ. ഈ ബോദ്ധ്യമായിരിക്കണം ഇത്തരമൊരു ബോദ്ധ്യത്തിലേക്ക് പീകോക്കിനെ കൊണ്ടെത്തിച്ചത്: പ്രപഞ്ചത്തിന്റെ വിദൂരചരിത്രത്തെക്കുറിച്ച് അന്വേഷിക്കുകയും സൈദ്ധാന്തികനിഗമനങ്ങളിലെത്തുകയും ചെയ്യുന്ന ശാസ്ത്രീയ പ്രപഞ്ചവിജ്ഞാനീയം, തത്ത്വത്തിൽ സൃഷ്ടി എന്ന ആശയത്തിന് വിരുദ്ധമായ എന്തെങ്കിലുമായിരിക്കില്ല ചെയ്യുന്നത്. സൃഷ്ടിയെക്കുറിച്ചുള്ള ശാസ്ത്രീയവും ബൈബിളധിഷ്ഠിതവുമായ പഠനങ്ങൾ തമ്മിൽ യഥാർത്ഥത്തിലുള്ള സ്വരചേർച്ച പ്രകൃതിപരമോ ചരിത്രപരമോ ആയ തലങ്ങളിലെന്നതിലുപരിയായി സത്താപരമായ തലത്തിലാണ് കാണേണ്ടത് എന്നതാണ് നമ്മുടെ പക്ഷം. ശാസ്ത്രീയസിദ്ധാന്തങ്ങൾ ചിത്രീകരിക്കുന്ന പരിണാമബന്ധിയായ പ്രപഞ്ചോത്പത്തി കൂടുതൽ ദൈവികത വഴിഞ്ഞൊഴുകുന്ന പ്രപഞ്ചദർശനത്തോടെ ക്രിസ്തീയചിന്തയായ അനുസ്യൂതസൃഷ്ടിയെ (creation continua) പ്രോത്സാഹിപ്പിക്കുന്നു. അത് സൃഷ്ടിയെക്കുറിച്ചുള്ള ക്രിസ്തീയമാതൃകയായ പരിശുദ്ധാത്മദർശനമാണ്.

### ഹോക്കിങ്ങിന്റെ അതിർത്തിരഹിതസിദ്ധാന്തം

ഭൗതികശാസ്ത്രത്തിൽ പൊതുവായി, ഒരു സംവിധാനത്തിന്റെ, ഒരു സമയത്തെ (t1) അവസ്ഥയും, ഒരവസ്ഥയിൽനിന്ന് മറ്റൊന്നിലേക്കുള്ള പരിണാമത്തിന്റെ നിയമങ്ങളും അറിയാമെങ്കിൽ മറ്റൊരു പ്രത്യേക സമയത്തെ (t2) അതിന്റെ ഭൗതികാവസ്ഥ കണക്കുകൂട്ടാവുന്നതാണ്. മഹാവിസ്ഫോടന സിദ്ധാന്തത്തിൽ, ഓരോ നിമിഷത്തെയും പ്രപഞ്ചാവസ്ഥ, അതിന്റെ ഭൗതിക ഉള്ളടക്കത്തെക്കുറിച്ചുള്ള വിവരവും സ്ഥലത്തിലുള്ള ഗുരുത്വബലത്തിന്റെ സ്വാധീനത്തെ വിശദീകരിക്കുന്ന വക്രീകരിക്കപ്പെട്ട ത്രിമാനജ്യാമിതിയും ഉൾക്കൊള്ളുന്നു. ഒരു സമയത്തെ പ്രപഞ്ചത്തിന്റെ അവസ്ഥ വീണ്ടും മറ്റൊരു സമയത്തെ അവസ്ഥയുടെ സമവാക്യങ്ങളുപയോഗിച്ച് ഒരു അതിർത്തി നിബന്ധന എന്ന നിലയിൽ കണക്കാക്കാനാകും. ഇതിന്റെ ഏകപ്രശ്നം ഇതൊരു അതിർത്തി നിബന്ധനയെ മുൻകൂട്ടിക്കാണുന്നു എന്നതാണ്. മഹാവിസ്ഫോടനംപോലുള്ള ഒരു ആദ്യകാലസംഭവത്തിൽ ഉപയോഗിക്കുമ്പോൾ ഒരുവൻ സ്ഥലകാലങ്ങളുടെ അതിർത്തികൾ എടുത്തുപറയേണ്ടതുണ്ട്. അത്തരമൊരു സിദ്ധാന്തത്തിന് സ്ഥലകാലങ്ങളുടെ ഉത്ഭവത്തെക്കുറിച്ച് ഒരുപാടൊന്നും പറയാനുണ്ടാവുകയുമില്ല. ഈ പരിമിതികൾ





ഹോക്കിംഗിന്റെ സിദ്ധാന്തങ്ങളിൽ ഒഴിവാക്കപ്പെട്ടിരിക്കുന്നു.

പ്രപഞ്ചോത്പത്തിയെക്കുറിച്ചുള്ള സിദ്ധാന്തങ്ങളിൽ സിംഗുലാരിറ്റിയുടെ പ്രശ്നം ദൈവിക ഇടപെടലിനെ ക്ഷണിച്ചുവരുത്തുന്നു. ദൈവിക ഇടപെടൽ ഒരു ശാസ്ത്രജ്ഞന്റെ മനസ്സിനെ തൃപ്തിപ്പെടുത്തുന്നില്ല. അതിനാൽ ഹോക്കിംഗ് അത് ഒഴിവാക്കുന്നു. ദൈവിക ഇടപെടലിനെ ഒഴിവാക്കുന്നതിന് ആദ്യ സിംഗുലാരിറ്റി ഉണ്ടായിരുന്നില്ല എന്നു കാണിക്കേണ്ടതുണ്ട്. അപ്പോൾ പ്രപഞ്ചത്തിനും സമയത്തിനും ഒരാരംഭം ഉണ്ടാവുകയില്ല. പ്രപഞ്ചത്തിന് ഒരു തുടക്കമുണ്ടെങ്കിൽ അതിനൊരു സൃഷ്ടാവുണ്ടാകുമെന്ന് സങ്കല്പിക്കുന്നത് യുക്തിഭദ്രമാണ്. പക്ഷേ പരിണാമസിദ്ധാന്തമനുസരിച്ച് പ്രപഞ്ചം അരികോ അതിർത്തിയോ, ആരംഭമോ അവസാനമോ ഇല്ലാതെ പൂർണ്ണമായും സ്വയം പൂരിതമാണ് (Self Contained). പ്രപഞ്ചദർശനത്തിന്റെ പഴയ മാതൃകകളിൽ പ്രപഞ്ചത്തിന്റെ ആരംഭബിന്ദു പരിധിസാഹചര്യങ്ങളെ നിശ്ചയിച്ച ദൈവത്തിന് വിട്ടുകൊടുത്തിരുന്നു. ഇപ്പോൾ ശാസ്ത്രം പ്രാരംഭ കാലത്തെ വിശദീകരിക്കാൻ പര്യാപ്തമാണ്. ഇനിമേൽ ദൈവത്തിലാശ്രയിക്കേണ്ട ആവശ്യമില്ല. ഹോക്കിംഗ് പറയുന്നതുപോലെ, പ്രപഞ്ചത്തിന് ഒരാരംഭമുണ്ടായിരിക്കുന്നിടത്തോളംകാലം അതിനൊരു സ്രഷ്ടാവിനെ സങ്കല്പിക്കാൻ നമുക്കു കഴിഞ്ഞു. പക്ഷേ പ്രപഞ്ചത്തിന് അരികും അതിർത്തിയും ആരംഭവും അവസാനവുമില്ലാതെ പൂർണ്ണമായും സ്വയംപൂരിതമാണെങ്കിൽ അത് വെറുതെ ആയിരിക്കുക മാത്രം ചെയ്യും. അപ്പോൾ ഒരു സ്രഷ്ടാവിന് എവിടെ സ്ഥാനം ?

ജർമ്മൻ ടാബ്ലോയ്ഡായ സ്റ്റേണിൽ (Stern) ഹോക്കിംഗിന്റെ പുസ്തകത്തെക്കുറിച്ചുള്ള ഒരു ലേഖനം ഇപ്രകാരം ഉപസംഹരിക്കപ്പെടുന്നു, അദ്ദേഹത്തിന്റെ ചിന്താസംവിധാനത്തിൽ സ്രഷ്ടാവായ ഒരു ദൈവത്തിന് സ്ഥാനമില്ല. ദൈവം മരിച്ചുവെന്നല്ല; ദൈവം ഒരിക്കലും ഉണ്ടായിരുന്നില്ല എന്നുതന്നെ. ഏറ്റവുമാദ്യത്തേതും സമയബന്ധിയുമായ ഒരു പ്രതീതി ഉത്പാദിപ്പിക്കുന്ന ഉദാത്തകാരണം (efficient cause) എന്ന അർത്ഥത്തിൽ പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് എന്ന വേഷം ദൈവത്തിന് ഹോക്കിംഗ് നിഷേധിക്കുന്നുവെന്നത് സത്യമാണ്. എന്നാൽ ഒന്നുമില്ലായ്മയേക്കാൾ എന്തെങ്കിലുമൊക്കെ ഉണ്ടായിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന ചോദ്യത്തിനുള്ള അവസാന ഉത്തരമായി പ്രപഞ്ചത്തിന്റെ നിലനില്പിനുള്ള മതിയായ കാരണമായി ഹോക്കിംഗ് ദൈവത്തെ തിരികെ കൊണ്ടുവരുന്നു. പ്രപഞ്ചം എന്താണെന്നും എന്തുകൊണ്ടാണെന്നുമുള്ള ചോദ്യങ്ങളെ ഹോക്കിംഗ് വേർതിരിച്ചു മനസ്സിലാക്കുന്നുണ്ട്. പ്രപഞ്ചം എന്താ

ണെന്ന ചോദ്യത്തിന് ഉത്തരം നൽകാൻ സാധിക്കുമെങ്കിലും എന്തു കൊണ്ടാണെന്നുള്ളത് അറിയില്ലെന്ന് ഹോക്കിംഗ് തന്നെ സമ്മതിക്കുന്നു. അങ്ങനെ ദൈവം ഹോക്കിംഗിന് പ്രപഞ്ചത്തിന്റെ നിലനില്പിനുള്ള മതിയായ കാരണമായിത്തീരുന്നു. യഥാർത്ഥത്തിൽ സ്ഥാനം നിഷേധിക്കുന്നതിന് പകരം അതിന്റെ അടിസ്ഥാനമാകുവാൻ ഹോക്കിംഗ് ദൈവത്തെ ക്ഷണിക്കുകയാണ് ചെയ്യുന്നതെന്ന് തോന്നുന്നു.

സൃഷ്ടിയെക്കുറിച്ചുള്ള സംക്ഷിപ്തമായ ദൈവശാസ്ത്രവിചിന്തനങ്ങൾ വെളിപ്പെടുത്തുന്നത് അവ തെളിയിക്കാനോ നിഷേധിക്കാനോ ശ്രമിച്ചവർക്ക് ദൈവം വിടവുകളുടെ ദൈവമാണെന്നതാണ്. ശാസ്ത്രീയ ദൈവശാസ്ത്രനിരീക്ഷണങ്ങൾ ആദിയിൽ മാത്രം സന്നിഹിതനായിരുന്ന ദൈവസങ്കൽപ്പത്തിന്റെ പിടുത്തത്തിൽനിന്ന് സ്വതന്ത്രമാക്കേണ്ടതുണ്ട്. ഹോക്കിംഗിന്റെ അതിർത്തിയില്ലാസിദ്ധാന്തത്തിലെ ദാർശനികപരിമിതികളും സൈദ്ധാന്തികപോരായ്മകളും അവതരിപ്പിച്ചുകൊണ്ട് ചില ശാസ്ത്രീയ നിരീശ്വരവാദികൾ ഹോക്കിംഗിന്റെ ഹാനികരമായ ദൈവശാസ്ത്രവാദങ്ങൾ തെറ്റാണെന്നു വാദിച്ച് അകറ്റി നിർത്തുന്നു. ഹോക്കിംഗിന്റെ നിരീശ്വരവാദത്തെക്കുറിച്ച് ക്വെന്റിൻ സ്മിത്ത് പറയുന്നത് ഇതിനു തെളിവാണ്: പാശ്ചാത്യചിന്തയുടെ ചരിത്രത്തിലെ ഏറ്റവും മോശമായ നിരീശ്വരവാദമായിരിക്കും ഇത് എന്നതിനാൽ അതിനെ എതിർത്ത് ഞാൻ വായനക്കാരുടെ സമയം നഷ്ടപ്പെടുത്തുന്നില്ല.

ഹോക്കിംഗിന്റെ ഭൗതികശാസ്ത്രത്തിൽ നിരവധി അയുക്തികളും സാങ്കല്പികനിരീക്ഷണങ്ങളും അതിഭൗതികശാസ്ത്രവുമുണ്ടെന്നത് കണക്കിലെടുക്കുമ്പോൾത്തന്നെ അതിശയകരമായ ഈ സിദ്ധാന്തത്തോട് ഇത്തരമൊരു മനോഭാവം ഏറെ ലളിതവും അസാധുവുമായി കാണപ്പെടുന്നു. ഈ സമീപനം സിദ്ധാന്തത്തിന്റെ അതിഭൗതികമായ ആഴങ്ങളിൽ മറഞ്ഞിരിക്കുന്ന ഈടുറ്റ മതാത്മക സ്വാധീനങ്ങളെ വെളിച്ചത്തുവരുന്നതിൽനിന്ന് തടയും. ഒരുനാൾ ഈ സിദ്ധാന്തത്തിന്റെ വിചാരപരവും സാങ്കല്പികവുമായ നിബന്ധനകൾ യഥാർത്ഥമാണെന്നു തെളിയുകയും ശാസ്ത്രീയമായി സ്ഥാപിക്കപ്പെടുകയും ചെയ്താൽ, ഇതിനെ എതിർത്തവരെല്ലാം തെറ്റാകാനുള്ള സാദ്ധ്യതയേറും. ഒരു വ്യത്യസ്തമായ മതാത്മക വീക്ഷണകോണിൽ നിന്നുകൊണ്ട് സിദ്ധാന്തത്തിന്റെ ദൈവശാസ്ത്ര സ്വാധീനങ്ങളെ വിലയിരുത്തുമ്പോൾ ദൈവത്തെക്കുറിച്ചുള്ള പരമ്പരാഗത ആശയങ്ങളെ പുനർനിർവ്വചിക്കുന്നതിന് സഹായകമായ നിരവധി ശാസ്ത്രീയ ദൈവശാസ്ത്രവിവരങ്ങൾ നമുക്ക് ലഭ്യമാകും. അവ നിരവധി മതങ്ങളുടെ സൃഷ്ടിവിവരണങ്ങളിലെ അന്തർലീനമായ





ദൈവിക പ്രവണതകളെ സാധൂകരിക്കും.

ഹോക്കിംഗിന്റെ പുസ്തകത്തിന്റെ സംഗ്രഹം അമേരിക്കൽ സയന്റിസ്റ്റിൽ വായിച്ച ഒരു വ്യക്തി ഹോക്കിംഗ് ഒരു പരമാസ്തിത്വത്തെ സമ്മതിക്കുന്നതിന് ഭയപ്പെടുന്നുവെന്ന് പരാതിപ്പെട്ടു. ഹോക്കിംഗ് അതിനെ എതിരിട്ടു. പരമമായ ഒരസ്തിത്വത്തിന്റെ സാദ്ധ്യത പൂർണ്ണമായും തുറന്നിട്ടിരിക്കുകയാണെന്ന് ഞാൻ ചിന്തിക്കുന്നു..... ഭൗതികശാസ്ത്ര നിയമങ്ങൾക്ക് കാരണമായ ഒരസ്തിത്വമുണ്ടായിരുന്നു എന്നതുപോലെ, അത് നമുക്കറിയാവുന്നവയുമായി പൊരുത്തപ്പെടുന്നതായിരിക്കും. ഹോക്കിംഗ് സിദ്ധാന്തത്തിന്റെ മതവിമർശനം അപഗ്രഥിക്കുമ്പോൾ അവ അടിസ്ഥാനമിട്ടിരിക്കുന്നത്, ക്രിസ്തീയ പടിഞ്ഞാറിന്റെ ദാർശനികലോകത്തിൽ പ്രബലമായ അരിസ്റ്റോട്ടേലിയൻ തോമിസ്റ്റ് പാരമ്പര്യത്തിലെ അതീന്ദ്രിയ സ്രഷ്ടാവ് എന്ന ആശയത്തിലാണെന്നു കാണാം. അത്തരമൊരു ദൈവികാശയത്തിന്റെ ആശയചട്ടക്കൂടും യുക്തിനിബന്ധനകളും ഹോക്കിംഗ് മാതൃകയുടെ നിരീശ്വരവാദപ്രകൃതത്തോട് അനുരഞ്ജനപ്പെടുന്നതായി കാണപ്പെടുന്നില്ല. മതാത്മകസത്യത്തിന്റെ ജ്ഞാനമീമാംസയിൽ, ഈശ്വരാസ്തിത്വത്തെ ഉറപ്പിക്കുന്നതോ നിഷേധിക്കുന്നതോ ആയ ആശയങ്ങളുടെ വ്യക്തിനിഷ്ഠവും ആപേക്ഷികവുമായ സ്വഭാവം ഒഴിവാക്കാനാവില്ല എന്നു മാത്രമല്ല ആശയപരമായി രൂപപ്പെടുത്തിയിരിക്കുന്ന ദൈവശാസ്ത്രതത്വങ്ങളുപയോഗിച്ച് ശാസ്ത്രീയ സിദ്ധാന്തങ്ങളെ വിധിക്കുന്നതും ശരിയല്ല. ഹോക്കിംഗിന്റെ സ്രഷ്ടാവില്ലാസിദ്ധാന്തം ചൈനക്കാരുടെ സ്രഷ്ടവില്ലാ ദർശനത്തെക്കുറിച്ച് എന്തെങ്കിലും സൂചിപ്പിക്കുന്നുണ്ടോ? വൈറ്റ്ഹെഡിന്റെ പ്രോസസ് ദർശനത്തിൽ അവതരിപ്പിച്ചിരിക്കുന്നതുപോലെ സത്താപരമായി ആത്യന്തികമായതെന്തെങ്കിലും ഇത് സൂചിപ്പിക്കുന്നുണ്ടോ? ഹോക്കിംഗിന്റെ നിരീശ്വരവാദസിദ്ധാന്തത്തിന്റെ മതപരമായ സ്വാധീനങ്ങളുടെ ആഴങ്ങളെക്കുറിച്ചുള്ള മുൻവിധികളിൽ നിന്ന് സ്വതന്ത്രമായ ഒരന്വേഷണം ചിലപ്പോൾ പരമ്പരാഗതമായ മതസംഹിതകളെക്കാളും തത്ത്വങ്ങളെക്കാളും ദൈവശാസ്ത്രപരമായി ഈടുറ്റതാകാൻ ഇടയുണ്ട്. അതുപോലെതന്നെ യാഥാർത്ഥ്യം കണ്ടെത്തുക എന്ന മഹത്ദൗത്യത്തിന് പരസ്പരം കൈകൾ കോർക്കാൻ സഹകരണത്തിന്റെ പുതിയ മേഖലകൾ മതത്തിനും ശാസ്ത്രത്തിനും മുമ്പിൽ ഈ സിദ്ധാന്തം തുറന്നുതരുന്നു.

### ശാസ്ത്രീയ യുഗാന്തദർശനം

ഭൗതികശാസ്ത്രത്തിലും ഭൗമശാസ്ത്രത്തിലും യുഗാന്തദർശനം (eschatology) അംഗീകരിക്കപ്പെട്ട ഒരു മേഖലയായിത്തീർന്നത് സമീ

പകാലത്ത് മാത്രമാണ്. മനുഷ്യൻ യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നതും അവനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടതുമായ അവസാനവസ്തുതകളെക്കുറിച്ച് യുഗാന്തദർശനം ചിന്തിക്കുന്നു. മഹാവിസ്ഫോടനസിദ്ധാന്തമനുസരിച്ച് വികസിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രപഞ്ചത്തിലാണ് നാം ജീവിക്കുന്നത് എന്ന് കണ്ടെത്തിയപ്പോൾ, അടുത്ത പ്രധാനപ്പെട്ട ചോദ്യം നാം ജീവിക്കുന്ന പ്രപഞ്ചം സംവൃതമാണോ വിവൃതമാണോ(closed or open) എന്നതായിരുന്നു. 1922-ൽ അലക്സാണ്ടർ ഫ്രീഡ്മാൻ എന്ന റഷ്യൻ ശാസ്ത്രജ്ഞൻ പ്രപഞ്ചത്തിന്റെ വികാസത്തെയും അതുപോലെ തന്നെ അതിന്റെ നാശത്തെയുംകുറിച്ച് പ്രവചിക്കുന്ന ഒരു പ്രപഞ്ചമാതൃക വികസിപ്പിച്ചു. അത് ഒരു സംവൃതപ്രപഞ്ചമാതൃകയായി അറിയപ്പെട്ടു. ഇതിനു വിരുദ്ധമായ വിവൃതമാതൃകയിൽ, കുറഞ്ഞുകൊണ്ടിരിക്കുന്ന ഭൂഗുരുത്വാകർഷണത്തോടുകൂടി അനന്തമായി വികസിക്കുന്ന പ്രപഞ്ചമാണുള്ളത്. സമാന്തരമാതൃകയിൽ (flat model) തന്റെ തകർച്ചയെ തടയാനാവശ്യമായ വേഗതയിലാണ് പ്രപഞ്ചം വികാസം തുടരുന്നത്. പ്രപഞ്ചം തുറന്നതാണെങ്കിൽ ഗാലക്സികൾ തമ്മിലുള്ള ശരാശരി അകലം തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കും. ഏകദേശം $3^{0}$ ഊഷ്മാവിലുള്ള പശ്ചാത്തലവികിരണം കൂടുതൽ വലിയ അളവുകളിൽ വ്യാപിക്കും. അതിന് സാവധാനം ഊഷ്മാവും തീവ്രതയും നഷ്ടപ്പെട്ട് ഏകദേശം കേവലപൂജ്യത്തിലെത്തും. പ്രപഞ്ചം സംവൃതമാണെങ്കിൽ അതിന്റെ വികാസം ദീർഘകാലം നീണ്ടുനിൽക്കും. സാന്ദ്രത, നിർണായകസാന്ദ്രതയോട് എത്രമാത്രം സമീപസ്ഥമാണെന്നതിനെ ആശ്രയിച്ച് ഈ കാലയളവ് അകന്നുപോകും. ഇപ്പോഴത്തെ നിരീക്ഷിത തെളിവുകളോട് യോജിക്കുന്ന ഏറ്റവും അടുത്ത സാദ്ധ്യത 50 ബില്ല്യൻ വർഷങ്ങളാണ്. എന്നാൽ അത് വളരെ കൂടുതലാണുതാനും. മാറ്റത്തിന്റെ തുടക്കംവരെയുള്ള ഭാവി വിവൃതപ്രപഞ്ചത്തിന്റെ സമയദൂരത്തോട് വളരെ സാമ്യമുള്ളതാണ്. പ്രപഞ്ചം ഒരിക്കലെങ്കിലും ഒന്നു ചുരുങ്ങിയാൽ അതിന്റെ സാന്ദ്രതയും ഊഷ്മാവും ഉയരും. അവസാനം ഉയർന്ന ഊഷ്മാവുകളിലും സാന്ദ്രതകളിലുമെത്തുമ്പോൾ അത് മഹാവിസ്ഫോടനത്തിന്റെ വളരെ അടുത്തെത്തും. മഹാവിസ്ഫോടനത്തോട് തുല്യമായ ഒരവസ്ഥയിൽ തകർച്ചയുടെ ഘട്ടം അവസാനിക്കും. അകലം പൂജ്യവും സാന്ദ്രത അനന്തവുമായിരിക്കും. ഊഷ്മാവും അങ്ങനെതന്നെ. അങ്ങനെ മഹാവിഭേദനം (Big Crunch) സംഭവിക്കുന്നു. അവിടെ, സ്ഥലം ഇല്ലാതാവുകയും പദാർത്ഥം എന്നേക്കുമായി നശിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

സമകാലികമായ പ്രാപഞ്ചിക അറിവ് വിടവുകളുടെ ദൈവത്തിൽ





നിന്നും വളരെ വ്യത്യസ്തമായ ഒരു ചിത്രം ദൈവികതയെക്കുറിച്ച് നല്കുന്നുണ്ട്. ഒരു ആദ്യകാലസ്ഫോടനത്തിൽനിന്നും ലോകത്തിന്റെ ആവിർഭാവം വിശദീകരിക്കുന്ന മഹാവിസ്ഫോടന സിദ്ധാന്തവും, സ്രഷ്ടാവിന് യാതൊരു സ്ഥാനവും നല്കാത്ത സ്റ്റീഫൻ ഹോക്കിംഗിന്റെ അതിർത്തിരഹിതസിദ്ധാന്തവും, ദൈവശാസ്ത്രസ്വാധീനങ്ങളാൽ നിറഞ്ഞ് സൃഷ്ടിയെക്കുറിച്ച് ഒരു പുതിയദർശനം ജനിപ്പിച്ചിരുന്നു. സമകാലീന പ്രാപഞ്ചിക സാഹചര്യത്തിൽ ദൈവശാസ്ത്രം പഠിക്കുന്നത് ആശയപരമായ പുതിയ രൂപഘടനകളും ദൈവികഗുണങ്ങളും മറ്റും അവശ്യം ആവശ്യപ്പെടുന്നു. നിയോതോമിസം, പ്രോസസ്സ് തിയോളജി, ഇക്കോ- തിയോളജി മുതലായ ദൈവശാസ്ത്രപ്രവണതകൾ ദൈവിക പ്രവൃത്തിയുടെ അചിന്തനീയങ്ങളായ വൈവിദ്ധ്യങ്ങളെ വെളിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗങ്ങളാണ്. ശാസ്ത്രത്തിന് പുതിയ ഒരു മാനവികതത്ത്വം (anthropic principle) ലഭിച്ചിട്ടുണ്ട്. അതനുസരിച്ച് പ്രപഞ്ചം, ജീവനും ജീവപദാർത്ഥവും നാമും അഭിവൃദ്ധിപ്പെടുന്നതിന് സഹായകമായ ഒരു പ്രത്യേകഗണം നിയമങ്ങളാലും അടിസ്ഥാനപരമായ ഘടകങ്ങളാലും നിർവ്വചിക്കപ്പെടുന്നു. നിയമത്തിന്റെയും ആകസ്മികതയുടെയും ഇടപെടലുകളാൽ പദാർത്ഥം സ്വയം ക്രമീകരിക്കുന്ന തുടർച്ചയായുള്ളതും ആന്തരികമായി ക്രമീകരിക്കുന്നതുമായ പ്രക്രിയയുടെ നിരീക്ഷണം, ദൈവികഅന്തർലീനത്വത്തിന്റെ ഒരു പുതുധാരണയ്ക്കുള്ള ദൈവശാസ്ത്രപരമായ സന്ദേശം നല്കുന്നു. ക്വാണ്ടം ഫീൽഡ് സിദ്ധാന്തങ്ങൾ നിർദ്ദേശിക്കുന്ന ഭൗതികയാഥാർത്ഥ്യത്തിന്റെ ആന്തരികബന്ധങ്ങളും ആശ്രിതത്വവും പ്രകൃതിയുടെ നിയമങ്ങളിലും സ്ഥിരാവസ്ഥകളിലും അന്തർലീനനായിരിക്കുന്ന ദൈവത്തിന്റെ പ്രവർത്തനങ്ങളെ പുനർനിർവ്വചിക്കുന്നു. കയോസ് സിദ്ധാന്തം, പ്രപഞ്ചത്തിന്റെ ശരിയായ ക്രമീകരണം (fine turning), ഫോഴ്സ് തിയറി മുതലായവ ദൈവിക പ്രകൃതത്തെക്കുറിച്ചുള്ള അപക്വമായ ദൈവശാസ്ത്രകാഴ്ചപ്പാടുകൾക്കു പകരം ആധികാരികദൈവശാസ്ത്രതീർച്ചപ്പെടുത്തലുകളുടെ അടയാളങ്ങൾ പ്രതിധ്വനിപ്പിക്കുന്നു. പ്രാപഞ്ചികവും വാനശാസ്ത്രപരവുമായ വിവരങ്ങളുടെ ദൈവശാസ്ത്രപരമായ സ്വാംശീകരണം സത്യത്തിലും ആധികാരികതയിലും നാമാരാണെന്നും, ലോകവും പ്രപഞ്ചവും യഥാർത്ഥത്തിൽ എന്താണെന്നും, ദൈവം സത്യത്തിൽ എന്താണെന്നും എന്തല്ലെന്നും പറയാൻ നമ്മെ പ്രാപ്തരാക്കുന്നു.

### അന്യഗ്രഹങ്ങളിൽ ജീവനുണ്ടായാൽ

പതിനായിരംകോടി ഗാലക്സികൾ പേറുന്ന ഈ പ്രപഞ്ചത്തിലെ ഒരു മണൽത്തരി മാത്രമാണ് നാം അധിവസിക്കുന്ന ഭൂമി എന്നത്

ആലങ്കാരികമായിട്ടല്ല അക്ഷരാർത്ഥത്തിൽതന്നെ ശരിയാണ്. ഭൂമിയുടെയും മനുഷ്യന്റെയും നിസ്സാരതയുടെ തിരിച്ചറിവ് പ്രാപഞ്ചികാനന്തതയുടെ വിസ്മയകരമായ പരിണിതഫലമാണ്. മനുഷ്യന്റെ ഗവേഷണങ്ങളെല്ലാം മണൽത്തരികളിൽനിന്ന് മണൽത്തരികളിലേക്കുള്ള യാത്രയാണ്. ഈ ചെറിയ യാത്രയ്ക്കു വേണ്ടിവരുന്ന സാങ്കേതിക സന്നാഹങ്ങൾ ശാസ്ത്രത്തെ ഗർവ്വിഷ്ടമാക്കുകയല്ല മാനവരാശിയെത്തന്നെ കൂടുതൽ വിനയാന്വിതമാക്കുകയാണ്. എല്ലാ സാങ്കേതികവിദ്യയും ആത്യന്തികമായി വിരൽചൂണ്ടുന്നത് മനുഷ്യന്റെ ബുദ്ധിശക്തിയുടെ മികവിലേക്കല്ല; പ്രത്യുത പ്രപഞ്ചത്തിന്റേയും പ്രകൃതി നിയമങ്ങളുടേയും അത്യഗാധമായ പ്രജ്ഞയിലേക്കാണ്. ഭൂമിക്ക് പുറത്ത് ജീവനുണ്ടെന്നു തെളിയിക്കപ്പെട്ടാൽ അത് എത്ര സൂക്ഷ്മജീവി രൂപമായിരുന്നാലും വിസ്മയകരമായ ഒരു കാര്യമായിരിക്കും. നവീനമായ ഈ ശാസ്ത്രജ്ഞാനത്തോടൊപ്പം ഒട്ടേറെ ദൈവശാസ്ത്ര സമസ്യകളും ചുരുളഴിയുകയും വിശ്വാസത്തിന്റേയും മതാത്മകതയുടെയും ഒട്ടേറെ വിശാലസീമകൾ തുറക്കപ്പെടുകയും ചെയ്യും. വിശാലമായ ഒരു നെൽപ്പാടത്ത് വാരിവിതറപ്പെടുന്ന നെൽമണികളിൽ ഒന്നുമാത്രം മുളച്ച് നെൽച്ചെടിയാകുന്നുവെന്നു കരുതുന്നതുപോലെ ഭാവനാശൂന്യമാണ് ഈ വിശാല പ്രപഞ്ചത്തിൽ ഭൂമിയിൽ മാത്രമേ ജീവനുള്ളു എന്നു കരുതുന്നത് എന്നതാണ് പൊതുവേയുള്ള ശാസ്ത്രപക്ഷം. അന്യഗ്രഹങ്ങളിൽ ജീവനുണ്ടായിരിക്കുക എന്നത് വിശ്വാസത്തിന് വിരുദ്ധമല്ല നേരേമറിച്ച്, വിശ്വാസത്തെ കൂടുതൽ പരിപോഷിപ്പിക്കുന്നതാണ്. നമ്മൾ അറിഞ്ഞിരിക്കുന്നതുപോലെ ഒരു പ്രപഞ്ചത്തെ മാത്രം സൃഷ്ടിക്കുവാൻ ദൈവം ബാദ്ധ്യസ്ഥനല്ല എന്ന് നാലാം നൂറ്റാണ്ടിൽത്തന്നെ വിശുദ്ധ അഗസ്റ്റിൻ പ്രസ്താവിച്ചിട്ടുണ്ട്. ദൈവം സർവ്വശക്തനെങ്കിൽ ദൈവത്തിന്റെ സർവ്വശക്തിക്കു പൂരകമായിട്ടുള്ളത് സാദ്ധ്യമായ ഇടങ്ങളിലെല്ലാം ജീവനെ സാർത്ഥകമാക്കുക എന്നുള്ളതാണ് എന്നാണ് പൂർണ്ണതാ തത്ത്വത്തിന്റെ (Principle of Plenitude) വക്താക്കൾ പറയുന്നത്. 1400കോടിവരുന്ന ലോകചിത്രത്തെ ഒരു ഇരുപത്തിനാലുമണിക്കൂർ സമയപ്പട്ടികയിലേക്കൊതുക്കിയാൽ മനുഷ്യൻ പ്രത്യക്ഷപ്പെടുന്നത് അവസാനത്തെ വെറും മൂന്നു സെക്കന്റുകളിൽ മാത്രമാണ്. നിലവിലെ സാഹചര്യങ്ങളിൽ ഒരു സെക്കന്റിന്റെ പരാംശംകൂടിയെങ്കിലും മാനവരാശി അതിജീവിക്കുക എന്നതും അതിശയകരമായിരിക്കും. ഇത്തരുണത്തിൽ ദൈവത്തിന് ജീവനെക്കുറിച്ചും മനുഷ്യനെക്കുറിച്ചുമുള്ള പദ്ധതികൾ ഭൂമിയിൽ മാത്രമായി ഒതുങ്ങുന്നതോ ഭൂമികൊണ്ടവസാനിക്കുന്നതോ ആയി കരുതുന്നത് കരണീയമല്ല.





ഗ്രഹാന്തരയാത്രകളെയും അന്യഗ്രഹവാസത്തേയുംകുറിച്ചു പഠിക്കുന്ന ജ്യോതിശാസ്ത്രശാഖകൾ വിഭാവനം ചെയ്യുന്ന ഒരു സംവിധാനമാണ് ടെറാഫോമിംഗ് (Terra forming) അഥവാ അന്തരീക്ഷരൂപീകരണം. ചൊവ്വ പോലുള്ള ഗ്രഹം മനുഷ്യന് വാസയോഗ്യമാക്കിത്തീർക്കുവാൻ അതിന്റെ ചൂട് വർദ്ധിപ്പിക്കുകയും ദ്രവജലം സൃഷ്ടിക്കുകയും അന്തരീക്ഷം ഓക്സിജൻ സമ്പന്നമാക്കുകയും ചെയ്യണം. ഭീമൻ കണ്ണാടികളുപയോഗിച്ച് സൂര്യപ്രകാശം കൂടുതലായി പ്രതിഫലിപ്പിച്ച് ഇക്കാര്യങ്ങൾ ഭാഗികമായി സാധിച്ചേക്കാം. ശാസ്ത്രം വികാസം പ്രാപിക്കുന്നതിനനുസരിച്ച് ഇത്തരം സംരംഭങ്ങൾ വിജയകരമാകുന്നത് ഭാവിയിൽ അസംഭവ്യമല്ല.

**ഉപസംഹാരം**

പരിണാമം സ്വയാവബോധം കൈവരിച്ചതാണ് മനുഷ്യനെന്നും നൂതനത്വത്തിലേക്കുള്ള ജീവന്റെ പരിണാമം മനുഷ്യനിലൂടെ തുടരുകയാണ് എന്നും ഫ്രഞ്ചു ചിന്തകനായ തെയ്യാർ ദ് ഷർദാൻ പറയുന്നു. അന്വേഷിക്കുന്നതിൽനിന്നും നാം പിൻവാങ്ങുകയില്ല... എല്ലാ അന്വേഷണങ്ങളുടേയും പരമമായ ലക്ഷ്യം നാം ആരംഭിച്ചിടത്തു തന്നെ എത്തിച്ചേരുക എന്നതാണ്... നാം ആയിരിക്കുന്ന സ്ഥലത്തെ ഇദംപ്രഥമമായി തിരിച്ചറിയുക എന്നതാണ്... ടി. എസ്. ഇലിയഡ് 1942ൽ കുറിച്ച വരികളാണിത്. അദ്ദേഹത്തിന്റെ കാവ്യഭാവന പ്രവചനാത്മകമാണെന്ന് പറയാം. പ്രപഞ്ചത്തെപ്പറ്റിയുള്ള അവബോധം വിസ്മയങ്ങളിൽനിന്നും അതിവിസ്മയങ്ങളിലേക്ക് മാനവരാശിയുടെ വിജ്ഞാനതൃഷ്ണയെ കൈപിടിച്ചു നടത്തുന്നു. അണുവും പരമാണുവും ആറ്റങ്ങളും തന്മാത്രകളും മൂലകങ്ങളും സംയുക്തങ്ങളും ഗ്രഹങ്ങളും നക്ഷത്രങ്ങളും ഗാലക്സികളും എല്ലാം ഈ മഹാവിസ്മയത്തിലേക്കുള്ള ചൂണ്ടുപലകകളാണ്. അതുകൊണ്ടാകാം അമേരിക്കൻ ശാസ്ത്രജ്ഞനായിരുന്ന കാൾസ് സോഗൻ പ്രസ്താവിച്ചത്: ആയിരുന്നതും ആയിരിക്കുന്നതും ആയിരിക്കുവാൻ പോകുന്നതും എന്തെല്ലാമാണോ അതെല്ലാമാണ് പ്രപഞ്ചം എന്നത്.

**ഡോ. അഗസ്റ്റിൻ പാംപ്ലാനി CST**
(*പരിസ്ഥിതി ദൈവശാസ്ത്രത്തിന് ഒരു സമകാലികഭാഷ്യം*,
ഓറിയെന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീസിയസ് സ്റ്റഡീസ്, കോട്ടയം, 2016)

# 06

# പരിസ്ഥിതി ആദ്ധ്യാത്മികതയും കാർഷിക സംസ്കാരവും

## I. പരിസ്ഥിതി ആദ്ധ്യാത്മികത

ദൈവവും മനുഷ്യനും പ്രകൃതിയും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ട്. ബൈബിളിനോളം ഈ ബന്ധത്തെ സുന്ദരമായി ആവിഷ്കരിച്ചിരിക്കുന്ന മറ്റൊരു കൃതിയുമില്ല. ബൈബിളിന്റെ ആദ്യപേജു തന്നെ ദൈവവും പ്രപഞ്ചവും മാത്രമുള്ള ഒരു ലോകമാണ്. ദൈവത്തിനും മനുഷ്യനും ഇടയിലുള്ള സജീവമായ ഒരു മധ്യവർത്തിയാണ് പ്രകൃതി. നാം അധിവസിക്കുന്ന ഭൂമി മനുഷ്യരായ നമ്മുടെ മാത്രമല്ല, എല്ലാ ജീവജാലങ്ങളുടെയും പൊതുഭവനമാണ്. പ്രകൃതിസ്നേഹിയായ വിശുദ്ധ ഫ്രാൻസിസ് അസ്സീസി അതിനെ നമ്മുടെ സഹോദരി ഭൂമിമാതാവെന്ന് സ്നേഹപൂർവ്വം വിളിക്കുന്നു. ഭൂമിയെ ദേവിയായി പരിഗണിക്കുന്നത് ഭാരതീയ സംസ്കാരത്തിന്റെ ഭാഗമാണ്.

### 1. പ്രകൃതി എന്ന വിസ്മയം

പ്രകൃതി എക്കാലവും മനുഷ്യന് ഒരു വിസ്മയാനുഭവമാണ്. ദൈവനിശ്ചിതവും സങ്കീർണ്ണവുമായ ചിട്ടയും ക്രമവുമനുസരിച്ചാണ് അതിന്റെ പ്രവർത്തനം. മനുഷ്യനുൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങൾക്കും ചേർന്ന ആവാസവ്യവസ്ഥയാണ് പ്രകൃതി





യുടെ തനിമ. ഈ ആവാസ വ്യവസ്ഥ അലംഘ്യനിയമങ്ങളാൽ ബന്ധിതമാണ്. പ്രകൃതിയുടെ നിലനിൽപിന് ഓരോ ജീവിക്കും അതതിന്റേതായ ദൗത്യവുമുണ്ട്. പ്രകൃതിയെ വീക്ഷിക്കുമ്പോൾ ഒരു സൃഷ്ടിയും സ്വയംപര്യാപ്തമല്ലെന്നും വൈവിധ്യത്തിലാണ് പ്രകൃതിയുടെ നിലനിൽപ്പെന്നും നമുക്കു മനസ്സിലാകും. മനുഷ്യനുൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങൾക്കും ഭക്ഷണവും ദാഹജലവും പ്രാണവായുവും നൽകുന്ന ഭൂമിയാകുന്ന ഈ അമ്മയുടെമേൽ എക്കാലവും എല്ലാ ജീവജാലങ്ങൾക്കും ഗാഢമായ അവകാശമുണ്ട് (cf. ബിഷപ് തോമസ് ചക്യത്ത്, ഞാനും എന്റെ ഭൂമിയും ഞാനും എന്റെ സമൂഹവും, 7-9).

### 2. ബൈബിളിലെ പ്രപഞ്ചദർശനം

ഭൂമിയെക്കുറിച്ചുള്ള ബൈബിൾ ഭാഗങ്ങളിൽ ഏറ്റവും മനോഹരമായിരിക്കുന്നത് ഈ പ്രപഞ്ചം ദൈവത്തിന്റെ കരവേലയാണെന്ന പഴയനിയമ പാഠം തന്നെയാണ്. ഉൽപത്തി പുസ്തകം ഒന്നാമത്തെ അധ്യായത്തിൽ നിറയുന്ന ഈ ദർശനത്തിന്റെ തുടർ ചിത്രങ്ങളാണ് വി. ഗ്രന്ഥത്തിന്റെ ഇതര ഭാഗങ്ങളിൽ ആവർത്തിക്കുന്നത്. ഭൂമിയും അതിലുള്ള സകലവും ദൈവത്തിന്റേതാകയാൽ, ഭൂമിയെ അനിയന്ത്രിതമായി ചൂഷണം ചെയ്യുന്നതു പാപമാണെന്നും ഭൂമിയെ എല്ലാ ഏഴാം വർഷവും തരിശിനിടേണ്ടതുണ്ടെന്നും ബൈബിൾ പഠിപ്പിച്ചു തരുന്നുണ്ട് (ലേവ്യ 25:3-5). ചെന്നായയും ആട്ടിൻകുട്ടിയും പശുക്കിടാവും പുള്ളിപുലിയും തോളുരുമ്മി സ്നേഹിക്കുന്ന പ്രകൃതിയുടെ രമണീയ ചിത്രം വരച്ചുകൊണ്ടാണ് ബൈബിൾ ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിക്കുന്നത് (ഏശ 11:6-9). ആകാശത്തിലെ പറവകളെയും വയലിലെ ലില്ലികളെയും പരിപാലിക്കുകയും (മത്താ 6:26-30) ഒരു കുരുവി നിലം പതിക്കുന്നതുപോലും അറിയുകയും ചെയ്യുന്ന ദൈവത്തെക്കുറിച്ച് യേശു പഠിപ്പിക്കുന്നു (മത്താ 19:29-31; ലൂക്കാ 12:6-8). ജീവജലമേകുന്ന സ്ഫടികംപോലെ ശുദ്ധമായ നദിയെയും അതിന്റെ കരയിൽ ആണ്ടുവട്ടം മുഴുവൻ കായ്ക്കുന്ന ജീവന്റെ വൃക്ഷത്തെയുംകുറിച്ച് സ്വപ്നം കണ്ടുകൊണ്ടാണ് ബൈബിൾ യുഗാന്ത്യദർശനം അവതരിപ്പിക്കുന്നത് (വെളി 22:1-2). തന്നെത്തന്നെ മുന്തിരിച്ചെടിയായും ജീവജലമായും തന്റെ പിതാവിനെ തോട്ടക്കാരനായും ചിത്രീകരിക്കുമ്പോൾ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തെ ദൈവികതയുടെ അനന്തനീലിമയിലേക്ക് ഉയർത്താനാണ് യേശു ശ്രമിച്ചത്.

ദൈവത്തിന്റെ വാക്കിൽനിന്നും പ്രപഞ്ചം രൂപംകൊണ്ടുവെന്നു വി. ഗ്രന്ഥം പറയുമ്പോൾ പ്രപഞ്ച നിർമ്മിതിയിൽ ലീനമായിരി

ക്കുന്ന ദൈവിക പ്രവർത്തനങ്ങളെയും പ്രപഞ്ചത്തിൽ നിറയുന്ന ദൈവീക സാന്നിധ്യത്തെയും ശക്തിയെയുമാണ് നമ്മെ ഓർമ്മിപ്പിക്കുക. അതുകൊണ്ടാണ്, "ദൈവത്തിന്റെ ജീവദായകമായ ഈ ശക്തി സൃഷ്ടിജാലങ്ങളിൽനിന്നും അകന്നാൽ, കണ്ണിമചിമ്മുന്ന നിമിഷംകൊണ്ട് ഈ പ്രപഞ്ചം ജീവരഹിതവും ശൂന്യവുമാകും" എന്ന് വി. അഗസ്റ്റിൻ പറയുന്നത്. ദൈവവചനത്തിലൂടെ ഉരുവായ പ്രപഞ്ചത്തിൽ വ്യാപരിക്കുമ്പോൾ മനുഷ്യർ കൂടുതൽ ദൈവാവബോധമുള്ളവരായി വർത്തിക്കണം (തോമസ് പാടിയത്ത് (ed.), ഇരുളും വെളിച്ചവും, 301.355).

### 3. സമകാലിക പ്രസക്തി

പാരിസ്ഥിതിക പ്രശ്നങ്ങൾ അതീവരൂക്ഷമായി കഴിഞ്ഞിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. പരിസ്ഥിതിയുടെ ഭാവി സംബന്ധിച്ച പഠനങ്ങളെല്ലാം വിരൽചൂണ്ടുന്നത് ആസന്നമൃതയായ ഭൂമിയെക്കുറിച്ചാണ്. സ്രഷ്ടാവായ ദൈവം നന്നായി സൃഷ്ടിച്ച പ്രകൃതിയുടെ സൂക്ഷിപ്പുകാരും പരിപാലകരുമാണ് മനുഷ്യവംശം. തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ച ദൈവം (ഉൽപ 1:27) ഭൂമിയിലെ തന്റെ പ്രതിനിധിയായിട്ടാണ് അവനെ നിയോഗിച്ചിരിക്കുന്നത്. ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാൽ ദൈവം വ്യാപരിക്കുന്നതുപോലെ ഉത്തരവാദിത്വത്തോടെ ഈ ഭൂമിയിൽ ആയിരിക്കുവാൻ മനുഷ്യന് കടമയുണ്ട്. എന്നാൽ, പ്രകൃതിയുടെ മനോഹരവും സങ്കീർണ്ണവുമായ ആവാസവ്യവസ്ഥ മനുഷ്യന്റെ വിവേകരഹിതമായ ഇടപെടൽമൂലം തകർന്നുകൊണ്ടിരിക്കുന്നു. മനുഷ്യ നന്മയ്ക്കുവേണ്ടി സൃഷ്ടിക്കപ്പെട്ട ഭൂമി ഇന്ന് നമ്മെ നോക്കി വിലപിക്കുന്നു. നാം ശ്വസിക്കുന്ന വായുവും, കുടിക്കുന്ന വെള്ളവും, വസിക്കുന്ന മണ്ണും ഇന്ന് വിഷലിപ്തമാണ്. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ അഭിപ്രായത്തിൽ "എല്ലാവരുടെയും ആവശ്യത്തിനുള്ളത് പ്രകൃതി പ്രദാനംചെയ്യുന്നു. അത് അത്യാഗ്രഹങ്ങൾക്ക് ഉപയോഗിക്കുന്നതാണ് പ്രതിസന്ധികൾക്ക് കാരണം." ഭൂമിയുടെ ഭീകരമായ ഈ അവസ്ഥയിൽ മനംനൊന്ത് കവി എഴുതി:

ഇനിയും മരിക്കാത്ത ഭൂമി
നിന്നാസന്ന മൃതിയിൽ
നിനക്കാത്മ ശാന്തി!
ഇതു നിന്റെ, (എന്റെയും) ചരമശുശ്രൂഷയ്ക്ക്
ഹൃദയത്തിലെന്നേ കുറിച്ചഗീതം

*ഒ.എൻ.വി, ഭൂമിക്കൊരു ചരമഗീതം*





ദൈവവും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിന്റെ ആവശ്യകതയിലേയ്ക്കും ഈ ബന്ധത്തിലുണ്ടാകുന്ന വിള്ളലുകൾ സൃഷ്ടിക്കുന്ന ആഘാതങ്ങളിലേയ്ക്കും അത് പരിഹരിക്കേണ്ട മാർഗ്ഗങ്ങളിലേയ്ക്കും പരിസ്ഥിതി ആധ്യാത്മികത നമ്മെ എത്തിക്കുന്നു. ആയതിനാൽ, "ദൈവത്തിന്റെ സൃഷ്ടിക്ക് മാനുഷിക ദുർവിനിയോഗംവഴി സംഭവിച്ച നാശം പരിഹരിക്കുന്നതിന് ഓരോ വ്യക്തിയുടെയും ജന്മസിദ്ധമായ കഴിവുകളും ഉൾച്ചേരലുകളും ആവശ്യമാണ് (അങ്ങേയ്ക്കു സ്തുതി, 14). വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നതുപോലെ: നഷ്ടപ്പെട്ടുപോയ ഈ ബന്ധം പുനസ്ഥാപിക്കാൻ നാം ഈറ്റുനോവ് അനുഭവിക്കാൻ കടപ്പെട്ടവരാണ് (റോമാ 8:22).

### 4. മലിനീകരണവും കാലാവസ്ഥാ വ്യതിയാനവും

മലിനീകരണവും കാലാവസ്ഥാ വ്യതിയാനവും തിരിച്ചറിയാനാവാത്തവിധം മനുഷ്യന്റെ ദൈനംദിനാനുഭവത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. "നമ്മുടെ ഭവനമായ ഭൂമി അഴുക്കിന്റെ വലിയ കൂമ്പാരമായി വർദ്ധമാനമായ തോതിൽ മാറിത്തുടങ്ങിയിരിക്കുന്നു. ഒരിക്കൽ മനോഹരമായിരുന്ന ഭൂപ്രദേശം ഇപ്പോൾ മാലിന്യംകൊണ്ട് നിറഞ്ഞിരിക്കുകയാണ്" (അങ്ങേയ്ക്കു സ്തുതി 12).

മനുഷ്യനുൾപ്പെടെ പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളെയും ഉദ്ദേശിച്ചിട്ടുള്ള ഒരു പൊതുനന്മയാണ് കാലാവസ്ഥ. എന്നാൽ ആഗോളതലത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ ഗൗരവപൂർവ്വമായ പരിചിന്തനത്തിന് വിഷയമാക്കേണ്ട ഒന്നാണ്. കൽക്കരി, പെട്രോൾ, ഡീസൽ, മണ്ണെണ്ണ തുടങ്ങിയവയുടെ ഉപയോഗം ക്രമാതീതമായി വർദ്ധിച്ചതുമൂലം അടുത്തകാലത്ത് ആഗോളതാപനം ഭീതിജനകമായവിധം വർദ്ധിച്ചിരിക്കുന്നു. താപവർദ്ധനയെ ഗ്രീൻ ഹൗസ് ഇഫക്ട് എന്നാണ് ശാസ്ത്രജ്ഞർ വിശേഷിപ്പിക്കുന്നത്. ഹരിതഗൃഹ വാതകങ്ങളുടെ (കാർബൺ ഡയോക്സൈഡ്, മീഥെയ്ൻ, നൈട്രജൻ ഓക്സൈഡുകൾ) പുറംതള്ളൽ പ്രകൃതിയിലുണ്ടാക്കുന്ന അപകടകരമായ മാറ്റങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് കാലാവസ്ഥാ വ്യതിയാനമാണ്. തന്മൂലം മഴ, വേനൽ തുടങ്ങിയ കാലങ്ങൾക്ക് മാറ്റമുണ്ടാകുന്നു. അന്തരീക്ഷതാപം വർദ്ധിക്കുകയും മഴ കുറയുകയും ചെയ്യുന്നു.

#### 4.1 വിഷമയമായ ജീവശ്വാസം

ഇന്നു ലോകം നേരിടുന്ന ഏറ്റവും വലിയ പരിസ്ഥിതിപ്രശ്നം വായുമലിനീകരണമാണ്. ദൈവം സൗജന്യമായി നൽകിയ ശുദ്ധവായു വിലകൊടുത്തു വാങ്ങേണ്ട ഒരുകാലം അനധിവിദൂരഭാവി

യിൽ ഉണ്ടാകും. അത്രയ്ക്കു വിഷമയമായിക്കൊണ്ടിരിക്കുകയാണ് നമ്മുടെ അന്തരീക്ഷം. ലോകത്തിൽ 10 ൽ 9 പേരും ശ്വസിക്കുന്നത് മലിനവായുവാണെന്നാണ് ശാസ്ത്രജ്ഞന്മാരുടെ നിഗമനം. തന്മൂലം ലക്ഷോപലക്ഷം ജനങ്ങൾ വർഷംതോറും ശ്വാസകോശസംബന്ധമായ രോഗംമൂലം മരിക്കുന്നു. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് ലോകത്തിൽ ഏറ്റവുംകൂടുതൽ മലിനാന്തരീക്ഷമുള്ള 10 നഗരങ്ങളിൽ 4 എണ്ണം ഇന്ത്യയിലാണ്.

അന്തരീക്ഷവായു മലിനമാക്കപ്പെടുന്നതിന്റെ പ്രധാനകാരണങ്ങൾ വ്യവസായശാലകൾ പുറത്തുവിടുന്ന വിഷവാതകങ്ങൾ, വാഹനഗതാഗതംമൂലമുണ്ടാകുന്ന കാർബൺഡയോക്സൈഡ്, എയർകണ്ടീഷൻപോലുള്ള ഉപകരണങ്ങൾ സൃഷ്ടിക്കുന്ന വിഷവാതകങ്ങൾ, വായുവിൽ പടരുന്ന പുകപടലങ്ങൾ എന്നിവയാണ്. ഇതിൽ മോട്ടർവാഹനങ്ങളുടെ ഉപയോഗമാണ് അന്തരീക്ഷവായു മലിനീകരണത്തിന് ഏറ്റവും കൂടുതൽ കാരണമാകുന്നത്. ഇപ്രകാരം പുറംതള്ളപ്പെടുന്ന വിഷവാതകങ്ങൾ ഭൂമിക്ക് അപകടകരമായ സൂര്യകിരണങ്ങളെ തടയുന്ന സംരക്ഷണകവചത്തിൽ (ഓസോൺ പാളി) വിള്ളലുണ്ടാക്കുകയും അത് ആഗോളതാപനത്തിന് കാരണമാവുകയും ചെയ്യുന്നു.

### പരിഹാര നിർദ്ദേശങ്ങൾ

പ്രകൃതിയുടെ സങ്കീർണ്ണതയും പാരസ്പര്യവും അറിയുമ്പോൾ പ്രകൃതിയെ സ്നേഹിക്കാനും ആദരിക്കാനും മനുഷ്യനു കഴിയും. പ്രകൃതിയെ മനസ്സിലാക്കുന്നതുവഴി ജീവിതത്തെ ചിട്ടപ്പെടുത്താനും ക്രമപ്പെടുത്താനും ബന്ധങ്ങൾ സുന്ദരമാക്കാനും മനുഷ്യനു കഴിയും. പ്രകൃതിയോടുചേർന്ന്, പ്രകൃതിയെ ആശ്രയിച്ച് കഴിയുന്നിടത്തോളം ജീവിക്കാൻ പഠിക്കുക എന്നതാണ് ഏറ്റവും ശാശ്വതമായ പരിഹാരമാർഗ്ഗം. പച്ചക്കുടചൂടി നിൽക്കുന്ന വൃക്ഷങ്ങളാണ് നമ്മുടെ ചുറ്റുമുള്ള വായുവിനെ ശുദ്ധീകരിച്ചുനൽകുന്ന ഹരിതഗൃഹം. അന്തരീക്ഷവായുവിലെ കാർബൺഡയോക്സൈഡ് ആഗിരണംചെയ്യാനും തണൽനൽകാനും മരങ്ങൾക്കു കഴിയും. വികസനത്തിന്റെ പേരിൽ മരങ്ങൾ വെട്ടിനശിപ്പിക്കാതെ വഴിയോരങ്ങളിലും പൊതു -സ്വകാര്യ സ്ഥലങ്ങളിലും മരങ്ങൾ നട്ടുപിടിപ്പിക്കാൻ ശ്രമിക്കണം. കൂടാതെ,

- ♦ പെട്രോൾ, ഡീസൽ തുടങ്ങിയവയുടെ ഉപയോഗം കുറയ്ക്കാൻ കഴിയുന്നതും പൊതുഗതാഗത മാർഗ്ഗങ്ങൾ ഉപയോഗിക്കുക.





- ♦ യൂറോപ്യൻ രാജ്യങ്ങളിലുള്ളതുപോലെ സൈക്കിൾ യാത്രകൾ പരമാവധി പ്രോത്സാഹിപ്പിക്കണം.
- ♦ വ്യവസായ ശാലകൾ പുറന്തള്ളുന്ന വിഷമയമായ പുക നിയന്ത്രിക്കാനുള്ള നിബന്ധനകൾ കർശനമാക്കുക.
- ♦ പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ ആരംഭിക്കുക.
- ♦ അന്തരീക്ഷതാപം കുറയ്ക്കുന്നതിന് പ്രകൃതിയ്ക്ക് കോട്ടംവരുത്താത്ത പ്രകൃതിജന്യമായ ഊർജ്ജത്തിന്റെ ഉപയോഗം വ്യാപകമാക്കുക.
- ♦ സൂര്യപ്രകാശം, കാറ്റ്, ജലം തുടങ്ങിയവയിൽനിന്ന് ഊർജ്ജം ഉൽപാദിപ്പിക്കാനുള്ള സാധ്യതകൾ പരമാവധി ഉപയോഗിക്കുക.
- ♦ പാഴ്വസ്തുക്കളും പ്ലാസ്റ്റിക് ഉൽപന്നങ്ങളും തുറസ്സായ സ്ഥലത്തുവച്ച് കത്തിക്കാതിരിക്കുക
- ♦ പാഴ്വസ്തുക്കൾ ഉപയോഗിച്ച് ഇലക്ട്രിസിറ്റി ഉൽപാദിപ്പിക്കുക.
- ♦ വീടുകളുടെയും പൊതുസ്ഥലങ്ങളുടെയും മുറ്റങ്ങളിൽ ടൈൽസും കരിങ്കല്ലും പാകുന്നത് ഒഴിവാക്കുക.

### 4.2 വിഷലിപ്തമായ ജീവജലം

ശുദ്ധമായ കുടിവെള്ളം ഏറ്റവും പ്രാധാന്യം അർഹിക്കുന്ന വിഷയമാണ്. മനുഷ്യന്റെ നിലനിൽപിനും, ആവാസവ്യവസ്ഥയ്ക്കും, കൃഷിക്കും, വ്യവസായത്തിനും ശുദ്ധമായ ജലം അത്യന്താപേക്ഷിതമാണ്. അടുത്തകാലംവരെ നമ്മുടെ കിണറുകളും, കുളങ്ങളും, തോടുകളും, പുഴകളും ശുദ്ധമായ ജലത്താൽ സമ്പന്നമായിരുന്നു. പുഴകളിലെ മത്സ്യസമ്പത്തും, തോടുവക്കത്തും പുഴവക്കത്തും തഴച്ചുവളർന്നു നിൽക്കുന്ന മരങ്ങളും ഹരിതസസ്യങ്ങളും സർവ്വസാധാരണമായിരുന്നു. എന്നാൽ മനുഷ്യനുൾപ്പെടെ സകല ജീവജാലങ്ങളുടെയും അതിജീവനത്തിന് അത്യന്താപേക്ഷിതമായ ശുദ്ധജലശ്രോതസ്സുകൾ ഇന്നു നാം നോക്കിനിൽക്കേ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. മഴയുടെ ലഭ്യത കുറയുന്നു, നദികളും പുഴകളും കിണറുകളും നീരൊഴുക്കു നിലച്ച് വറ്റിവരണ്ടു ഉണങ്ങിക്കൊണ്ടിരിക്കുന്നു. ഭൂഗർഭ ജലത്തിന്റെ അളവും അപകടകരമാംവിധം താഴ്ന്നുകൊണ്ടിരിക്കുന്നു.

വ്യവസായ ശാലകൾ പുറന്തള്ളുന്ന വിഷദ്രാവകങ്ങളും അഴുക്കുചാലുകളിലെ വെള്ളവും നേരിട്ട് ജലാശയങ്ങളിലേക്കും പുഴകളിലേക്കും ഒഴുകിയെത്തുന്നു. കൃഷിക്കുപയോഗിക്കുന്ന രാസവളങ്ങളും കളനാശിനികളും കീടനാശിനികളും മഴക്കാലത്ത് ജലസ്രോതസ്സുകളിലെത്തി അതിനെ മലിനമാക്കുന്നു. തുറസ്സായ സ്ഥലത്തെ മലമൂത്ര വിസർജ്ജനവും, അശാസ്ത്രീയ സെപ്റ്റിക് ടാങ്ക് നിർമ്മാണവും ജലസ്രോതസ്സുകളിൽ മനുഷ്യ വിസർജ്ജത്തിന്റെ അംശം എത്തുന്നതിനു കാരണമാകുന്നു. കൂടാതെ ചെങ്കൽ കുന്നുകളുടെ നാശം, അനിയന്ത്രിതമായ മണൽവാരൽ, ക്വാറികൾ, തോടുകൾ നദികൾ തടാകങ്ങൾ എന്നിവ മലിനമാകുന്നതും ശുദ്ധജല ലഭ്യത കുറയ്ക്കുന്നു.

മനുഷ്യന്റെയും ജീവജാലങ്ങളുടെയും അതിജീവനത്തിന് ആവശ്യമായ ശുദ്ധജലത്തിന്റെ അപര്യാപ്തത പല ആരോഗ്യ പ്രശ്നങ്ങൾക്കും വഴിതെളിക്കുന്നു. ആർത്തി സംസ്കാരത്തിൽ പെട്ടെന്ന് ലാഭമുണ്ടാക്കാനുള്ള വ്യഗ്രതയിൽ ഭൂമിയെയും ജലത്തെയും മനുഷ്യൻ മലിനമാക്കുന്നു. മലിനമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന ജലാംശങ്ങളെയും ഭൂമിയെയും നോക്കിക്കൊണ്ടുള്ള കവിയുടെ വരികൾ ഇവിടെ പ്രസക്തമാണ്:

ഇനിവരുന്നൊരു തലമുറയ്ക്ക്
ഇവിടെ വാസം സാധ്യമോ?
മലിനമായ ജലാശയം - അതി
മലിനമായൊരു ഭൂമിയും!!!

*ഇഞ്ചക്കാട് ബാലചന്ദ്രൻ*

### പരിഹാരനിർദേശങ്ങൾ

ശുദ്ധമായ ജലം എല്ലാ ജീവജാലങ്ങളുടെയും പൊതുസ്വത്താണ്. വരുംതലമുറകൾക്കും ശുദ്ധമായ ജലത്തിന് മൗലികമായ അവകാശമുണ്ട് എന്ന സത്യം മറക്കരുത്. ആസന്നഭാവിയിൽ ജലം ജീവൻ മരണ യുദ്ധത്തിന്റെ കാരണമാകുമെന്ന് ശാസ്ത്രജ്ഞന്മാരും ലോക നേതാക്കളും മുന്നറിയിപ്പ് നൽകുന്നത് തള്ളിക്കളയാനാവില്ല. ജലക്ഷാമം പരിഹരിക്കാൻ തീവ്രമായ പരിശ്രമം എല്ലാവരുടെയും ഭാഗത്തുനിന്നും ഉണ്ടാകണം. ജലത്തിന്റെ ഉപയോഗത്തിലുള്ള ധൂർത്ത് ഒഴിവാക്കുകയും ജലസാക്ഷരതാ ബോധവൽക്കരണം നടത്തുകയും വേണം. കൂടാതെ,

- ♦ ജലസ്രോതസ്സുകൾ ജലസമൃദ്ധമാക്കാൻ പദ്ധതികൾ ആവിഷ്കരിക്കണം.





- ♦ ചിറകളും നദികളും കുളങ്ങളും വൃത്തിയാക്കുക.
- ♦ മഴക്കുഴികളും മഴവെള്ള സംഭരണികളും നിർമ്മിച്ച് മഴവെള്ളം ശേഖരിക്കുക.
- ♦ കിണർ റീച്ചാർജിംഗ് നടത്തുകയും തടയണ നിർമ്മിക്കുകയും ചെയ്യുക.
- ♦ മാലിന്യവും വിഷാംശവും ചേർന്ന വെള്ളം നീരുറവകളിലെത്തി വീണ്ടുമത് കുടിവെള്ളമായി തിരിച്ചുവരും എന്ന വസ്തുതയെപ്പറ്റി ശരിയായ ബോധവൽക്കരണം നടത്തുക.
- ♦ അഴുക്കുജലം ഒരിക്കലും തോട്ടിലേയ്ക്കും പുഴയിലേക്കും സമുദ്രത്തിലേക്കും ഒഴുക്കാതിരിക്കുക.
- ♦ മഴവെള്ളം ജലസ്രോതസ്സുകളിലെത്തുന്നതിന് തടസ്സമാകുന്ന interlocking സമ്പ്രദായത്തിൽനിന്നും പിന്തിരിയുക.

### 4.3 വിഷമയമായ മണ്ണ്

ചൂഷണം ചെയ്യപ്പെടേണ്ട വിഭവസ്രോതസ്സുകളായിമാത്രം മണ്ണിനെ കണക്കാക്കുന്നത് വലിയ പരിസ്ഥിതി പ്രശ്നങ്ങൾക്ക് വഴി തെളിക്കുന്നു. ആവാസവ്യവസ്ഥയ്ക്ക് അത്യന്താപേക്ഷിതമായ മണ്ണിനെ സംരക്ഷിക്കേണ്ട കടമ നാം ഓരോരുത്തർക്കുമുണ്ട്. എന്നാൽ മണ്ണിന്റെ ഘടനതന്നെ നശിപ്പിക്കുന്ന കൃഷിരീതികളും വ്യവസായ സംരംഭങ്ങളും ഘനനനങ്ങളും ഇന്ന് വർദ്ധിച്ചുവരുന്നു. കൂടാതെ കീടനാശിനികളുടെയും, കളനാശിനികളുടെയും, രാസവളങ്ങളുടെയും ഉപയോഗം മണ്ണിനെ മലിനവും ഉപയോഗശൂന്യവുമാക്കുന്നു. പരിസ്തിതിക്ക് കോട്ടംതട്ടുന്ന രീതിയിലുള്ള കുന്നിടിക്കലും, മണ്ണുവാരലും നിർമ്മാണ പ്രവർത്തനങ്ങളും അനുദിനം വർദ്ധിച്ചുവരുന്നു.

### പരിഹാരനിർദേശങ്ങൾ

എല്ലാ ജീവജാലങ്ങൾക്കും പ്രകൃതിയിൽനിന്നും സുഭിക്ഷമായ ഭക്ഷണം ലഭിക്കാൻ അവകാശമുണ്ട്. അതിനാൽ മണ്ണിന്റെ ഘടനയെത്തന്നെ മാറ്റിമറിക്കുന്ന അശാസ്ത്രീയ കൃഷിരീതിയിൽനിന്നും; രാസവള, കീട-കളനാശിനികളുടെ ഉപയോഗത്തിൽനിന്നും പിന്തിരിയണം. പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ ഉപയോഗം അവ റീസൈക്കിൾ ചെയ്യാനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുകയും വേണം. ചപ്പുചവറുകൾ, പാഴ്വസ്തുക്കൾ തുടങ്ങിയവ മണ്ണിൽ ലയിച്ചു ചേരുന്നതിനുള്ള സംവിധാനമൊരുക്കണം. അവ കത്തിച്ച് മണ്ണിനെയും വായു

വിനെയും മലിനമാക്കുന്ന പ്രവണതകൾ ഒഴിവാക്കണം. അശാസ്ത്രീയമായ നിർമ്മാണപ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും മണ്ണിൽ ലയിക്കാത്ത ഫ്ളെക്സിന്റെ ഉപയോഗം നിർത്തലാക്കുകയും വേണം.

### 4.4 കുന്നുകൂടുന്ന മാലിന്യങ്ങൾ

വൃത്തിയും വെടിപ്പുമുള്ള വീടും പരിസരവും അത് നഗര പ്രദേശങ്ങളിലായാലും ഗ്രാമപ്രദേശങ്ങളിലായാലും മനസ്സിന് ഉണർവ്വും സന്തോഷവും നൽകുന്നു. പക്ഷേ, വ്യവസായവൽക്കരണത്തിന്റെയും ഉപഭോക്തൃ സംസ്കാരത്തിന്റെയും ഫലമായി അടുത്ത കാലത്ത് പാഴ്‌വസ്തുക്കളുടെ അളവ് ക്രമാതീതമായി വർദ്ധിച്ചു. തന്മൂലം ഒരിക്കൽ ഉപയോഗിച്ച പല വസ്തുക്കളും തെരുവുകളിലും പൊതുസ്ഥലങ്ങളിലും നദികളിലും പുഴകളിലും വലിച്ചെറിയുന്ന പ്രവണത മനുഷ്യനിൽ വർദ്ധിച്ചു. പ്രധാന പട്ടണങ്ങളുടെ തെരുവുകളുംമറ്റും പാഴ്കൂമ്പാരങ്ങൾകൊണ്ടു നിറയുന്ന കാഴ്ച ഇന്ന് നിത്യസംഭവമാണ്. വേസ്റ്റ് നിർമ്മാർജ്ജനം ഫലപ്രദമായി ചെയ്യാൻ കഴിയാത്തത് പല പരിസ്ഥിതി പ്രശ്നങ്ങൾക്കും രോഗങ്ങൾക്കും ഇടയാക്കുന്നു. മാലിന്യമില്ലാത്ത അവസ്ഥയാണ് പ്രകൃതിയുടേത്. മണ്ണിന്റെ ഭാഗമായി മാറാത്ത ഒരു വസ്തുവും പ്രകൃതിയിലില്ല. മണ്ണിനെ നശിപ്പിക്കുന്ന പാഴ്‌വസ്തുക്കൾ ഇല്ലാത്ത അവസ്ഥ സംജാതമാകണം.

**ഇലക്ട്രോണിക് മാലിന്യങ്ങൾ:** ഇലക്ട്രോണിക് ഉപകരണങ്ങൾ, കളിക്കോപ്പുകൾ തുടങ്ങിയ സാധനങ്ങൾ ചുരുങ്ങിയ ഉപയോഗത്തിനുശേഷം ഉപേക്ഷിക്കുന്ന പ്രവണത ഇന്നു വർദ്ധിച്ചുവരുന്നു. ഇലക്ട്രോണിക് വ്യവസായ സ്രോതസ്സുകളിൽനിന്നും ഓരോ വർഷവും കോടിക്കണക്കിനു ടൺ മാലിന്യമാണ് പുറംതള്ളപ്പെടുന്നത്. അവയിൽ ഏറിയപങ്കും അഴുകിപ്പോകാത്തതും അങ്ങേയറ്റം മാരകവും റേഡിയോ വികിരണം നടത്തുന്നവയുമാണ് (അങ്ങേയ്ക്കു സ്തുതി, 21). ഇലക്ട്രോണിക് സാധനങ്ങളോടുള്ള അമിതഭ്രമവും കേടായവ പ്രകൃതിക്കു ദോഷകരമാവാത്തവിധത്തിൽ സംസ്കരിക്കാനുള്ള സംവിധാനങ്ങളുടെ അപര്യാപ്തതയും ഇലക്ട്രോണിക് മാലിന്യങ്ങളുടെ രൂക്ഷത വർദ്ധിപ്പിക്കുന്നു.

### പരിഹാരനിർദേശങ്ങൾ

ജീവിതം അടിച്ചുപൊളിക്കാനുള്ളതാണെന്ന ചിന്തയിൽനിന്നും വിപണിയിൽ കിട്ടുന്ന എല്ലാത്തരം വസ്തുക്കളും വാങ്ങിക്കൂട്ടാനുള്ള ത്വര വർദ്ധിച്ചുവരുന്നതിനാൽ ലളിത ജീവിതശൈലി സ്വീകരിക്കാൻ വേണ്ട ബോധവൽക്കരണം നൽകണം. ഉപയോഗിച്ചശേഷം വലി





ച്ചെറിയാനുള്ള പ്രവണത വർദ്ധിച്ചുവരുന്നതിനാൽ വീണ്ടും ഉപയോഗിക്കാൻ സാധിക്കുന്ന വസ്തുക്കൾ വാങ്ങാൻ പ്രോത്സാഹിപ്പിക്കണം. യൂറോപ്യൻ രാജ്യങ്ങളിലുള്ളതുപോലെ ഉപയോഗം കഴിഞ്ഞ വസ്തുക്കൾ (വസ്ത്രങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, മേശകൾ, കസേരകൾ) കുറഞ്ഞ വിലയ്ക്കു വിൽക്കാൻ സാധിക്കുന്ന മാർക്കറ്റുകൾ സജ്ജീകരിക്കണം. കൂടാതെ,

- ♦ പ്ലാസ്റ്റിക് ഉല്പന്നങ്ങൾ റീസൈക്കിൾ ചെയ്ത് ഉപയോഗിക്കാൻ പരിശീലിപ്പിക്കുക.
- ♦ ചപ്പുചവറുകൾ നിക്ഷേപിക്കാൻ പൊതുസ്ഥലങ്ങളിൽ സംവിധാനം ഉണ്ടാക്കുക.
- ♦ ബോധവൽക്കരണം സ്കൂൾതലത്തിൽതന്നെ ആരംഭിക്കുക.
- ♦ പൊതുകെട്ടിടങ്ങൾ, വാഹനങ്ങൾ, ടോയ്‌ലെറ്റ് എന്നിവ വൃത്തിയായി സൂക്ഷിക്കുക.
- ♦ മാലിന്യങ്ങൾ ജൈവവളങ്ങളായും ബയോഗ്യാസായും പരിവർത്തനം ചെയ്യുക.
- ♦ പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കാനുതകുന്ന പരിസ്ഥിതി സൗഹൃദ കൂട്ടായ്മകൾക്ക് രൂപം കൊടുക്കുക.
- ♦ പരിസ്ഥിതി ദിനാചരണം നടത്തുക.
- ♦ ബോധവൽക്കരണ ക്ലാസ്സുകൾ നൽകുക.
- ♦ മാലിന്യ സംസ്കരണ പരിശീലനം നൽകുക.
- ♦ മാലിന്യ സംസ്കരണ, പ്ലാസ്റ്റിക് പേപ്പർ റീസൈക്ലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക.
- ♦ പ്ലാസ്റ്റിക് പൂവുകൾ, തോരണങ്ങൾ, ഫ്ളക്സ് എന്നിവയുടെ ഉപയോഗം നിയന്ത്രിക്കുക.

### 4.5 ശബ്ദ മലിനീകരണം

വായു, ജലം, മണ്ണ് തുടങ്ങിയവ മലിനമാക്കപ്പെടുന്നതുപോലെയല്ലെങ്കിലും ശബ്ദമലിനീകരണം മനുഷ്യന് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. മാനസിക പിരിമുറുക്കത്തിനും ക്ഷിപ്രകോപത്തിനും വാക്കുതർക്കങ്ങൾക്കും സ്വരമലിനീകരണം ഇടയാക്കുന്നു. കൂടാതെ, ഗാഢമായ നിദ്രയും ശാന്തമായ വിശ്രമവും നഷ്ടപ്പെടുന്നതിനും അസഹനീയമായ ശബ്ദം കാരണമാകുന്നു.

**പരിഹാരനിർദേശങ്ങൾ**

അനിയന്ത്രിതമായ ശബ്ദം ചെവികൾക്ക് കേടുവരുത്തുക മാത്ര മല്ല, മനുഷ്യമനസ്സിനെയും അസ്വസ്ഥമാക്കും എന്ന് തിരിച്ചറിയണം. ഉപയോഗിക്കുന്ന ഇലക്ട്രോണിക് - സംഗീത ഉപകരണങ്ങളുടെ ശബ്ദം മറ്റുള്ളവർക്ക് അസ്വസ്ഥതയ്ക്ക് കാരണമാകരുത്. ശബ്ദ സംവിധാനങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കണം. വാഹനങ്ങളുടെ ഹോണുകൾ അത്യാവശ്യ സാഹചര്യങ്ങളിൽ മാത്രമേ ഉപയോഗിക്കാവൂ എന്നതിനെക്കുറിച്ച് ബോധവൽക്കരണം നൽകണം.

**5. കപട പരിസ്ഥിതി വാദം**

മനുഷ്യന്റെ സ്വാർത്ഥ നേട്ടങ്ങൾക്കുവേണ്ടി പ്രകൃതിയെ അന്യായമായി ചൂഷണം ചെയ്യുന്നതും മലിനമാക്കുന്നതും ചാവുദോഷപരമായ തിന്മകളാണ്. എന്നാൽ, മനുഷ്യനെ പ്രകൃതിയുടെ ശത്രുവായി കരുതുന്നതും പ്രകൃതിയിൽനിന്നുതന്നെ നിഷ്കാസനം ചെയ്യേണ്ടതാണെന്നു ചിന്തിക്കുന്നതും അപകടകരമാണ്. അത് പരിസ്ഥിതി ഭീകരവാദമാണ്.

കേരളത്തിൽ മലബാറിലേക്കും ഹൈറേഞ്ചിലേക്കും കുടിയേറിയ കർഷകരെ വലിയ പരിസ്ഥിതി ഘാതകരായി ചിത്രീകരിച്ചുകൊണ്ട് അവരുടെ അവകാശങ്ങൾ ഗണിക്കുവാനുള്ള ശ്രമങ്ങൾ ഇന്ന് കൂടിക്കൂടി വരുന്നു. മാധവ് ഗാഡ്ഗിൽ - കസ്തൂരി രംഗൻ റിപ്പോർട്ടുകളും പശ്ചിമഘട്ട മലനിരകളിലെ പരിസ്ഥിതിലോല പ്രദേശങ്ങൾ സംബന്ധിച്ച സർക്കാർ നിലപാടുകളും മലയോര കർഷകർക്ക് ആശങ്കകൾ സൃഷ്ടിക്കുന്നുണ്ട്. പതിറ്റാണ്ടുകളായി ജീവിക്കുകയും കൃഷിചെയ്യുകയും ചെയ്തിരുന്ന ഭൂമിക്കുമേൽ നിയന്ത്രണങ്ങളേർപ്പെടുത്തുമ്പോൾ കുടിയേറ്റജനതയുടെ അതിജീവനം തന്നെ പ്രതിസന്ധിയിലാവുകയാണ്. കുടിയേറ്റക്കാർ കയ്യേറ്റക്കാരാണെന്നും വനഭൂമി കയ്യേറി പരിസ്ഥിതിനാശം വരുത്തുന്ന പ്രകൃതി വിരോധികളാണെന്നുമുള്ള തരത്തിൽ ചില കപട പരിസ്ഥിതി വാദികൾ പ്രചരണം നടത്തുന്നുണ്ട്. വാസ്തവത്തിൽ നാഗരികവൽക്കരണം സൃഷിടിക്കുന്ന പരിസ്ഥിതി അസന്തുലിതാവസ്ഥയെ ഒരു പരിധിവരെയെങ്കിലും പരിഹരിക്കുവാൻ സാധിക്കുന്നത് കുടിയേറ്റക്കാർ സംരക്ഷിക്കുന്ന കൃഷിഭൂമികളിലൂടെയാണ്. നാടിന്റെ പച്ചപ്പ് കാത്തുസംരക്ഷിക്കാൻ കുടിയേറ്റകർഷകർ നടത്തിയിട്ടുള്ളിടത്തോളം പരിശ്രമം ഒരു നഗരവാസിയും നടത്തിയിട്ടില്ല.





**6. പരിസ്ഥിതി സംരക്ഷണം പ്രാദേശിക തലങ്ങളിൽ**

പരിസ്ഥിതി എല്ലാവർക്കുമായി ദൈവം നൽകിയിരിക്കുന്ന ദാനമാണ്. നാം അതിനെ ഉപയോഗിക്കുമ്പോൾ ദരിദ്രരോടും, വരും തലമുറകളോടും മനുഷ്യരാശി മുഴുവനോടുതന്നെയും നമുക്കൊരു ഉത്തരവാദിത്വമുണ്ട് എന്ന് തിരിച്ചറിഞ്ഞ് പരിസ്ഥിതിയെ സംരക്ഷിക്കാൻ ഉതകുന്ന കർമ്മ പദ്ധതികൾ പ്രാദേശികതലങ്ങളിൽ ആവിഷ്കരിക്കുവാൻ കഴിയണം. പരിസ്ഥിതിയുടെ സംരക്ഷണത്തിനായി ചെയ്യുവാൻ സാധിക്കുന്ന ചില കർമ്മ പദ്ധതികൾ നിർദേശിക്കുകയാണിവിടെ:

- ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.
- പരിസ്ഥിതി ദിനാചരണം നടത്തുക.
- ആഘോഷാവസരങ്ങളിൽ പരിസ്ഥിതി സൗഹൃദ സമ്മാനങ്ങൾ നൽകുക.
- പരിസ്ഥിതി പ്രവർത്തകരെ ആദരിക്കുക.
- മരങ്ങൾ നട്ടു വളർത്തുന്നത് പ്രോത്സാഹിപ്പിക്കുക.
- ഔഷധച്ചെടികൾ നട്ടുപിടിപ്പിക്കുക.
- ഹരിത കെട്ടിട നിർമ്മാണം പ്രോത്സാഹിപ്പിക്കുക.
- പ്രാദേശിക ജലസ്രോതസ്സുകൾ സംരക്ഷിക്കുക.
- മഴവെള്ള സംഭരണികളും തടയിണകളും നിർമ്മിക്കുന്നത് പ്രോത്സാഹിപ്പിക്കുക.
- സൗരോർജ്ജ വിളക്കുകളും സോളാർ ഹീറ്ററുകളും ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുക.
- പാചകം ചെയ്യാൻ സോളാർ കുക്കറുകളും ബയോഗ്യാസും ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുക.
- മലിനീകരണ സ്രോതസ്സായ പഴക്കം ചെന്ന വാഹനങ്ങൾ ഉപയോഗിക്കാതിരിക്കുക.
- പൊതു വാഹനങ്ങൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുക.
- പ്ലാസ്റ്റിക് പൂവുകൾ, തോരണങ്ങൾ, ഫ്ളക്സുകൾ, തെർമോകോൾ എന്നിവയുടെ ഉപയോഗം നിരോധിക്കുക.
- മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുക.
- സ്കൂൾ തലത്തിൽ മാലിന്യ സംസ്കരണ പരിശീലനം നൽകുക.

- ♦ പ്രാദേശിക തലത്തിൽ മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുക.
- ♦ ഉപയോഗ ശൂന്യമായ പേപ്പറുകൾ, ടിന്നുകൾ, പ്ലാസ്റ്റിക്കുകൾ എന്നിവയെ വേർതിരിച്ച് സമാഹരിക്കാനുള്ള പരിശീലനം നൽകുക.
- ♦ ശുചിത്വബോധം വളർത്താനുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിക്കുക.
- ♦ മുറ്റങ്ങൾ ഇന്റർലോക്ക് ചെയ്യാതിരിക്കുക.
- ♦ ആഘോഷങ്ങളുടെ അവസരത്തിലുള്ള കരിമരുന്ന് പ്രയോഗം ഒഴിവാക്കുക.

**ഉപസംഹാരം**

മനുഷ്യജീവനെ ഏറ്റവും അധികം സ്വാധീനിക്കുന്ന ഘടകമാണ് പരിസ്ഥിതി. ഒരു ജീവന്റെ ആവാസ വ്യവസ്ഥിതികൾ നിർണയിക്കുന്ന പരിസ്ഥിതി ഇന്ന് മനുഷ്യന്റെ ചൂഷണങ്ങൾക്ക് ഇരയായി തീർന്നിരിക്കുന്നു. സമ്പത്തും ഉപഭോഗ വസ്തുക്കളും കുന്നുകൂട്ടുന്നതിലൂടെ സന്തോഷവും സ്വാതന്ത്ര്യവും ലഭിക്കുമെന്നുള്ള മിഥ്യാധാരണ മനുഷ്യർക്കിടയിൽ പല കിടമത്സരങ്ങൾക്കും കാരണമായി. ഇപ്രകാരമുള്ള കിടമത്സരങ്ങൾ മനുഷ്യന്റെ സന്തോഷവും സമാധാനവും നഷ്ടപ്പെടുത്തിയെന്നു മാത്രമല്ല, അവ പ്രകൃതിയുടെ സൗന്ദര്യവും താളക്രമവും അവതാളത്തിലാക്കി. മനുഷ്യരുൾപ്പടെ എല്ലാ ജീവജാലങ്ങളെയും പരിപാലിക്കുന്ന സ്രഷ്ടാവിന്റെ കരുതലാണ് പ്രകൃതിയിൽ ദൃശ്യമാകുന്നതെന്ന ബോധ്യം എല്ലാവർക്കും ഉണ്ടാവണം. സൃഷ്ടികളുടെ ശക്തി സൗന്ദര്യങ്ങളിൽനിന്ന് അവയുടെ സ്രഷ്ടാവിന്റെ ശക്തിസൗന്ദര്യങ്ങളെക്കുറിച്ചറിയാം എന്ന ബൈബിൾ പഠനം (ജ്ഞാനം 13:5) ഇവിടെ ശ്രദ്ധേയമാണ്. ഫ്രാൻസിസ് മാർപാപ്പയുടെ അങ്ങേയ്ക്കു സ്തുതി എന്ന ചാക്രിക ലേഖനം പ്രകൃതിയെ സംരക്ഷിക്കാനും സ്നേഹിക്കാനുമുള്ള പ്രചോദനം എല്ലാവർക്കും നൽകുന്നുണ്ട്. എല്ലാവരുടെയും പൊതുസ്വത്തായ പ്രകൃതിയെ സംരക്ഷിക്കാൻ നമ്മൾക്കു കൈമോശം വന്ന ലളിത ജീവിത ശൈലികളിലേക്കും പ്രകൃതിക്കിണങ്ങിയ ജീവിത രീതികളിലേക്കും തിരിച്ചുവരാം.

*കടപ്പാട്: ബിഷപ് തോമസ് ചക്യാത്ത്,*
*ഞാനും എന്റെ ഭൂമിയും ഞാനും എന്റെ സമൂഹവും*





# II. കാർഷിക സംസ്കാരം

ഈ സൃഷ്ടപ്രപഞ്ചം മുഴുവൻ ദൈവസാന്നിദ്ധ്യം നിറഞ്ഞു നിൽക്കുന്നു. കർത്താവിന്റെ വചനത്താൽ ആകാശം നിർമ്മിക്കപ്പെട്ടു. അവിടുത്തെ കല്പനയാൽ ആകാശഗോളങ്ങളും(സങ്കീ 33:6). ശരീരത്തിൽ ആത്മാവ് എങ്ങനെ വസിക്കുന്നുവോ അതേരീതിയിൽ ഭൂമിയിൽ ദൈവം വസിക്കുന്നുവെന്ന് വിശുദ്ധ തോമസ് അക്വീനാസ് പഠിപ്പിക്കുന്നു( ST 1,17). കാർഷികവൃത്തിയോടും പരിസ്ഥിതി സംരക്ഷണത്തോടും സൃഷ്ടിയുടെ മകുടമായ മനുഷ്യനെ കർത്താവ് ബന്ധിപ്പിക്കുന്നുണ്ട്: ഏദേൻ തോട്ടം കൃഷി ചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി(ഉൽപ 2:15). ദൈവത്തിന്റെ ആലയമായ ഭൂമിയെ, സുന്ദരമായും വരുംതലമുറകൾക്ക് വേണ്ടി കരുതലോടെയും സൂക്ഷിക്കുവാൻ നമുക്ക് കടമയുണ്ട് (അങ്ങേയ്ക്ക് സ്തുതി, 67). കർത്താവിന്റെ ആലയത്തിൽ ശുശ്രൂഷചെയ്ത് അതിനെ സംരക്ഷിച്ചു ലേവ്യരെപ്പോലെ ഭൂമിയിൽ ശുശ്രൂഷചെയ്ത് അതിനെ സംരക്ഷിക്കാനും വൃത്തിയായി സൂക്ഷിക്കാനും നമുക്ക് ഉത്തരവാദിത്തമുണ്ട്.

**കാർഷിക മേഖലയിലെ അശാസ്ത്രീയ സമീപനങ്ങൾ**

കാലക്രമങ്ങളുടെ ക്രമീകരണം ജീവന്റെ സുഗമമായ നിലനില്പ്പിനു സഹായകമായവിധത്തിലാണ് ദൈവം സജ്ജീകരിക്കുന്നത്. വേനലും മഴയും വസന്തവും ശീതകാലവും മാറി മാറി വരുന്നു. അവയുടെ താളം സസൂക്ഷ്മം നിരീക്ഷിച്ച് നമ്മുടെ പൂർവ്വികർ വളർത്തിയെടുത്ത കൃഷി രീതികൾ മുഴുവനായും ഉപേക്ഷിച്ച് ലാഭം മാത്രം ലക്ഷ്യമാക്കി നൂതന കൃഷിരിതികൾ സ്വീകരിച്ചതാണ് ജീവനു തന്നെ അപകടകരമായ പരിസ്ഥിതി പ്രശ്നങ്ങൾക്കും കാരണമായത്. നാം വളർത്തിയെടുത്ത അശാസ്ത്രീയ കൃഷി രീതികൾ മൂലം സംജാതമായിരിക്കുന്ന പ്രതിസന്ധികൾക്ക് നാം തന്നെ അതിവേഗം പരിഹാരങ്ങൾ കണ്ടെത്തണം. കാർഷിക മേഖലയിലെ അശാസ്ത്രീയ സമീപനങ്ങളും പരിഹാര മാർഗങ്ങളും ചർച്ച ചെയ്യുകയാണിവിടെ.

- ♦ അമിതമായ രാസവള പ്രയോഗം,
- ♦ കീടങ്ങളുടെ ആക്രമണവും കീടനാശിനി പ്രയോഗവും,
- ♦ ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത,
- ♦ കാലാവസ്ഥാ വ്യതിയാനങ്ങൾ,
- ♦ ഏകവിള കൃഷിരീതി,

♦ ഭക്ഷ്യവിളകളിൽ നിന്നും സമ്പൂർണ്ണമായി നാണ്യവിളകളിലേക്കുള്ള മാറ്റം,

♦ അന്യംനിന്നുപോകുന്ന നാടൻ വിളകൾ,

♦ നെൽപാടങ്ങൾ നികത്തുന്നത്,

♦ നല്ലയിനം വിത്തുകളുടെയും തൈകളുടെയും അഭാവം,

♦ നവീന സാങ്കേതിക വിദ്യകളുടെ അജ്ഞതയും അഭാവവും

**പരിഹാര നിർദ്ദേശങ്ങൾ**

♦ ജൈവകൃഷി, ജൈവവളം, ജൈവകീടനാശിനികൾ എന്നിവ ഉപയോഗിക്കുക,

♦ മഴക്കുഴികൾ, കിണർറീചാർജ്ജിംഗ്, മഴവെള്ള സംഭരണികൾ എന്നിവ പ്രോത്സാഹിപ്പിക്കുക,

♦ ഭൂമിയെ പല തട്ടുകളായി തിരിക്കുക,

♦ ഗുണമേന്മയുള്ള നല്ലയിനം വിത്തുകളും തൈകളും ഒപ്പം വളവും കീടനാശിനികളും ലഭ്യമാക്കുക,

♦ മണ്ണുപരിശോധന നടത്തുക,

♦ പുതിയ കൃഷിരീതികളെക്കുറിച്ചുള്ള ശാസ്ത്രീയ പരിശീലനം നൽകുക,

♦ ബഹുവിള സമ്പ്രദായം നടപ്പിലാക്കുക,

♦ നാട്ടറിവുകൾ ലഭ്യമാക്കുക,

♦ പാരമ്പര്യ കൃഷിരീതികളെക്കുറിച്ചുള്ള അറിവുകൾ നൽകുക,

♦ ഭക്ഷ്യവിളകൾ കൃഷിചെയ്യുന്നതിന് ഊന്നൽ കൊടുക്കുക,

♦ ടെറസ് കൃഷി, ഗ്രോബാഗ് എന്നിവ പ്രോത്സാഹിപ്പിക്കുക.

**സാമ്പത്തിക അടിത്തറ നഷ്ടപ്പെടുന്ന കാർഷികരംഗം**

ഒരു കാലത്ത് നമ്മുടെ വരുമാനത്തിന്റെ അടിത്തറ കാർഷികരംഗമായിരുന്നെങ്കിൽ ഇന്ന് കാർഷിക മേഖല ഒരു ബാധ്യതയാകുന്നു എന്നതാണ് മിക്കവരുടെയും അനുഭവം. ജീവിതത്തിന്റെ എല്ലാ മേഖലകൾക്കും പിൻബലം നൽകുന്ന സാമ്പത്തിക സ്രോതസ്സായി കാർഷിക വരുമാനം മാറുന്നില്ലെന്നു മാത്രമല്ല കാർഷിക രംഗത്തെ





ചെലവുകൾ ക്രമീകരിക്കുവാൻപോലും അവിടെനിന്നുള്ള വരുമാനം ഉപകരിക്കുന്നില്ലെന്നുള്ളതാണ് വസ്തുത. വർദ്ധിക്കുന്ന ഉൽപാദന ചെലവുകളും വിളകൾക്ക് മതിയായ വില ലഭിക്കാത്തതുമാണ് പ്രശ്നങ്ങൾ. സാമ്പത്തിക അടിത്തറയെ ദുർബ്ബലമാക്കുന്ന ചില കാരണങ്ങളും അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

♦ വിലസ്ഥിരത ഇല്ലായ്മ,

♦ വിപണനമേഖലയിലെ പ്രശ്നങ്ങൾ,

♦ പ്രതികൂലമായ സർക്കാർ നയങ്ങൾ,

♦ മതിയായ മാർക്കറ്റിംഗ് സൗകര്യങ്ങളുടെ അപര്യാപ്തത,

♦ ഇടനിലക്കാരുടെ ചൂഷണം,

♦ വർദ്ധിച്ചു വരുന്ന ഉൽപാദന ചിലവുകൾ,

♦ ഉയർന്ന കൂലി,

♦ പണിക്കാരുടെ ദൗർബല്യം, മതിയായ കൃഷിഭൂമിയുടെ അഭാവം.

**പരിഹാര നിർദ്ദേശങ്ങൾ**

♦ മാറ്റാൾ പണി, കൂട്ടുകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക,

♦ കാർഷിക ഉൽപന്നങ്ങൾക്ക് ന്യായവിലയും തറവിലയും ഉറപ്പുവരുത്തുക,

♦ പ്രാദേശിക വിപണികൾ കണ്ടെത്തുക,

♦ ആഴ്ച ചന്തകൾ (ഞായറാഴ്ച ചന്തകൾ) ക്രമീകരിക്കുക,

♦ വിളനാശത്തിന് ഇൻഷുറൻസ് സംരക്ഷണം ഉറപ്പുവരുത്തുക,

♦ കർഷകർക്ക് അനുകൂലമായ നയരൂപീകരണങ്ങൾക്കുവേണ്ടി സർക്കാരുകളിൽ സമ്മർദ്ദം ചെലുത്തുക,

♦ കർഷക സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുക.

**ഇതര പ്രശ്നങ്ങളും പരിഹാര നിർദ്ദശങ്ങളും**

കാർഷിക മേഖല ഇന്നു നേരിടുന്ന പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും തൽഫലമായുള്ള ദുരവസ്ഥയ്ക്കും പരിഹാരങ്ങൾ ചർച്ച ചെയ്യുവാൻ വിപുലമായി ഈ വിഷയത്തെ സമീപി

ക്കേണ്ടതുണ്ട്. ചില തലക്കെട്ടുകളുടെ പരിമിതികൾക്കപ്പുറത്ത് ഈ വിഷയത്തിന് വിസ്തൃതമായ മാനങ്ങൾ ഉണ്ടെന്ന കാര്യം നമുക്ക് മറക്കാനാവില്ല.

**ഇതര പ്രശ്നങ്ങൾ**

- ♦ അസംഘടിതരായ കർഷകർ,
- ♦ മതിയായ നേതൃത്വത്തിന്റെ അഭാവം,
- ♦ സമ്മർദ്ദശക്തിയായോ വോട്ടുബാങ്കായോ മാറാത്ത സാഹചര്യം,
- ♦ പുതുതലമുറക്ക് കൃഷിയോടുള്ള താൽപര്യക്കുറവ്,
- ♦ കൃഷിക്കുവേണ്ടി മതിയായ സമയമോ, സമ്പത്തോ, അദ്ധ്വാനമോ മാറ്റിവയ്ക്കാത്ത സാഹചര്യം,
- ♦ മതിയായ സമർപ്പണമില്ലായ്മ,
- ♦ ഇൻഷുറൻസ് പരിരക്ഷയോ, മതിയായ സബ്സിഡികളോ ആവശ്യാനുസരണം നഷ്ടപരിഹാരങ്ങളോ കിട്ടാത്ത അവസ്ഥ.

**ഇതര നിർദ്ദേശങ്ങൾ**

- ♦ സംഘടിത സമ്മർദ്ദ ശക്തിയായി കർഷകരെ മാറ്റുക,
- ♦ മാർക്കറ്റുകളിൽ നേരിട്ടുള്ള ഇടപെടലുകൾ നടത്തുക,
- ♦ കൃഷി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക. സ്കൂളുകളിൽ പ്രായോഗിക പരിശീലനം നൽകുക,
- ♦ കൃഷിയോടു ആഭിമുഖ്യം വർദ്ധിപ്പിക്കുന്ന ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക.

**പുത്തൻ കർഷക മുന്നേറ്റത്തിന് ബദൽ നിർദ്ദേശങ്ങൾ**

കാർഷിക മേഖല ഇന്നനുഭവിക്കുന്ന പ്രതിസന്ധികളെയും ദുരവസ്ഥയെയുംകുറിച്ച് പരിതപിച്ചിരിക്കാതെ നിലനില്പിന്റെ സമരായുധങ്ങൾ ധരിച്ച് കാർഷിക സംസ്കൃതിയെ സംരക്ഷണത്തിനായുള്ള യുദ്ധകാഹളം നാം മുഴക്കേണ്ടിയിരിക്കുന്നു. ഭാവാത്മകവും പ്രായോഗികവും ക്രിയാത്മകവും ആയ നിർദ്ദേശങ്ങളാണ് ഇതിനായി ഉരുത്തിരിയേണ്ടത്. ആഴമേറിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപംകൊണ്ട ബദൽ നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.





**3.1 ഗവൺമെന്റ് തലത്തിൽനിന്ന്**

ഒരു സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയുമൊക്കെ നട്ടെല്ലാണ് കാർഷിക രംഗം. ഭക്ഷ്യ സ്വയംപര്യാപ്തത ഒരു വികസിത രാഷ്ട്രത്തിന്റെ പ്രധാന മാനദണ്ഡമാണ്. കാർഷിക വൃത്തിയിൽ ഏർപ്പെടുന്നവർക്ക് മതിയായ സംരക്ഷണവും ആനുകൂല്യങ്ങളും പ്രോത്സാഹനങ്ങളും നല്കേണ്ടത് സർക്കാറുകളുടെ വലിയ കടമയാണ്. നിർഭാഗ്യവശാൽ സമീപകാലത്തെ സർക്കാരുകൾ കാർഷിക ദ്രോഹ നടപടികളാണ് കൂടുതലും കൈക്കൊള്ളുന്നത്. കുത്തക വ്യവസായികളെയും കോർപറേറ്റ് ഭീമൻമാരെയും സംരക്ഷിച്ചുകൊണ്ട് അവർക്കനുകൂലമായ നയങ്ങളും നടപടികളും സ്വീകരിക്കുമ്പോൾ അവയുടെമേൽ വീഴുന്ന കർഷകരുടെ കണ്ണീർചാലുകൾ കണ്ടില്ലെന്നു നടിക്കുന്നത് ജനായത്ത സർക്കാരുകൾക്ക് ഭൂഷണമല്ല. കാർഷിക മേഖലയുടെ വളർച്ചയ്ക്കും സംരക്ഷണത്തിനുമായി സർക്കാർ തലത്തിൽ കൈക്കൊള്ളേണ്ട നടപടികളുമായി ബന്ധപ്പെട്ട് ഏതാനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

- ♦ നല്ലയിനം വിത്തുകൾ, തൈകൾ, വളങ്ങൾ, കീടനാശിനികൾ എന്നിവ ലഭ്യമാക്കുക
- ♦ ജലസേചന സൗകര്യങ്ങളും ക്രമീകരണങ്ങളും മെച്ചപ്പെടുത്തുക
- ♦ നവീനമായ കൃഷിരീതികളും ഒപ്പം പാരമ്പര്യ കൃഷിരീതികളും പരിചയപ്പെടുത്തുക
- ♦ പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കുക
- ♦ സബ്സിഡികൾ, നഷ്ടപരിഹാരങ്ങൾ, ഇൻഷുറൻസ് പരിരക്ഷ എന്നിവ ഉറപ്പാക്കുക
- ♦ കൃഷിഭവന്റെ സേവനങ്ങൾ വിപുലീകരിക്കുക. ഗ്രാമങ്ങളിലേക്ക് എത്തിക്കുക
- ♦ വന്യമൃഗങ്ങളെ നിയന്ത്രിക്കാൻ അനുവാദം നൽകുക. കർഷകരുടെ ജീവനും കൃഷികൾക്കും സ്വത്തിനും വന്യമൃഗങ്ങളിൽനിന്നുള്ള സംരക്ഷണം ഉറപ്പുവരുത്തുക
- ♦ കാർഷിക ക്ലബ്ബുകൾ രൂപീകരിക്കുക
- ♦ മാതൃകാ കർഷകരെ ആദരിക്കുക
- ♦ കർഷകർക്ക് അനുകൂലമായി നയങ്ങൾ രൂപീകരിക്കുക

- കർഷകർക്ക് അനുകൂലമായുള്ള കയറ്റുമതി, ഇറക്കുമതി നിയമങ്ങളും നികുതികളും ക്രമീകരിക്കുക
- മതിയായ ആനുകൂല്യങ്ങൾ ലഭ്യമാക്കുക
- മതിയായ സംഭരണ, സംസ്കരണ, വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക
- ന്യായവിലയും തറവിലയും നിശ്ചയിക്കുക.
- പുതുതലമുറയിൽ കാർഷികാവബോധം വളർത്തുക
- സ്കൂളികളോടനുബന്ധിച്ച് പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കുക. കുട്ടികൾക്ക് കൃഷിയിലുള്ള ആഭിമുഖ്യം വളർത്തുകയും പ്രായോഗിക പരിശീലനം നൽകുകയും ചെയ്യുക
- വീടുകളിൽ അടുക്കളതോട്ടങ്ങൾ നിർബന്ധമാക്കുക
- ഭൂമി തരിശായി ഇടാതെ ശ്രദ്ധിക്കുക
- കർഷകർക്ക് അനുകൂലമായി നയങ്ങൾ രൂപീകരിക്കാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുക
- ലേബർ ബാങ്ക് രൂപീകരിക്കുക
- കാർഷിക ഗവേഷണകേന്ദ്രം സ്ഥാപിക്കുക
- ഡയറി ഫാം പ്രോജക്ടിന്റെ സാധ്യത
- ഒരു കാർഷിക ഡിപ്പാർട്ട്മെന്റ് രൂപീകരിക്കുക
- കർഷക ദിനം ആചരിക്കുക
- കർഷകരെ ആദരിക്കുക. അവാർഡുകൾ നൽകുക
- നിയമങ്ങളിൽ കർഷകർക്ക് മുൻഗണന നൽകുക
- മാറ്റാൾപണി പ്രോത്സാഹിപ്പിക്കുക
- ആഴ്ച ചന്തകൾ സ്ഥാപിക്കുക
- കർഷക ദിനാചരണം, റാലികൾ, ബോധവൽക്കരണ ക്ലാസ്സുകൾ
- പച്ചക്കറിതോട്ടങ്ങൾ സ്ഥാപിക്കുക
- ഇടവകാതിർത്തിക്കുള്ളിലെ തരിശുഭൂമികൾ കണ്ടെത്തി കൃഷി ചെയ്യാൻ സംവിധാനമൊരുക്കുക





- കൂട്ടുകൃഷി പ്രോത്സാഹിപ്പിക്കുക
- ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുക
- ഔഷധതോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുക
- നാട്ടറിവുകൾ ലഭ്യമാക്കുക
- മാതൃകാ തോട്ടങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക
- ശേഖരണം, വിപണനം, സംസ്കരണം എന്നിവയ്ക്ക് സംവിധാനങ്ങൾ ഒരുക്കുക
- പാരമ്പര്യ രീതികളെ പ്രോത്സാഹിപ്പിക്കുക
- നല്ലയിനം വിത്തുകൾ, തൈകൾ ലഭ്യമാക്കുക
- കന്നുകാലി വളർത്തൽ, കോഴി വളർത്തൽ, ആടുവളർത്തൽ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക

**ഉപസംഹാരം**

നമ്മുടെ ആത്മീയ ജീവിതത്തിന്റെ ഏറ്റവും ഇന്ദ്രിയബദ്ധമായ മാധ്യമമാണ് പ്രകൃതി. മനുഷ്യന്റെ ആത്മീയ യാത്രയിലെ കൂട്ടാളികളായിട്ടാണ് പ്രപഞ്ചത്തെയും പ്രകൃതിയെയും ബൈബിൾ അവതരിപ്പിക്കുന്നത്. പ്രകൃതി ദൈവത്തിന്റെ വരദാനമാണെന്നു വിശ്വസിച്ചു പൂർവ്വികർ ആദ്യഫലങ്ങൾ ദൈവാലയത്തിൽ സമർപ്പിച്ചിരുന്നു. വിളവെടുപ്പുകാലത്ത് ദൈവാലയത്തിൽ സമർപ്പിച്ചിരുന്ന ഫലങ്ങളും ധാന്യങ്ങളും പ്രത്യേകാവസരങ്ങളിൽ ദൈവാലയത്തിൽ സമർപ്പിക്കുന്ന വളർത്തു മൃഗങ്ങളും അവയുടെ ഉൽപന്നങ്ങളുടെ സമർപ്പണവും തങ്ങളുടെ അധ്വാനത്തിനു ലഭിച്ച ദൈവാനുഗ്രഹങ്ങളുടെ നന്ദി പ്രകാശനങ്ങളാണ്. കൃഷിഭൂമിയുടെ ഒരുക്കം, വിത്തുശേഖരണം, വിത്തു പാകി മുളപ്പിക്കൽ, ഫലശേഖരണം തുടങ്ങി കൃഷിയുടെ വിവിധ ഘട്ടങ്ങളിൽ നടത്തിയിരുന്ന ഒരുക്കങ്ങൾ തലമുറകളായി നാം കാത്തുസൂക്ഷിച്ച പരിസ്ഥിതി ആധ്യാത്മികതയുടെ നേർക്കാഴ്ചകളാണ്. വിശുദ്ധ കുർബ്ബാനയിൽ സമർപ്പിക്കുന്ന അപേക്ഷകളിലൂടെ പ്രപഞ്ചത്തെത്തന്നെയാണ് ദൈവത്തിനു സമർപ്പിക്കുന്നതെന്ന ബെനഡിക്ട് 16-ാമൻ മാർപാപ്പയുടെ വാക്കുകൾ സ്മരണീയമാണ് (Sacramentum Caritatis, 92). അപ്പം വർദ്ധിപ്പിക്കാനൊരുങ്ങിയ ഈശോ ആദ്യം ചെയ്യുന്നത് വിശന്നുപൊരിഞ്ഞ ആൾക്കൂട്ടത്തെ വിവിധ പന്തികളിലാക്കി ഇരുത്തുകയാണ്. കൈനിറയെ കിട്ടി

യവരും ഒന്നും കിട്ടാത്തവരും കിട്ടിയതു പോര എന്നു വിലപിക്കുന്നവരും ഒന്നുപോലെ പരിമിതമായ പ്രകൃതി വിഭവങ്ങൾക്കുവേണ്ടി മല്ലിടുന്ന സമൂഹമാണ് നമ്മുടേത്. എല്ലാവർക്കും നീതിപൂർവ്വകമായ ഇരിപ്പിടം കിട്ടുന്ന ഒരു സാമൂഹികക്രമം സൃഷ്ടിക്കാൻ കഴിഞ്ഞാലേ അപ്പം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ സമൃദ്ധിയിൽനിന്ന് ഭക്ഷിച്ച് എല്ലാവർക്കും തൃപ്തരാകാൻ കഴിയൂ. സമഗ്രതയുള്ള പ്രകൃതി സംരക്ഷണത്തിന് നമ്മുക്കൊന്നിച്ച് കൈകൾ കോർക്കാം.

***തലശ്ശേരി അതിരൂപതാ അസംബ്ലി, 2018***



# 07

## പ്രപഞ്ചോൽപത്തി: വേദവും ശാസ്ത്രവും

ഈ മഹാപ്രപഞ്ചത്തിന്റെ ചാലകശക്തിയെക്കുറിച്ച് കാലാകാലങ്ങളായി ഏറെ അഭ്യൂഹങ്ങളും നിഗമനങ്ങളും നാം കേട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോഴിതാ ദൈവകണികയെക്കുറിച്ചുള്ള അന്വേഷണവും ഗവേഷണവും നടക്കുന്നുണ്ട്. എല്ലാം കണ്ടുപിടിക്കാൻ പറ്റുമെന്നും യാതൊരു രഹസ്യവും ഈ കമ്പ്യൂട്ടർ യുഗത്തിൽ ഇനി മറച്ചുപിടിക്കാൻ ആകില്ലെന്നും അഹങ്കരിക്കുന്ന മനുഷ്യന് ഇപ്പോൾ അപ്രാപ്യമായിട്ടുള്ളത് ഒന്നേ ഒന്നുമാത്രം. 'ദൈവം എവിടെ' എന്നു കണ്ടുപിടിക്കാൻ ഇപ്പോൾതന്നെ അനവധി ലക്ഷം-കോടി ഡോളർ ചെലവിട്ടുകഴിഞ്ഞു. പക്ഷേ അന്വേഷണം തുടർന്നുകൊണ്ടിരിക്കുകതന്നെയാണ്. എങ്ങും എത്തിയിട്ടില്ല. ഏതായാലും ഈ സൂക്ഷ്മശക്തിക്ക് 'ദൈവകണിക' എന്നു പേരിട്ടതിൽതന്നെ നമുക്ക് അഭിമാനിക്കാൻ വകയുണ്ട്. ഭാരതീയദർശനങ്ങളുടെ അടിസ്ഥാനത്തിൽ ദൈവം അണുവിൽ അണുവും മഹിമയിൽ മഹിമാവുമാണ്. കണിക എന്നാൽ ആറ്റം എന്നേ അർത്ഥമുള്ളൂ. 'ആറ്റം' എന്നതിനു പണ്ട് നൽകിയ നിർവചനം 'ആൻ ഇൻഡിവിസിബിൾ പാർട്ട് ഓഫ്

എ മൊളിക്യൂൾ' എന്നായിരുന്നു. വീണ്ടും വിഭജിക്കാൻ, കീറിമുറിക്കാൻ പറ്റാത്ത ഏറ്റവും ചെറിയ ഒരു ഭാഗം എന്നർത്ഥം. കണികഎന്നുപറഞ്ഞാലും ഇതേ അർത്ഥം തന്നെയാണ് ലഭിക്കുക. 'ദിവ്' എന്ന ധാതുവിൽ നിന്നാണ് ദൈവം എന്ന വാക്കുണ്ടായിരിക്കുന്നത്. പകൽ, സ്വർഗ്ഗം, വെളിച്ചം എന്നൊക്കെ ദിവ് എന്ന ധാതുവിന് അർത്ഥം നൽകാം. ദിവസം എന്ന വാക്കും ദിവ് - പകൽവെളിച്ചം എന്ന അർത്ഥത്തിൽ തന്നെയാണ് രൂപപ്പെട്ടിട്ടുള്ളത്., ഇന്നത്തെ ഡിജിറ്റൽ സങ്കൽപ്പത്തിലുള്ള ബൈറ്റ് എന്നതിനേക്കാൾ ചെറുതാണു കണിക എന്നു മനസ്സിലാക്കാൻ മെഗാബൈറ്റ്, ജിഗാബൈറ്റ് എന്നീ പ്രയോഗങ്ങൾ തന്നെ പര്യാപ്തമാണ്. അങ്ങനെ അണുവേക്കാൾ അണുവും എന്നാൽ മഹിമാവിനെക്കാൾ മഹിമാവുമായ ഒന്നെന്താണോ അതാണീ ദൈവകണം എന്ന് ആധുനിക ശാസ്ത്രമനസ്സും സമ്മതിക്കുന്നു. ഇതോടെ നമ്മുടെ വേദങ്ങളും പുരാണങ്ങളും മതഗ്രന്ഥങ്ങളും പറഞ്ഞുവച്ചതെല്ലാം ശരിയാണ് എന്ന് ആധുനികശാസ്ത്രവും അടിവരയിടുന്നു എന്ന് ഏതൊരു സാമാന്യബുദ്ധിക്കും ഇന്ന് അഭിമാനിക്കാം. ഇത്തരം ഗവേഷണങ്ങളിലോ അന്വേഷണങ്ങളിലോ കണ്ടുപിടുത്തങ്ങളിലോ മതപരമോ ദേശപരമോ ആയ വേർതിരിവുകൾ ഇല്ലെന്നുള്ളതും കൂടുതൽ വെളിച്ചത്തിലേയ്ക്ക് വഴിതുറക്കുന്ന വസ്തുതയാണ്.

ബൈബിളിലെ പഴയനിയമപുസ്തകം ഒന്നാംഭാഗം ആരംഭിക്കുന്നതുതന്നെ പ്രപഞ്ചോൽപത്തിയെക്കുറിച്ചുള്ള സുവിശേഷം ചൊല്ലിക്കൊണ്ടാണെന്നുള്ളത് എടുത്തു പറയേണ്ട കാര്യമാണ്. ഉല്പത്തി സുവിശേഷം എന്ന് ആദ്യ അദ്ധ്യായത്തിന് പേരു നൽകിയത് തന്നെ, ഏതോ മഹാനുഭാവന്റെ കരങ്ങൾ ബൈബിൾ രചനയിലും സ്വാധീനിച്ചിട്ടുണ്ട് എന്നതിന്റെ ഉത്തമോദാഹരണമാണ്.

" ആദിയിൽ വചനമുണ്ടായിരുന്നു; ആ വചനം ദൈവമായിരുന്നു" എന്നു ക്രിസ്തീയമതം നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ട്. ആദ്യമായി രൂപപ്പെട്ട ആ വചനമാകട്ടെ " പ്രകാശമുണ്ടാവട്ടെഎന്നതായിരുന്നുതാനും പക്ഷേ ആ വചനം കേൾക്കാൻ അന്ന് മനുഷ്യന്മാരുമുണ്ടായിരുന്നില്ല എന്നുകൂടി നാം ഓർക്കണം. പ്രകാശം ഉണ്ടായി. അതു നല്ലതെന്നു ദൈവം കണ്ടു. ആ പ്രകാശം രണ്ടു വിഭാഗങ്ങളായി പിരിഞ്ഞു. മുകളിലെത്തേതിന് ആകാശമെന്നും താഴത്തേതിനു സമുദ്രമെന്നും പേരിട്ടു. സമുദ്രം ഇളകിമറിഞ്ഞ് ഉരുണ്ടുകൂടി. ഭൂമി ഉയിർക്കപ്പെട്ടു. ഭൂമിയിൽ പക്ഷിമൃഗാദികളും സസ്യജാലങ്ങളും ഉണ്ടായി. സമുദ്രത്തിൽ ജലജീവികളും ജലസസ്യങ്ങളും നിറഞ്ഞു. ഈ ഓരോ സൃഷ്ടിയിലും ദൈവം സന്തോഷിക്കുകയും അതു നല്ലതെന്ന് എടുത്തു പറയുകയും ചെയ്തു. അഞ്ചു ദിവസംകൊണ്ട്





പ്രപഞ്ചസൃഷ്ടി പൂർത്തിയാക്കിയ ദൈവം ആറാം ദിവസമാണ് മനുഷ്യനെ സൃഷ്ടിക്കുന്നത്. ആദ്യം ഉണ്ടായത് ആദം. അന്ന് വൈകിട്ട് തന്നെ ഹവ്വയേയും സൃഷ്ടിച്ചു. ഉല്പത്തി സുവിശേഷം മുഴുവനുമോ ബൈബിൾ വാക്യങ്ങൾ പൂർണ്ണമായോ ഇവിടെ ഉദ്ധരിക്കുന്നില്ല. എന്നാൽ ബൈബിളിൽ പറഞ്ഞ കാര്യങ്ങൾ കണ്ണടച്ചു കളയുന്നതു ശരിയല്ലതാനും.

ഭാരതീയദർശനങ്ങളും ഹൈന്ദവതത്ത്വസംഹിതകളും നിദർശനമായി എടുത്ത് പറയുന്ന പ്രപഞ്ചസൃഷ്ടിയും ബൈബിൾ പറയുന്ന സൃഷ്ടിവിശേഷവും തമ്മിൽ ധാരാളം സാജാത്യമുണ്ട് എന്നു സൂക്ഷ്മ ദൃക്കുകൾക്ക് കാണാൻ ആകും. നമ്മുടെ ഹൈന്ദവദേവീ സങ്കൽപ്പം, ഈ പ്രപഞ്ചത്തെ ദേവിയായിത്തന്നെ കൽപ്പിച്ചുകൊണ്ടാണ്.

ഈ പ്രാചീന സരസ്വതി സ്തുതി ഒന്നു ശ്രദ്ധിക്കൂ....

'യാ ദേവീ, സർവഭൂതാനാം
ചേതനേത്യേവ, വർത്താതെ
നമസ്തസ്യൈ നമസ്തസ്യൈ
നമസ്തസ്യൈ നമോനമഃ

ഈ പ്രപഞ്ചത്തിലെ സകലചരാചരങ്ങളുടെയും ചേതനയായി വർത്തിക്കുന്നതെന്തോ ആ ദേവിയെ, നമസ്കരിക്കുന്നു എന്നു ചൊല്ലിത്തുടങ്ങുന്ന സ്തുതിഗീതത്തിൽ ബാക്കി വരികൾ സർവഭൂതങ്ങളിലും ശ്രദ്ധാരൂപത്തിലും സ്മൃതിരൂപത്തിലും വർത്തിക്കുന്നയാതൊരു ശക്തിയാണോ ആ ശക്തിയെ ഞാനിതാ നമസ്കരിക്കുന്നു എന്നു മാത്രമാണ് പറയുന്നത്. അതിൽ മതമില്ല, ജാതിയില്ല, ആൺ-പെൺ വ്യത്യാസവുമില്ല. എല്ലാ വസ്തുവിലും അടങ്ങിയിരിക്കുന്ന 'പരംപൊരുളിനെ'യാണ് ദേവീശക്തിയായി ഹിന്ദുധർമ്മസംഹിതകൾ പ്രകീർത്തിക്കുന്നത്. ഭൂതം എന്നാൽ മൂലകം (എലമെന്റ്സ്) എന്നാണ് അർത്ഥം. തേജസ്സ് (പ്രകാശം ) ആകാശം, ജലം, ഭൂമി (മാറ്റർ) വായു എന്നിങ്ങനെ അഞ്ചുഭൂതങ്ങൾ ചേർന്നാണ് മനുഷ്യജീവൻ ഉണ്ടായത് എന്നും വേദവും ശാസ്ത്രവും ഒരുപോലെ സമ്മതിക്കുന്നു. അതായത് അഞ്ച് ദിവസംകൊണ്ട് പ്രകൃതിയും ആ പ്രകൃതിയിലെ അഞ്ച് മൂലകങ്ങളും സൃഷ്ടിക്കപ്പെട്ടു. ആ മൂലകങ്ങൾ എടുത്ത് ഓരോന്നിലെയും അഞ്ചിൽ ഒന്ന് വീതം ചേർത്ത് ആറാം സൃഷ്ടിയായ ജീവശരീരവും ഉണ്ടാക്കി എന്നത് ശരിതന്നെ. പ്രകാശത്തിൽനിന്ന്, ജലവും ആകാശവും ഉണ്ടാക്കി: ജലം ഉറഞ്ഞു കൂടി ഭൂമി ഉണ്ടായി. ഭൂമിക്ക് മുകളിൽ വായുവും രൂപപ്പെട്ടു എന്നത് ശാസ്ത്രവും സമ്മതിക്കും.

ഭൂമിയിൽ കാർബണൈറ്റുകൾ ഉണ്ടായിരുന്നു. ആദ്യം നാം കേട്ടത് ഒരു വലിയ സ്ഫോടനംതന്നെയാണ്. (ബിഗ് ബാങ്) അതോടെ, കാർബണൈറ്റുകൾ വിഘടിതമായി, അതിൽനിന്ന് ജലം ആവിർഭവിച്ചു. പ്രകാശത്തിനും അഗ്നിക്കും സഹായകമായ ഓക്സിജൻ സ്വാഭാവികമായും ഈ സ്പോടനത്തിലൂടെ രൂപപ്പെട്ടതായി അനുമാനിക്കാവുന്നതേയുള്ളൂ. ഡെൻസിറ്റി കുറഞ്ഞ വാതകമായ ഹൈഡ്രജൻ തീർച്ചയായും ഭൂമിക്കുപരിതലത്തിൽ ഉയർന്ന തലത്തിൽ തന്നെ അതായത് ആകാശത്തും ലഭ്യം. രണ്ട് ഹൈഡ്രജൻ ആറ്റവും ഒരു ഓക്സിജൻ ആറ്റവും ചേർന്ന് ജലം ഉണ്ടായി. ആ ജലം, തീർച്ചയായും താഴത്തെ വിതാനത്തിലെ നിൽക്കൂ എന്നതും ശാസ്ത്രപരമായ സത്യം. ഹൈഡ്രജനും മററു ഡൻസിറ്റി കുറഞ്ഞ വാതകങ്ങളും ഉള്ള ആകാശം മുകളിലത്തെ വിതാനവും

ഹൈന്ദവ സിദ്ധാന്തപ്രകാരം പഞ്ചഭൂതാത്മകമാണ് ഈ പ്രപഞ്ചം പ്രപഞ്ചത്തിന്റെ ഭാഗമായ എല്ലാ ജീവശരീരവും പഞ്ചഭൂതാത്മകം തന്നെ. പ്രപഞ്ചഘടനയിലെ പഞ്ചഭൂതങ്ങളെ പൃഥ്വി, അപ്, തേജസ്സ് വായു, ആകാശം, എന്നിങ്ങനെയാണ് സംസ്കൃതത്തിൽ പേരുവിളിക്കുന്നത് എങ്കിലും നമുക്കതിനെ ശാസ്ത്രീയമായി ഇങ്ങനെ വേർതിരിക്കാനാവും. മാറ്റർ, വാട്ടർ, എനർജി, ഓക്സിജൻ, ഹൈഡ്രജൻ, പിന്നെ അതുപോലെയുള്ള സാന്ദ്രത കുറഞ്ഞ മറ്റെല്ലാ വാതകങ്ങളും.

പ്രപഞ്ചഘടനയുടെ അതേ അനുപാതത്തിൽതന്നെയാണ് ജീവശരീരഘടനയും എന്നു കൃത്യമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. പ്രപഞ്ചത്തിൽ എഴുപതു ശതമാനവും ജലമാണ്. അതുപോലെ ജീവശരീരത്തിലും എഴുപതു ശതമാനവും ജലംതന്നെയാണ്. അഞ്ചു ഭൂതങ്ങളുടെയും ഓരോ തന്മാത്ര ചേർന്ന് അഞ്ചുതന്മാത്രകൾ ഒറ്റ തന്മാത്രയായി സൂക്ഷ്മരൂപത്തിൽ വർത്തിച്ചിരിക്കുന്നതാണ് സൂക്ഷ്മശരീരം എന്നുപറയുന്നത്. സൂക്ഷ്മശരീരം ദൃഷ്ടിഗോചരമല്ല (നഗ്നനേത്രംകൊണ്ട് കാണാൻ പറ്റുന്നതല്ല). അതിനെ സ്ഥൂലീഭവിപ്പിച്ചു ദർശനീയം ആക്കാനാണ് പ്രകാശം ഉണ്ടായത്. അതായത് ഈ പ്രപഞ്ചം പ്രകാശം ഉണ്ടാകും മുമ്പേതന്നെ, അദൃശ്യരൂപത്തിൽ ഉണ്ടായിരുന്നു എന്നർത്ഥം.

ഭാരതീയദർശനങ്ങൾ എല്ലാ കാര്യത്തിലും ശാസ്ത്രീയമായി തന്നെയാണ് പ്രപഞ്ചത്തെ അവലോകനം ചെയ്തതെന്ന് വ്യക്തമായി പറയാനാകും. കാലഗണന വച്ചുനോക്കുമ്പോൾ നമ്മുടെ ഷഡ്ദർശനങ്ങൾ രൂപപ്പെട്ടതിനു വളരെയധികം വർഷങ്ങൾ കഴിഞ്ഞാണ് മറ്റെല്ലാ ലോകമതതത്ത്വങ്ങളും രൂപപ്പെട്ടതെന്ന്





കാണാം. അതുകൊണ്ടാണ് ഭാരതീയദർശനങ്ങളെ, മറ്റ് ലോക രാഷ്ട്രങ്ങൾ ഇത്രയധികം ആദരിക്കുന്നതും ബഹുമാനിക്കുന്നതും.

ഈ പ്രപഞ്ചം സൂക്ഷ്മരൂപത്തിൽ നിലനിന്നിരുന്നു എന്നും നിലനില്ക്കുകതന്നെ ചെയ്യുമെന്നുള്ള ഭാരതീയനിഗമനം ഒരു ശാസ്ത്രവും മറ്റൊരു ലോകരാഷ്ട്രവും ഇതുവരെ തള്ളിക്കളഞ്ഞിട്ടില്ല എന്നതും നാം ഓർക്കണം. ഈ സൂക്ഷ്മരൂപം തന്നെയാണ് നമ്മുടെ ദൈവസങ്കൽപ്പവും. ഇതിനെ 'അരൂപി' (നിരൂപ) എന്നാണ് ഭാരതീയദർശനം വിളിക്കുന്നത്. ആ അരൂപിയായ ദൈവത്തെയാണ് സത്യവിശ്വാസികളായ മതസ്തരെല്ലാം പ്രകീർത്തിച്ചു പ്രാർത്ഥിക്കുന്നതും. അരൂപിയായ ദൈവം തന്നെയാണ് അരൂപിയായ പ്രപഞ്ചവും. അതുകൊണ്ടാണ് നാം പറയുന്നത് 'തൂണിലും തുരുമ്പിലും സകല ചരാചരങ്ങളിലും ദൈവം ഉണ്ട്' എന്ന്. ദൈവത്തിന്റെ സൂക്ഷ്മാംശം ദർശിക്കുന്നവരെയാണ് നാം മനീഷികൾ എന്നു വിളിക്കുന്നത്. വിശേഷബുദ്ധിയുള്ള. ആചാര്യന്മാരും പുരോഹിതന്മാരും ശാസ്ത്രജ്ഞരും ധിഷണാശാലികളായ കവികളും പുനഃസൃഷ്ടി നടത്തുന്നത് സൂക്ഷ്മപരൂപിയായ ദൈവത്തെ അതിന്റെതന്നെ സ്ഥൂലരൂപമായ പ്രപഞ്ചത്തിലൂടെ ദർശിച്ചു വിശകലനം ചെയ്യുന്നതുകൊണ്ടു തന്നെയാണ്.

ഈ സൂക്ഷ്മരൂപം, സത്തയായി തന്നെയാണോ, അതോ സത്താരഹിതമായിരുന്നോ, ആദ്യം ഉണ്ടായിരുന്നത്, എന്ന ചോദ്യം, ച്ഛാന്ദോക്യ ഉപനിഷത്ത് വളരെ വ്യക്തമായി ചർച്ച ചെയ്ത്, സത്യം ബോദ്ധ്യപ്പെടുത്തുന്നുണ്ട്. ''അസദേവ ഇദം ആസീദ്''; ഇതു അസത്തായിരുന്നു, നിർജ്ജീവമായിരുന്നു, എന്നു വാദിച്ചവരോട്, അസത്തിൽനിന്ന് അസത്തേ ഉണ്ടാകൂ എന്നും, സത്തിൽ നിന്നല്ലാതെ സത്തുണ്ടാവുകയില്ലെന്നും, ഫലപ്രദമായി ഉദാഹരണ സഹിതം ച്ഛാന്ദോക്യഉപനിഷത്ത് വാദിച്ചു സമർഥിക്കുന്നുണ്ട്. ആദ്യം ഒരു സ്ഫോടം (ശബ്ദം-വചനം) ഉണ്ടായി എന്ന തത്ത്വത്തെ മാണ്ഡൂക്യ ഉപനിഷത്ത് ന്യായീകരിക്കുന്നുണ്ട്. ആ ശബ്ദത്തെ സൃഷ്ടി, സ്ഥിതി, സംഹാര, രൂപത്തിന്റെ പ്രതീകമായ (ആ+ഉ+അം ചേർത്ത്) ഓം എന്ന പ്രണവമന്ത്രമായി സ്വരൂപിച്ചിരിക്കുന്നു.

'പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ദൈവത്തിനു സ്തുതി' പറയുന്ന ക്രിസ്തീയപ്രാർത്ഥന ഈ ഓമിനു തുല്യമാണ്. പിതാവ് എന്നാൽ സൃഷ്ടികർത്താവ്, പുത്രൻ എന്നാൽ സൃഷ്ടിക്കപ്പെട്ട, പരിപാലിക്കപ്പെട്ടു കൊണ്ടിരിക്കുന്നത്, പിന്നെ പരിശുദ്ധാത്മാവെന്നാൽ "എറ്റേർണൽ സോൾ",

എന്നും അർത്ഥം. ഇവിടെ ഇസ്ലാമികതത്വങ്ങളെ, വിസ്മരിക്കുന്നില്ല. അവയ്ക്കു ക്രിസ്തീയസമീപനവുമായി ഏറെ അടുപ്പമുണ്ട്. പഴയനിയമത്തിലെ ഉൽപ്പത്തി സുവിശേഷവും പ്രപഞ്ച സൃഷ്ടിയെക്കുറിച്ചുള്ള മറ്റെല്ലാ വീക്ഷണങ്ങളും ഇസ്ലാമികരും അംഗീകരിക്കുന്നു. അവരും ഭാരതീയ ദർശനം പറയുന്ന അരൂപിയായ ഏക ദൈവത്തെതന്നെയാണ് ആശ്രയിക്കുന്നതും. 'അല്ലാഹു അക്ബർ'എന്നാൽ ഭാരതീയ ദർശനം പറയുന്ന, 'ഈശ്വര:സർവജ്ഞ' എന്നുതന്നെയാണർത്ഥം. ഈശ്വരൻ എല്ലാ മതസ്തർക്കും സർവജ്ഞനും സർവ്വശ്രേഷ്ഠനുമാണ്, എന്നതിൽ ഒരു രാജ്യക്കാർക്കും തർക്കമില്ല.

'ഓമിത്യേതദിദം സർവ്വം' എന്ന മന്ത്രത്തിന്, സൃഷ്ടി, സ്ഥിതി, സംഹാരശക്തികൾ മൂന്നും നിക്ഷിപ്തമായ ആ അരൂപി തന്നെയാണ് ഈ പ്രപഞ്ചശക്തിക്കും കാരണം എന്നേ അർത്ഥ മുള്ളൂ. 'അരൂപിയായ ദൈവം' ഇപ്പോഴും എപ്പോഴും എന്നേക്കുമായി നമ്മോടൊപ്പമുണ്ട്, എന്നു നാം പറയുന്നതും ആത്യന്തികമായി ഇതേ അർത്ഥത്തിൽതന്നെയാണ്. നിർഗുണമായ ഏക-ദൈവ സത്യത്തെ സഗുണമായ അനേകത്വത്തിലേക്ക് കൽപ്പിക്കുന്നതും 'എല്ലാത്തിലും ഈ ഒരേ ഒരു ഈശ്വരൻതന്നെയാണ് വർത്തി ക്കുന്നത്' എന്ന അനുഭവപശ്ചാത്തലത്തിലാണ്. ഹിന്ദുക്കളും ക്രിസ്തീയരും ഇസ്ലാമികരുമെല്ലാം അതാതുപ്രവാചകരെ, ദൈവതുല്യരായി ഉയർത്തി കാണുന്നതും, ഈ സർവ്വാത്മ, പരമാത്മ തത്ത്വം അംഗീകരിച്ചുതന്നെയാണ്. ഏതു മതസ്തർ എങ്ങനെയൊക്കെ തങ്ങളുടെ പ്രാർത്ഥനയിലും ആരാധനാ സമ്പ്രദായങ്ങളിലും വ്യത്യസ്തത പുലർത്തിയാലും പ്രപഞ്ചത്തിന്റെ സൂക്ഷ്മസത്ത ഇതിലെ ഓരോ മണൽ തരിയിലും ഓരോ ജലബിന്ദുവിലും സകല ജീവജാലങ്ങളിലും വർത്തിക്കുന്നു എന്ന കാര്യത്തിൽ ഇതുവരെ ആരും മത ഭാഷണങ്ങളിൽ തർക്കിച്ചിട്ടില്ല എന്നതും നമുക്ക് ആശ്വാസകരമാണ്.

ജലവും തേജസ്സും ഉള്ളിടത്തോളംകാലം എല്ലാം പ്രകാശമയവും കാരുണ്യമയവും ആയിരിക്കും എന്നതിലും തർക്കമില്ല. ജല ത്തിന്റെയും തേജസ്സിന്റെയും സ്വഭാവമാണത്. എവിടേയ്ക്കും ഒഴുകും. എവിടേക്കും പ്രസരിക്കുകയും ചെയ്യും. നാം അഗ്നിയെയും (വിളക്കിനെയും) ഭൂമിയെയും ഒരുപോലെ ആദരിക്കുന്നതും അതുകൊണ്ടാണ്. ഭാരതീയ സങ്കൽപ്പപ്രകാരം വൃക്ഷങ്ങളും സസ്യ ജാലങ്ങളും നമ്മുടെ പ്രാർത്ഥനകൾക്കും പൂജകൾക്കും വിഷയീ ഭവിച്ചിട്ടുണ്ട്. അതുപോലെ നാം ആചാരമായി പർവ്വതത്തെയും ഈ മണ്ണിനെപ്പോലും പൂജിക്കുന്നു. പ്രപഞ്ചത്തിലെ എല്ലാ





ചരാചരങ്ങളിലും സ്രഷ്ടാവായ കർത്താവായ ദൈവം കുടികൊള്ളു ന്നു എന്ന നമ്മുടെ ബലമായ വിശ്വാസമാണ് ഇതിനു പിന്നിൽ പ്രവർത്തിക്കുന്നത്.

'ഈശാവാസ്യമിദം സർവം
യത്കിംച ജഗത്യം ജഗത്
തേന ത്യക്തേന ഭുഞ്ജീഥാം
മാ ഗ്രിധഃകസ്യ സ്വിദ് ധനം'

എന്ന ഈശാവാസ്യ ഉപനിഷത്തിലെ ആദ്യമന്ത്രം നമ്മോട് പറയുന്നതും ഇതുമാത്രമാണ്. പ്രപഞ്ചം മുഴുവനും സൃഷ്ടിച്ച ദൈവം മനുഷ്യന് അറിവിന്റെ മരണവും കാണിച്ചുകൊടുക്കുന്നു (വിദ്യയും അവിദ്യയും). ദൈവം നമുക്കായി തരുന്നതുമാത്രം എടുത്തുകൊള്ളാനും അദ്ദേഹം അനുവദിക്കാത്തതിലൊന്നും ആശവയ്ക്കരുതെന്നും ഉപദേശിക്കുന്നുണ്ട്. അതുതന്നെയാണ് വിശാല അർത്ഥത്തിൽ ഈ മന്ത്രത്തിന്റെയും സാരം. ഭാരതീയ ഗണനയിൽ ദൈവസൃഷ്ടിക്കപ്പുറം ഒരു സത്യവുമില്ല ഈ ഭൂമിയിൽ. 'കൽപ്പന'യും 'മായ'യും ദൈവസൃഷ്ടിതന്നെ. അതിൽ അഭിര മിക്കാനും അതിൽതന്നെ വിലയം കൊള്ളാനുമാണ് നാം ആഗ്രഹിക്കേണ്ടതും പ്രാർത്ഥിക്കേണ്ടതും.

ഭാരതീയമായ മനസ്സങ്കൽപം മറ്റെല്ലാ ലോകരാജ്യങ്ങളും അംഗീകരിച്ച തത്ത്വമാണ്. പലരും 'പുസ്തകങ്ങളിൽ ഒതുങ്ങുന്ന മനസ്സിനെ' മാത്രം കാണുന്നു. അനുഭവവേദ്യമായ സ്വന്തം മനസ്സിനെ അറിയാതെ, ഒരു ശാസ്ത്രജ്ഞനും ശാസ്ത്രജ്ഞനാകില്ല; എഴുത്തുകാരൻ എഴുത്തുകാരനുമാകില്ല. ഭാരതീയമനഃശാസ്ത്രം പ്രപഞ്ച സൃഷ്ടിയും പ്രപഞ്ച സംഹാരവും സ്വന്തം മനസ്സിന്റെ കൽപ്പന-വികൽപ്പനകൾ തന്നെയാണെന്ന് സമർത്ഥിക്കുന്നുണ്ട്, സത്വ, രജസ്, തമോഗുണങ്ങളെകൊണ്ടാണ് മനസ്സ് സങ്കൽപ്പിക്കു ന്നതും വികൽപ്പിക്കുന്നതും. മനസ്സിന്റെ സാത്വികഗുണം വർദ്ധിക്കുന്നതോടെ, ഒരു പ്രത്യേകതരം കുളിർമയും ശാന്തതയും പ്രകാശവും ഓരോ വ്യക്തിക്കും അനുഭവപ്പെടും. സാത്വികത വർദ്ധിച്ചാൽ മനസ്സ് പരമാനന്ദകരമായ ഒരു പരമോന്നത തലത്തിലേക്ക് ഉയരും. മനസ്സിന്റെ കെട്ടിപ്പുണരലുകളും തകിടം മറിച്ചിലുകളുമെല്ലാം പെട്ടെന്നു നിലയ്ക്കും. ഏകാഗ്രത വർദ്ധിക്കുകയും നമ്മുടെ ബുദ്ധിതലവും ദൈവജ്ഞാനികതലവും പരമമായി വികസിക്കുകയും ചെയ്യും. ശുദ്ധമനസ്സ് ദൈവിക തേജസ്സിന്റെയും നന്മയുടെയും ഉറവിടമായിരിക്കും. ഈ പ്രപഞ്ചത്തെ ഒരു ഞൊടിയിടയിൽ സൃഷ്ടിച്ചെടുക്കാനും

അടുത്തനിമിഷംതന്നെ അതിനെ ഇല്ലാതാക്കാനും ഈ മനസ്സിനുകഴിയും. അതേ മനസ്സാണു ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചതും പുനഃസൃഷ്ടിച്ചുകൊണ്ടിരിക്കുന്നതും എന്നാണ് മന:ശാസ്ത്രജ്ഞരുടെ അഭിപ്രായം (മണിക്കൂറുകളോളം ബസ്സിലോ ട്രെയിനിലോ ഫ്ളൈറ്റിലോ ഒരുമിച്ചു യാത്ര ചെയ്യുമ്പോഴും തൊട്ടടു ത്തിരിക്കുന്ന ഒരാളെ നാം കണ്ടെന്നു വരില്ല. നമ്മൾ അവിടെ യിരുന്നു നമുക്ക് എത്രേണ്ടിടമായ വീടിനെയോ നാടിനെയോ കണ്ടുകൊണ്ടിരിക്കുകയായിരിക്കും). 'മനോ മിത്രം ജഗത്; മനോ കൽപ്പിതം ജഗത് എന്നാണ് ഭാരതീയ മനഃശാസ്ത്രസിദ്ധാന്തം സമർത്ഥിക്കുന്നത്. മനസ്സിന്റെ മാന്ത്രികവാതിൽ ചലിക്കുന്നതനുസരിച്ച് നമ്മുടെ കൽപനകളും ചിന്തകളും ഉണരുകയും മയങ്ങുകയും ചെയ്യുന്നു.

'ബ്രഹ്മ സത്യം ജഗദ് മിഥ്യ' എന്നു വേദാന്തി പറയുന്നത് ഈ അർത്ഥത്തിലാണ്. നമ്മുടെ മനസ്സ് പരിപൂർണ്ണമായും ഈശ്വരനിൽ ലയിക്കുന്നതോടെ നാം ഈ ലൗകീക അനുഭൂതിയെ മറക്കുന്നു. പിന്നെ ലഭിക്കുന്നത് അലൗകീകമായ പരമാനന്ദമാണ്. "ഈ ദൃശ്യപ്രപഞ്ചം ഇല്ല" എന്നു യഥാർത്ഥ അറിവുള്ള ഒരു വേദാന്തിയും പറയില്ല. എന്നാൽ ജഗത്തിലെ സുഖദുഃഖങ്ങൾ നമ്മുടെ വെറും കൽപനകളാണെന്ന് മനസ്സിലാക്കുവാനും സ്വയം ബോധ്യപ്പെടാനും സ്വന്തം മനസ്സിനെ തിരിച്ചറിഞ്ഞവർക്ക് സാദ്ധ്യമാണുതാനും. സ്വപ്നത്തിൽ ചിലപ്പോൾ നാം മറ്റൊരു സ്വപ്നംകൂടി കാണാറുണ്ട്. നാം ഉറങ്ങുന്നതിനായി സ്വപ്നം കാണുകയും ആ ഉറക്കത്തിൽ തന്നെ മറ്റ് സീനുകളും നാം കാണുന്നു. രൂപമില്ലാത്ത മനസ്സ് അനേകം രൂപങ്ങളെ നമുക്ക് മുന്നിൽ സൃഷ്ടിച്ചു തരുന്നു. മനസ്സ് ദീപ്തമായും ഗാഢമായും എന്തിനെക്കുറിച്ചു ചിന്തിക്കുന്നുവോ അതായിതന്നെ നമ്മുടെ മനസ്സ് രൂപം പ്രാപിക്കുകയാണ് ചെയ്യുന്നത്. "മാങ്ങ" എന്നു ചിന്തിക്കുമ്പോൾ തന്നെ മാങ്ങയുടെ രൂപവും നമ്മിൽ വന്നു വീഴുന്നത് അതുകൊണ്ടാണ്. ഈ പ്രപഞ്ചം മുഴുവനും ഇപ്പോൾ നമുക്ക് ദൃശ്യഗോചരമാണ്. പക്ഷേ നാം പ്രപഞ്ചം മുഴുവനും കാണുന്നുണ്ടോ? നാം ഓരോ സ്ഥലത്തും എത്താത്തതുകൊണ്ടല്ല, അതൊന്നും കാണാത്തത്. ആ രൂപവും ചിത്രവും മനസ്സിൽ നാം സന്നിവേശിപ്പിക്കാത്തതുകൊണ്ടു മാത്രമാണ് അവയെ കാണാത്തത്. അതിനു ദൃഷ്ടാന്തം നമ്മുടെ സ്വന്തം മുമ്പിലുള്ള വസ്തുക്കൾ തന്നെയാണ്. ഒരു ഗ്രൂപ്പ് ഡാൻസ് കണ്ടുകൊണ്ടിരിക്കുന്നത് സങ്കൽപ്പിക്കൂ. അതിൽ ഏതെങ്കിലും ഒരുത്തിയിൽ മാത്രം നമ്മുടെ ശ്രദ്ധ പതിയുകയാണെങ്കിൽ അവളെ മാത്രമായിരിക്കും നാം കാണുക.





പ്രപഞ്ചസൃഷ്ടിയെക്കുറിച്ചു ഹൈന്ദവമെന്നോ ക്രിസ്തീയമെന്നോ ഇസ്ലാമികമെന്നോ വേർതിരിഞ്ഞു ചിന്തിച്ചാലും എല്ലാ സിദ്ധാന്തങ്ങളെയും സമന്വയിപ്പിച്ചു ചിന്തിച്ചാലും നമുക്ക് കിട്ടുന്ന ഉത്തരം ഒന്നേ ഒന്നായിരിക്കും. 'ഏകോ അയം, അന്വയം അരൂപം, വിപ്രാഃ ബഹുധാ വദന്തി.' പരസ്പരപൂരകവും സമന്വയീകൃതവും അരൂപിയുമായ ഈ സൂക്ഷ്മപ്രപഞ്ചത്തിന്റെ സ്ഥൂലഭാവത്തെ പല പണ്ഡിതരും പലതായി കാണുന്നതുപോലെ പ്രപഞ്ചകർത്താവായ ദൈവത്തെയും പലരും പലതായി കാണുന്നു എന്നേ നാം ചിന്തിക്കേണ്ടതുള്ളൂ. ഇന്നു നമുക്ക് നമ്മുടെ ഈ ലോകത്തെ ഏതാണ്ടൊന്ന് നോക്കിക്കാണാനാകുന്നുണ്ട്. ടിവിയും ചിത്രങ്ങളും നമ്മെ അതിനു സഹായിക്കുന്നുണ്ട്. എന്നാൽ ഇതൊന്നും ഇല്ലാത്ത കാലത്തും മനുഷ്യൻ ഈ പ്രപഞ്ചത്തെ സാകല്യമായും എന്നാൽ സൂക്ഷ്മമായും ദർശിച്ചവരായിരുന്നു.

'ഗഗനമെന്താരദ്ഭുതം, സമുദ്രമെന്തൊരത്ഭുതം,  
നിഖില ജീവജാല ജീവനെന്നതെന്തൊരത്ഭുതം,  
സകലതും രചിച്ചതോർക്കിൽ അഖില നാഥനായ  
നിന്റെ വൈഭവത്തെ, വാഴ്ത്തിടുന്നു ഞാൻ വിഭോ'

എന്നു പണ്ടുള്ളവർ പാടിയപ്പോൾ ഈ ആകാശവും സമുദ്രവും പ്രപഞ്ചം മുഴുവനും ഉള്ളിന്റെ ഉള്ളുകൊണ്ട് കണ്ടുതന്നെയാണ് വാഴ്ത്തിയത് എന്നു തീർച്ച. അവരുടെ മനസ്സ് അത്രയ്ക്ക് ശക്തവും ഏകാഗ്രവും തീക്ഷ്ണവുമായിരുന്നു. ദൈവികത്വം മാത്രം നിറച്ച ആ ശുദ്ധമനസ്സുകൊണ്ട് മനുഷ്യർതന്നെ ഈ പ്രപഞ്ചത്തിൽ പലതും പുനഃസൃഷ്ടിച്ചിട്ടുണ്ട്. അതേ, പുനഃസൃഷ്ടിമാത്രമാണ് ഈ ജഗത്തിൽ നടന്നിട്ടുള്ളത്, എല്ലാം അതിന്റ സൂക്ഷ്മഭാവത്തിൽ ഇവിടെതന്നെ ഉണ്ടായിരുന്നു. കുലാലൻ (മൺപാത്രനിർമ്മാതാവു) കളിമണ്ണുകൊണ്ട് ഫ്ളവർവോയ്സ് ഉണ്ടാക്കുന്നതുപോലെ മണ്ണാകുന്ന സത്തയിലേക്ക് ഫ്ളവർ വേയ്സ് ആകുന്ന കൽപ്പന ചേർക്കുക മാത്രമാണുണ്ടായിട്ടുള്ളത്. അതിനെ പ്രദർശിപ്പിച്ചു കാണിക്കാൻ വിസ്ഫോടവും പ്രകാശവും ഉണ്ടായി. ആദ്യം വചനം (ശബ്ദം) തന്നെയുണ്ടായതെന്നും ആ ശബ്ദത്തിനു ആദികാരണമായത് ആകാശം തന്നെയാണെന്നും, ഭാരതീയ ശബ്ദ-വ്യാകരണഗ്രന്ഥമായ "സിദ്ധാന്ത കൌമുദി" സൂചിപ്പിക്കുന്നുണ്ട്. (ശബ്ദ്ധികരണം ആകാശം ഇതി;) നാം ആദിയിൽ കേട്ട വചനം, അശരീരിയാണെന്നും നമുക്കറിയാം.

ഭാരതീയദർശനങ്ങൾക്ക് പതിനായിരക്കണക്കിനു നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. നമ്മുടെ വേദങ്ങളും വേദാന്തങ്ങളും (ഉപനിഷ

ത്തുകൾ) ഇപ്പോഴും വിദേശികൾ പഠിച്ചുകൊണ്ടിരിക്കുന്ന "ദൈവ കണികയെ" കുറിച്ചു അന്വേഷിക്കാൻ അവരെ പ്രേരിപ്പിച്ചതും ഈ ദർശനത്തിലെ സത്യാത്മകതകൊണ്ടാണ്.

'അപൗരുഷേയം ഇദം ജഗദ്' മനുഷ്യനാൽ സാദ്ധ്യമാകാത്തതിനെയാണ് നാം "അപൗരുഷേയം" എന്നു പറയുന്നത്. ആ അമാനുഷ ശക്തിയെയാണ് നാം ബ്രഹ്മം എന്നു പേരിട്ടത്. അല്ലാതെ, അത് ഒരു ഹിന്ദു ദൈവത്തെ പരിചയപ്പെടുത്താനായിരുന്നില്ല. ബൃഹത്വാദ് 'ബൃംഹണത്വാദാചബ്രഹ്മ' (ഏറ്റവും വലുതും എല്ലാ വലുതിനെയും ഉൾക്കൊള്ളുന്നതും) എന്നാണ് ബ്രഹ്മപദത്തിന് അർത്ഥം. ഇത്രയും വലിയ പ്രപഞ്ചത്തെ ഉൾക്കൊള്ളുന്ന പാത്രം തീർച്ചയായും അതേക്കാൾ വലുതായിരിക്കണം. എന്നാൽ താൻ സൃഷ്ടിച്ച എല്ലാത്തിന്റെയും എല്ലായിടത്തും പ്രത്യക്ഷപ്പെടാമെങ്കിൽ അണുവിൽ അണുവായി കഴിയാനും പറ്റണം. അങ്ങനെ അണുവിൽ അണുവായും മഹിമയിൽ മഹിമാവായും ഇരിക്കുന്നവൻ, എന്നേ ബ്രഹ്മപദത്തിന് അർത്ഥമുള്ളൂ.

രാത്രിയിൽ വഴിയോരത്ത് ചുരുണ്ടു കിടക്കുന്ന ഒരു കയറു കഷണത്തെ കണ്ട്, അത് പാമ്പാണെന്ന് തെറ്റിദ്ധരിച്ചു ഓടുന്നതു പോലെ, നാം പ്രപഞ്ചത്തിലെ ഓരോ വസ്തുവിനെയും, "അതാണ്, ഇതാണ്" എന്നൊക്കെ തെറ്റിദ്ധരിച്ചു ഓടി, പരസ്പരം കൂട്ടിമുട്ടി വീണു കൊണ്ടിരിക്കുകയാണ്. ഒരു ടോർച്ച് ലൈറ്റ് കൊണ്ടുവന്ന്, അതു പാമ്പല്ല, കയറാണ് എന്നു ബോദ്ധ്യം വരും വരെ, ഈ ഭയം ഉള്ളിൽ നിലനിൽക്കും എന്നുള്ളതും സത്യമല്ലോ?

അതുകൊണ്ട്, നാം കൽപ്പിച്ചെടുക്കുന്ന സത്യത്തെയും നമുക്ക് മൂന്നായി തരം തിരിക്കാം. പ്രാതിഭാസികം, വ്യാവഹാരികം, പാരമാർത്ഥികം, എന്നിങ്ങനെ. കയറിനെ കണ്ടു പാമ്പാണെന്നു തോന്നുന്നത് പ്രാതിഭാസികസത്യം. ആ തോന്നൽ മനസ്സിൽ കൊണ്ടുനടന്ന്, അതിന്റെ പേരിൽ വടിയും തടിയുമായി ഓടിനടക്കുന്നതും, അവസാനം ടോർച്ച് ലൈറ്റ് കത്തിച്ച് സത്യം ബോദ്ധ്യപ്പെടുംവരെയുള്ളതുമായ സത്യം, വ്യാവഹാരികസത്യം. പ്രകാശത്തിനു മുന്നിൽ ഇത് പാമ്പല്ല; കയറാണു എന്ന സത്യം തിരിച്ചറിയുന്ന അവസ്ഥയാണു പാരമാർത്ഥികസത്യം. ജഗത് മിഥ്യ എന്നു പറയുന്നത്, ജഗത്തിനെക്കുറിച്ചും, തത്സൃഷ്ടിയെക്കുറിച്ചും സമ്യക് ജ്ഞാനം ഇല്ലാത്ത അവസ്ഥയാണ്.





"പ്രപഞ്ചമേ നീ പല ദുഃഖജാലം
നിറഞ്ഞതാണെങ്കിലുമിത്രമാത്രം
ചേതോഹരക്കാഴ്ചകൾ നിങ്കലുള്ള
കാലത്ത് നിൻപേരിലെവൻ വെറുക്കും"?

എന്നു ജി ശങ്കരക്കുറുപ്പ് പാടിയപ്പോലെ, നാം ഈ പ്രപഞ്ചത്തിന്റെ രൂപത്തിലും നിറത്തിലും ലയിച്ചു സൃഷ്ടിവൈഭവത്തെ മറന്ന്, ഈ ചോതോഹാരിതയിൽ മുങ്ങി, സന്തോഷിച്ചു കൊണ്ടിരിക്കുകയാണ്. ഇതിൽ ഒരു പൂവുപോലും നമ്മുടെ കരംകൊണ്ട്, ഇത്ര പെർഫെക്ട് ആയിട്ടു സൃഷ്ടിക്കാനാകാത്ത നമുക്ക്, സമ്മതിക്കുകയോ തരമുള്ളൂ; അതേ, ഈ സൃഷ്ടി, അപൗരുഷേയം തന്നെ...

**ഡോ. സി.പി. രാജശേഖരൻ നായർ**
(*പരിസ്ഥിതി ദൈവശാസ്ത്രത്തിന് ഒരു സമകാലികഭാഷ്യം*,
ഓറിയെന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീസിയസ് സ്റ്റഡീസ്, കോട്ടയം, 2016)

# 08

## പ്രകൃതി ഭാരതീയ കാഴ്ചപ്പാടിൽ

പ്രാചീനഭാരതീയർക്ക് പ്രകൃതിയെക്കുറിച്ചോ പ്രപഞ്ചത്തെക്കുറിച്ചോ ഏകോപിതമായ ഒരു കാഴ്ചപ്പാടുണ്ടെന്നോ അത് ഒരു മതവിശ്വാസംപോലെ ജനങ്ങളെല്ലാം സ്വീകരിച്ചെന്നോ പറയാൻ പ്രയാസമാണ്.

ഓരോ കാലത്തും പലർക്കും പലതരം വീക്ഷണങ്ങൾ ഉണ്ടായിരുന്നിരിക്കാം. അതിലും വർണ്ണജാതി വ്യത്യാസങ്ങൾ നിർണ്ണായകമായിരിക്കാം. ഒരു കാലത്തും ജനങ്ങൾക്കിടയിൽ അഞ്ചോ പത്തോ ശതമാനത്തിൽ കവിഞ്ഞ് സാക്ഷരത്വമുണ്ടായിരുന്നില്ല. ആറു ദർശനങ്ങളും (ഷഡ്ദർശനങ്ങൾ) പുറമേ ജൈനരുടെയും ബൗദ്ധരുടെയും ഉപദേശങ്ങളും പല കാര്യത്തിലും വ്യത്യസ്തത പുലർത്തിയിരുന്നു. നൈകോ മുനിയർസ്യ വചഃ പ്രമാണം എന്ന് വ്യാസൻ തന്നെ മഹാഭാരതത്തിൽ പറയുന്നു. ഒരു മുനിയെ സർവ്വ സമ്മതനായി പ്രമാണീകരിച്ചുകൂടാ എന്നർത്ഥം. യാഗാദികളിലെ ജന്തുഹിംസ പ്രകൃതി ദ്രോഹമായിരുന്നതു കൊണ്ടു കൂടിയല്ലേ ശ്രീബുദ്ധൻ എതിർത്തത്? രാജാക്കന്മാരുടെ വിനോദങ്ങളിൽ ഒന്നായ മൃഗയാവിനോദം, നായാട്ട്, കാട്ടിൽ കയറിയുള്ള പ്രകൃതിവിരുദ്ധ പ്രവർത്തനത്തിന്റെ ഒന്നാന്തരം ഉദാഹരണമാണ്. ആദർശനായകരും അത് ചെയ്യുന്നു.





ഹാരപ്പൻ സംസ്കൃതിയുടെ ആശയലോകം ഇന്നും നമുക്കജ്ഞാതമാണ്. പ്രകൃതിയോട് ഒത്തുപോകുന്ന ഒരു വീക്ഷണമാണ് വേദസംഹിതകളിൽ കാണപ്പെടുന്നത്. ആദിത്യൻ, ഉഷസ്സ്, അഗ്നി, വരുണൻ തുടങ്ങിയ പ്രകൃതിശക്തികളെ ദേവതകളായി ആരാധിക്കുകയും സ്തുതിക്കുകയും നൈവേദ്യങ്ങൾകൊണ്ട് പ്രീതിപ്പെടുത്താൻ മോഹിക്കുകയും ചെയ്ത കാവ്യഭാവന ഭാരതത്തിലെ പ്രകൃതി സൗന്ദര്യത്തെ ആവോളം നുകർന്ന് അതിൽ ആകെ മുഴുകിക്കഴിഞ്ഞതാണ്. മരം വെട്ടുന്നതിനുമുമ്പ് അതിൽ വസിയ്ക്കുന്ന ജന്തുജാലങ്ങളോടും ആ മരത്തിനോടുതന്നെയും മാപ്പു ചോദിക്കണമെന്ന് ഒരാചാരമുണ്ടായിരുന്നതിന്റെ പിന്നിൽ വൃക്ഷങ്ങൾക്കും പക്ഷികൾക്കും ചെറുജീവികൾക്കുമൊക്കെ ജീവനുണ്ടെന്നും അവയ്ക്ക് സംരക്ഷണം നൽകേണ്ടത് മനുഷ്യന്റെ കർത്തവ്യമാണെന്നും ഉള്ള വിശ്വാസമല്ലേ കുടികൊള്ളുന്നത്? പ്രപഞ്ചത്തിന് ഒരാത്മാവുണ്ടെന്നും മനുഷ്യാത്മാവും പ്രപഞ്ചാത്മാവും തമ്മിലുള്ള ഐക്യമാണ് ജീവിതലക്ഷ്യമെന്നും തത്വചിന്തകന്മാർ കുറിക്കുന്നത് പ്രകൃതിയോടുള്ള പ്രണയത്തിനു പ്രത്യക്ഷോദാഹരണമാണ്.

പാശ്ചാത്യരാജ്യങ്ങളിൽ പ്രാചീന യവനർക്കിടയിൽ (സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ) പ്രകൃതിയെ മനസ്സിലാക്കാനും അനുരഞ്ജനഭാവത്തോടെ പെരുമാറാനുമുള്ള സന്നദ്ധതയാണ് കാണപ്പെടുന്നത്. മനുഷ്യബുദ്ധിയും യുക്തിയുമുപയോഗിച്ച് പ്രകൃതി രഹസ്യങ്ങളുടെ കലവറ തുറക്കാനുള്ള ശ്രമത്തിലും ശത്രുതയില്ല; ബഹുമാനദരങ്ങളേ ഉണ്ടായിരുന്നുള്ളൂ. ജൂതരുടെ യഹോവയെന്ന ദൈവം ഒരു കർക്കശക്കാരനായ സ്വേച്ഛാധിപതിയാണെങ്കിൽ ക്രൈസ്തവരുടെ യഹോവ കരുണാമയനാണ്. മനുഷ്യന്റെ സുഖത്തിനുവേണ്ടി ഏദൻ തോട്ടവും സഖിയായി ഒരു സ്ത്രീയും കല്പിച്ചു കൊടുത്ത ദൈവം മനുഷ്യ-പ്രകൃതി ബന്ധങ്ങളിൽ വിദ്വേഷം കാണിയ്ക്കുന്നില്ല.

> ശ്യാമപ്പൂമെത്ത, ചഞ്ചൽക്കുളുർ വിശറി, മണീകീർണ്ണമാം നീലമേലാ-
> പ്പോമൽത്തങ്കഗ്ഗുളോപ്പീ വക വിദവശതം ചേർന്ന കേളീഗൃഹം മേ
> പ്രേമത്താലേ സ്വയം തന്നരുളിയ പരമോദാര ശീലന്റെ മുമ്പിൽ
> ക്കാമത്താൽ കൊച്ചുകൈക്കുമ്പിളിതഹ മലർത്തുന്ന ഞാനെത്ര ദോഷൻ

എന്ന ശ്ലേകത്തിൽ വള്ളത്തോൾ ഈ വികാരമാണ് ഏറ്റുപാടു

ന്നത്.

പിന്നെ കുറേ നൂറ്റാണ്ടുകൾക്കുശേഷം പ്രകൃതിയിൽ ഉണ്ടാവുന്ന ആവിയും വൈദ്യുതിയും മറ്റും പ്രയോജനപ്പെടുത്തി യന്ത്രങ്ങളു ണ്ടാക്കാമെന്ന് കണ്ടുപിടിയ്ക്കപ്പെട്ടു. അതോടെ ഒരഹങ്കാരയുഗം തുടങ്ങി. പ്രകൃതിയെ കീഴടക്കലാണ് പുരോഗതി എന്നൊരു തെറ്റി ദ്ധാരണ ന്യൂട്ടൺ, ഐൻസ്റ്റീൻ തുടങ്ങിയ വലിയ ശാസ്ത്രജ്ഞർക്കി ല്ലെങ്കിലും അല്പന്മാർ പ്രചരിപ്പിച്ചു. പ്രകൃതിരഹസ്യങ്ങളുടെ കല വറ തുറന്ന് പ്രകൃതിശക്തികൾ ഉപയോഗപ്പെടുത്തുന്നത് എങ്ങനെ യാണ് പ്രകൃതിയെ കീഴടക്കലായി വ്യാഖ്യാനിക്കാവുന്നത് ? എങ്കിലും വിഡ്ഢിയായ പാശ്ചാത്യമനുഷ്യൻ ശാസ്ത്രത്തിന്റെ പേരു പറഞ്ഞ് അങ്ങനെ പ്രചരിപ്പിച്ചു. അതിലും വിഡ്ഢിയായ പൗരസ്ത്യ മനുഷ്യൻ തന്റെ പൂർവ്വികന്മാരുടെ വിവേകമെല്ലാം അടിയറവെച്ച് അടിമത്തം വരിച്ച് ആ തെറ്റിദ്ധാരണ ഏറ്റുവാങ്ങി.

അങ്ങനെയാണ് ചുറ്റുമുള്ള പച്ചപ്പെല്ലാം കരിച്ച്, മനോഹരോദ്യാ നങ്ങളെ മരുഭൂമികളാക്കി, നദികൾ വറ്റിച്ച്, മലകൾ നിരപ്പാക്കി, നാടു കൾ നഗരങ്ങളാക്കി, നഗരങ്ങളിലെല്ലാം വിഷപ്പുക നിറച്ച്, ഫലമൂ ലാദികൾ വിഷം കുത്തിവെച്ച് പഴുപ്പിച്ച്, കാലാവസ്ഥയെ മാറ്റി മറി ച്ച്, മനുഷ്യൻ ഭൂമിയെ നശിപ്പിയ്ക്കാൻ ഒരുങ്ങിയിരിയ്ക്കുന്നത്. പാശ്ചാത്യരും പൗരസ്ത്യരും ഒരുമിച്ച് ഈ ആത്മഹത്യാഘോഷ യാത്രയിൽ പങ്കെടുക്കുന്നു.

പൗരാണിക ഭാരതീയസാഹിത്യത്തിന്റെ ആസ്ഥാനകവിയായ കാളിദാസന്റെ അസുലഭകാവ്യമായ ശാകുന്തളത്തിൽ ഹൃദയ സ്പർശിയായ ഒരു സന്ദർഭം ഞാൻ ഓർമ്മിക്കുകയാണ്.

പാതും നഃ പ്രഥമാ വ്യവസ്യതി ജലം യുഷ്മാസ്വപീതേഷ്ം യാ
നാദത്തേ പ്രിയമണ്ഡനാപി ഭവതാം സ്നേഹേന യാ പല്ലവം
ആദ്യേവഃ കുസുമ പ്രസുതി സമയേ യസ്യാ ഭവത്യുത്സവഃ
സേയം യാതി ശകുന്തളാ പതിഗൃഹം സർവ്വൈരനുജ്ഞായതാം

(കാളിദാസ ശാകുന്തളം)

വെള്ളം മുമ്പു കുടിപ്പതിന്നു തുനിയാ നിങ്ങൾക്ക് നൽകാതെയാർ
നുള്ളാറില്ലണിവാൻ കൊതിയ്ക്കുകിലുമാർ, അമ്പാൽ ഭവല്പല്ലവും
നല്ലോരുത്സവമാർക്കു നിങ്ങടെ കടിഞ്ഞിൽപ്പും പിറപ്പേകുകി
ങ്ങെല്ലാവരുംവിട യാശ്ശകുന്തളയിതാ പോകുന്നു കാന്താലയേ

(ശാകുന്തളം തർജ്ജമ വള്ളത്തോൾ)





വൈരാഗ്യം വന്ന മഹർഷിയായ കണ്വനിൽ, താൻ എടുത്തുവ ളർത്തിയ ശകുന്തളയുടെ പേരിൽ പിതൃസ്നേഹം കൂടുകൂട്ടുന്നു. അദ്ദേഹം കാട്ടിൽ ആശ്രമം കെട്ടി പ്രകൃതിജീവിതം നയിക്കുകയാ ണ്. അതുപോലെ ജീവിക്കാൻ ആശ്രമത്തിലെ ശിഷ്യരെല്ലാം ശീലി ച്ചിരിക്കുന്നു. അവർക്ക് മാനുകളും വൃക്ഷങ്ങളും വള്ളികളും പൂക്ക ളുമെല്ലാം ഒരുപോലെ സഹോദരങ്ങളാണ്. എല്ലാവരും അന്യോന്യം സുഖദുഃഖങ്ങളിൽ പങ്കാളികളാവുന്നു. സംസാരശേഷിയില്ലാത്ത ആ ജീവികളെ മനസ്സിലാക്കുവാൻ കണ്വ മഹർഷിക്കുപോലും കഴിയും. അദ്ദേഹം അവരെ അഭിസംബോധന ചെയ്ത് സ്വാഭാവികമായി സല്ല പിക്കുന്നു. ഭർതൃഗൃഹത്തിലേക്ക് പോകുന്ന ശകുന്തളയ്ക്ക് വിട നൽകാൻ കണ്വൻ കാനനപ്രകൃതിയോട് അപേക്ഷിക്കുന്നതിൽ കവിക്കോ അനുവാചകർക്കോ അസ്വാഭാവികമായി ഒന്നും തോന്നു കയില്ല.

ശകുന്തള മാനോടൊത്തു വളർന്നു മന്മഥകഥാഗ്രന്ഥം ഗ്രഹിയ്ക്കാ ത്തവളാണെന്ന് കേരളവർമ്മയുടെ ശാകുന്തളം തർജ്ജമയിൽ കാണു ന്നത് ശരിയല്ല, മാനിന് മന്മഥബന്ധമുണ്ടല്ലോ, മൃഗശാബൈസ്സമം അതായത് മാൻ കുട്ടികളോട് തുല്യം എന്നാണ് കാളിദാസൻ എഴു തിയത്.

കണ്വമഹർഷിക്ക് ശകുന്തളയുടെ ചെടി നനയ്ക്കൽ എന്നാൽ വെള്ളം കുടിക്കാതെ നിൽക്കുന്ന ചെടികളെ വെള്ളം കുടിപ്പിയ്ക്ക ലാണ്. പൂപറിക്കൽ ചെടികളെ നുള്ളലാണ്. വസന്തം വരുമ്പോൾ ഉണ്ടാവുന്നത് വള്ളികളുടെ ആദ്യ പ്രസവമാണ്. വസന്തം എല്ലാ വർക്കും ഉത്സവമാണ്.

ഇങ്ങനെ ഒരു യാത്രാമൊഴി വർണ്ണിക്കുന്നതിലൂടെ കാളിദാസൻ സൃഷ്ടിച്ചിരിക്കുന്നത് സചേതനമായ മനുഷ്യരും പ്രകൃതിയും ഒരു മിച്ച് കൂടുന്ന സന്ദർഭമാണ്. പ്രാചീന ഭാരതത്തിൽ ഇത്തരം ആശ്ര മങ്ങൾക്ക്, ഇത്തരം കഥാപാത്രങ്ങൾക്ക്, സാധ്യതയുണ്ടായിരിക്ക ണം. അല്ലെങ്കിൽ സാധ്യതയുണ്ടാവണമെന്ന് കാളിദാസനെപ്പോലെ യുള്ള ചിലർ വിശ്വസിച്ചിരിക്കണം. ഒരുപാടാളുകൾ അതുപോലെ ചിന്തിച്ചിരിക്കണം. അതല്ലെങ്കിൽ സംസ്കൃതകാവ്യങ്ങളുടെ ആസ്വാ ദകർ നൂറ്റാണ്ടുകളായി ആ കാവ്യത്തെയും കവിയേയും ഹൃദയ ത്തിലേറ്റി പൂജിക്കാനിടയില്ലല്ലോ. മലയാളത്തിൽ എണ്ണിപ്പറയാവുന്ന 24 തർജ്ജമകൾ അതിനുണ്ടായി. ലോകസാഹിത്യത്തിൽ എവിടെ യെങ്കിലും പ്രകൃതിയെയും മനുഷ്യനേയും ഇങ്ങനെ ഒരുമിപ്പിച്ചു കാണുന്ന ഒരു കൃതിയുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. ഉണ്ടെങ്കിലും ഇല്ലെങ്കിലും ഇത്തരം ഒരു കൃതിക്ക് ജന്മം നൽകുകയും അതു നഷ്ട

പ്പെടുത്താതെ കാത്തു സൂക്ഷിക്കുകയും ചെയ്ത ഭാരതീയർ അഭിനന്ദനമർഹിക്കുന്നു.

ആദികവിയായ വാല്മീകിയുടെ ആദികാവ്യം ഇണപ്പക്ഷികളിൽ ഒന്നിനെ ചിന്താശൂന്യനായ ഒരു കാട്ടാളൻ എയ്തു വീഴ്ത്തിയപ്പോൾ പൊടിഞ്ഞ കണ്ണീരിൽനിന്നാണ് ഉരുത്തിരിഞ്ഞതെന്നാണ് ഈ നാട്ടിലെ വിശ്വാസം. അതുകൊണ്ടാണ് ആദികാവ്യത്തിൽ കാടും പ്രകൃതിയും നിറഞ്ഞുനിൽക്കുന്നത്. സീതയെ ഭൂമി കന്യകയായി കല്പിച്ച കവി പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ഈ ജൈവബന്ധമാണ് സാക്ഷാത്കരിക്കാൻ ആഗ്രഹിച്ചത്. അതു മനസ്സിലാക്കിത്തന്നെയാണ് അരവിന്ദൻ എന്ന സിനിമാക്കവി കാഞ്ചനസീതയിൽ കാറ്റിലൂടെ കഥ പറയുന്ന ഒരു കാടായി സീതയെ അവതരിപ്പിച്ചത്.

സീത ഒടുവിൽ രാജാവായ ശ്രീരാമന്റെയും പ്രജകളുടെയും പരീക്ഷണങ്ങൾക്ക് നിന്നുകൊടുക്കാതെ ഭൂമിദേവിയുടെ നീട്ടിയ കൈകളിലേയ്ക്ക് മടങ്ങിപ്പോയത്രേ. രാമന്റെ അന്ത്യവും സരയൂനദിയിലേയ്ക്ക് നടന്നുപോയി സ്വയം ഇല്ലാതായിട്ടാണെന്നാണ് കവി പറയുന്നത്. ശത്രുക്കളെക്കൊന്ന് ദിഗ്വിജയം സാധിച്ച് അശ്വമേധം കഴിച്ച പാണ്ഡവന്മാരും ഒറ്റയ്ക്കൊറ്റയ്ക്ക്, തിരിഞ്ഞു നോക്കാതെ, ഒരക്ഷരം മിണ്ടാതെ, ഹിമാലയത്തിലേയ്ക്ക് നടന്ന് കയറി പ്രകൃതിയിൽ ചെന്ന് ചേരുകയാണുണ്ടായത് എന്ന് വേദവേദാന്തവേദിയും മഹാഭാരതകർത്താവുമായ വ്യാസൻ ഉപന്യസിച്ചിരിക്കുന്നു. ഗോവർദ്ധനോദ്ധാരകനും ഗോകുലപാലകനും വൃന്ദാവനത്തിലെ രാസലീലാനായകനുമായ സാക്ഷാൽ ശ്രീകൃഷ്ണൻപോലും ഒടുവിൽ ഒരു കാട്ടാളന്റെ കണയേറ്റ് ആത്മസാക്ഷാത്ക്കാരം നേടിയെന്നാണ് വ്യാസൻ കല്പിച്ചത്. എന്തിനിങ്ങനെ ചെയ്തു? കുരുക്ഷേത്രത്തെ കുരുതിക്കളമാക്കിയ കള്ളകൃഷ്ണനോട് പ്രകൃതിയുടെ പ്രതികാരമായി അതിനെ വ്യാഖ്യാനിച്ചുകൂടെ? പ്രകൃതിയുടെ പ്രതിപുരുഷനായി പ്രാകൃതനായ കാട്ടാളനെ സങ്കല്പിക്കാവുന്നതാണ്.

കേരളത്തിൽ ജനിച്ച് ഭാരതത്തിന്റെ ആചാര്യനായി വളർന്ന ആദിശങ്കരൻ കാൽനടയായി ആസേതുഹിമാചലം സഞ്ചരിച്ചെന്നാണ് കഥ. അദ്ദേഹത്തിന്റെ പേരിൽ ഒരു ക്ഷേത്രം കാശ്മീരിലെ ശ്രീനഗറിൽ ഞാൻ കണ്ടിട്ടുണ്ട്. മറ്റൊന്ന് ബദരീനാഥിലും. കാഞ്ചിയിലും മൂകാംബികയിലും ഉണ്ടത്രേ. അതെല്ലാം ആദിശങ്കരന്റെ സൃഷ്ടിയാവണമെന്നില്ല. ആ പരമ്പരയിലെ ശങ്കരാചാര്യന്മാരിൽ ചിലരുടെ സൃഷ്ടിയാവണം. അതുപോലെ ആ പരമ്പരയിലെ ഒരു ശങ്കരാചാര്യനാവണം സൗന്ദര്യലഹരി എന്ന ദേവീകീർത്തനം രചിച്ചത്. പ്രപഞ്ചപ്രകൃതിയെ ദേവിയായി സങ്കല്പിച്ച് ആ സൗന്ദര്യലഹരി





യിൽ ആറാടുവാൻ ആരാധകരെ ക്ഷണിയ്ക്കുന്ന ഈ കാവ്യം ഭാരതത്തിന്റെ പ്രകൃതി സങ്കല്പത്തെ മുഴുക്കെ ആവിഷ്ക്കരിക്കുന്നു എന്ന് വിശ്വസിക്കുവാൻ ഞാനിഷ്ടപ്പെടുന്നു.

പ്രാചീന-മധ്യമ-കാലഘട്ടങ്ങളിൽ മനുഷ്യനും പ്രകൃതിയുമായി സംഘർഷമുണ്ടാകേണ്ട സാഹചര്യമുണ്ടായിരുന്നില്ല. ചിലപ്പോൾ അനുസരണയില്ലാത്തവനെങ്കിലും പ്രകൃതിയുടെ മകനായിത്തന്നെയാണ് യഹൂദ-ക്രൈസ്തവ - ഇസ്ലാമിക പ്രവാചകന്മാരും പാശ്ചാത്യപൗരസ്ത്യചിന്തകന്മാരും എല്ലാം മനുഷ്യനെ കണ്ടത്. സെമിറ്റിക് മതങ്ങളെപ്പോലെ സ്ഥാപകനും നിയതമായ മതഗ്രന്ഥങ്ങളും സംഘടനയുമായുള്ള ഒരു മതം ഭാരതത്തിൽ ഇല്ലായിരുന്നു. ഹിന്ദുമതം ആധുനികദിശയിൽ ബ്രിട്ടീഷുകാരുടെ സൃഷ്ടിയാണ്. എന്നാൽ സിന്ധുദേശ (ഹിന്ദുദേശ) നിവാസികൾക്ക് പൊതുവേ പ്രകൃതിയോട് എതിരിടേണ്ട പ്രവണതയുണ്ടായിരുന്നില്ല. കാടു വെട്ടിത്തെളിച്ച് നാടാക്കുന്നതും നാട്ടിൽ നഗരങ്ങൾ സ്ഥാപിക്കുന്നതും നദികളിലെ വെള്ളം തിരിച്ചുവിട്ട് കൃഷിയ്ക്കുപയോഗിക്കുന്നതും എല്ലാം പ്രകൃതിദത്തമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതായേ ഭാരതീയ ചിന്തകർ കണ്ടിരുന്നുള്ളൂ. എന്നാൽ പ്രകൃതിയിലെ പക്ഷിമൃഗാദികൾക്കും പർവ്വതങ്ങൾക്കും നദികൾക്കും എല്ലാം ജീവനുണ്ടെന്നും ലിംഗവ്യത്യാസമുണ്ടെന്നുംകൂടി അവർ ആരോപിച്ചു. ഹിമവാന്റെ പുത്രിയായാണല്ലോ പാർവ്വതിയെ സങ്കൽപ്പിച്ചത്. ഗംഗയും ദേവിയായി ആരാധിക്കപ്പെട്ടു.

അസ്ത്യുത്തരസ്യാം ദിശി ദേവതാത്മാ
ഹിമാലയോ നാമ നഗാധിരാജഃ

എന്ന രഘുവംശ കാവ്യാരംഭത്തിലുള്ള ശ്ലോകത്തിലൂടെ ഹിമവാനെ ദേവദാത്മാവും നഗാധിരാജനും ആയിട്ടാണ് കവി കാണുന്നത്.

ആധുനികദശയിൽ മാത്രമാണ് വ്യവസായവത്കരണത്തോടെ മനുഷ്യപ്രയത്നം പ്രകൃതിക്ക് പരിക്കേൽപ്പിക്കുന്നുവെന്നും ഇങ്ങനെ പോയാൽ പ്രകൃതിയും മനുഷ്യനും മാത്രമല്ല. പ്രപഞ്ചമാകെ നശിക്കുമെന്നുള്ള ചിന്തയുദിക്കുന്നത്. ശാസ്ത്രഗതിയിൽനിന്നുണ്ടായ ഈ ധാരണയ്ക്കുശേഷം പശ്ചാത്താപാർത്തനായ മനുഷ്യനെ പ്രകൃതിസംരക്ഷണത്തിലേക്ക് നയിക്കുന്നതും ശാസ്ത്രംതന്നെയാണ്. മനുഷ്യനു പ്രകൃതി നൽകിയിട്ടുള്ള ഏറ്റവും വലിയ അനുഗ്രഹം ബുദ്ധിയും ബുദ്ധികൊണ്ട് വളർത്തിയ ശാസ്ത്രവുമാണ്. സുനാമികളിൽക്കൂടി, ഭൂകമ്പങ്ങളിൽക്കൂടി, കാലാവസ്ഥാ വ്യതിയാനങ്ങ

ളിൽക്കൂടി പ്രകൃതി നൽകിയ താക്കീതുകൾ മതവിശ്വാസികളേയും സംഘടനകളേയും രാഷ്ട്രീയനേതാക്കളേയും കർഷകരേയും സ്വാധീനിച്ചു തുടങ്ങിയിരിക്കുന്നു. ഇപ്പോൾ അവരെല്ലാം തങ്ങളുടെ ഗ്രന്ഥങ്ങളിൽ പണ്ടേ കാണപ്പെട്ടിരുന്ന പരിസ്ഥിതിപ്രണയ സന്ദേശങ്ങൾ ചികഞ്ഞെടുത്ത് പ്രചരിപ്പിക്കുവാൻ ശ്രമിക്കുന്നത് ആശാവഹമാണ്. സമഗ്രമായ ഒരു സംഘടിതപ്രവർത്തനത്തിലൂടെ മാത്രമേ ഈ പ്രതിസന്ധി നീങ്ങാനിടയുള്ളൂ. എല്ലാ മതവിശ്വാസികളും പരസ്പരം കലഹിക്കുന്ന സങ്കുചിതവീക്ഷണങ്ങളാണ് ചരിത്രത്തിൽ കാണപ്പെടുന്നത്. അതുപോലെ എല്ലാ രാഷ്ട്രീയശക്തികളും അധികാരമത്സരങ്ങൾക്കിടയിൽ പ്രകൃതിനാശം വിസ്മരിച്ചുപോയിരുന്നു. ശാസ്ത്രത്തിന്റെ പുതിയ കണ്ടെത്തലുകൾ മതസംഘടനകളേയും രാഷ്ട്രീയസംഘടനകളേയും ഈ വഴിക്ക് നീങ്ങാൻ സഹായിക്കുമെങ്കിൽ മാത്രമേ മനുഷ്യവർഗ്ഗം രക്ഷപ്പെടുകയുള്ളൂ. അതുപോലെ മതവിശ്വാസവും ശാസ്ത്രവും അന്യോന്യവിരുദ്ധമാണെന്ന മധ്യകാലഘട്ടത്തിലെ ചിന്തയ്ക്ക് ഇന്ന് മാറ്റം വന്നിട്ടുണ്ട്. അടുത്ത കാലത്ത് ഒരു പാപ്പ (ജോൺ പോൾ രണ്ടാമൻ) കഴിഞ്ഞ നൂറ്റാണ്ടുകളിലെ തെറ്റുകൾക്ക് മാപ്പ് ചോദിക്കുകയും സർവ്വമതങ്ങളിലും സത്യമുണ്ടെന്ന് ആദ്യമായി അംഗീകരിക്കുകയും മതസംവാദത്തിനായി പ്രവർത്തിക്കുകയും ചെയ്തത് പ്രതീക്ഷയ്ക്ക് വഴി വയ്ക്കുന്നു. ആ പ്രവർത്തനത്തിലൂടെ അദ്ദേഹം യഥാർത്ഥത്തിൽ ദൈവപ്രതിനിധിയായി, മനുഷ്യരക്ഷകനായി, മാറുകയും ലോകത്തിന് വഴി കാണിക്കുകയുമാണ് ചെയ്തത്. ആ വെളിച്ചം കെടാതെ നിലനിർത്തുവാൻ അദ്ദേഹത്തിന്റെ പിൻഗാമികളും എല്ലാ മനുഷ്യരും ഒത്തൊരുമിച്ച് പരിശ്രമിക്കുകയാണ് വേണ്ടത്. ഇസ്ലാം, ഹിന്ദു സമൂഹങ്ങളും ആ മാതൃക പിന്തുടരും എന്നാശിക്കാം. അങ്ങനെ ശാസ്ത്രപുരോഗതികൊണ്ടുണ്ടായ കെടുതികൾക്ക് ശാസ്ത്രം തന്നെ പരിഹാരം വരുത്തേണ്ടിയിരിക്കുന്നു.

**ഡോ. എം.ജി.എസ്. നാരായണൻ**
(*പരിസ്ഥിതി ദൈവശാസ്ത്രത്തിന് ഒരു സമകാലികഭാഷ്യം*,
ഓറിയെന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീസിയസ് സ്റ്റഡീസ്, കോട്ടയം, 2016)



# 09

# പ്രകൃതിയും ആരോഗ്യവും ആയുർവേദത്തിന്റെ നിലപാടുകൾ

എന്താണ് പ്രകൃതി? നമ്മുടെ ചുറ്റുപാടും അതിലുള്ളതുമൊക്കെ പ്രകൃതിയാണെന്ന് പറയാം.

പ്രകൃതിയിൽ മണ്ണുണ്ട്; ജലമുണ്ട്; സസ്യവൈവിധ്യമുണ്ട്. ഒട്ടനവധി ജന്തുജാലങ്ങളുമുണ്ട്. കാറ്റും വെളിച്ചവും പ്രകൃതിയിൽ പരിലസിക്കുന്നു. ഋതുക്കൾ മാറി മാറി വരുമ്പോൾ കാലാവസ്ഥക്കും മാറ്റമായി. ഈ പ്രകൃതിയിലാണ് മനുഷ്യനും വസിക്കുന്നത്.

ഇങ്ങനെ നോക്കിയാൽ മനുഷ്യനും പ്രകൃതിയും രണ്ടല്ല; ഒന്നാണ്. പ്രകൃതിയുടെ ഭാഗമാണ് മനുഷ്യൻ.

മനുഷ്യന്റെ ആരോഗ്യസംരക്ഷണവുമായി ബന്ധപ്പെട്ട എല്ലാവശങ്ങളും കൈകാര്യം ചെയ്യുന്ന ഒരു ശാസ്ത്രശാഖയാണ് ആയുർവേദം. രോഗം വരാതിരിക്കുന്നതിനുള്ള നടപടികളേക്കുറിച്ചും (സ്വസ്ഥവൃത്തം), ഉണ്ടായ രോഗത്തെ എങ്ങനെ ചികിത്സിക്കണമെന്നതിനേക്കുറിച്ചും (ആതുരവൃത്തം) അത് പഠിപ്പിക്കുന്നു.

സ്വസ്ഥവൃത്തത്തിലും ആതുരവൃത്തത്തിലുമുള്ള നിഷ്ഠകൾ പ്രകൃതിയുമായി അഭേദ്യമാംവിധം വിളക്കിച്ചേർക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ആരോഗ്യം പ്രകൃതിയിൽ വേരൂന്നി നിൽക്കുന്ന ഒരു യാഥാർത്ഥ്യമാണെന്ന് പറയാം.

**സ്വസ്ഥവൃത്തം**

ഇത് ആയുർവേദചികിത്സാസമ്പ്രദായത്തിലെ ഒരു പ്രധാന വിഭാഗമാണ്. രോഗം ഉണ്ടാകാതിരിക്കാൻ എടുക്കേണ്ട നടപടിക്രമങ്ങളാണ് ഇവിടെ പ്രതിപാദ്യവിഷയം. ദിനചര്യയും ഋതുചര്യയും സ്വസ്ഥവൃത്തത്തിലെ മുഖ്യവിഷയങ്ങളാകുന്നു.

**ദിനചര്യ**

പ്രഭാതത്തിൽ എത്രമണിക്ക് നിദ്രവെടിഞ്ഞുണരണം? ദന്തധാവനത്തിനുപയോഗിക്കാവുന്ന സസ്യഔഷധികൾ ഏവയാണ്? നാവ് എപ്രകാരം വൃത്തിയാക്കാം? കുടിക്കാനുള്ള ജലം എങ്ങനെയുള്ളതായിരിക്കണം? എപ്രകാരമുള്ള ജലമാണ് വർജ്ജിക്കേണ്ടത്? സ്നാനം എങ്ങനെയായിരിക്കണം? കാറ്റ് കൊള്ളുന്നതുകൊണ്ടുള്ള പ്രയോജനം, ഏത് ദിശയിൽ വീശുന്ന കാറ്റ് ആരോഗ്യത്തിന് ഹാനികരമാകുന്നു, വെയിൽ കൊള്ളേണ്ടതിന്റെ ആവശ്യകത, ഭക്ഷണത്തിൽ ഉൾപ്പെടുത്തേണ്ട ആഹാരഘടകങ്ങൾ, ദിവസവും ഉപയോഗിക്കാവുന്നതും ഉപയോഗിക്കാൻ പാടില്ലാത്തതുമായ ആഹാര പദാർത്ഥങ്ങൾ ഇവയെല്ലാം ദിനചര്യയിൽ ചർച്ചചെയ്യപ്പെട്ടിട്ടുള്ള വിഷയങ്ങളാണ്. ദിനചര്യക്ക് പ്രകൃതിയിൽനിന്ന് വേറിട്ട് ഒരു അസ്തിത്വമില്ലതന്നെ.

**ഋതുചര്യ**

ശരീരത്തിൽ എണ്ണമറ്റ ജൈവപ്രവർത്തനങ്ങൾ വിശദീകരിക്കപ്പെടുന്നത് വാത-പിത്ത-കഫങ്ങൾ എന്ന മൂന്ന് സങ്കേതങ്ങൾ ഉപയോഗിച്ചാണ്. ഇവ ഡിഡക്ടീവ് ഭാഷയാണ്. പ്രത്യക്ഷാർത്ഥത്തിൽ വാതത്തെ ഗ്യാസ് ആയോ കഫത്തെ ചുമച്ചുതുപ്പുന്ന കഫമെന്നോ വിവരിക്കാനാവില്ല.

വാത-പിത്ത-കഫങ്ങളുടെ സന്തുലിതാവസ്ഥയെ ആയുർവേദം ഉത്തമ ആരോഗ്യത്തിന്റെ മാനദണ്ഡമായി കണക്കാക്കുന്നു. എന്നാൽ മാറിവരുന്ന ഋതുക്കൾ, ഈ സന്തുലിതാവസ്ഥയിൽ വ്യതിയാനം ഉണ്ടാക്കുകയും രോഗങ്ങൾ വന്നുപെടാനുള്ള വഴിയൊരുക്കുകയും ചെയ്യുന്നു. ഇവിടെയാണ് ഋതുചര്യയുടെ പ്രസക്തി. പ്രകൃതിയുടെ ഭാഗമായ കാലവസ്ഥാമാറ്റത്തിന്റെ പ്രതിഫലനങ്ങളെ, ശരീരത്തിൽ





നേരിടുന്നതിനുള്ള അനുശാസനങ്ങളാണ് ഋതുചര്യയുടെ ഉള്ളടക്കം.

ഓരോ ഋതുവിലും അനുശീലിക്കേണ്ട ഭക്ഷണക്രമം, കുടിവെള്ളം സംസ്കരിക്കേണ്ട രീതി, വ്യായാമം, വാസഗൃഹത്തിന്റെ ആന്തരിക നിർമ്മിതി ഇവയെല്ലാം ഋതുചര്യയാകുന്നു.

വമനം (ഛർദ്ദിപ്പിക്കൽ), വിരേചനം തുടങ്ങിയവ ഋതുജന്യ രോഗങ്ങളെ പ്രതിരോധിക്കാൻ കെല്പുള്ള ശുദ്ധികർമ്മങ്ങളാണ്.

**ആതുരവൃത്തം**

ആതുരവൃത്തം ഉണ്ടായ രോഗങ്ങൾക്കുള്ള ചികിത്സയെക്കുറിച്ചാണ്. ഏഴുവിധത്തിൽ രോഗങ്ങൾ ഉണ്ടാകുന്നതായി പറയുന്നു. ഇവയ്ക്കുള്ള ശാസ്ത്രീയമായ ചികിത്സയാണ് ആതുരവൃത്തത്തിന്റെ കാമ്പ്.

**ദ്രവ്യം**

ചികിത്സക്കായി ഉപയോഗിക്കുന്ന എല്ലാ പദാർത്ഥങ്ങളേയും ദ്രവ്യം എന്ന് പറയാം. വിവിധ ദ്രവ്യങ്ങൾ സംയോജിപ്പിച്ചും സംസ്കരിച്ചും ആണ് ഔഷധങ്ങൾ നിർമ്മിക്കുക.

പ്രകൃതിയിൽ ഉൾപ്പെട്ടിട്ടുള്ള സമസ്തവും ദ്രവ്യമായി ചികിത്സക്ക് ഉപയോഗപ്പെടുത്തുന്നു.

"ഇത്ഥം നാനൗഷധഭൂതം ജഗതി കിഞ്ചിൽ
ദ്രവ്യമസ്തി വിവിധാർത്ഥ പ്രയോഗവശാൽ

(അഷ്ടാംഗ സംഗ്രഹം)

ഈ ജഗത്തിൽ ഔഷധമല്ലാത്ത ഒരു വസ്തുവുമില്ലത്രേ! ഇതാണ് ആരോഗ്യവും പ്രകൃതിയും തമ്മിലുള്ള ബന്ധം. ആരോഗ്യം പുനസ്ഥാപിക്കുന്നതിനുള്ള ദ്രവ്യങ്ങളെല്ലാം പ്രകൃതിയുടെ ഭാഗം തന്നെയാണ്. അവ ഏതൊക്കെയാണെന്ന് നോക്കാം.

**സ്ഥാവരദ്രവ്യങ്ങൾ**

പ്രകൃതിയിൽ സ്ഥിരതയുള്ളതായി കാണപ്പെടുന്നവയാണ് ഇത്തരം ദ്രവ്യങ്ങൾ. ഇവയ്ക്ക് ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് നീങ്ങുവാൻ സാധിക്കുകയില്ല.

1. സസ്യങ്ങൾ

ആയുർവേദ ഔഷധങ്ങളുടെ സിംഹഭാഗവും സസ്യജന്യമാണ്.

ഉദാ- കൈഡര്യാദി കഷായം. ഇതിൽ കറിവേപ്പില, കടുക്കാ, ചുക്ക്, പടവലം എന്നീ മൂലികകൾ അടങ്ങിയിരിക്കുന്നു.

2. ധാതുക്കൾ

മണ്ണിൽ നിന്നും ഉദ്ഖനനം ചെയ്തു കിട്ടുന്നവയാണ് ധാതുക്കൾ. ചെമ്പ്, ഇരുമ്പ്, സ്വർണ്ണം എന്നിവയും മറ്റ് ലോഹസങ്കരങ്ങളും അതിൽപെടുന്നു. പ്രത്യേക രാസപ്രക്രിയകളിലൂടെ ഉൽപാദിപ്പിക്കുന്ന രാസയൗഗികങ്ങളും ഈ വിഭാഗത്തിൽപ്പെടുന്നു. ഉദാ- ഗന്ധകം, മെർക്കുറി തുടങ്ങിയവ.

**ജംഗമദ്രവ്യങ്ങൾ**

ചലിക്കാൻ കഴിവുള്ള ജന്തുജാലങ്ങളാണ് ഇവിടെ പ്രതിപാദ്യ വിഷയം. ജന്തുക്കളുടെ ശരീരഭാഗങ്ങൾ ഔഷധമായി ഉപയോഗിക്കാം. മൃഗങ്ങളുടെ കൊമ്പ്, കുളമ്പ്, പല്ല്, രോമം, പാൽ, പിത്താശയക്കല്ല്, മൂത്രം, ചാണകം, മുട്ടത്തോട്, പവിഴം, മൃഗംമത്സ്യാദികളുടെ കൊഴുപ്പ് എന്നിവയൊക്കെ ജംഗമദ്രവ്യങ്ങളാണ്. പ്രകൃതിയുടെ ദ്വിമുഖഭാവമാണ് സ്ഥാവര-ജംഗമദ്രവ്യങ്ങളിലൂടെ അവതരിപ്പിക്കപ്പെടുന്നത്.

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ലയം

“ഗുണാ: ദ്രവ്യേഷ്ഠ യേ ചോക്താസ്ത ഏവ തനു ദോഷയോഃ സ്ഥിതി വൃദ്ധി ക്ഷയാസ്തസ്മാത്തേഷാം ഹി ദ്രവ്യ ഹേതുകാ:” (അഷ്ടാംഗ സംഗ്രഹം)

സൂക്ഷ്മമായ തലത്തിൽ പരിശോധിച്ചാൽ, പ്രകൃതിയിലെ ദ്രവ്യങ്ങളിലും, മനുഷ്യശരീരത്തിലും ഒരേ ജൈവഘടകങ്ങൾ ആണുള്ളതെന്ന് കാണാം. അളവിലും അനുപാതത്തിലും വ്യത്യാസമുണ്ട് എന്ന് മാത്രം.

ജൈവഘടകങ്ങൾ സ്വാഭാവികനിലയിൽനിന്ന് കുറയുകയോ, വർദ്ധിക്കുകയോ ചെയ്യുമ്പോൾ രോഗമുണ്ടാകുന്നു. കൂടിയതിനെ കുറയ്ക്കുകയും, കുറഞ്ഞതിനെ നികത്തുകയും വേണം. (ഇത് ആയുർവേദ ചികിത്സയുടെ അടിസ്ഥാനതത്വങ്ങളിൽ ഒന്നായ ക്ഷ-വൃദ്ധിതത്വമാണ്)

**കാലവും ആരോഗ്യവും**

ഓരോ കാലാവസ്ഥയിലും ഔഷധസസ്യങ്ങളിലെ വീര്യത്തിന് ഏറ്റക്കുറച്ചിലുകൾ ഉണ്ടാകും. അതുകൊണ്ട് ഓരോ ഔഷധവും ഏതൊക്കെ കാലാവസ്ഥയിലാണ് പ്രകൃതിയിൽനിന്ന് ശേഖരിക്കേണ്ടത് എന്ന് നിർദ്ദേശമുണ്ട്. കാലം ശരീരത്തിൽ വരുത്തുന്ന മാറ്റങ്ങൾ ഋതുചര്യയിൽ നാം കാണുകയുണ്ടായി. പ്രകൃതി കാലത്തിലൂടെ, ആരോഗ്യത്തിൽ ഇടപെടുന്ന കാഴ്ച നോക്കുക!





**ദേശം (Terrain)**

ദേശം പ്രകൃതിയുടെ ഭാഗമാണല്ലോ. ആരോഗ്യമെന്ന വീക്ഷണകോണിൽ നോക്കിയാൽ ഭൂമിയെ മൂന്ന് ആയി തരംതിരിക്കാം. 1. ആനൂപദേശം 2. ജാംഗലദേശം 3. സാധാരണദേശം. ഈ ഗണന ചില രോഗങ്ങളുടെ ആവിർഭാവവുമായോ, അഭാവവുമായോ ഒക്കെ ബന്ധപ്പെട്ടുകിടക്കുന്നു.

**ആനൂപദേശം**

തഴച്ചുവളരുന്ന സസ്യലതാദികളും ധാരാളം ജലസ്രോതസ്സുകളുമുള്ള ദേശമാണിത്. ഇഴജന്തുക്കളും പക്ഷികളും ഇവിടെ ധാരാളമായി വളരുന്നു. ആനൂപദേശത്ത് വസിക്കുന്നവർക്ക് കഫ പ്രധാനമായ രോഗങ്ങൾ കൂടുതലുണ്ടാകാം.

**ജാംഗലദേശം**

സസ്യസമൃദ്ധി തീരെയില്ലാത്ത, ജലസാന്നിദ്ധ്യം വിരളമായ പ്രദേശമാണിത്. വളരെ ആഴത്തിൽ കിണർ കുഴിച്ചാൽ മാത്രമേ വെള്ളം കിട്ടുകയുള്ളൂ. മരുഭൂമികൾ ജാംഗലപ്രദേശമാണ്. എന്നാൽ ജാംഗലദേശവാസികളായ മനുഷ്യർ പൊതുവേ നല്ല രോഗപ്രതിരോധശേഷിയുള്ളവരും അരോഗ്യദൃഢഗാത്രരുമാണ്.

**സാധാരണദേശം**

മേൽപറഞ്ഞ രണ്ട് വിധ ദേശങ്ങളുടേയും ലക്ഷണങ്ങൾ ഇടകലർന്ന് വരുന്ന ഇടമാണ് സാധാരണദേശം.

ഓരോ ദേശത്തും വളരുന്ന ഔഷധസസ്യങ്ങൾക്ക്, വ്യത്യസ്തമായ വീര്യമായിരിക്കും ഉള്ളത്.

**ജനപദോദ്ധ്വംസം, പ്രകൃതിയുടെ തിരിച്ചടി**

ജനപദോദ്ധ്വംസം എന്ന വാക്ക് സൂചിപ്പിക്കുന്നത് ഒരു വലിയ സംഖ്യവരുന്ന ജനങ്ങളുടെ മൃത്യുവിനേയാണ്. പ്രകൃതി ദുരന്തങ്ങൾകൊണ്ടോ, രോഗങ്ങൾകൊണ്ടോ ഇത് സംഭവിക്കാം.

രാജാക്കന്മാർ (ഭരണാധികാരികൾ) നീതിയും നെറിയുമില്ലാത്തവരായി അധഃപതിക്കുമ്പോൾ, ജനപദോദ്ധ്വംസം ഉണ്ടാകുന്നതായി ആയുർവേദഗ്രന്ഥമായ ചരകസംഹിത സൂചിപ്പിക്കുന്നു.

ശാസ്ത്രീയമായി ചിന്തിച്ചാൽ ഈ സങ്കൽപം ശരിയാണെന്ന് കാണാം.

ഭൂമി, ജലം, വായു, കാലാവസ്ഥ എന്നിവ മലീമസമാകുകയും ദുഷിക്കുകയും ചെയ്യുന്നതാണ് ഇത്തരം ദുരന്തത്തിന് കാരണം.

തത്വദീക്ഷയില്ലാതെ സ്വാർത്ഥപൂർത്തിക്കായി പ്രകൃതിയെ ചൂഷണം ചെയ്യുകയും, മാലിന്യങ്ങൾ അവളുടെ മുഖത്തേക്ക് വലി ച്ചെറിയുകയും ചെയ്തുകൊണ്ടിരിക്കുകയാണ് നമ്മൾ. പ്രകൃതിയുടെ ചതുർമുഖങ്ങളെന്ന് വിശേഷിപ്പിക്കാവുന്ന മണ്ണ്, ജലം, വായു, കാലം എന്നിവ വികൃതമാകുകയും സുന്ദരശോഭയാർന്ന മുഖം വൈരുദ്ധ്യ മണിയുകയും ചെയ്യുന്നു. ഇവിടെ മഹാമാരികൾ പൊട്ടിപ്പുറപ്പെടു കയായി. അമർച്ചചെയ്തെന്നഭിമാനിച്ച രോഗങ്ങൾ പൂർവ്വാധികം ശക്തിയോടെ ഇന്ന് തിരിച്ചുവന്നുകൊണ്ടിരിക്കുന്നു.

ആഗോളതാപത്തിന്റെ ഫലമായി വെള്ളപ്പൊക്കവും, വരൾച്ചയു മുണ്ടാകുമെന്ന മുന്നറിയിപ്പ് നമ്മെ തിരിച്ചറിവുള്ളവരാക്കുന്നുണ്ടോ?

രണ്ടായിരത്തിൽപരം വർഷങ്ങൾക്കുമുമ്പ് കുറിക്കപ്പെട്ട ജനപ ദോദ്ധ്വംസമെന്ന വിപത്ത്, ഈ നൂറ്റാണ്ടിൽ താണ്ഡവമാടുമ്പോൾ, ആയുർവേദഗ്രന്ഥകാരനായ ചരകന്റെ ക്രാന്തദർശിതം എത്ര വലു താണെന്ന് കാണുക!

പ്രകൃതി വികൃതമാകാതെ നിൽക്കുമ്പോൾ മാത്രമാണ് ആഹാ രവും ഔഷധവും നമ്മുക്ക് ഉപകാരികളാകുന്നത്. പ്രകൃതി പിണ ങ്ങിയാൽ ആഹാരം വിഷമായും, ഔഷധം ഫലശൂന്യമായും മാറു മെന്നതിൽ സംശയം വേണ്ട.

**ഡോ. ആന്റണി ജോസ്**
*(പരിസ്ഥിതി ദൈവശാസ്ത്രത്തിന് ഒരു സമകാലികഭാഷ്യം,*
ഓറിയെന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീസിയസ് സ്റ്റഡീസ്, കോട്ടയം, 2016)



# 10

# പരിസ്ഥിതിദൈവശാസ്ത്രം: കത്തോലിക്കാസഭാപ്രബോധനങ്ങൾ

കത്തോലിക്കാസഭ നൂറ്റാണ്ടുകളായി പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ സജീവമാണ്. ദൈവ ത്തിന്റെ ആലയമായ ഭൂമി വളരെ സുന്ദരമാണ്. അത് മനുഷ്യരെ ദൈവത്തിലേക്ക് നയിക്കുന്നു. നമ്മുടെ ഭൂമി ഇന്ന് വളരെയേറെ വെല്ലുവിളികൾ നേരിടുന്നു. ഈ ഭൂമിയെ സംരക്ഷിക്കുവാൻ എല്ലാവർക്കും ഉത്തരവാ ദിത്വമുണ്ട്. ഇങ്ങനെ പരിസ്ഥിതിയെക്കുറിച്ചുള്ള ആഴ മേറിയ ദൈവശാസ്ത്രവും പ്രായോഗികകാര്യങ്ങളും കത്തോലിക്കാസഭ കാലാകാലങ്ങളിൽ സഭാപ്രബോ ധനങ്ങളിലൂടെ പകർന്നുതരുന്നു. പരിസ്ഥിതിയെക്കു റിച്ചുള്ള കത്തോലിക്കാസഭയുടെ ഉറവിടങ്ങൾ ദൈവ വചനത്തിലും സഭാപിതാക്കന്മാരുടെ പ്രബോധന ത്തിലും മാർപാപ്പാമാരുടെ പ്രസംഗങ്ങളിലും സഭാരേ ഖകളിലുംനിന്നുമാണ് ലഭിക്കുന്നത്. ഈ അധ്യായ ത്തിൽ പരിസ്ഥിതിയെക്കുറിച്ചുള്ള ദൈവശാസ്ത്രം സഭാപ്രബോധനങ്ങളിൽനിന്നും മനസ്സിലാക്കുകയാണ്.

**1. സഭാപ്രബോധനങ്ങൾ**

പ്രത്യക്ഷമായും പരോക്ഷമായും പ്രകൃതിയെ ക്കുറിച്ചുള്ള പരാമർശങ്ങൾ സഭാപ്രബോധനങ്ങളിൽ ഉണ്ട്. പ്രകൃതിയെക്കുറിച്ചുള്ള വിശദമായ ഒരു ചാക്രി കലേഖനം നല്കിയത് ഫ്രാൻസീസ് പാപ്പയാണ്.

*ലൗദാത്തൊ സി*യെക്കുറിച്ച് വിശദമായി കല്ലറങ്ങാട്ട് പിതാവ് ഈ പുസ്തകത്തിൽ ചർച്ച ചെയ്യുന്നുണ്ട്. പരിസ്ഥിതിയെക്കുറിച്ചുള്ള പ്രധാനരേഖകൾ താഴെപ്പറയുന്നവയാണ്.

1. രണ്ടാം വത്തിക്കാൻ കൗൺസിൽ, സഭ ആധുനികയുഗത്തിൽ (GS)
2. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം (CCC)
3. സഭയുടെ സാമൂഹികപ്രബോധനം (2010)
4. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ 1990 ലെ ലോകസമാധനദിനത്തിലെ സന്ദേശം
5. ബെനഡിക്ട് പതിനാറാമൻ, സത്യത്തിൽ സ്നേഹം (2009)
6. പച്ചയായ പുൽത്തകിടിയിലേക്ക് (KCBC, 2012)
7. ഫ്രാൻസീസ് പാപ്പാ, ലൗദാത്തൊ സി - അങ്ങേക്ക് സ്തുതി (LS, 2015)

മേൽപ്പറഞ്ഞ രേഖകളിലെ പ്രധാന ആശയങ്ങളാണ് ഇനി ചുരുക്കമായി ഇവിടെ രേഖപ്പെടുത്തുന്നത്.

**1. കത്തോലിക്കാസഭ പ്രകൃതിയെ നശിപ്പിക്കുന്നുവോ?**

അമേരിക്കൻ ചരിത്രകാരനായ ലിൻ വൈറ്റ് തന്റെ പുസ്തകത്തിലും ലേഖനത്തിലും അഭിപ്രായപ്പെടുകയുണ്ടായി, ബൈബിളും ക്രൈസ്തവപാരമ്പര്യങ്ങളുമാണ് പ്രകൃതിയെ നശിപ്പിക്കുന്നതിലെ പ്രധാനഘടകം എന്ന്. കത്തോലിക്കാസഭയുടെ മനുഷ്യകേന്ദ്രീകൃതവാദമാണ് ഭൂമിക്ക് വെല്ലുവിളിയായി നില്ക്കുന്നത്. ഒരുപക്ഷേ കത്തോലിക്കാസഭയുടെ പ്രകൃതിയെക്കുറിച്ചുള്ള പ്രബോധനം ശരിയായ ദിശയിൽ ലിൻ വൈറ്റ് മനസ്സിലാക്കി കാണുകയില്ല. കത്തോലിക്ക സഭയുടെ മനുഷ്യകേന്ദ്രീകൃതവാദം ഉപഭോഗവാദത്തിലധിഷ്ഠിതമല്ല. അത് പറയുന്നത് മനുഷ്യൻ ഭൂമിയുടെ കാര്യസ്ഥനാണ്, ഉത്തരവാദിത്വപൂർണ്ണമായി മാത്രമേ പ്രകൃതിയെ സംബന്ധിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുകയുള്ളൂ എന്നാണ്. സഭയുടെ പ്രബോധനങ്ങൾ എപ്പോഴും പ്രകൃതിയെ സംരക്ഷിക്കുന്നതിനാണ് പ്രാധാന്യം കൊടുത്തത്. ആധുനിക മനുഷ്യകേന്ദ്രീകൃതവാദവും കത്തോലിക്കാസഭയുടെ മനുഷ്യകേന്ദ്രീകൃത ദൈവശാസ്ത്രവും തമ്മിൽ വ്യത്യാസമുണ്ട്.

**2. പരിസ്ഥിതിദൈവശാസ്ത്രവും സാമൂഹ്യസിദ്ധാന്തവും**

പരിസ്ഥിതിദൈവശാസ്ത്രവും സാമൂഹ്യസിദ്ധാന്തത്തിൽ അധിഷ്ഠിതമാണ്. പൊതുനന്മ, സമ്പത്തിന്റെ സാർവ്വത്രികലക്ഷ്യം, പോഷ





ണതത്ത്വം, ഭാഗഭാഗിത്വം, ഐക്യദാർഢ്യം എന്നിവയാണ് സാമൂഹ്യസിദ്ധാന്തത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ. പരിസ്ഥിതിയെക്കുറിച്ചുള്ള രേഖകളിൽ ഈ ആശയങ്ങൾ ഉടനീളം നിഴലിക്കുന്നുണ്ട്. ഉദാഹരണമായി *അങ്ങേക്ക് സ്തുതി* എന്ന ചാക്രികലേഖനത്തിൽ ഫ്രാൻസിസ് പാപ്പാ പറയുന്നു: സത്യസന്ധമായ പരിസ്ഥിതിശാസ്ത്രസമീപനം എന്നുമെപ്പോഴും ഒരു സാമൂഹികസമീപനമാകണം. ഭൂമിയുടെ നിലവിളിയോടൊപ്പം ദരിദ്രരുടെ നിലവിളിയും കേൾക്കുന്നതാകണം (LS 49)

**3. മനുഷ്യനും പരിസ്ഥിതിയും: വിഷമസ്ഥിതികൾ**

മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തിലെ പ്രശ്നങ്ങളെക്കുറിച്ച് സഭാരേഖകൾ വിലയിരുത്തുന്നുണ്ട്. മനുഷ്യൻ പ്രകൃതിയെ കീഴടക്കുകയും ഭൂമിയെ ചൂഷണം ചെയ്യുകയും ചെയ്യുന്നു. മിക്കപ്പോഴും അക്രമപരമായ മാർഗ്ഗങ്ങളാണ് ഇതിനുവേണ്ടി ഉപയോഗിക്കുന്നത്. ജോൺ പോൾ രണ്ടാമൻ മാർപാപ്പ (1997) പറയുന്നു: സാങ്കേതികവിദ്യാപരമായ സംസ്കാരം നല്കുന്ന സുശക്തമായ രൂപാന്തരീകരണ മാർഗ്ഗങ്ങൾമൂലം മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള സംതുലിതാവസ്ഥ നിർണ്ണായകസ്ഥിതിയിൽ എത്തിച്ചേർന്നിരിക്കുന്നുവെന്ന് ചിലപ്പോൾ തോന്നുന്നു (CSDC 463). വ്യത്യസ്തമായ പ്രശ്നങ്ങളാണ് ഇന്ന് പ്രകൃതി നേരിടുന്നത്.

**4. ധാർമ്മികസമീപനം**

പ്രകൃതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നല്ല തീരുമാനമെടുക്കുവാൻ ക്രൈസ്തവധാർമ്മികത നമ്മെ സഹായിക്കും. ശരിയും തെറ്റും തീരുമാനിക്കേണ്ടത് വിശ്വാസത്തിന്റെയും പുണ്യങ്ങളുടെയും നീതിപൂർവ്വമായ നിയമങ്ങളുടെയും അടിസ്ഥാനത്തിലാണ്. പ്രകൃതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശരിയോ, തെറ്റോ എന്ന് തീരുമാനിക്കുന്നത് വിഷയം, മാർഗ്ഗം, ഉദ്ദേശം (Object, Means, Intention) എന്നീ ഘടകങ്ങളിൽനിന്നുമാണ്. ഇവ മൂന്നും നല്ലതായിരിക്കണം (CCC, 1755). കൂടാതെ ഉദ്ദേശ്യമോ, മാർഗ്ഗമോ നല്ലതായിരുന്നതുകൊണ്ട് പ്രകൃതിയെ നശിപ്പിക്കുന്ന തിന്മ പ്രവൃത്തിയെ ന്യായീകരിക്കുവാൻ സാധിക്കുകയില്ല (CCC, 1756). പ്രവൃത്തി അതിൽതന്നെ സംശുദ്ധമായിരിക്കണം. ചുരുക്കത്തിൽ പരിസ്ഥിതി ദൈവശാസ്ത്രം പറയുന്നത്, വിഷയം, മാർഗ്ഗം, ഉദ്ദേശം എന്നിവ സംശുദ്ധമായിരിക്കണമെന്നാണ്. മറ്റുള്ളവരോടു സഹകരിച്ചുകൊണ്ട് സമ്മതം കൊടുത്തും കൊടുക്കാതെയും പ്രകൃതിയെ ചൂഷണം ചെയ്യുന്നതു ഗൗരവമായ തിന്മയാണ്. എന്നാൽ ഇന്നത്തെ പല

ധാർമ്മികരീതികളും (ഉപഭോഗവാദം, സന്ദർഭവാദം, ലക്ഷ്യവാദം, ആനുപാതികവാദം) പ്രകൃതിയെ നശിപ്പിക്കുന്നവയാണ്.

**5. ലോകം ഒരു കുദാശ**

സഭ പറയുന്നത് ഭൂമി മുഴുവൻ ദൈവവരപ്രസാദത്താൽ നിറഞ്ഞിരിക്കുന്നുവെന്നാണ്. അത് അനുഗ്രഹിക്കപ്പെട്ടതാണ്. ദൈവത്തിന്റെ സമ്മാനമാണ്. ഭൂമി മനുഷ്യന്റെ ഭവനമാണ്. അതുകൊണ്ടാണ് സഭാപിതാവായ അപ്രേം പറഞ്ഞത് തിരുവചനത്തിൽ നിന്നും പ്രപഞ്ചത്തിൽ നിന്നും ദൈവിക വെളിപാട് മനസ്സിലാക്കാമെന്ന്. ഈ ലോകത്തിൽ ദൈവം പൂർണ്ണമായും സന്നിഹിതമാണ് (LS 234). ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ അഭിപ്രായത്തിൽ ദൈവരാജ്യവും ദൈവസ്നേഹവും പ്രകൃതിയിലുണ്ട്.

**6. ജീവനെ ബഹുമാനിക്കുക**

മനുഷ്യനെ ബഹുമാനിക്കുന്നതും പ്രകൃതിയെ ബഹുമാനിക്കുന്നതും തമ്മിൽ പരസ്പരബന്ധം ഉണ്ട്. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ (1990) അഭിപ്രായത്തിൽ മനുഷ്യൻ തന്റെ സ്നേഹം പ്രകൃതിയിലേക്ക് വ്യാപിപ്പിക്കണം. ഇന്നത്തെ മനുഷ്യൻ ചെറുജീവികളിൽ യാതൊരു ആന്തരികമൂല്യങ്ങളും കാണുന്നില്ല. മനുഷ്യജീവനിലും ഇവർ സവിശേഷമൂല്യങ്ങളൊന്നും കാണുന്നില്ല. കുടുംബത്തിൽ വെച്ചാണ് നമ്മൾ ആദ്യമായി ജീവനെ സ്നേഹിക്കുവാനും വസ്തുക്കൾ കൃത്യമായി ഉപയോഗിക്കുവാനും ശുചിത്വവും ചിട്ടയും ശീലിക്കുവാനും പ്രകൃതിയെ സ്നേഹിക്കുവാനും സൃഷ്ടവസ്തുക്കളെ കരുതലോടെ പാലിക്കുവാനും പഠിക്കുന്നത് (CSDC 39, LS 213), ഭ്രൂണഹത്യയെ ന്യായീകരിക്കുന്ന ഒരു പ്രകൃതി സംരക്ഷണം അതിനാൽതന്നെ ഗൗരവമായ തിന്മയാണ് (LS 120).

**7. പരിസ്ഥിതി: പൊതുനന്മ**

ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ (1990) വീക്ഷണം പൊതുനന്മയെ ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു പരിസ്ഥിതി സംരക്ഷണം വേണമെന്നതാണ്. മനുഷ്യവംശത്തിനു മുഴുവനുമായുള്ള ഉത്തരവാദിത്വമാണ് പരിസ്ഥിതി സംരക്ഷണം. സജീവവും നിർജ്ജീവവുമായ സത്തകളെ മനുഷ്യൻ സ്വന്തം ലാഭത്തിനുവേണ്ടി ഉപയോഗിക്കുന്നത് പൊതുനന്മയ്ക്ക് എതിരായ പ്രവൃത്തിയാണ് (CSDC 466, LS 34, LS136 158)

**8. സാഹോദര്യം**

പൊതുനന്മ സാഹോദര്യത്തിലധിഷ്ഠിതമാണ്. മനുഷ്യനും





ദൈവവും, മനുഷ്യനും പ്രകൃതിയും തമ്മിൽ അടിസ്ഥാനപരമായി ഒരു ഐക്യമുണ്ട് (CSDC 193). എല്ലാ വസ്തുക്കൾക്കും ഒരു സാർവ്വത്രികലക്ഷ്യമുണ്ട്. എല്ലാറ്റിനെയും ഉൾക്കൊണ്ടുകൊണ്ട് ഒരുമിച്ച് ചെന്നെത്തേണ്ട ലക്ഷ്യം സാഹോദര്യത്തിലധിഷ്ഠിതമാണ് (CSDC 194)

**9 പങ്കുവയ്ക്കലും പരിസ്ഥിതിയും**

എല്ലാവരും ദീർഘവീക്ഷണത്തോടെ വേണം ഭൂമിയിലെ വസ്തുക്കൾ ഉപയോഗിക്കാൻ. അവയെല്ലാം ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവയാണ്. (GS 69, 75). പ്രപഞ്ചവും അതിലെ സകലവസ്തുക്കളും ഓരോ വ്യക്തിയുടെയും സമൂഹത്തിന്റെയും ഉപയോഗത്തിനായി എല്ലാവർക്കും സംലഭ്യമാക്കണം (GS 69) വസ്തുക്കൾ പൂഴ്ത്തിവയ്ക്കുന്നത് അനീതിയാണ്. അത്യാഗ്രഹം സൃഷ്ടിയുടെ ക്രമത്തിനു വിരുദ്ധമാണ് (CSDC 481). ബെനഡിക്ട് പതിനാറാമൻ മാർപാപ്പ വിശദീകരിക്കുന്നത്, പ്രകൃതി എല്ലാവർക്കുമുള്ള സമ്മാനമാണെന്നാണ്. മറ്റ് മനുഷ്യരോടും വരാനിരിക്കുന്ന ജനതയോടുമുള്ള ഉത്തരവാദിത്വത്തോടെ വേണം അത് ഉപയോഗിക്കാൻ (സത്യത്തിൽ സ്നേഹം, 51)

**10. സുസ്ഥിരമായ വികസനം**

സുസ്ഥിരമായ വികസനം സമഗ്രമായ വികസനമാണ്. അത് ഭൗതികവസ്തുക്കളുടെ ആർജ്ജിക്കൽ മാത്രമല്ല. അതിന് ആധ്യാത്മികവും മാനസികവുമായ വശംകൂടിയുണ്ട്. സുസ്ഥിരമായ വികസനം സാമൂഹ്യ നീതിയിലധിഷ്ഠിതമാണ്. പരിസ്ഥിതിസംരക്ഷണത്തിന്റെ ഭാഗമായി വികസനം വളരെ ആവശ്യമുള്ള രാജ്യങ്ങളുടെമേൽ നിയന്ത്രണങ്ങൾ അടിച്ചേല്പിക്കുന്നത് അവരെ ശിക്ഷിക്കുന്നതിനു തുല്യമാണ് (LS 170) വികസനത്തിനുവേണ്ടി പ്രകൃതിവസ്തുക്കൾ അമിതമായി ഉപയോഗിക്കുന്നതും പ്രകൃതിക്ക് നാശം വരുത്തുന്നതും നാം ഗൗരവമായ ചർച്ച ചെയ്യണം.

**11. സൃഷ്ടവസ്തുക്കളുടെ ഉപയോഗവും ജനസംഖ്യാ വർദ്ധനവും**

സമ്പന്നരാജ്യങ്ങൾ അമിതമായി പ്രകൃതിവിഭവങ്ങൾ ഉപയോഗിക്കുന്നത് പ്രകൃതിയുടെ നാശത്തിന് ഹേതുവാകും. കൂടാതെ, ഇത് പാവപ്പെട്ടവന്റെ അവകാശം നിഷേധിക്കുകയുമാണ്. ദരിദ്രരാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സമ്പന്നരാജ്യങ്ങൾ ഇരുപത്തിയഞ്ച് ഇരട്ടിയിലധികമായാണ് പ്രകൃതിനിക്ഷേപങ്ങൾ ഉപയോഗിക്കുന്നത്. ലൗദാത്തോ സിയിൽ പറയുന്നത് ഭക്ഷണം പാഴാക്കി വലിച്ചെറിയുന്നത് ദരിദ്രന്റെ മേശയിൽനിന്നും മോഷ്ടി

ക്കുന്നതിന് തുല്യമാണ് എന്നാണ് (LS 50).

മറ്റൊരുകാര്യം വികസിത രാജ്യങ്ങൾ ശരിയായ രീതിയിലല്ല ജനപ്പെരുപ്പവും പ്രകൃതിവിഭവങ്ങളുടെ ഉപയോഗവും അവതരിപ്പിക്കുന്നത്. ജനസംഖ്യയുടെ കാര്യത്തിൽ ലോകത്തെ രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. ഇവിടെ 1 ച.കി. മീറ്ററിൽ 210 പേരാണ് താമസിക്കുന്നത്. എങ്കിൽ ഇറ്റലി, ഫ്രാൻസ്, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ ഇത് 310ന് മുകളിലാണ്. ഇങ്ങനെ നോക്കുമ്പോൾ ഇന്ത്യയിൽ തന്നെ എത്രയോ കോടി ജനങ്ങൾക്കു കൂടി ഇനിയും സുഖമായി താമസിക്കാനുള്ള സൗകര്യം ഉണ്ട്. അതുകൊണ്ട് പ്രകൃതിവിഭവങ്ങളുടെ ഉപയോഗം കുറയ്ക്കുവാൻ ജനപ്പെരുപ്പനിയന്ത്രണം ഒരു കാരണമായി എടുക്കുവാൻ കഴിയില്ല. കുഞ്ഞുങ്ങളുടെ എണ്ണം നിയന്ത്രിക്കാനുള്ള അവകാശം ദമ്പതികൾക്കാണ്; അത് രാജ്യത്തിനുള്ള അവകാശമല്ല. "മനുഷ്യജീവൻ" (No. 10) എന്ന ചാക്രികലേഖനത്തിൽ പോൾ ആറാമൻ മാർപാപ്പ (1968) പറയുന്നു; ശാരീരിക, മാനസിക, സാമ്പത്തിക, സാമൂഹിക അവസ്ഥയനുസരിച്ച് വേണം കുഞ്ഞുങ്ങളുടെ എണ്ണം കൂട്ടുകയോ അല്ലെങ്കിൽ ധാർമ്മികനിയമമനുസരിച്ച് കുറയ്ക്കുകയോ ചെയ്യുവാൻ.

**12. പൊതു ഉത്തരവാദിത്വം**

പരിസ്ഥിതിസംരക്ഷണം മനുഷ്യരാശിയുടെ പൊതു ഉത്തരവാദിത്വമാണ്. ഇത് പൊതുനന്മയെ ലക്ഷ്യമാക്കിയുള്ളതാണ് (CSDC 467). ഉദാഹരണമായി രണ്ട് രാജ്യങ്ങൾ തമ്മിലുള്ള യുദ്ധം മറ്റ് രാജ്യങ്ങൾക്കും, മനുഷ്യനും പ്രകൃതിക്കും നാശമാണ് വരുത്തുന്നത്. അതുകൊണ്ട് പ്രകൃതിസംരക്ഷണം നിയമപരമായി രൂപപ്പെടുത്തണം. അന്തർദേശീയ, ദേശീയതലങ്ങളിലും, പ്രാദേശികതലങ്ങളിലും, കുടുംബതലത്തിലും, വ്യക്തിതലത്തിലും ഇതിന് പദ്ധതികൾ തയ്യാറാക്കണം (LS 164, 176). വിശ്വാസവും മൂല്യബോധവുമുള്ള ഒരു വ്യക്തിക്കാണ് പ്രകൃതിയെ ബഹുമാനിക്കുന്ന ഒരു ജീവിതശൈലി സ്വീകരിക്കാൻ സാധിക്കുന്നത് (CSDC 4486, LS 203)

**13. പരസ്പരകരുതൽ – സ്നേഹസംസ്കാരം**

പരസ്പരകരുതലിന്റെ അല്ലെങ്കിൽ പരിഗണനയുടെ ഒരു ധാർമ്മികരീതി ഉണ്ടെങ്കിൽ മാത്രമേ ദരിദ്രന്റെയും ഭൂമിയുടെയും നിലവിളികൾ ഒരുപോലെ കേൾക്കുവാൻ സാധിക്കുകയുള്ളൂ. ഉപാധിയില്ലാത്ത സ്നേഹമുണ്ടെങ്കിൽ മാത്രമേ എല്ലാറ്റിനും കരുതൽ കൊടുക്കുവാൻ കഴിയുകയുള്ളൂ. പരിസ്ഥിതിസംരക്ഷണത്തിന് സ്നേഹസംസ്കാരമാണ് ഇന്നാവശ്യമായിരിക്കുന്നത് (LS 231)





**കേരള കത്തോലിക്കാസഭയും പരിസ്ഥിതി സംരക്ഷണവും**

കേരളത്തിലെ ക്രൈസ്തവ സഭ പരിസ്ഥിതിസംരക്ഷണത്തിന് പല പദ്ധതികൾ നടപ്പാക്കുന്നുണ്ട്. കേരള കത്തോലിക്കാ മെത്രാൻ സമിതി 2012ൽ പരിസ്ഥിതിയുടെ ദൈവശാസ്ത്രത്തെയും പ്രവർത്തന പദ്ധതിയെക്കുറിച്ചും "പച്ചയായ പുല്ത്തകിടിയിലേക്ക്" എന്ന രേഖ പുറപ്പെടുവിക്കുകയുണ്ടായി. ഹ്രസ്വമായ ഈ രേഖക്ക് രണ്ട് ഭാഗങ്ങളുണ്ട്. ഒന്നാമത്തെ ഭാഗത്ത് കാലത്തിന്റെ അടയാളങ്ങൾ, പരിസ്ഥിതിവിഷയത്തോടുള്ള സഭയുടെ പ്രതികരണം, രേഖയുടെ ലക്ഷ്യങ്ങൾ, ബൈബിളിന്റെ പ്രകൃതിവീക്ഷണം, പ്രപഞ്ചവീക്ഷണം സഭാപിതാക്കന്മാരിൽ, പരിസ്ഥിതിസംരക്ഷണവും ധാർമ്മികതയും, പരിസ്ഥിതി ആത്മീയത, പരിസ്ഥിതി മനോഭാവങ്ങൾ, നവീനമായ ജീവിതശൈലി എന്നിവയാണ് ഉള്ളടക്കം. രണ്ടാം ഭാഗത്ത് പരിസ്ഥിതി സംരക്ഷണത്തിനുള്ള സംസ്ഥാന, രൂപത, ഇടവക, കുടുംബതലങ്ങളിൽ പ്രായോഗികമായി ചെയ്യേണ്ട കാര്യങ്ങളാണ് പ്രതിപാദിക്കുന്നത്.

സീറോ മലബാർ സഭയും മലങ്കര സഭയും ലത്തീൻ സഭയും തങ്ങളുടെ സാമൂഹികക്ഷേമ പ്രസ്ഥാനങ്ങളിലൂടെ മാലിന്യനിർമ്മാർജ്ജനവും, കൃഷി, പരിസ്ഥിതിസംരക്ഷണവും പ്രോത്സാഹിപ്പിക്കുന്ന പഠന ശിബിരങ്ങളും നടത്തുന്നുണ്ട്.

**ഉപസംഹാരം**

കാലാകാലങ്ങളിൽ പ്രകൃതിയെക്കുറിച്ചുള്ള മനോഹരമായ ദർശനങ്ങളാണ് സഭ നല്കുന്നത്. പ്രകൃതിയെ സംരക്ഷിക്കുക എന്നതാണ് മനുഷ്യന്റെ ഉത്തരവാദിത്വം. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ, ഭൂമിയിൽ ദൈവത്തിന്റെ കാര്യസ്ഥനാണ്. വിശ്വാസത്തിന്റെയും മൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ വേണം പ്രകൃതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുക്കുവാൻ. ഈ രീതിയുടെ അന്തസത്ത ദൈവസ്നേഹമാണ്. ഇത് ഉൾക്കൊള്ളുന്ന വ്യക്തിക്ക് മാത്രമേ ദരിദ്രന്റെ നിലവിളിയും ഭൂമിയുടെ രോദനവും കേൾക്കാൻ കഴിയുകയുള്ളൂ. ചുരുക്കത്തിൽ പരിസ്ഥിതിസംരക്ഷണം എല്ലാവരുടെയും ഉത്തരവാദിത്വമാണെന്നാണ് സഭ പഠിപ്പിക്കുന്നത്.

**ഡോ. സ്കറിയാ കന്യാകോണിൽ**

(*പരിസ്ഥിതി ദൈവശാസ്ത്രത്തിന് ഒരു സമകാലികഭാഷ്യം*,
ഓറിയെന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീസിയസ് സ്റ്റഡീസ്, കോട്ടയം, 2016)

# 11

## പ്രപഞ്ചം ധാർമ്മിക മൽക്കളരിയോ?

ആധുനികശാസ്ത്രത്തിന് അടിത്തറ പാകുന്നതിൽ മുഖ്യപങ്കുവഹിച്ചശാസ്ത്രജ്ഞരിലൊരാളായ ഗലിലെയോ ഗലീലി 1615-ൽ എട്രൂസ്കൻ രാജ്ഞിയായിരുന്ന ക്രിസ്റ്റീനയ്ക്ക് എഴുതിയ കത്തിൽ സഭാപണ്ഡിതനായ തെർത്തുല്യനെ ഉദ്ധരിച്ചുകൊണ്ട് ഇങ്ങനെ എഴുതുന്നു. ദൈവം ആദ്യം പ്രപഞ്ചത്തിലൂടെയും പിന്നീട് വചനത്തിലൂടെയും നമുക്ക് വെളിപ്പെടുന്നു. പ്രപഞ്ചവിജ്ഞാനീയത്തിലെ ഏററവും വലിയ വിപ്ലവകാരിയായ നിക്കോളസ് കോപ്പർനിക്കസ് അൽപ്പം കൂടി കടത്തിപ്പറഞ്ഞു: പല ചിന്തകന്മാരും പ്രപഞ്ചത്തിന്റെ അനിതരസാധാരണമായ ഉൽകൃഷ്ടത കണ്ട് അതിനെ കാണപ്പെട്ട ദൈവം എന്നു വിളിച്ചു. ദൈവവചനത്തോടും ദൈവത്തോടുതന്നെയും തുലനം ചെയ്യപ്പെടുന്നതിലൂടെ പ്രപഞ്ചം പാവനമാകുന്നു.

### 1. ആശ്ചര്യഹേതുവായ പ്രപഞ്ചം

മനുഷ്യരാശിയുടെ ചരിത്രത്തിലിന്നേവരെ പ്രപഞ്ചത്തേപ്പോലെ മനുഷ്യയുക്തിയെ പ്രകോപിപ്പിച്ച ഒരു വസ്തുതയില്ല. നിഗൂഢതകളുടെ കലവറയായ പ്രപഞ്ചത്തിനു മുന്നിൽ നിർന്നിമേഷനായി, വിജൃംഭിതനായി കണ്ണുമിഴിച്ചുനിന്ന മനുഷ്യൻ, പക്ഷേ പൂർണമായും ആ സമസ്യക്കു മുന്നിൽ കീഴടങ്ങിയില്ല. തന്നാലാവുംവിധം അതിനെ വിശദീകരിക്കാൻ അവൻ ശ്രമിച്ചു. സങ്കീർണ്ണവും യുക്തിസഹവും ക്രമാനുഗതവുമായ വിശദീകരണങ്ങൾ ആദ്യം മിത്തുകളായി അവൻ രൂപപ്പെടുത്തി. മിത്ത് എന്നതിനെ കെട്ടുകഥയെന്നോ ഐതിഹ്യമെന്നോ ആക്ഷേപിച്ച് തള്ളിക്കളയാനാവില്ല. യുക്തിഭദ്രതയുടെയും ചിട്ടയുടെയും വലിയൊരംശം അതിലടങ്ങിയിട്ടുണ്ട്. വളരെ ലളിതമായി പ്പറഞ്ഞാൽ തൃപ്തി നൽകാത്ത വർത്തമാനവും പ്രതീക്ഷയ്ക്ക് വക നൽകാത്ത ഭാവിയും ചേർന്ന് സാധാരണഗതിയിൽ ഭൂതകാലത്തിൽ ആരോപിക്കുന്ന സർവ്വഗുണസമ്പന്നമായ, അതിഭാവുകത്വം കലർന്ന സ്ഥലകാല വൈചിത്ര്യങ്ങളാണ് മിത്തുകൾ. കൈവിട്ട പറുദീസകളും കൈയിലൊതുക്കേണ്ട സ്വർഗങ്ങളും യഥാക്രമം ഭൂതത്തിലും ഭാവിയിലും ആരോപിക്കപ്പെടുന്ന സ്ഥലകാലവൈചിത്ര്യങ്ങളാണ്. പരമാവധി യുക്തിസഹമായ വിശദീകരണങ്ങളും യുക്തി തോൽക്കുന്നിടത്ത് അതീന്ദ്രീയശക്തികളുടെ നാടകീയ ഇടപെടലുമാണ് മിത്തുകളിൽ നാം സാധാരണ കാണാറുള്ളത്.

### 2. മിത്തിൽ നിന്നും ശാസ്ത്രത്തിലേക്ക്

ഈ വിശദീകരണങ്ങളിൽനിന്ന് അതീന്ദ്രിയ, പ്രകൃത്യാതീത ശക്തികൾ കുടിയൊഴിയുമ്പോൾ മിത്തുകൾ ശാസ്ത്രത്തിന് വഴി മാറുന്നു. മിത്തോസിൽനിന്നും (Mythos) ലോഗോസിലേക്കുള്ള ഈ പരിവർത്തനത്തിലെ പ്രധാനഘടകം പ്രപഞ്ചത്തിന്റെ/ പ്രകൃതിയുടെ പ്രതിഭാസങ്ങൾക്ക് പൂർണ്ണമായും പ്രകൃതിദത്തമായ വിശദീകരണങ്ങൾ നൽകാനുള്ള ആത്മാർത്ഥമായ ശ്രമമാണ്. ഈ പരിവർത്തനം ചരിത്രത്തിൽ എന്നു സംഭവിച്ചു എന്നു ചോദിച്ചാൽ അതിന് കൃത്യമായ ഉത്തരമില്ല. ജർമ്മൻ ചിന്തകനായ കാൾ യാസ്പേഴ്സ് ഒരുപക്ഷേ, നമ്മെ സഹായിച്ചേക്കാം, അദ്ദേഹം തന്റെ The Origin and Goal of History എന്ന ഗ്രന്ഥത്തിൽ ചരിത്രത്തിന്റെ അച്ചുതണ്ടായി വർത്തിക്കുന്ന ഒരു കാലഘട്ടത്തെക്കുറിച്ച് പറയുന്നുണ്ട്. നാം സാധാരണ കരുതുന്നതുപോലെ അത്, ക്രിസ്തുവിന്റെ ജനനമല്ല. മറിച്ച്, ഏതാണ്ട് ബി.സി. 500 നോടടുത്ത (ഏതാണ്ട് ബി.സി. 800നും ബി.സി.200നും മദ്ധ്യേ) കാലഘട്ടമാണ്. സിന്ധുവിന്റെയും നൈലിന്റെയും ജോർദാന്റെയും ഹ്വയാങ് ഹോയുടെയും തീരങ്ങളിലും ഈജിയൻ, അയോണിയൻ കടലുകൾക്കിടയിലും സ്വതന്ത്രചിന്തയുടെ കാറ്റു വീശിയ കാലമാണത്. ചരിത്രം പൂണൂൽ ധരിച്ചതും യുക്തി മിത്തിനെ കിഴടക്കിയതും ഈ നവ പ്രൊമിത്തിയൻ കാലഘട്ടത്തിലാണ്. ഇടിമിന്നലുണ്ടായാൽ കാരണം തേടി ഇന്ദ്രന്റെ വജ്രായുധത്തിലേക്ക് പോകാതെ ദൃശ്യവും സ്പർശ

വേദ്യവുമായ കാരണങ്ങൾ തേടിയപ്പോൾ ശാസ്ത്രം[5] കണ്ണുതുറന്നു. ദൃശ്യവും സ്പർശവേദ്യവുമായ കാരണങ്ങൾ തേടിയവരെന്ന നിലയിൽ ആദ്യചിന്തകനായ താലസ് അടക്കമുള്ള ആദ്യകാലചിന്തകരെല്ലാം ഭൗതീക ജ്ഞാനികൾ (Physicists) എന്നാണറിയപ്പെട്ടത്. തന്നെ അതിശയിക്കുന്ന ഭീമാകരമായ പ്രപഞ്ചത്തെ അതിന്റെ നിയമങ്ങൾ മനസിലാക്കിക്കൊണ്ട് കീഴടക്കാനുള്ള മനുഷ്യന്റെ ശ്രമം അതോടെ ആരംഭിക്കുകയായി. പ്രകൃതിയുടെ നിയമങ്ങൾക്ക് കീഴടങ്ങരുതെന്ന നിശ്ചയദാർഢ്യം ഇതിന്റെ മറുവശമാണ്. അതായത് പ്രകൃതിയുടെ കാര്യകാരണബന്ധശൃംഖലയിൽനിന്നും വിടുതൽ നേടിക്കൊണ്ട് താൻ ആ ശൃംഖലയ്ക്കതീതനാണെന്ന് സ്ഥാപിക്കാനുള്ള ശ്രമം. ആ ശ്രമം അന്തിമമായി വിജയം കാണുന്നത് ഫ്രഞ്ച് ചിന്തകനായ ദെക്കാർത്തിലാണ്.

### 3. കീഴ്പ്പെടുത്തേണ്ട പ്രപഞ്ചം

ചിന്തിക്കുന്ന ഞാനും (Res Cogitans) ചിന്താവിഷയമായ പ്രപഞ്ചവും (Res Extensa) രണ്ട് വ്യത്യസ്ത സത്തകളാണെന്ന കാർത്തോഷ്യൻ ദർശനം പ്രകൃതിയെ കൂടുതൽ ഉൽസാഹത്തോടെ തന്റെ ചൊൽപ്പടിക്ക് നിർത്താൻ മനുഷ്യനെ ഉത്തേജിതനാക്കി. ദെക്കാർത്തിലൂടെ രൂപപ്പെട്ട യുക്തിപ്രാധാന്യവാദം (Rationalism) പിന്നീടങ്ങോട്ടുള്ള രണ്ട് നൂറ്റാണ്ടുകളെ കീഴടക്കുകയായിരുന്നു.അതിന് തടയെന്നോണം ബ്രിട്ടനിൽ അനുഭവപ്രാധാന്യവാദവും (Empiricism) വളർന്നു വന്നു. ഈ മൽപ്പിടുത്തത്തിനൊടുവിൽ സ്കോട്ടിഷ് ചിന്തകനായ ഡേവിഡ് ഹ്യൂമിന്റെ ഗില്ലറ്റിൽപ്പെട്ട് കരണകരചരണാദികളും തലയും ഛേദിക്കപ്പെട്ട തത്വശാസ്ത്രത്തിന്റെ വിലാപമാണ് ഇമ്മാനുവൽ കാന്റ് എന്ന തത്വചിന്തകനെ ഉണർത്തുന്നത്. ഹ്യൂം അവകാശപ്പെട്ട പാപ്പരത്തം യുക്തിക്കില്ല എന്നു സ്ഥാപിച്ചുകൊണ്ടും യുക്തി പ്രാധാന്യവാദികളുടെ ഉൻമാദം കലർന്ന അവകാശവാദങ്ങൾ യുക്തിയെ കെണിയിൽ വീഴ്ത്തുമെന്നു സ്ഥാപിച്ചുകൊണ്ടും അദ്ദേഹം വലിയൊരു കോപ്പർനിക്കൻ വിപ്ലവം തന്നെ തത്വശാസ്ത്രത്തിന്റെ ചരിത്രത്തിൽ നടത്തി. ക്വോനിഗ്സ്ബർഗിലെ ശാന്തനായ ഈ മാന്ത്രികചിന്തകൻ യുക്തിയുടെ അവകാശവാദങ്ങളെ അങ്ങനെ മിതപ്പെടുത്തി. പ്രപഞ്ചം പൂർണ്ണമായും യുക്തിക്കു കീഴടങ്ങുന്നില്ലെന്നും യാഥാർത്ഥ്യത്തിന്റെ ഇരുണ്ട ചക്രവാളങ്ങളിലേക്കും ഇടുങ്ങിയ മൂലകളിലേക്കുമുള്ള പ്രവേശനടിക്കറ്റ് യുക്തിക്കില്ലെന്നും അദ്ദേഹം സ്ഥാപിച്ചു. അതേസമയം പ്രകൃതിയുടെ കാര്യകാരണ ശൃംഖലകൊണ്ട് ബന്ധനസ്ഥനല്ല യുക്തിയുള്ള മനുഷ്യൻ എന്ന് അദ്ദേഹം സ്ഥാപിക്കുകയും ചെയ്തു. സ്വാതന്ത്ര്യവും ഇച്ഛാശക്തിയും ചേർന്ന് സംസാരസാഗരത്തിൽനിന്ന് മനുഷ്യനെ





മുക്തനാക്കുന്നു എന്ന് കാന്റ് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നതോടെ യുക്തി വീണ്ടും പൊയ്ക്കാലിൽ കയറുകയാണ്. നക്ഷത്രവിഭൂഷിതയായ ആകാശം (നിഗൂഢപ്രപഞ്ചം) പുറത്തുനിന്നും എന്നെ അത്ഭുതപ്പെടുത്തുമ്പോൾ അതേ ഊക്കോടുകൂടി എന്റെ ഉള്ളിൽനിന്നും എന്നെ മഹാവിജൃംഭിതനാക്കാൻ പോന്ന ഒന്നുണ്ട്: ധാർമ്മികനിയമം! എന്റെ ഉള്ളിലെ ധാർമ്മികനിയമത്തിന്റെ സാന്നിദ്ധ്യം എനിക്കു നൽകുന്ന ലഹരിയും ഉൻമാദവും ഒന്നുവേറേതന്നെ. ലോകത്തെ അതിശയിക്കാനുള്ള മനുഷ്യന്റെ തുറുപ്പുചീട്ടാണിത്.

### 4. പ്രപഞ്ചം ധാർമ്മിക മൽക്കളരി

കാന്റ് നൽകിയ തുറുപ്പുചീട്ടുകൊണ്ട് പിന്നീട് കളം വാണവരാണ് ജർമ്മൻ കാൽപ്പനികവാദികൾ (Romanticists). ഫിക്റ്റേയും ഷെല്ലിംഗും ഹേഗലും കാൽപനികതയുടെ ചിറകിലേറി മാനംമുട്ടെ സഞ്ചരിച്ചു. യുക്തിയുടെ ശേഷിയെക്കുറിച്ച് കാന്റ് നൽകിയ മുന്നറിയിപ്പുകളൊന്നും ഗൗനിക്കാതെ യുക്തിയുടെ ശേഷിയിലുള്ള ശുഭാപ്തിവിശ്വാസത്തോടെ അവർ കാൽപനികലോകത്ത് മുന്നേറി. ലോകത്തെ/പ്രപഞ്ചത്തെ/പ്രകൃതിയെ തണുത്തുറഞ്ഞ യുക്തിയായി അവർ (പ്രത്യേകിച്ച് ഷെല്ലിംഗ്) കണ്ടു. ഉൺമയെ മുഴുവൻ യുക്തിയുടെ വരുതിയിൽ നിർത്തിക്കൊണ്ട്, പ്രപഞ്ചത്തെ യുക്തിയുടെ പരിണാമത്തിലെ ഒരു ഘട്ടമായി അവതരിപ്പിച്ചുകൊണ്ടാണവർ മുന്നേറിയത്. ഷെല്ലിംഗിന്റെ അഭിപ്രായത്തിൽ ഇച്ഛക്കുമേൽ ഘർഷണശക്തി പ്രയോഗിക്കുന്ന ഒരു സാന്നിധ്യമായി മാത്രമാണ് പ്രപഞ്ചം നിലനിൽക്കുന്നത്. ഘർഷണം ചെലുത്തുന്ന ഈ പ്രപഞ്ചത്തിന്റെ ഘർഷണത്തെ മറികടക്കാനുള്ള ശ്രമകരമായ ദൗത്യമാണ് യഥാർത്ഥ്യത്തിൽ ധാർമ്മികത. അതായത്, പ്രപഞ്ചം മുഴുവൻ മനുഷ്യന്റെ ധാർമ്മിക മൽക്കളരിയായി (Moral Gymnasium) മാറുന്നു. കഠിനപ്രയത്നത്തിലൂടെ കീഴ്പ്പെടുത്തേണ്ട പ്രലോഭവനസ്രോതസ്സായി പ്രപഞ്ചത്തെ കാണുന്നു എന്നതാണിതിന്റെ പ്രത്യേകത.

ചിന്തയുടെമേലോ ഇച്ഛയുടെമേലോ ഘർഷണം ചെലുത്തുന്ന വസ്തുവായി പ്രപഞ്ചത്തെ കാണുന്ന ഈ ദർശനം പ്രപഞ്ചദർശനങ്ങളിൽ കേവലം ഒന്നുമാത്രമാണ് എന്ന് പറഞ്ഞുകൊള്ളട്ടെ. പ്രപഞ്ചം ചെലുത്തുന്ന ഘർഷണങ്ങളിൽനിന്നും ഒഴിഞ്ഞുമാറരുത് എന്നും അവയ്ക്ക് വിധേയമായി/വഴങ്ങിക്കൊണ്ട് മനുഷ്യസൃഷ്ടിയായ ധാർമ്മികത ചെലുത്തുന്ന ഘർഷണത്തെ, മറുവശത്ത്, അതിജീവിച്ചുകൊണ്ട് തന്റെ സ്വത്വം കണ്ടെത്തണമെന്ന് വാദിക്കുന്നയാ

ളാണ് നീത്ഷേ. അതുകൊണ്ട് നീത്ഷേയുടെ ദർശനത്തിൽ ജൈവ ശക്തിയുടെ പ്രകടനം കീഴ്പ്പെടുത്താനുള്ള/ശക്തിക്കുവേണ്ടിയുള്ള ത്വരയാണ് (will to power). ഇവിടെ കീഴ്പ്പെടുത്തുന്നത് ഘർഷ ണഹേതുവായ പ്രപഞ്ചത്തെയല്ല, മറിച്ച് ഘർഷണത്തെ അതിജീ വിക്കാനാവശ്യപ്പെടുന്ന ധാർമ്മിക ഇച്ഛയെയാണ്.

**5. പ്രപഞ്ചത്തിലെ മനുഷ്യൻ** (Man and Nature Vs Man in Nature)

മേൽപറഞ്ഞവയിൽനിന്നെല്ലാം വ്യത്യസ്തമായി ആധുനിക പ്രപ ഞ്ചദർശനത്തിൽ ദാർശനികനായ മനുഷ്യനും ദർശനവസ്തുവായ പ്രപഞ്ചവും തമ്മിൽ വർഗീകരിക്കാനാവാത്തവിധം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഇങ്ങനെയൊരു പ്രപഞ്ചസങ്കൽപ്പത്തിന് ഭാഗി കമായെങ്കിലും ഹേതുവായത് ശാസ്ത്രരംഗത്തെ ചില വിപ്ലവങ്ങ ളാണ്. മനുഷ്യന്റെ അഹങ്കാരത്തിന് ആഘാതമേൽപ്പിച്ച ആ വിപ്ല വങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവ കോപ്പർനിക്കൻ, ഡാർവിനിയൻ വിപ്ലവങ്ങളായിരുന്നു. കോപ്പർനിക്കൻ വിപ്ലവത്തിലൂടെ താൻ പ്രപ ഞ്ചത്തിന്റെ കേന്ദ്രസ്ഥാനത്തല്ല നിൽക്കുന്നതെന്ന് അവൻ തിരിച്ചറി ഞ്ഞു. താൻമാത്രം മററു ജീവികളിൽനിന്നും വ്യത്യസ്തനായി ദൈവ ത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണ് എന്ന സങ്കൽപ്പം ഡാർവീനിയൻ വിപ്ലവത്തിലൂടെ തകരുന്നു. ഈ പ്രപഞ്ചത്തിലെ ശതകോടിക്കണക്കിന് ജീവജാലങ്ങളെ രൂപപ്പെടു ത്തിയ അന്ധമായ പരിണാമപ്രക്രിയയുടെ ഫലമായി രൂപം കൊണ്ട ഒരു ജന്തുജാതി മാത്രമാണ് മനുഷ്യൻ!

പക്ഷേ ഈ വിപ്ലവങ്ങളോടെല്ലാം പ്രതികാരബുദ്ധിയോടെയാണ് മനുഷ്യൻ പ്രതികരിച്ചത്. തന്നെ ചെറുതാക്കാൻ ശ്രമിച്ച അതേശാ സ്ത്രത്തെ ഉപയോഗിച്ച് അവൻ പ്രപഞ്ചത്തെ അറിവിലൂടെ കീഴ്പ്പെ ടുത്താൻ ശ്രമിക്കുന്നു. പ്രാചീനകാലത്ത് ജ്ഞാനം പുണ്യമാണ് (knowledge is virtue) എന്ന് പറഞ്ഞെങ്കിൽ ഇന്ന് ജ്ഞാനം ശക്തി യാണ് (knowledge is power).

സൂഷ്മതലത്തിലും സ്ഥൂലതലത്തിലും പ്രകൃതിയെക്കുറിച്ച് മനു ഷ്യൻ നേടുന്ന ജ്ഞാനം കീഴ്പ്പെടുത്താനോ കീഴടങ്ങാനോ അല്ല, മറിച്ച് കൂടുതൽ ഭാവാത്മകമായി പ്രകൃതിയുമായി സഹകരിക്കാൻ അവനെ പ്രാപ്തനാക്കണം.

**ഡോ. സൂരജ് പിട്ടാപ്പിള്ളിൽ**
*(പരിസ്ഥിതി ദൈവശാസ്ത്രത്തിന് ഒരു സമകാലികഭാഷ്യം,*
ഓറിയെന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീസിയസ് സ്റ്റഡീസ്, കോട്ടയം, 2016)



# 12

# പരിസ്ഥിതിവാദവും രാഷ്ട്രീയ ഇടപെടലുകളും

പരിസ്ഥിതിപ്രതിസന്ധികൾക്കു പ്രധാനകാരണമാ കുന്നത് രാഷ്ട്രീയ നയങ്ങളാകയാൽ പരിസ്ഥിതിയും രാഷ്ട്രീയവും തമ്മിലുള്ള അഭേദ്യബന്ധത്തെക്കുറിച്ച് ലോകം ഗൗരവമായി ചിന്തിച്ചുതുടങ്ങിയിട്ടുണ്ട്. രാഷ്ട്രീയ പരിസ്ഥിതിശാസ്ത്രം (Political ecology) എന്നൊരു ശാഖതന്നെ വികസിതരാജ്യങ്ങളിൽ രൂപം കൊണ്ടിട്ടുണ്ട്. പരിസ്ഥിതിമേഖലയിലെ ഉപഭോഗവ സ്തുക്കളുടെ അവകാശത്തിനായി അധിനിവേശബു ദ്ധിയോടെ മത്സരിക്കുന്ന രാഷ്ട്രങ്ങളുടെ നയങ്ങളും അവ തമ്മിലുള്ള സംഘർഷങ്ങളുമാണ് പരിസ്ഥിതി പ്രശ്നത്തിന്റെ അപരിഹാര്യതയുടെ മൂലകാരണം.

പരിസ്ഥിതിയുടെ രാഷ്ട്രീയപഠനത്തിൽ ശ്രദ്ധേയ മായ സംഭാവന നൽകുന്ന ഒരു ചിന്താസരണി മാർക്സിയൻ വിഭാഗമാണ്. സമ്പത്തും സ്വാധീനവു മുള്ള വരേണ്യബൂർഷ്വാവിഭാഗങ്ങൾ (വികസിതരാജ്യ ങ്ങൾ) വികസ്വരരാജ്യങ്ങൾക്കുമേൽ നയങ്ങൾ അടി ച്ചേൽപിക്കുന്നതാണ് പരിസ്ഥിതിനയങ്ങളുടെ പരാജ യകാരണമെന്ന പിയെർ ബ്ലെയ്കിയെപ്പോലുള്ള നെയോ മാർക്സിയൻ ചിന്തകരുടെ വാദത്തിൽ കഴ

മ്പുണ്ട്. നെയോമാർക്സിയൻ ചിന്തയോടൊപ്പം ഘടനാവാദവും (Structuralism) പാരിസ്ഥിതികരാഷ്ട്രീയത്തെ ഗൗരവമായി സമീപിക്കുന്നുണ്ട്. 1996ൽ പ്രസിദ്ധീകരിക്കപ്പെട്ട "വിമോചനപരിസ്ഥിതിശാസ്ത്രങ്ങൾ" എന്ന വിഖ്യാതഗ്രന്ഥം ഈ രംഗത്തെ ശ്രദ്ധേയമായ ചുവടുവയ്പായിരുന്നു. അന്താരാഷ്ട്ര നയരൂപീകരണസമിതികളിലൊന്നും പരിസ്ഥിതി വിഷയമാകാറില്ലെന്നും പരിസ്ഥിതി സമ്മേളനങ്ങളുടെ മാത്രം വിഷയമായി പരിസ്ഥിതിപ്രശ്നങ്ങൾ മാറുന്നതാണ് അടിസ്ഥാനവിഷയമെന്നും ഘടനാവാദം സമർത്ഥിക്കുന്നു. പരിസ്ഥിതിഗവേഷണങ്ങളെ രാഷ്ട്രീയനയങ്ങളുമായി ബന്ധിപ്പിക്കുകയും അവയ്ക്ക് അന്താരാഷ്ട്രതലത്തിൽ പ്രാധാന്യം നേടിയെടുക്കുകയും ചെയ്താലല്ലാതെ പാരിസ്ഥിതി പഠനഫലങ്ങൾ ഏട്ടിലെ പശുവായി അവശേഷിക്കുകയേയുള്ളൂ. പലപ്പോഴും പാരിസ്ഥിതികപ്രശ്നങ്ങളിലെ ഇടപെടലുകൾ ഗവൺമെന്റിതര ഏജൻസികൾ (NGO's) വഴി മാത്രം നടക്കുന്നതിനാൽ പരിസ്ഥിതികപ്രശ്നങ്ങളിലെ ഇടപെടലുകൾ സർക്കാർ വിരുദ്ധസമരങ്ങളായാണ് വിലയിരുത്തപ്പെടുന്നത്. കൂടംകുളം ആണവനിലയത്തിനെതിരായ സമരവും ആതിരപ്പള്ളി, വിഴിഞ്ഞം പദ്ധതികൾക്കെതിരായ സമരവും സർക്കാർ വിരുദ്ധസമരങ്ങളായാണ് വിലയിരുത്തപ്പെട്ടത്. നേപ്പാളിലെ മണ്ണൊലിപ്പിനെക്കുറിച്ചു ഗവേഷണം നടത്തുകയും പഠനറിപ്പോർട്ട് (Political Economy of Social Erosion) പ്രസിദ്ധീകരിക്കുകയും ചെയ്ത പിയർ ബ്ലെയ്കിയെ രാജ്യദ്രോഹിയായി ചിത്രീകരിച്ച് നാടുകടത്തിയത് ഇതിന്റെ സമകാലീക ഉദാഹരണമാണ്.

### രാഷ്ട്രീയ നയവൈകല്യങ്ങൾ

രാഷ്ട്രത്തിന്റെ പാരിസ്ഥിതിക ഇടപെടലുകൾ പലപ്പോഴും വസ്തുനിഷ്ഠം എന്നതിനേക്കാൾ വ്യക്തിനിഷ്ഠമാണ്. ഓരോ രാജ്യവും സ്വന്തം നയങ്ങൾക്കു വിഘാതമാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ തമസ്കരിക്കുന്ന പ്രവണത സജീവമാണ്. ശ്രീബുദ്ധന്റെ ഉപമയിലെന്നതുപോലെ അന്ധന്മാർ ആനയെ വർണ്ണിച്ച അവസ്ഥയിലാണ് വ്യത്യസ്തലോകനേതാക്കൾ പരിസ്ഥിതിപ്രതിസന്ധിയെ വിലയിരുത്തുന്നത്.

മനുഷ്യൻ വെട്ടുന്ന ഓരോ വഴിയും മൃഗങ്ങളുടെ സുഗമമായ സഞ്ചാരം തടയുമെന്ന് വിലപിക്കുന്നവൻ ഇന്ത്യാ - പാക് അതിർത്തിയിലെ ഇലക്ട്രിക് മുള്ളുവേലികൾ തടയുന്ന മൃഗാഗമനങ്ങളെക്കുറിച്ച ആലോചിക്കാറുണ്ടോ? ചൈനീസ് വൻമതിൽ തീർക്കുന്ന പാരിസ്ഥിതികതടസ്സങ്ങൾ എത്രവലുതാണ്? മെക്സിക്കൻ അതിർത്തിയിൽ അമേരിക്ക പണിയുന്ന മതിലുകളും തഥൈവ. ഓരോ രാജ്യാതിർത്തിയും മനുഷ്യന്റെ അധിനിവേശത്തിന്റെ സാക്ഷ്യമാണ്. വിസയും പാസ്പോർട്ടും വേണ്ടാത്ത ലോകം തറവാടാക്കിയ ജീവജാലങ്ങളുടെ സ്വാതന്ത്ര്യഹാനിയെക്കുറിച്ച് ആരെങ്കിലും അലോസരപ്പെടാറുണ്ടോ? രാഷ്ട്രീയത്തിനു മുന്നിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ അവഗണിക്കപ്പെടുമെന്നതിന് മറ്റു സാക്ഷ്യങ്ങൾ ആവശ്യമുണ്ടോ?

ലോകമൊട്ടാകെ വിവിധ രാജ്യങ്ങളുടെ അണ്വായുധശേഖരത്തിൽ രണ്ടുലക്ഷത്തിൽപരം ആണവായുധങ്ങൾ ലക്ഷ്യം കാത്തുവിശ്രമിക്കുന്നു. ഒരു അണുബോംബ് ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നം ഒരു ദേശത്തെ 4 തലമുറകൾക്കപ്പുറവും പിന്തടരുന്നു എന്ന് അനുഭവത്തിലൂടെ അറിഞ്ഞശേഷമാണ് ഈ ആയുധശേഖരമെന്നതോർക്കണം. ഓരോ രാജ്യവും നടത്തുന്ന അണുപരീക്ഷണങ്ങൾ പ്രജകളുടെ രാജ്യസ്നേഹമാപിനിയെ ഉച്ചസ്ഥായിലെത്തിക്കുന്നു. ഇനിയാരും അണുബോംബുണ്ടാക്കാതിരിക്കാൻ നിലവിൽ അണുബോംബുള്ള രാജ്യങ്ങൾ സംഘടനയും നിയമവ്യവസ്ഥയുമുണ്ടാക്കിയതിലെ വിരോധാഭാസമാണ് പരിസ്ഥിതിയും രാഷ്ട്രീയവും തമ്മിലുള്ള ബന്ധത്തിലെ വിരോധാഭാസം.

വികസിത രാഷ്ട്രങ്ങളിലെ ശീതീകരണ ഉപകരണങ്ങൾ നിർഗ്ഗമിപ്പിക്കുന്ന ക്ലോറോ ഫ്ളൂറോ കാർബണുകൾ ഓസോൺ പാളിയെ തകർക്കുന്നതായി കണ്ടെത്തിയപ്പോഴും വികസ്വരരാജ്യങ്ങളിലെ എയർ കണ്ടീഷണറും ഫ്രിഡ്ജും നിശ്ചലമാക്കാനാണ് വികസിത രാഷ്ട്രങ്ങൾ തത്രപ്പെട്ടത്. വികസിത രാഷ്ട്രങ്ങളിലെ ഇ-വെയ്സ്റ്റ് വികസ്വര രാഷ്ട്രങ്ങളുടെ സമുദ്രാതിർത്തിയിൽ നിക്ഷേപിച്ചു പ്രശ്നപരിഹാരം കണ്ടെത്തുന്നവരുടെ പരിസ്ഥിതിബോധം രാഷ്ട്രീയപ്രേരിതമല്ലെങ്കിൽ മറ്റെന്താണ്? ഫോസിൽ ഇന്ധനങ്ങളാണ് ഏറ്റവും വലിയ പാരിസ്ഥിതിക പ്രശ്നമെന്നറിയാമായിരുന്നിട്ടും ജൈവ - സൂര്യതാപ ഇന്ധനങ്ങളിൽ കാര്യമായ ഗവേഷണം നടക്കാതിരിക്കാൻ എണ്ണയുൽപാദക രാജ്യങ്ങൾ ജാഗ്രതപുലർത്തുന്നതിലും രാഷ്ട്രീയമാണ് അടിസ്ഥാനവിഷയം.

### രാഷ്ട്രീയപ്രേരിതമായ വർഗ്ഗീയാരോപണങ്ങളും പരിസ്ഥിതിവാദവും

1967ൽ ലിൻ വൈറ്റ് പ്രസിദ്ധീകരിച്ച "Historical Roots of Our Ecological Crisis" (Science, Vol. 155/3,p1203-1207) എന്ന ലേഖനം ആധുനിക പരിസ്ഥിതി പ്രശ്നത്തിന്റെ അടിസ്ഥാന കാരണം യഹൂദ - ക്രിസ്ത്യൻ മതവിശ്വാസങ്ങളിലെ തെറ്റായ പ്രകൃതി വീക്ഷണമാ

ണെന്നു സമർത്ഥിക്കുകയുണ്ടായി. മനുഷ്യമഹത്വത്തെ ഊന്നിപ്പറയാനുള്ള വ്യഗ്രതയിൽ പ്രപഞ്ചത്തിലെ ആവാസ വ്യവസ്ഥിതികളെ ക്രിസ്തുമതം വിസ്മരിച്ചു എന്ന ആക്ഷേപമാണ് അവർ ഉന്നയിക്കുന്നത്. ഇസ്ലാമിന്റെയും യഹൂദമതത്തിന്റെയും സൃഷ്ടിവിവരണം ക്രിസ്തുമതത്തിന്റേതുതന്നെയാണെങ്കിലും ദൈവകല്പനക്കു നൽകിയ വലിയ പ്രാധാന്യത്തിലൂടെ മനുഷ്യകേന്ദ്രീകൃതമായ പ്രപഞ്ചവീക്ഷണം എന്ന അപകടം പ്രസ്തുത മതങ്ങൾക്കു സംഭവിച്ചില്ല എന്ന് അവർ നിരീക്ഷിക്കുന്നു. നവോത്ഥാനത്തിലൂടെ ക്രിസ്തുമതം പൂർണ്ണമായും മനുഷ്യകേന്ദ്രീകൃതവും കടമകളേക്കാൾ അവകാശങ്ങളെ ഊന്നുന്നതുമായി മാറി എന്ന നിരീക്ഷണവും വസ്തുതാപരമായി ശരിയായിരിക്കാം. എന്നാൽ പരിസ്ഥിതിപ്രശ്നങ്ങളെ വർഗ്ഗീയവൽക്കരിച്ചു എന്നതിൽ കവിഞ്ഞ സംഭാവനയൊന്നും ലിൻവൈറ്റിന്റെ രചനക്കു നൽകാനായില്ല എന്നതാണു സത്യം.

മനുഷ്യേതര ജീവലോകത്തിന്റെ മഹത്വത്തെക്കുറിച്ച് ആദ്യകാല ക്രിസ്ത്യൻ രചയിതാക്കൾ കാര്യമാത്ര പ്രസക്തമായി സംസാരിച്ചിട്ടില്ല എന്നതിൽനിന്നും ക്രിസ്തുമതം പരിസ്ഥിതിവിരുദ്ധമാണെന്ന നിഗമനത്തിൽ എത്തിച്ചേർന്നു എന്നതിലാണ് ലിൻവൈറ്റിന്റെ യുക്തിഭംഗം. ആധുനിക ശാസ്ത്രത്തിന്റെ ആത്മാവ് ക്രിസ്ത്യൻ പ്രകൃതി വീക്ഷണത്തിനുമേൽ രൂപീകരിക്കപ്പെട്ടതാകയാൽ ശാസ്ത്രവും പ്രകൃതിയെ സംരക്ഷിക്കാൻ പര്യാപ്തമല്ല എന്ന വാദമാണ് വൈറ്റ് ഉന്നയിക്കുന്നത്. എന്നാൽ പ്രപഞ്ചസൃഷ്ടികളെ സഹോദരങ്ങളായി വ്യാഖ്യാനിച്ച ഫ്രാൻസിസ് അസ്സീസ്സിയും (1181 – 1226) ജയിംസ് നാഷും (Loving Nature : Ecological Integrity and Christain Responsibility) ക്രിസ്ത്യൻ ദൈവശാസ്ത്ര സരണിയിലുള്ളവർതന്നെയാണ്. ഹിന്ദുമതത്തിന്റെയും ബുദ്ധമതത്തിന്റെയും അഹിംസാവാദവും താവോയിസത്തിന്റെ പരിസ്ഥിതി ധർമ്മവും ക്രൈസ്തവ പ്രകൃതി വീക്ഷണത്തിൽനിന്ന് ഏറെയൊന്നും ഭിന്നമല്ല എന്ന തിരിച്ചറിവ് നമുക്ക് അനിവാര്യമാണ്.

ബൈബിൾദർശനം പരിസ്ഥിതി വിരുദ്ധമല്ല എന്നത് ആദ്യന്തമുള്ള വിവരണങ്ങളിലൂടെ ബൈബിൾതന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. മനുഷ്യനുവേണ്ടി പറുദീസാ നിർമ്മിച്ച ആദ്യ തോട്ടക്കാരനായാണ് ബൈബിൾ ദൈവത്തെക്കുറിച്ചു പറഞ്ഞു തുടങ്ങുന്നത്. സകലചരാചരങ്ങൾക്കും ജീവനേകി പരിസ്ഥിതിയുടെ സംതുലനം നടത്തുന്ന സ്രഷ്ടാവിന്റെ ചിത്രം വരച്ചുകൊണ്ടാണ് ദൈവവും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിന്റെ കഥ ബൈബിൾ ആരംഭിക്കുന്നത് (ഉൽപ 1:1–2:25) മഹാപ്രളയത്തിൽ നിന്നുള്ള രക്ഷാമാർഗ്ഗം





പറഞ്ഞുകൊടുക്കുമ്പോഴും സ്രഷ്ടാവിന് മനുഷ്യനെക്കുറിച്ചു മാത്രമല്ല പ്രാണനുള്ള സകലതിലെയും ആണിനെയും പെണ്ണിനെയും കുറിച്ചും വ്യഗ്രതയുണ്ടെന്ന് വ്യക്തമാണ് (ഉൽപ 6:19–20) ഭൂമിയും അതിലുള്ള സകലവും ദൈവത്തിന്റേതാകയാൽ, ഭൂമിയെ അനിയന്ത്രിതമായി ചൂഷണം ചെയ്യുന്നതു പാപമാണെന്നും ഭൂമിയെ എല്ലാ ഏഴാം വർഷവും തരിശിടേണ്ടതുണ്ടെന്നും ബൈബിൾ പഠിപ്പിച്ചുതരുന്നുണ്ട് (ലേവ്യ 25:3–5) ചെന്നായയും ആട്ടിൻകുട്ടിയും പശുക്കിടാവും പുള്ളിപ്പുലിയും തോളുരുമ്മി സ്നേഹിക്കുന്ന പ്രകൃതിയുടെ രമണീയ ചിത്രം വരച്ചുകൊണ്ടാണ് ബൈബിൾ ദൈവ രാജ്യത്തെക്കുറിച്ചു പഠിപ്പിക്കുന്നത് (ഏശ 11:6–9) ജീവജലമേകുന്ന സ്ഫടികംപോലെ ശുദ്ധമായ നദിയും അതിന്റെ കരയിൽ ആണ്ടുവട്ടം മുഴുവൻ കായ്ക്കുന്ന ജീവന്റെ വൃക്ഷത്തെയുംകുറിച്ച് സ്വപ്നം കണ്ടുകൊണ്ടാണ് ബൈബിൾ യുഗാന്ത്യദർശനം അവതരിപ്പിക്കുന്നത് (വെളി 22:1–2). തന്നെത്തന്നെ മുന്തിരിച്ചെടിയായും ജീവജാലമായും തന്റെ പിതാവിനെ തോട്ടക്കാരനായും ചിത്രീകരിക്കുമ്പോൾ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തെ ദൈവികതയുടെ അനന്തനീലിമയിലേക്ക് ഉയർത്താനാണ് ക്രിസ്തു ശ്രമിച്ചത്. സൃഷ്ടപ്രപഞ്ചമാകെ രക്ഷകന്റെ രണ്ടാംവരവിനുവേണ്ടി നെടുവീർപ്പോടെ കാത്തിരിക്കുകയാണെന്നും (റോമാ 8:22) ബൈബിൾ പഠിപ്പിക്കുന്നുണ്ട്. തന്മൂലം ബൈബിളിനെ പരിസ്ഥിതിവാദത്തിന്റെ ശത്രുവായി അവതരിപ്പിക്കുന്നവർക്ക് ഭീമാബദ്ധം പറ്റി എന്നു സമ്മതിക്കേണ്ടി വരും. ബൈബിൾ വീക്ഷണത്തിൽ പരിസ്ഥിതിയുടെ സംതുലനവും മനുഷ്യമഹത്വവും ഒരുപോലെ പരിരക്ഷിക്കപ്പെടേണ്ടതാണ്.

### പരിസ്ഥിതി മൗലികവാദം

മനുഷ്യന്റെ സ്വാർത്ഥനേട്ടങ്ങൾക്കുവേണ്ടി പ്രകൃതിയെ അന്യായമായി ചൂഷണം ചെയ്യുന്നതും മലിനമാക്കുന്നതും ചാവുദോഷപരമായ തിന്മകളാണ്. മലകൾ ഇടിച്ചുനിരപ്പാക്കി തണ്ണീർത്തടങ്ങൾ നികത്തുന്നതും പ്രാണവായുവും ജീവജലവും വിഷലിപ്തമാക്കുന്നതും അക്ഷന്തവ്യമായ അപരാധങ്ങൾതന്നെയാണ്. എന്നാൽ പ്രകൃതിക്കുവേണ്ടി മനുഷ്യമഹത്വം ബലികൊടുക്കുന്നതും അംഗീകരിക്കാനാവില്ല. മനുഷ്യനെ പ്രകൃതിയുടെ ശത്രുവായി കരുതുകയും മനുഷ്യനെ പ്രകൃതിയിൽനിന്നുതന്നെ നിഷ്കാസനം ചെയ്യേണ്ടതാണെന്ന ചിന്താഗതിയും അപകടകരമാണ്. ഇത് പരിസ്ഥിതി ഭീകരവാദമാണ്.

പരിസ്ഥിതി മൗലികാവാദം എന്നത് മറ്റേതൊരു മൗലികാവാദവുംപോലെ രണ്ടിലൊന്നിനേ സ്ഥാനമുള്ളൂ എന്ന അസഹിഷ്ണു

തയുടെ മനോഭാവമാണ്, വികസനമോ പരിസ്ഥിതിയോ, മനുഷ്യനോ പ്രകൃതിയോ തുടങ്ങിയ ദ്വന്ദ്വങ്ങളെ വൈരുധ്യാത്മകങ്ങളായി അവതരിപ്പിക്കുന്നു എന്നതാണ് പരിസ്ഥിതി ഭീകരവാദത്തിന്റെ കാതൽ. മനുഷ്യനും പ്രകൃതിക്കും പരസ്പരപൂരകങ്ങളായി സഹവർത്തിക്കാനാകും എന്ന സത്യം ഇവിടെ വിസ്മരിക്കപ്പെടുന്നു. പരിസ്ഥിതി ഭീകരവാദം ഗ്രീൻ പാർട്ടികളുടെ രൂപത്തിലും നാസിഗ്രൂപ്പുകളുടെ പിൻബലത്തിലും പാശ്ചാത്യനാടുകളിൽ പ്രബലപ്പെടുന്നുണ്ട് എന്ന സത്യത്തോടു ചേർത്തു വായിക്കുമ്പോൾ പരിസ്ഥിതി ഭീകരവാദം എന്നത് കേവലമൊരു സങ്കല്പമല്ല എന്നു വ്യക്തമാക്കും.

പരിസ്ഥിതി ഭീഷണികളെക്കുറിച്ച് ഊതിപ്പെരുപ്പിച്ച കഥകൾ മെനഞ്ഞ് മനുഷ്യകുലത്തെ ഭയത്തിന്റെ മുൾമുനയിൽ നിർത്തുക എന്നതാണ് പരിസ്ഥിതി മൗലികവാദത്തിന്റെ മറ്റൊരു പ്രത്യേകത. 1974ൽ ഷെറി റോളാന്റ്, മരീയോ മലീന എന്നീ കാലിഫോർണിയൻ ശാസ്ത്രജ്ഞർ കണ്ടെത്തിയ ഓസോൺ പാളിയിലെ വിള്ളൽ എന്ന പ്രതിഭാസത്തെക്കുറിച്ച് എത്രയോ നിറംപിടിപ്പിച്ച കഥകളാണുയർന്നു വന്നത്. ഓസോൺ പാളിയിലെ വിള്ളൽ പ്രതിവർഷം 10% വർദ്ധിക്കുമെന്നും രണ്ടായിരം ആണ്ടിലെത്തുമ്പോഴേക്കും ആഗോളതാപനം വർദ്ധിച്ച് ധ്രുവങ്ങളിലെ മഞ്ഞുരുകുമെന്നും തത്ഫലമായി ലോകരാജ്യങ്ങളിൽ മൂന്നിലൊന്ന് കടലിനടിയിലാകുമെന്നും പ്രവചിച്ചവരുണ്ട്.ക്ലോറോ - ഫ്ളൂറോ കാർബണുകളടങ്ങിയ ഗ്രീൻ ഹൗസ് വാതകങ്ങൾ ബഹിർഗ്ഗമിക്കുന്ന എ.സി.കളും റഫ്രിജറേറ്ററുകളും നിരോധിക്കുക എന്ന ഏകപരിഹാരമാർഗ്ഗമാണ് അവർ നിർദ്ദേശിച്ചത്. എന്നാൽ ഇക്കൂട്ടർ അവതരിപ്പിച്ച കണക്കുകൾ തെറ്റായിരുന്നുവെന്ന് കാലം തെളിയിച്ചു.

തങ്ങൾ എത്തിച്ചേർന്ന വികസിതമേഖലകളിൽ മറ്റാരും എത്തിച്ചേരാതിരിക്കാൻ പരിസ്ഥിതിവാദം ഉന്നയിക്കുന്നത് പരിസ്ഥിതി മൗലികവാദത്തിന്റെ മൂന്നാമത്തെ ലക്ഷണമാണ്. അമേരിക്കൻ വൈസ് പ്രസിഡന്റായിരുന്ന അൽഗോറിന്റെ കൽക്കരി പ്ലാന്റു നിരോധനനയത്തെ ഉദാഹരണമായി പരിശോധിക്കാം. ലോകമാസകലം പുതുതായി വൈദ്യുതിനിർമ്മാണ കൽക്കരിപ്ലാന്റുകൾ ആരംഭിക്കുന്നതു തടയണം എന്നതായിരുന്നു ഈ നയത്തിന്റെ കാതൽ. ഇന്ത്യയുടെ ആകെ വൈദ്യുതി ഉൽപാദനമായി ലക്ഷ്യമിട്ടിരിക്കുന്ന എട്ടു ലക്ഷം മെഗാവാട്ട് വൈദ്യുതിയിൽ അഞ്ച് ലക്ഷം മെഗാവാട്ടും കൽക്കരിയിൽനിന്ന് നിർമ്മിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത് എന്ന് ഓർമ്മിക്കണം. കാരണം ഇന്ത്യയിൽ ഏറ്റവും സുലഭമായ ഇന്ധനം കൽക്കരിയാണ്. 55 കോടി ഇന്ത്യക്കാർക്ക് സ്വന്തം





വീട്ടിൽ വൈദ്യുതി ലഭ്യമല്ല എന്നു കൂടി നാം ഓർമ്മിക്കണം. അമേരിക്കയിലെയും യൂറോപ്പിലെ പ്രമുഖരാജ്യങ്ങളിലെയും മൊത്തം ജനസംഖ്യയേക്കാളും അധികമാണ് ഇന്ത്യയിൽ വൈദ്യുതി ലഭ്യമല്ലാത്തവരുടെ സംഖ്യ എന്നു തിരിച്ചറിയുമ്പോഴാണ് കൽക്കരി വിരുദ്ധനയത്തിലെ വൈകല്യം തിരിച്ചറിയാനാകുന്നത്. ഇന്ത്യയുടെ പ്രതിശീർഷ കാർബൺബഹിഷ്കരണം (PCCE) 1.1 ടൺ മാത്രമാണ്. അമേരിക്കയിലാകട്ടെ അതു 185 ടണ്ണും ആഗോള ശരാശരി 5 ടണ്ണുമാണ്. എന്നിട്ടും പരിസ്ഥിതിസംരക്ഷണത്തിന്റെ ഭാരം ഇന്ത്യക്കാരൻ പേറണം എന്നു വാദിക്കുന്നത് പരിസ്ഥിതിഭീകരവാദമല്ലാതെ മറ്റെന്താണ്?

പരിസ്ഥിതിയിലെ രാഷ്ട്രീയം ഫലപ്രദമായി എപ്രകാരം ഉപയോഗിക്കാം എന്നു വ്യക്തമാക്കുന്നതായിരുന്നു ഗാഡ്ഗിൽ - കസ്തൂരിരംഗൻ റിപ്പോർട്ടിനോടനുബന്ധിച്ച് കേരളത്തിൽ അരങ്ങേറിയ സംഭവവികാസങ്ങൾ. പരിസ്ഥിതിമൗലികവാദം എന്ന ആശയത്തിലേക്കു വഴിതുറന്ന ഈ സംവാദങ്ങളുടെ അടിത്തറ അളക്കുന്നത് അർത്ഥപൂർണ്ണമാണ്.

**പശ്ചിമഘട്ട സംരക്ഷണവാദം പരിസ്ഥിതിമൗലികവാദദൃഷ്ടാന്തം**

കേരളത്തിൽ മലബാറിലേക്കും ഹൈറേഞ്ചിലേക്കും കുടിയേറിയ കർഷകനെ ഏറ്റവും വലിയ പരിസ്ഥിതിഘാതകരായി ചിത്രീകരിച്ചുകൊണ്ട് അവരുടെ അവകാശങ്ങൾ ഹനിക്കാനുള്ള ശ്രമങ്ങൾ കുടിയേറ്റത്തിന്റെ ആരംഭംമുതലേ ഉണ്ടായിരുന്നു. പ്രാദേശികകുടിയിറക്കുകളും പട്ടയപ്രശ്നവുമായി ഒതുങ്ങി നിന്നിരുന്ന അന്യായവിവേചനങ്ങൾ ഇപ്പോൾ പുതിയ മാനങ്ങൾ ആർജ്ജിച്ചിരിക്കുകയാണ്. 2010 മാർച്ച് 30ന് നിയമിക്കപ്പെട്ട പ്രൊഫ. മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെ റിപ്പോർട്ടും അതു നടപ്പിലാക്കാൻ ഹരിതട്രൈബ്യൂണൽ കാണിക്കുന്ന അമിതാവേശവും കാണുമ്പോൾ ഇവരെ ലിൻവൈറ്റിന്റെ "ആത്മാവു" ബാധിച്ചോ എന്നു സംശയിക്കാൻ ന്യായമുണ്ട്. മനുഷ്യമഹത്വം കുഴിച്ചുമൂടാതെ പരിസ്ഥിതിസംരക്ഷണം സാധ്യമാണ് എന്ന ബൈബിൾ നിലപാടിന് ഇന്ന് ഏറെ പ്രസക്തിയുണ്ട്. കടുവകളുടെയും പുള്ളിപ്പുലികളുടെയും സ്വൈര്യസഞ്ചാരത്തിനുവേണ്ടി അരനൂറ്റാണ്ടിലധികമായി അധ്വാനത്തിലൂടെ നാടിനെ ഹരിതാഭമണിയിച്ച കർഷകനെ പെരുവഴിയിലാക്കണമെന്ന നിർദ്ദേശം നൽകുന്നവർ മനുഷ്യമഹത്വം നിഷേധിക്കുന്ന പരിസ്ഥിതി ഭീകരവാദികളാണ്.

മഹാരാഷ്ട്രയിലെ തപി നദീതടം മുതൽ കന്യാകുമാരി വരെ1490 കി.മീ. നീണ്ടുകിടക്കുന്ന പശ്ചിമഘട്ടത്തോടനുബന്ധിച്ച് ജീവിക്കുന്ന

കോടാനുകോടി മനുഷ്യരുടെ ആശങ്കകളെ അവഗണിച്ചുകൊണ്ട് കടുവകളുടെയും സിംഹവാലന്റെയും മാത്രം സുസ്ഥിതി പരിഗണിക്കുന്നതിലാണ് അപകടമുള്ളത്. മനുഷ്യകുലത്തിന്റെ അന്നദാതാവായ കർഷകനെ പ്രകൃതിഘാതകനായും കാർഷികവൃത്തിയെ പ്രകൃതി നശീകരണ പ്രവൃത്തിയായും കരുതുന്നതിന്റെ ദൂരവ്യാപകമായ പ്രത്യാഘാതം ഗുരുതരമായിരിക്കില്ലേ? പശ്ചിമഘട്ടത്തിന് ലോകപരിസ്ഥിതിഭൂപടത്തിൽ പൈതൃകപദവി നേടിയെടുക്കാൻ ശ്രമിക്കുന്ന അഭിനവ പരിസ്ഥിതിവാദികളുടെ യഥാർത്ഥ ലക്ഷ്യമെന്താണ്? ധാതുക്കൾ, പാറ, മണൽ, വെട്ടുകല്ല് എന്നിവയുടെ ഖനനം വഴി പരിസ്ഥിതിയ്ക്കു ഭീമാഘാതം വരുത്തുന്ന വൻകിടക്കാരെ തൊടാതെ കർഷകർക്കുനേരേ പരിസ്ഥിതിവാദത്തിന്റെ കുന്തമുന തിരിക്കുന്നവരുടെ ആത്മാർത്ഥത ചോദ്യം ചെയ്യപ്പെടേണ്ടതല്ലേ? പശ്ചിമഘട്ടമലനിരകൾക്കു ചുറ്റും 10 കിലോമീറ്റർ ആകാശദൂരചുറ്റളവിൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് നിരോധനവും റോഡ്, റെയിൽ ഗതാഗതസൗകര്യങ്ങൾക്ക് ഘട്ടംഘട്ടമായുള്ള നിയന്ത്രണവും നിർദ്ദേശിക്കുന്നവർ മനുഷ്യമഹത്വം മനസ്സിലാക്കാത്ത പരിസ്ഥിതിവാദികളാണ്. ആലപ്പുഴ ഒഴികെ കേരളത്തിലെ എല്ലാ ജില്ലകളെയും പൂർണ്ണമായോ ഭാഗികമായോ നിർജ്ജനീകരിക്കാനുള്ള ഈ നിർദ്ദേശങ്ങൾ ആരുടെ ഇംഗിതപ്രകാരമാണ്? മലയോരകർഷകനെ നിയമവിലക്കുകൾകൊണ്ട് ശ്വാസംമുട്ടിച്ച് അതിജീവനം അസാധ്യമാക്കി അവനെ പലായനംചെയ്യാൻ നിർബന്ധിതനാക്കുന്നവയാണ് കമ്മീഷന്റെ നിർദ്ദേശങ്ങൾ.

വികസിതരാജ്യങ്ങൾ പുറംതള്ളുന്ന അനിയന്ത്രിതമായ കാർബൺമാലിന്യങ്ങൾ ഉളവാക്കുന്ന പരിസ്ഥിതിപ്രതിസന്ധി പരിഹരിക്കാൻ വികസ്വരരാജ്യങ്ങളിലെ വികസനം തടഞ്ഞ് അവിടങ്ങളിൽ കാടുവളർത്തുക എന്ന ലക്ഷ്യത്തോടെ “അന്താരാഷ്ട്ര കാർബൺ ഫണ്ട്” എന്ന പേരിൽ വലിയൊരു തുക വികസിതരാജ്യങ്ങൾ ശേഖരിച്ചിട്ടുണ്ട്. വികസ്വരരാജ്യങ്ങളിലെ പരിസ്ഥിതിവാദി സംഘടനകളിലൂടെ ചെലവഴിക്കപ്പെടുന്ന ഈ ഫണ്ട് ലക്ഷ്യമാക്കിയാണ് നാടുനീളെ പരിസ്ഥിതിസംഘടനകൾ രൂപംകൊള്ളുന്നത് എന്നത് പരസ്യമായ രഹസ്യമാണ്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടു നടപ്പിലാക്കാൻ അമിതാവേശത്തോടെ രംഗത്തുള്ള പല പരിസ്ഥിതി സംഘടനകൾക്കും സമാനമായ സാമ്പത്തികലക്ഷ്യങ്ങളുണ്ട്. കൊളോണിയലിസത്തിന്റെ പുതിയ വേഷങ്ങളിൽ പച്ചയ്ക്കുള്ള പ്രാധാന്യം കാണാതെ പോകരുത്. പലരുടെയും ഹരിതവാദത്തിനു പിൻബലം പച്ചനോട്ടുകളാണെന്ന നേര് നേരത്തേ അറിയാനോ നേരേചൊവ്വേ അറിയാനോ ഒരു മാധ്യമവും സഹായിക്കില്ല. തങ്ങൾക്കു പതിച്ചു കിട്ടിയ കൃഷി ഭൂമി ചോര നീരാക്കി നാണ്യവിളകളുടെ പച്ചപ്പട്ടുടുപ്പിച്ച കുടിയേറ്റ കർഷകർ കയ്യേറ്റക്കാരും വികസിതരാജ്യങ്ങളുടെ കള്ളപ്പണം ലാക്കാക്കി കുഴലൂതുന്നവർ സാംസ്കാരികനായകരുമായി എണ്ണപ്പെടുന്നതിലെ അന്യായം അക്ഷന്തവ്യമാണ്. ഗാഡ്ഗിൽ കമ്മീഷൻ ജനങ്ങളോടോ ജനപ്രതിനിധികളോടോ ചർച്ചചെയ്യാതെ വിദേശഫണ്ടിനായി കഴുകൻ കണ്ണുകളുമായി കാത്തിരിക്കുന്ന പരിസ്ഥിതിസംഘടനകളോടു മാത്രമാണ് കൂടിയാലോചിച്ചത് എന്നറിയുമ്പോഴാണ് ഇവരുടെ നിക്ഷിപ്തതാത്പര്യം മറനീക്കി പുറത്തുവരുന്നത്. പ്രത്യയശാസ്ത്രത്തിന്റെയും കൊടിയുടെയും നിറംനോക്കി അനിവാര്യവും സുതാര്യവുമായ വികസനപ്രവർത്തനങ്ങൾക്കുപോലും പരിസ്ഥിതിവാദത്തിന്റെ തടയണ തീർക്കുകയോ പച്ചക്കൊടി വീശുകയോ ചെയ്യുന്നവർ സ്വന്തമായി കൊടിയും പ്രത്യയശാസ്ത്രവുമില്ലാത്ത കർഷകനെതിരേ തിരിയുമ്പോൾ പീഡിതന്റെ പക്ഷം ഏതെന്നതിനെക്കുറിച്ച് സഭയ്ക്കു സന്ദേഹം പാടില്ല.

ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകളിലെ പല നിർദ്ദേശങ്ങളും ഇവിടെ ജീവിക്കുന്ന മനുഷ്യരെയും സംസ്ഥാനത്തിന്റെ പ്രത്യേകതകളെയും കണക്കിലെടുക്കാതെയുള്ളവയാണെന്ന് പറയാതെ തരമില്ല. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്നതിനുതകുന്ന ഫലപ്രദമായ ഒട്ടനവധി നിയമങ്ങളും പദ്ധതികളും കേരളത്തിൽ വർഷങ്ങളായി നിലവിലുണ്ട്. അവ കർശനമായി പാലിക്കപ്പെടുന്നുണ്ട്. അതുകൊണ്ടാണല്ലോ മറ്റു പല സംസ്ഥാനങ്ങളെയുംകാൾ കൂടുതൽ വനഭൂമി ഇവിടെയുള്ളതും വനഭൂമിയുടെ വിസ്തൃതി കൂടിക്കൊണ്ടിരിക്കുന്നതും. മണ്ണെടുപ്പ്, പാറപൊട്ടിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ പശ്ചിമഘട്ട മേഖലകളിൽ ഇപ്പോഴും തുടരുന്നുണ്ടെങ്കിലും അവ കർശനമായി നിയന്ത്രിക്കാവുന്നതാണ്. അതിനുവേണ്ട നിയമങ്ങളും ഇവിടെയുണ്ട്. തന്നെയുമല്ല, പശ്ചിമഘട്ടമേഖലകളിൽ കൃഷിചെയ്തു താമസിക്കുന്ന ജനവിഭാഗത്തിന് ഇത്തരം പ്രവർത്തനങ്ങളിൽ യാതൊരു പങ്കുമില്ല. അതിൽ സിംഹഭാഗവും റോഡ്, പാലം തുടങ്ങിയ വികസനപ്രവർത്തനങ്ങൾക്കും പട്ടണങ്ങളിലെ വൻകിട കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കുംവേണ്ടിയാണ്. അതുപോലെ, ഏതാണ്ട് അൻപതു വർഷങ്ങൾക്കുമുൻപുവരെ രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും ഉപയോഗം കർഷകർക്ക് അജ്ഞാതമായിരുന്നു. ഇതെല്ലാം കർഷകരുടെമേൽ അടിച്ചേല്പിച്ചത് സർക്കാരുകളും ഇവിടുത്തെ കൃഷിവിദഗ്ദരുമാണ്. അവ പരിമിതപ്പെടുത്തുന്നതിനും ഉപേക്ഷിക്കുന്നതിനും പുതിയനിയമങ്ങളുടെ ആവശ്യമി

ല്ല. പൂർണ്ണമായും ജൈവകൃഷിയിലേക്ക് തിരിയുമ്പോഴുണ്ടാകുന്ന ഉല്പാദനനഷ്ടം പരിഹരിക്കാൻ സാമ്പത്തിക സബ്സിഡിയും ബോധവല്ക്കരണവും ഉണ്ടായാൽ മാത്രം മതിയാകും.

ഇതരസംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി കേരളത്തിലെ കാർഷികമേഖലയുടെ സിംഹഭാഗവും മലയോരമേഖലകളിലാണ്. അവയെല്ലാം ജനനിബിഡമായ ആവാസകേന്ദ്രങ്ങളുമാണ്. ഈ നാട്ടിൽ ശുദ്ധജലവും ശുദ്ധവായുവും പച്ചപിടിച്ച കൃഷിത്തോട്ടങ്ങളും നിലനിർത്തുന്നത് ഈ പ്രദേശങ്ങളിലെ കർഷകജനതയാണ്. രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്ന സുഗന്ധവ്യഞ്ജനങ്ങളും സംസ്ഥാനത്തെ ജനങ്ങൾക്കുവേണ്ട ഭക്ഷ്യഉല്പന്നങ്ങളും കൃഷി ചെയ്തുണ്ടാക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്നതും ഈ മലയോരജനതയാണ്. അവരെ ഉന്മൂലനം ചെയ്യാനും വനമേഖലകളെല്ലാം സാമൂഹികവിരുദ്ധരുടെയും തീവ്രവാദികളുടെയും ഒളിസങ്കേതങ്ങളാക്കാനും മാത്രമേ ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ ഉപകരിക്കൂ. ഒരുകാലത്ത് ഇവിടെ സമൃദ്ധമായിരുന്ന നെൽകൃഷി അന്ന് പുരോഗമനപരമെന്ന് വിശേഷിപ്പിച്ച ചില നടപടികളിലൂടെ ഏതാണ്ടു തുടച്ചുനീക്കിയതുപോലെ, കൃഷിതന്നെ ഇവിടെ ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള ആരുടെയൊക്കെയോ ഗൂഢാലോചനയുടെ ഭാഗമായി ഈ റിപ്പോർട്ടുകളെ ജനം വ്യാഖ്യാനിക്കുന്നെങ്കിൽ അതിൽ തെറ്റു പറയാനാകുമോ? റിപ്പോർട്ടു തയ്യാറാക്കിയവർ ഇവിടുത്തെ സാഹചര്യങ്ങൾ വേണ്ടവിധം പഠിക്കുകയോ കർഷകരുടെ വികാരങ്ങൾ കണക്കിലെടുക്കുകയോ ചെയ്തിട്ടില്ല. പട്ടണങ്ങളിലെ ശീതീകരിച്ച മുറികളിലെ ചർച്ചയുടെയും ആകാശയാത്രാനിരീക്ഷണങ്ങളിലൂടെയും ഭൂപടവീക്ഷണങ്ങളിലൂടെയും രൂപപ്പെടുത്തിയ നിർദ്ദേശങ്ങൾ യാഥാർത്ഥ്യവുമായി തെല്ലും ബന്ധമില്ലാത്തവയാണ്. പാർലമെന്റോ നിയമസഭകളോ ജനപ്രതിനിധികളോ ഈ നാട്ടിലെ മഹാഭൂരിപക്ഷംവരുന്ന കർഷകരോ അതിൽ പങ്കാളികളല്ല. പരിസ്ഥിതിലോലപ്രദേശങ്ങളുടെ സംരക്ഷണം പഞ്ചായത്തുകളിലെ ഗ്രാമസഭകളെ ഏൽപിക്കും എന്ന് അവകാശവാദമുന്നയിക്കുന്ന ഗാഡ്ഗിൽ കമ്മീഷൻ എന്തുകൊണ്ടാണ് റിപ്പോർട്ടു തയ്യാറാക്കുന്ന വേളയിൽ മേൽപറഞ്ഞ ഗ്രാമസഭകളുടെ അഭിപ്രായം ആരായാതിരുന്നത്? ജനാധിപത്യസംവിധാനത്തിൽ ജനസ്വരത്തിനു വിലയില്ലാതായാൽ തകരുന്നത് പരിസ്ഥിതി മാത്രമായിരിക്കില്ല എന്നതാണു സത്യം.

പരിസ്ഥിതിസംരക്ഷണം പശ്ചിമഘട്ടത്തിലും മലയോരമേഖലകളിലും മാത്രം ഒതുങ്ങിനിൽക്കേണ്ടതല്ല. കാരണം, ഭൂമിയുടെ മലി





നീകരണം മുഖ്യമായും നടക്കുന്നത് ഗ്രാമങ്ങളിലല്ല, പട്ടണങ്ങളിലാണ്. പട്ടണങ്ങളിലെ വ്യവസായശാലകളും പെരുകിവരുന്ന വാഹനങ്ങളും എ.സി.കൊട്ടാരങ്ങളും മാലിന്യകൂമ്പാരങ്ങളുമാണ് അന്തരീക്ഷമലിനീകരണത്തിന്റെ പ്രധാനകാരണങ്ങൾ. ഭൂമിയുടെ രക്ഷകരായി അവതരിച്ചിരിക്കുന്നവർ ഈ കാര്യങ്ങൾ സൗകര്യപൂർവ്വം മറന്നുകൊണ്ട് ഭക്ഷണം ഉല്പാദിപ്പിക്കുന്ന പാവപ്പെട്ട കർഷകരെ മാത്രം ബലിയാടുകളാക്കുന്നത് ശരിയല്ല.

**ഉപസംഹാരം**

പരിസ്ഥിതിവാദം ഉന്നയിക്കുന്നവർക്ക് രാഷ്ട്രീയമുണ്ട്. ആ രാഷ്ട്രീയമാകട്ടെ ഇതരരാഷ്ട്രങ്ങൾക്കും വിഭാഗങ്ങൾക്കും വിരുദ്ധമാണുതാനും. പരിസ്ഥിതിവാദത്തെ കേവലം നെയോമാർക്സിയൻ വൈരുദ്ധ്യാത്മകദ്വന്ദ്വങ്ങളിൽമാത്രം മനസ്സിലാക്കുന്നതാണ് രാഷ്ട്രീയവും പരിസ്ഥിതിയും തമ്മിൽ സമരസപ്പെടുന്നതിന് തടസ്സമാകുന്നത്. പരിസ്ഥിതിയുടെ ആധ്യാത്മികത പുനരാവിഷ്കരിക്കുക എന്നതാണ് പരിസ്ഥിതി പ്രശ്നങ്ങൾക്കുള്ള ശാശ്വതപരിഹാരം. ദൈവം പിതാവും മനുഷ്യരെല്ലാം സഹോദരങ്ങളുമെന്ന ദൈവരാജ്യവ്യവസ്ഥിതിയിൽ മാത്രമേ രാഷ്ട്രീയ സങ്കുചിതത്വത്തിൽനിന്ന് പരിസ്ഥിതിയെ മോചിപ്പിക്കാനാവൂ. വരാനിരിക്കുന്ന തലമുറയെ കരുതലോടെ സ്നേഹിക്കുന്ന ആധ്യാത്മികത (Third person ethics) യിൽ മാത്രമേ പരിസ്ഥിതിബോധം സൃഷ്ടിയുടെ ആദിതാളവുമായി സമരസപ്പെടുകയുള്ളൂ.

**മാർ ജോസഫ് പാംപ്ലാനി**

# 13

# ജനങ്ങളും പ്രകൃതിയും നേർക്കുനേർ

പാരിസ്ഥിതികാവബോധം വർദ്ധിച്ചുവരുന്ന സമൂഹമാണ് നമ്മുടേത്. എങ്കിലും അതിനു ആനുപാതികമായി പരിസ്ഥിതി സൗഹൃദ, സാമൂഹിക, രാഷ്ട്രീയ മുന്നേറ്റങ്ങൾ ഇന്നാട്ടിൽ അധികം കാണാനില്ല എന്നതും സത്യമാണ്. തീവ്രപാരിസ്ഥിതികബോധം ചിലപ്പോഴെങ്കിലും മനുഷ്യ വിരുദ്ധമായ നിലപാടുകൾ പലയിടങ്ങളിലും ഉയർത്തുന്നതും നാം ശ്രദ്ധിക്കേണ്ടതാണ്. അതിലൊന്ന് ഏതാണ്ട് ഇങ്ങനെയാണ്: ജനസംഖ്യാപ്പെരുപ്പമാണ് പരിസ്ഥിതിയെ തകർക്കുന്നത്. ദാരിദ്ര്യം, ശുദ്ധജലദൗർബല്യം, സാമ്പത്തികമാന്ദ്യം, ആഗോളതാപനം, വനനശീകരണം, ആഭ്യന്തരകലാപങ്ങൾ തുടങ്ങി ഒട്ടുമിക്ക പ്രശ്നങ്ങളുടെയും മുഖ്യകാരണം ഉയരുന്ന ജനസംഖ്യയാണ്. ഇന്നാട്ടിലെ ദാരിദ്ര്യത്തിനും വികസനക്കുറവിനും പ്രധാന കാരണം പെരുകുന്ന ജനങ്ങളാണ്. അതായത്, കുറച്ചു മനുഷ്യരെ ഈ ഭൂമുഖത്ത് ഉണ്ടായിരുന്നുള്ളൂ എങ്കിൽ, ഈ ഭൂമിക്ക് ഇത്രയധികം പരിക്കേൽക്കുമായിരുന്നില്ല. അതിനാൽ ജനസംഖ്യ കുറച്ചു പ്രകൃതിയെ രക്ഷിക്കണം. പ്രഥമ





ശ്രവണത്തിൽ ഇത് ശരിയാണല്ലോ എന്നു നമുക്ക് തോന്നും. ഈ വാദഗതിയുടെ ബലം പരിശോധിക്കുകയാണ് നാം ഈ അദ്ധ്യായത്തിൽ

### ജനപ്പെരുപ്പം സമം പട്ടിണിപ്പെരുപ്പം?

ജനങ്ങൾ പെരുകിയാൽ പട്ടിണിമരണമാണ് ഫലം എന്ന ചിന്ത പാശ്ചാത്യർ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തതാണ്; പിന്നീട് നാംതന്നെ അതിന്റെ പ്രചാരകരായി. തോമസ് മാൽത്തൂസ് (1776 - 1834) എന്ന ബ്രിട്ടീഷ് സാമ്പത്തിക ചിന്തകനാണ് ജനസംഖ്യാവിസ്ഫോടനമുണ്ടാകാൻ പോകുന്നു എന്ന "ശാസ്ത്രീയ" ഭീഷണി ആദ്യമായി മുഴക്കിയത്. 1798-ൽ അദ്ദേഹം എഴുതിയ An Essay on the Principles on Population എന്ന ഗ്രന്ഥത്തിലായിരുന്നു അദ്ദേഹത്തിന്റെ വാദഗതികൾ. ഇംഗ്ലണ്ടിലെ ജനസംഖ്യാവർദ്ധന സാമ്പത്തികാഭിവൃദ്ധിക്കും സാമൂഹികസമത്വത്തിനും വഴിതെളിക്കുമെന്ന് തന്റെ The Enquirer എന്ന ഗ്രന്ഥത്തിൽ വിശദീകരിച്ച വില്യം ഗോഡ്വിന്റെ വാദങ്ങൾ ഖണ്ഡിക്കുകയായിരുന്നു മാൽത്തൂസ് തന്റെ പുസ്തകത്തിലൂടെ. ജനസംഖ്യാ ജോമെട്രിക്കൽ ക്രമത്തിൽ (1,2,4,16,32,64) പെരുകുമ്പോൾ ഭക്ഷ്യധാന്യങ്ങൾ അരിതമെറ്റിക്കൽ ക്രമത്തിലേ (1,2,3,4,5) വർദ്ധിക്കൂ. അതിനാൽ കുറച്ചു കഴിയുമ്പോൾ പട്ടിണിമരണം ഉറപ്പാണ്. അതുകൊണ്ട് ജനസംഖ്യ നിയന്ത്രിക്കണം. ഇതാണ് മാൽത്തൂസിന്റെ സിദ്ധാന്തത്തിന്റെ ചുരുക്കം. മാൽത്തൂസിന്റെ ജീവിതകാലത്തുതന്നെ അദ്ദേഹത്തിന്റെ നിഗമനങ്ങളുടെ അടിസ്ഥാനം ചോദ്യംചെയ്യപ്പെട്ടു; അതിന് പല തിരുത്തലുകളുമുണ്ടായി. 1968-ൽ The Population Bomb എന്ന ഗ്രന്ഥത്തിലൂടെ Paul Ehrlich ജനസംഖ്യാവളർച്ചയെ അർബുദസമാനമായി ചിത്രീകരിച്ച് ലോകത്തെ വീണ്ടും ഭയപ്പെടുത്തി. പക്ഷേ ഈ വിഷയത്തെ വിമർശനാത്മകമായി വിലയിരുത്താതെ ഇന്ത്യൻ ഭരണകൂടം ജനസംഖ്യാനിയന്ത്രണത്തിനായി ചാടിപ്പുറപ്പെട്ടു. സർക്കാർ നയങ്ങളെ മാത്രമല്ല പൊതു ചിന്താഗതിയെയും ജനപ്പെരുപ്പം എന്ന ഭീഷണി നന്നായി സ്വാധീനിച്ചു.

പലരും ഭയപ്പെട്ടതുപോലെ മനുഷ്യസംഖ്യ സ്ഫോടനാത്മകമായി പെരുകിയോ? ഐക്യരാഷ്ട്രസംഘടനയുടെ "World Population Prospects :The 2010 Revision" എന്നൊരു രേഖയുണ്ട് അതനുസരിച്ച് സമ്പന്ന - ദരിദ്രരാജ്യവ്യത്യാസം കൂടാതെ ജനസംഖ്യാവളർച്ച താഴേക്കാണ്. ആഗോളതലത്തിൽ ജനസംഖ്യ അതേപടി നിലനിർത്താൻ വേണ്ടത് സ്ത്രീയൊന്നിന് 2.1 കുഞ്ഞുങ്ങളാണ്. ഈ രേഖയുടെ പ്രവചനപ്രകാരം 2030 - 35 ആകുമ്പോഴേക്കും

അവികസിതരാജ്യങ്ങൾ പൊതുവിൽ ജനന - മരണ നിരക്കിൽ തുല്യത നേടും. വികസിതരാജ്യങ്ങളതിനുമുൻപേ അത് നേടും എന്നർത്ഥം. 2008ൽ ഇന്ത്യയിൽ സ്ത്രീയൊന്നിന് ജനനനിരക്ക് (total fertility rate) 2.72 കുട്ടികളാണ്. ഭീമമായ വർദ്ധനവല്ല ഇവിടെയുള്ളത് എന്നർത്ഥം. ജനസംഖ്യ കുറയ്ക്കണം എന്ന നിർദ്ദേശം സമ്പന്നമായ പടിഞ്ഞാറൻ നാടുകൾ ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങൾക്ക് സ്ഥിരമായി കൊടുക്കുന്നതാണ്. അതിന്റെ പിന്നിലെ രാഷ്ട്രീയവും നാം കാണാതിരുന്നുകൂടാ. 1950-ൽ ലോകജനസംഖ്യയുടെ 32% പടിഞ്ഞാറൻ രാജ്യങ്ങളിലായിരുന്നു. ഇന്നത് 20% മേയുള്ളൂ. 2050ൽ അത് 12% മാത്രമാകും എന്നാണ് കണക്ക്. തങ്ങളുടേതല്ലാത്ത ജനപ്പെരുപ്പം തങ്ങൾക്ക് ഭീഷണിയാണെന്ന് പടിഞ്ഞാറൻ നാടുകൾ തിരിച്ചറിയുന്നു എന്നതാണ് വാസ്തവം. ജനസംഖ്യ കുറയ്ക്കണം എന്ന വാദിക്കുന്നവരുടെ ഒരു ന്യായമാണ് വർദ്ധിച്ചുവരുന്ന ജനസംഖ്യ പരിസ്ഥിതിയെ ദുർബലമാക്കും. എല്ലാവർക്കും കൂടെ അതിജീവനം സാധ്യമല്ലാതെവരും. ഈ ന്യായവാദത്തിന്റെ ഏതാനും ഇഴകൾ നാം താഴെ പരിശോധിക്കുന്നു.

### സ്ഥലപരിമിതി

ജനങ്ങൾ വർദ്ധിച്ചാൽ ഭൂമിക്കത് ഭാരമാകും; പ്രകൃതിചക്രം പാളം തെറ്റും എന്നുമൊക്കെ വാദിക്കുന്നവരുണ്ട്. കേൾക്കുമ്പോൾ ശരിയാണുതാനും. പക്ഷേ ഉന്നയിക്കപ്പെടേണ്ട ചോദ്യമിതാണ്: ഭൂമിക്ക് വഹിക്കാനാവാത്തവിധം ജനങ്ങൾ പെരുകിയോ?

എത്രമാത്രം മനുഷ്യരാണ് ഭൂമിക്ക് ആശാസ്യം എന്നതിനെക്കുറിച്ച് പല കണക്കുകളുമുണ്ട്. മൈക്രോസ്കോപ്പ് കണ്ടുപിടിച്ച അന്റോണി വാൻ ലുവൻഹോക്ക് അന്നത്തെ ഹോളണ്ടിന്റെ ജനസംഖ്യ മാതൃകാപരമായിക്കണ്ട് ഓരോ ചതുരശ്ര മൈലിനും 300 പേർ എന്ന് കണക്കാക്കി. അതിൻപ്രകാരം, പരമാവധി ലോക ജനസംഖ്യ 13.4 ബില്യൺ മതിയാകും എന്നദ്ദേഹം കണക്കുകൂട്ടി. എന്നാൽ ഭൂമിയിലെ മൂന്നിലൊന്നു ജനങ്ങളും അധിവസിക്കുന്നത് ജനസാന്ദ്രത ചതുരശ്രമൈലിന് 300- ലേറെയുള്ള ഇടങ്ങളിലാണ്. കാരണവും ലളിതം. സാങ്കേതികവിദ്യയും മറ്റു സൗകര്യങ്ങളും വികസിക്കുന്നതിനനുസരിച്ച് കൂടുതൽ ആളുകൾക്ക് കുറഞ്ഞസ്ഥലത്ത് പ്രയാസം കൂടാതെ ജീവിക്കാം.

ഭൂമിക്കുൾക്കൊള്ളാവുന്ന പരമാവധി ജനങ്ങളുടെ കണക്കുകൂട്ടുന്നത് ജലം, വായു, ഇന്ധനം, ഭക്ഷണ, ആളോഹരി സ്ഥലം എന്നിവയെല്ലാം പരിഗണിച്ചാണ്. അങ്ങനെ നോക്കുമ്പോൾ ഭൂമിയിൽ വാസയോഗ്യമായ ഇടങ്ങളിൽ നല്ലപങ്കും ഇപ്പോഴും മനുഷ്യവാസ





മില്ലാതെ കിടക്കുകയാണ്. ഏകദേശം 52.2 മില്യൺ ചതുരശ്ര മൈൽ വാസയോഗ്യമായ സ്ഥലം ഭൗമപ്രതലത്തിലുണ്ട്. ഇപ്പോൾ ഭൂമിയുടെ ജനസംഖ്യയാകട്ടെ 7 ബില്യണും, ഓരോ വ്യക്തിക്കും 1000 ചതുരശ്രയടി വീതം നല്കിയാൽ അമേരിക്കയിലെ ഏതാണ്ട് മൂന്ന് വലിയ സംസ്ഥാനങ്ങളിലായി ഇപ്പോൾ ഭൂമിയിലുള്ള മുഴുവൻ മനുഷ്യരെയും ഉൾക്കൊള്ളിക്കാൻ കഴിയും. അമേരിക്കയിലെ ബാക്കി 47 സംസ്ഥാനങ്ങളും തെക്കേ അമേരിക്ക, ഏഷ്യ, ആഫ്രിക്ക, യൂറോപ്പ്, ഓസ്ട്രേലിയ തുടങ്ങിയ വൻ ഭൂഭാഗങ്ങൾ ബാക്കിയുണ്ട്.

ഇതിൽനിന്ന് വ്യക്തമാകുന്ന ഒരു കാര്യമുണ്ട്. ഭൂമി ചെറുതായതല്ല. ചിലയിടങ്ങളിൽ ജനസാന്ദ്രത വർദ്ധിക്കാൻ കാരണം. മനുഷ്യരുടെ മനസ്സ് ചെറുതായതും നയരൂപീകരണം നടത്തുന്നവരുടെ പാരിസ്ഥിതികാവബോധം ശുഷ്ക്കിച്ചതുമാണ് ഇതിനുള്ള കാരണം. ഭൂമിയിൽ എല്ലാവർക്കും ഇടമില്ല എന്ന് വാദിക്കേണ്ടത് അനേകർക്ക് അവകാശപ്പെട്ട ഭൂമി കൈയ്യിലൊതുക്കി വച്ചിരിക്കുന്നവരുടെ ആവശ്യമാണ്.

### ഭക്ഷണ ദൗർലഭ്യം

ജനസംഖ്യ വർദ്ധിച്ചാൽ ഭൂമി കൂടുതൽ ദരിദ്രമാകും; ഭൂമിയെ കൂടുതൽ ചൂഷണം ചെയ്യേണ്ടിവരും; ജനസംഖ്യയ്ക്കാനുപാതികമായി ഭൂമിയിൽ പാഴ്വസ്തുക്കൾ അടിയും എന്നൊരു വാദമുണ്ട്. ഭൂമിയിലെ വിഭവങ്ങൾ വേണ്ട രീതിയിൽ കൈകാര്യം ചെയ്യുന്നില്ലെങ്കിൽ ഇതൊക്കെ സംഭവിക്കും എന്നത് വാസ്തവമാണ്. ശരിയായ രാഷ്ട്രീയമാണ് ഇത്തരം ഭവിഷത്തുകൾക്കുള്ള മറുപടി.

മുകളിൽ ഉന്നയിച്ച വാദങ്ങൾ സൂക്ഷ്മമായി പരിഗണിക്കപ്പെടേണ്ടവയാണ്. ഒരു ശിശുവും ഒരു ഉപഭോക്താവുമാത്രമായി അവസാനിക്കുകയില്ല. വായുള്ള കുഞ്ഞിനു കൈകളുമുണ്ട്. അവനും അവളും ഉത്പാദകരാകും; വിഭവങ്ങൾ സൃഷ്ടിക്കും; ഭക്ഷിച്ചും ഉപയോഗിച്ചും തീർക്കുകമാത്രമല്ല ചെയ്യുന്നത്. ഭൂമിയിലെ പട്ടിണിക്കു കാരണം ജനസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുന്നതും വിഭവങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്നതും അല്ല. പങ്കുവയ്ക്കുവാനുള്ള മനോഭാവത്തിന്റെ കുറവുകൊണ്ടും വിഭവങ്ങൾ കാര്യപ്രാപ്തിയോടെ വിതരണം ചെയ്യുന്നതിലെ കെടുകാര്യസ്ഥതകൊണ്ടുമാണ്. അമേരിക്കയിലും കോടിക്കണക്കിനു പട്ടിണിപ്പാവങ്ങളുള്ള ഇന്ത്യയിലും മിക്ക വർഷങ്ങളിലും ഗോതമ്പു തുടങ്ങിയ ധാന്യങ്ങൾ കടലിൽത്തള്ളി നശിപ്പിക്കുന്നുണ്ട്. കാരണം, സൂക്ഷിച്ചുവയ്ക്കാൻ ഗോഡൗൺ സൗകര്യങ്ങളില്ല. പാവങ്ങളിലേക്ക് ധാന്യങ്ങൾ എത്തിക്കാനുള്ള സംവിധാനമില്ല; അതൊരുക്കാനുള്ള ഇച്ഛാശക്തിയുമില്ല. അതു

കൊണ്ട് ഏറ്റവും എളുപ്പമുള്ള കാര്യം  സർക്കാരുകൾ ചെയ്യുന്നു. അതായത്, ദാരിദ്ര്യത്തിന്റെ മൂലകാരണം ജനപ്പെരുപ്പമാണെന്ന് പറഞ്ഞുകൊണ്ടിരിക്കുക തന്നെ.

മാനവസമൂഹം ഒന്നായി നിന്നാൽ ഭൂമിയിൽ വിഭവദാരിദ്ര്യം ഉണ്ടാവുകയില്ല. ഇപ്പോഴുള്ളതിന്റെ ഏഴിരട്ടി ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനാവും. കാരണം, ഭൂമിയുടെ ശേഷിയനുസരിച്ച് 53.1 ബില്യൺ ആളുകളെ പോറ്റാനുള്ള ഭക്ഷ്യോത്പാദനസാധ്യതയുണ്ട്. അമേരിക്ക അതിന്റെ മുഴുവൻ സ്ഥലത്തും കൃഷിചെയ്താൽ തന്നെ ലോകം മുഴുവൻ ആവശ്യമുള്ള ഭക്ഷണപദാർത്ഥങ്ങളുത്പാദിപ്പിക്കാനാവും. അന്തർദ്ദേശീയമായി മാത്രമല്ല, ദേശീയമായും വലിയ രാജ്യങ്ങളെ സംബന്ധിച്ച്  ഇത് നല്ലൊരു പരിധിവരെ ശരിയാണ്. മനുഷ്യാദ്ധ്വാനത്താലും പുത്തൻ സാങ്കേതികവിദ്യകളുടെ സഹായത്താലും രാജ്യങ്ങളുടെ വിഭവശേഷി വർദ്ധിപ്പിക്കാവുന്നതാണ്. കേരളത്തിൽ പല കാരണങ്ങളാൽ നെല്ലുത്പാദനം സാധ്യമായ അളവിൽ നടക്കുന്നില്ല എന്നത് വ്യക്തമായ കാര്യമാണ്. സുസ്ഥിരമായ കൃഷിരീതി അവലംബിക്കാതിരുന്നതിന്റെ തിരിച്ചടിയാണിപ്പോൾ ഒരു പരിധിവരെ നാം  നേരിട്ടുകൊണ്ടിരിക്കുന്നത്.

ബയോടെക്നോളജിയുടേയും ജനറ്റിക്  എൻഞ്ചിനീയറിങ്ങിന്റെയും പുത്തൻ കണ്ടുപിടുത്തങ്ങൾ ഭക്ഷണദൗർലഭ്യത്തെ സംബന്ധിച്ച് എപ്പോഴും സുസ്ഥിരമായ വളർച്ചയെ ഉറപ്പാക്കുന്നില്ല എന്നു കൂടെ പറയേണ്ടതുണ്ട്. എങ്കിലും ഇപ്പോഴത്തെ സാഹചര്യത്തിൽ ജനസംഖ്യ വർദ്ധിക്കുന്നതിനേക്കാളും അധികമായി ഭക്ഷ്യോത്പാദനം 2.1 ശതമാനം എന്ന നിരക്കിൽ വളരുന്നുവെന്നത് ലോകബാങ്കിന്റെതന്നെ നിരീക്ഷണമാണ്. ഇപ്പോഴുള്ള ആഗോള ജനസംഖ്യ വർദ്ധന 1.7 ശതമാനമാണ് എന്നോർക്കണം.

ജനസംഖ്യ വർദ്ധിച്ചപ്പോൾ ഭക്ഷ്യവിഭവങ്ങൾ ദുർലഭമായി അവയുടെ വില ക്രമാതീതമായി വർദ്ധിക്കുകയല്ല ഉണ്ടായത്. ജനസംഖ്യക്ക് ആനുപാതികമായി ഉത്പാദനവും വർദ്ധിച്ചു. അങ്ങനെ അമിതവിലവർദ്ധന തടയപ്പെട്ടു. എന്നാൽ ലോകത്തിൽ ചില രാജ്യങ്ങളിൽ പട്ടിണി മരണം സംഭവിക്കുന്നുണ്ട്. ആഫ്രിക്കൻ രാഷ്ട്രങ്ങളായ സൊമാലിയ, നൈജീരിയ തുടങ്ങിയവ ഉദാഹരണങ്ങളാണ്. അതിന്റെ കാരണം ജനപ്പെരുപ്പം മൂലമുണ്ടായ ഭക്ഷ്യക്ഷാമമല്ല. മറിച്ച് ആഭ്യന്തരകലഹങ്ങളും കലാപങ്ങളും പട്ടിണിയിലേക്ക് അവരെ തള്ളിയിട്ടതാണ്. ആഫ്രിക്കയിൽ ഉത്പാദിപ്പിക്കപ്പെടുന്ന പകുതിയോളം ഭക്ഷ്യവിഭവങ്ങൾ വില്പനശാലകളിലും വിതരണ കേന്ദ്രങ്ങളിലും എത്തുന്നതിനുമുമ്പുതന്നെ ശീതീകരണ സംവിധാനങ്ങ





ളുടെ അപര്യാപ്തത, സൂക്ഷിച്ചു വയ്ക്കാനുള്ള സൗകര്യക്കുറവ് തുടങ്ങിയവമൂലം നശിച്ചുപോവുകയാണ്. മൂന്നാം ലോകരാഷ്ട്രങ്ങളിലെ 50 ശതമാനം കൃഷിഭൂമിയും കൈവശം വച്ചിരിക്കുന്നത് ന്യൂനപക്ഷമായ ജന്മികളാണ്. അവർ ജനങ്ങൾക്കാവശ്യമുള്ള ഭക്ഷ്യവിഭവങ്ങൾ കൃഷിചെയ്യുന്നതിനുപകരം അന്താരാഷ്ട്ര വിപണിയിലേക്കു കയറ്റിയയ്ക്കാനുള്ള നാണ്യവിളകളാണ് കൃഷി ചെയ്യുന്നത്. ഇത് ഭക്ഷ്യവിഭവ ദൗർലഭ്യത്തിനു കാരണമാകുന്നുണ്ട്.

**വിഭവദൗർലഭ്യം**

ജനസംഖ്യ പെരുകിക്കൊണ്ടിരുന്നാൽ ഭൂമിയിലെ വിഭവങ്ങൾ ശോഷിച്ച് ഇല്ലാതാകാം. അതിനാൽ മനുഷ്യഭാവി സുരക്ഷിതമാകണോ, ജനസംഖ്യ കുറച്ചുകൊണ്ടുവരണം; അല്ലെങ്കിൽ ഭൂമിതന്നെ കരിമ്പിൻ ചണ്ടിപോലെയാകും എന്ന വാദിച്ചവരുണ്ട്. അതിൽ പ്രധാനമാണ് സന്നദ്ധസംഘടനയായ ക്ലബ് ഓഫ് റോം. അവർ 1973-ൽ പുറത്തിറക്കിയ Limits to Growth എന്ന രേഖ ലോകശ്രദ്ധ നേടിയിരുന്നു. മാത്രമല്ല, അനേകരെ അസ്വസ്ഥരാക്കുകയും ചെയ്തിരുന്നു. മനുഷ്യന്റെ ഉപഭോഗത്താൽ ഭൂമിയിലെ വിഭവങ്ങൾ അവസാനിക്കുന്നവർഷം ഈ രേഖ കണക്കുകൂട്ടി പറഞ്ഞിരുന്നു. അതനുസരിച്ച്, സ്വർണ്ണം 1981ലും വെള്ളിയും മെർക്കുറിയും 1985ലും പെട്രോളിയം 1992ലും ചെമ്പും ഈയവും 1993ലും പ്രകൃതിവാതകം 1994ലും തീരുമെന്നായിരുന്നു അവരുടെ നിഗമനം. അങ്ങനെയൊന്നും സംഭവിച്ചില്ല എന്ന് നമുക്ക് അറിയാം. എന്നാൽ പെട്രോൾ, കല്ക്കരി തുടങ്ങിയ വിഭവങ്ങൾ ഉപഭോഗം മൂലം കുറഞ്ഞുകൊണ്ടിരിക്കുകയാണന്നത് സത്യമാണ്. അത് പരിഹരിക്കുന്നതിനുവേണ്ടി വാഹന ഉപയോഗം നിയന്ത്രിക്കുകയല്ല, ബദൽ ഇന്ധനങ്ങൾ കണ്ടെത്തുകയാണ് ലോകം ചെയ്യുന്നത്.

എന്നാൽ വിഭവങ്ങളുടെ ക്രമാതീതമായ ഉപയോഗം പരിസ്ഥിതിക്ക് ദോഷം ചെയ്യും. പ്രകൃതിയുടെ സന്തുലിതാവസ്ഥ അട്ടിമറിക്കും. പ്രകൃതി വിഷമയമായിത്തീരും. പക്ഷേ നാം പരിഗണിക്കേണ്ട കാര്യം വിഭവവിനിയോഗം വർദ്ധിക്കുന്നത് ജനസംഖ്യ വർദ്ധിക്കുന്നതുകൊണ്ടാണോ അതോ മറ്റെന്തെങ്കിലും കാരണം മൂലമാണോ എന്നാണ്.

വിഭവശോഷണവും അതുവഴിയുള്ള പ്രകൃതിനാശവും നടക്കുന്നത് ജനസംഖ്യ വർദ്ധിക്കുന്നതുകൊണ്ടല്ല, മറിച്ച് സമ്പന്നരാഷ്ട്രങ്ങൾ തങ്ങളുടെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ വേണ്ടി പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യുന്നതുകൊണ്ടാണ്. ഇനി ഇന്ത്യയിലെ

കണക്കെടുത്താൽ, 3000 രൂപയിൽത്താഴെ മാത്രം വരുമാനമുള്ള കുടുംബങ്ങൾ 30000നു മുകളിൽ വരുമാനമുള്ള കുടുംബങ്ങൾ ഉപയോഗിക്കുന്നതിന്റെ അഞ്ചിലൊന്ന് വൈദ്യുതിയും ഏഴിലൊന്ന് പെട്രോൾ/ഡീസലും മാത്രമാണുപയോഗിക്കുന്നത്. ദരിദ്രരാഷ്ട്രങ്ങളിലെ വിഭവചൂഷണം പ്രധാനമായും ധനാഢ്യരുടെ ആഢംബരാവശ്യങ്ങൾ നിറവേറ്റാനാണ് ഉപയോഗപ്പെടുത്തുന്നത്. കാടുകൾ വെട്ടിത്തെളിക്കുന്നതും ഭൂമി തുരന്ന് എല്ലാ വിഭവങ്ങളും ഊറ്റിയെടുക്കുന്നതും കാർഷികാവശ്യങ്ങൾക്കു മാത്രമല്ല. ജലവിനിയോഗം കൃഷിക്കും നിത്യോപയോഗത്തിനും മാത്രമല്ല. ജലവിനോദങ്ങൾക്കു വേണ്ടി ഇന്ത്യയിൽത്തന്നെ വെള്ളം മാറ്റിവച്ചിട്ടുണ്ട്.

സ്വകാര്യവാഹനങ്ങൾ പെരുകിയതും പൊതുഗതാഗത സംവിധാനങ്ങൾ ഇല്ലാതായതും ജനസംഖ്യ കുറഞ്ഞ പാശ്ചാത്യ നാടുകളിലാണ്. ഏറ്റവും കൂടുതൽ പ്രകൃതിമലിനീകരണം നടക്കുന്നത് അത്തരം ദേശങ്ങളിലാണ്. അല്ലാതെ ജനസംഖ്യ കൂടുതലുള്ള രാജ്യങ്ങളിലല്ല. എന്നാൽ എല്ലാ ദരിദ്രരാജ്യങ്ങളും സമ്പന്നരാഷ്ട്രങ്ങളുടെ ശൈലി ആവർത്തിക്കാൻ തുടങ്ങിയാൽ പ്രശ്നം കൂടുതൽ രൂക്ഷമാവുകയേയുള്ളൂ. ഇത് എല്ലാവർക്കുമറിയാം. സമ്പന്നരാഷ്ട്രങ്ങൾക്കുമറിയാം. അതുകൊണ്ട് പ്രകൃതിയെ അപകടത്തിലാക്കുന്ന തങ്ങളുടെ ജീവിതശൈലി കൈവെടിയാൻ താത്പര്യമില്ലാത്ത പാശ്ചാത്യസമൂഹം ഇതരസമൂഹങ്ങളെ ഉപദേശിക്കുകയാണ്: ജനസംഖ്യ ആപത്താണ്!

**ജനങ്ങളും പ്രകൃതിയും നേർക്കുനേർ?**

ജനസംഖ്യ കുറയ്ക്കലാണ് പരിസ്ഥിതി സംരക്ഷണത്തിനുള്ള ഒറ്റമൂലി എന്ന കരുതുന്നവർ പ്രകടമായ പാരിസ്ഥിതികവിഷയങ്ങൾ ചൂണ്ടിക്കാണിക്കും. കാലാവസ്ഥാവ്യതിയാനം, വരൾച്ച, വെള്ളപ്പൊക്കം, കൃഷിനാശം, ജീവജാലങ്ങൾ അന്യംനിന്നു പോകുന്നത്, വിഷലിപ്തമായ അന്തരീക്ഷം, പെരുകുന്ന മാരക രോഗങ്ങൾ... ഇവയെല്ലാം വാസ്തവങ്ങളാണ്. ഒരു ജീവവർഗ്ഗത്തിന്റെ ക്രമാതീതമായ വളർച്ചയും അവരുടെ അനിയന്ത്രിതമായ വിഭവ ചൂഷണവും പ്രകൃതിക്കും ജീവവർഗ്ഗങ്ങൾക്കുമേല്പിക്കുന്ന ആഘാതം അപാരമായിരിക്കുമെന്നാണ് വാദം. എന്നാൽ ഇവയുടെ കാരണം ജനങ്ങൾ പെരുകിയതുകൊണ്ടാണോ എന്ന് നാം അന്വേഷിക്കേണ്ടതുണ്ട്.

പരിസ്ഥിതിനാശവും തത്ഫലമായുള്ള രോഗങ്ങളും പ്രകൃതിയുടെ താളംതെറ്റലും ഭീകരമാംവിധം വളർന്നത് വ്യാവസായിക ഉത്പാദനം വ്യാപകമായശേഷമാണ്. വ്യവസായശാലകളിൽനിന്നും





പുറംതള്ളുന്ന കാർബൺ വാതകങ്ങൾ ആഗോള താപനില ഓരോ വർഷവും അപകടകരമായി വർദ്ധിപ്പിക്കുന്നുണ്ട്. ഇതിന്റെ അർത്ഥം വ്യവസായിക ഉത്പാദനം പാടില്ല എന്നല്ല. ആവശ്യങ്ങൾക്കുവേണ്ടിയുള്ള ഉത്പാദനത്തേക്കാൾ ആഡംബരവും അത്യാർത്തിയും ശമിപ്പിക്കാനുള്ള ഉത്പാദനമാണ് വിനാശകരമായി മാറുന്നത്. ഉപഭോഗസംസ്കാരത്തിൽ കൂടുതൽ ഉത്പാദനവും കൂടുതൽ ഉപഭോഗവുമാണ് മുദ്രാവാക്യങ്ങൾ. അത് പ്രകൃതിയെ പരിഗണിക്കുന്നില്ല. താമസസൗകര്യത്തിനായി വെട്ടിത്തെളിച്ചതിനേക്കാൾ കൂടുതൽ വനം വ്യാവസായിക ആവശ്യങ്ങൾക്കായി നശിപ്പിച്ചിട്ടുണ്ട്. കൃഷിയാവശ്യങ്ങളേക്കാൾ അധികമായി വ്യാവസായിക ആവശ്യങ്ങൾക്കായി ജലം ഉപയോഗിക്കുന്ന ലോകമാണ് നമ്മുടേത്.

ജനസംഖ്യാവർദ്ധനവിനാനുപാതികമായി കാർബൺഡയോക്സൈഡിന്റെ പുറം തള്ളലുണ്ടാകുമെന്ന പരമ്പരാഗതവാദം ശരിയല്ല. Environment and Urbanisation എന്ന മാസിക പ്രസിദ്ധീകരിച്ച കണക്കനുസരിച്ച്, 1980നും 2005നും ഇടയിൽ സബ് സഹാറൻ ആഫ്രിക്കയിലെ ജനസംഖ്യാ വർദ്ധനവ് 18.5 ശതമാനം ആണ്; അതേസമയം അവിടുത്തെ കാർബൺഡയോക്സൈഡ് ഉല്പാദനത്തിലെ വർദ്ധന 2.4 ശതമാനം മാത്രം. എന്നാൽ നോർത്ത് അമേരിക്കയിൽ ഇക്കാലയളവിലെ ജനസംഖ്യാവർദ്ധന 4 ശതമാനം ആണെങ്കിൽ അവിടുത്തെ കാർബൺഡയോക്സൈഡ് പുറംതള്ളലിലെ വർദ്ധന 14 ശതമാനം ആണ്. ലോകത്തിൽ 63. ശതമാനം വരുന്ന ജനസംഖ്യാവർദ്ധനവ് രേഖപ്പെടുത്തിയിരിക്കുന്ന വികസ്വരപ്രദേശങ്ങളിൽനിന്നുമാണ് ഏറ്റവും കുറവ് കാർബൺഡയോക്സൈഡ് പുറംതള്ളൽ നടക്കുന്നത്. ജനസംഖ്യ കൂടുതലുള്ള വികസ്വരരാഷ്ട്രങ്ങളല്ല, ജനസംഖ്യ കുറവുള്ള വികസിത രാഷ്ട്രങ്ങളാണ് കാർബൺ വാതങ്ങളിലൂടെ കൂടുതൽ വായുമലിനീകരണം നടത്തുന്നത്.

കാർബൺവാതകങ്ങൾ പുറംതള്ളുന്നതാണ് ഇക്കാലത്തെ ഏറ്റവും വലിയ പാരിസ്ഥിതികഭീഷണി എന്ന് എല്ലാവരും പൊതുവേ സമ്മതിക്കും. അതുകൊണ്ടുതന്നെ വിനാശകരങ്ങളായ വാതകങ്ങളുടെ അളവു കുറയ്ക്കുന്നതിനുവേണ്ടി അന്താരാഷ്ട്രതലത്തിലുണ്ടാക്കിയ നിയമപരമായ ധാരണ അറിയപ്പെടുന്നത് ക്യോട്ടോ ഉടമ്പടി എന്നാണ്. 1994ൽ ജപ്പാനിലെ ക്യോട്ടോയിൽ കൂടിയ അന്താരാഷ്ട്ര ഉച്ചകോടിയിൽ 2004 ലോടുകൂടി കാർബൺ വാതകങ്ങൾ പുറംതള്ളുന്നത് അപ്പോഴുള്ളതിന്റെ 20 ശതമാനമായി കുറയ്ക്കാം എന്നായിരുന്നു ധാരണ. പക്ഷേ ക്യോട്ടോ ഉടമ്പടി

പ്രാബല്യത്തിൽ വരുന്നതിന് ഏറ്റവും കൂടുതൽ എതിർക്കുന്നത് അമേരിക്കയാണ്. അത്തരമൊരു തീരുമാനം തങ്ങളുടെ വ്യാവസായികപുരോഗതിയെ പിന്നോട്ടടിക്കുമെന്നായിരുന്നു അവരുടെ വാദം. ഇത് വ്യക്തമാക്കുന്ന ഒരു കാര്യമുണ്ട്: ജനസംഖ്യയല്ല. രാഷ്ട്രങ്ങൾ ഓരോന്നും പുറംതള്ളുന്ന വിനാശകാരികളായ വാതകങ്ങളാണ് പ്രാഥമികതലത്തിൽ പരിസ്ഥിതിനാശം വരുത്തുന്നത്.

മനുഷ്യനും പരിസ്ഥിതിയും ഭിന്നധ്രുവങ്ങളിൽ കഴിയുന്നവയല്ല; പ്രകൃതിയില്ലാതെ മനുഷ്യർക്ക് അതിജീവനമില്ല. പ്രകൃതിയിലെ ഒരു ജീവിഗണമായ മനുഷ്യർക്ക് പ്രകൃതിയെ തോൽപിച്ചു മുന്നേറാൻ കഴിയുകയില്ല. അതേസമയം മനുഷ്യന്റെ ആർത്തിപൂണ്ട നിലപാടുകൾ ഭൂമിയെ പരിക്കേൽപിക്കും. പ്രകൃതിയുടെ താളം തെറ്റിക്കും. അതിനാൽ പ്രകൃതിയെ മാനിക്കുന്ന മനുഷ്യകുലത്തിനേ സുസ്ഥിരമായ അതിജീവനമുള്ളൂ.

ജനങ്ങൾ പെരുകുന്നതല്ല, ശരിയായ ആസൂത്രണമില്ലായ്മയും ചുരുക്കം ചിലർ ഭീമമായ തോതിൽ നടത്തുന്ന പ്രകൃതിചൂഷണവുമാണ് യഥാർത്ഥത്തിലുള്ള പാരിസ്ഥിതികവിഷയങ്ങൾ. ഏതാണ്ടെല്ലാ സാമൂഹിക പ്രശ്നങ്ങളുടെയും പാരിസ്ഥിതിക പ്രശ്നങ്ങളുടെയും കാരണം ജനസംഖ്യയിൽ ആരോപിക്കുന്നത് ഒന്നുകിൽ ശരിയായ ധാരണക്കുറവുകൊണ്ടാണ്; അല്ലെങ്കിൽ കാര്യങ്ങൾ നടത്താൻ കഴിവോ മനസ്സോ ഇല്ലാത്തവരുടെ ഒഴികഴിവ് പറച്ചിലാണ്.

ജനങ്ങളാണ് ഏറ്റവും വലിയ ആസ്തി. വിദ്യാഭ്യാസം സിദ്ധിച്ച ജനങ്ങളാണ് ഏറ്റവും വലിയ ഉത്പാദകർ. ആ വിദ്യാഭ്യാസത്തിൽ പ്രകൃതിപാഠങ്ങൾകൂടെ ഉൾച്ചേരണം എന്നുമാത്രം. അല്ലെങ്കിൽ എത്രവേഗം ഈ ഭൂമിയെ ചുട്ടുതിന്നാം എന്നായിരിക്കും അവർ ആദ്യം പഠിക്കുന്നത്. അത്തരക്കാർ തങ്ങൾ ഒഴികെ ബാക്കിയെല്ലാവരും അടങ്ങുന്ന 'ജനങ്ങളാണ്' പരിസ്ഥിതിനാശത്തിനു കാരണം എന്ന സ്ഥിരം പല്ലവി പാടിക്കൊണ്ടിരിക്കും.

**ഡോ. മാത്യു ഇല്ലത്തുപറമ്പിൽ**
((*പരിസ്ഥിതി ദൈവശാസ്ത്രത്തിന് ഒരു സമകാലികഭാഷ്യം*, ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീസിയസ് സ്റ്റഡീസ്, കോട്ടയം, 2016)



# 14

## ഇന്ത്യയിലെ പ്രകൃതി സംരക്ഷണനിയമങ്ങൾ: ഒരവലോകനം

പരിസ്ഥിതിസന്തുലിതാവസ്ഥയ്ക്ക് ഊന്നൽ നൽകുന്ന സംസ്കൃതിയും പാരമ്പര്യവുമാണ് ഭാരതത്തിന് കൈമുതലായുള്ളത്. പരിസ്ഥിതി സംരക്ഷിക്കാനും ശോഭിതമാക്കാനും ഇൻഡ്യൻ ഭരണഘടന പ്രത്യേകം അനുശാസിക്കുന്നുണ്ട്. ഉദാരവൽക്കരണവും ആഗോളീകരണവും സമ്പദ്‌വ്യവസ്ഥയിലുളവാക്കുന്ന ചലനങ്ങൾ മൂലമുണ്ടാകുന്ന വ്യവസായവളർച്ച പരിസ്ഥിതിക്ക് ആഘാതമാകാതിരിക്കാൻ നാം ജാഗരൂകരായിരിക്കണം. പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കപ്പെടണം. വിഭവസ്രോതസ്സുകൾ യഥേഷ്ടം ചൂഷണം ചെയ്യപ്പെട്ട സംസ്കാരങ്ങളെല്ലാംതന്നെ മൺമറഞ്ഞുപോയിട്ടുണ്ട്. സന്തുലിത വികസനസങ്കല്പം ഇന്ന് ഏറെ ചർച്ചചെയ്യപ്പെടുന്ന വിഷയമാണ്.

പതിനാറാം നൂറ്റാണ്ടുമുതൽ വ്യാവസായികവിപ്ലവം മനുഷ്യജീവിതത്തിന്റെ സമസ്തതലങ്ങളിലും മാറ്റങ്ങൾ ഉണ്ടാക്കി. ദശലക്ഷകണക്കിന് വർഷങ്ങളിലൂടെ ഭൂമിക്കടിയിൽ സഞ്ചയിക്കപ്പെട്ട ലോഹങ്ങൾ, കൽക്കരി, എണ്ണ തുടങ്ങിയ വിഭവങ്ങൾ കണക്കില്ലാതെ

ചൂഷണം ചെയ്യപ്പെടാൻ തുടങ്ങി. മരങ്ങൾ വെട്ടിവീഴ്ത്തി വനവിസ്തൃതി കുറച്ചു. നദികളിൽ അണക്കെട്ടുകൾ കെട്ടി. നദീജലം നദികളിലേക്ക് തന്നെ ഒഴുക്കി. മോട്ടോർ വാഹനങ്ങളും വ്യവസായങ്ങളും അന്തരീക്ഷവായുവിനെ മലീമസമാക്കി. കപടപുരോഗതിയുടെ മറുവശം മനുഷ്യമനസാക്ഷിയിൽ വ്യക്തമായത് അടുത്തകാലത്താണ്. പ്രാചീനഭാരതത്തിൽ സന്തുലിത പരിസ്ഥിതിസൗഹൃദ വികസന മാതൃക നിലവിലിരുന്നുവെങ്കിൽപോലും.

1972-ലെ സ്റ്റോക്ക്ഹോമിൽ നടന്ന ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതിസംരക്ഷണപ്രഖ്യാപനത്തെ തുടർന്ന് ജലമലിനീകരണപ്രതിവിധി, മണ്ണിന്റെ ഉത്പാദനക്ഷമതാക്ഷയം, വനപരിപാലനത്തിന്റെ ആവശ്യകത, വന്യജീവിസംരക്ഷണം, പാഴ്വസ്തുക്കളുടെ പുനർവിനിയോഗം, നഗരശുചീകരണം തുടങ്ങിയ വിഷയങ്ങൾ ശാസ്ത്രസമൂഹത്തിന്റെയും നിയമനിർമ്മാണസഭകളുടെയും ഗൗരവതരമായ ഇടപെടലുകൾക്ക് വഴിതെളിച്ചു. മനുഷ്യൻ പരിസ്ഥിതിയുടെ സൃഷ്ടിയാണെന്നാണ് സ്റ്റോക്ഹോം സമ്മേളനം അടിവരയിട്ടത്. ജനങ്ങളുടെ ക്ഷേമത്തേയും ലോകസാമ്പത്തികവികസനത്തെയും കാതലായി ബാധിക്കുന്ന വിഷയമാണ് പരിസ്ഥിതി എന്നും ലോകനേതാക്കൾ തിരിച്ചറിഞ്ഞു.

പരിസ്ഥിതിക്ക് ഉൾക്കൊള്ളാനാകുന്ന വികസനമെന്നോ, പരിസ്ഥിതി പരിണാമരഹിതമായി നിൽക്കുന്ന വികസനമെന്നോ, പ്രകൃതിവിഭവങ്ങളെ അമിതമായി ചൂഷണം ചെയ്യുകയോ നശിപ്പിക്കുകയോ ചെയ്യാത്ത വികസനമെന്നോ വിശേഷിപ്പിച്ചാൽ രാജ്യത്തെ പല ഭാഗങ്ങളുടെയും സന്തുലിതാവസ്ഥ തിരിച്ചുവരാനാകാത്തവിധം തകിടം മറിഞ്ഞിരിക്കുന്നുവെന്ന് നമുക്ക് കാണാനാകും.

അന്തർദേശീയതലത്തിലുണ്ടായ പ്രകൃതിസംരക്ഷണ അവബോധത്തെത്തുടർന്ന് ഇൻഡ്യയിലും പുതിയ നിയമങ്ങളുണ്ടായി. സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ചാണ് പുതിയനിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത്. അപകടസാദ്ധ്യതയുള്ള കാര്യങ്ങൾ കൈകാര്യംചെയ്യുന്നതിന് പ്രത്യേകസംവിധാനങ്ങൾ ഏർപ്പെടുത്തി. വായു, ജലം, മണ്ണ് എന്നിവയുടെ ഗുണനിലവാരം അനുസരിച്ച് നിയമനടപടികളിലേക്ക് കടക്കാനുള്ള ചട്ടങ്ങളും നിലവിൽവന്നു. ഇൻഡ്യയിൽ പരിസ്ഥിതിയെക്കുറിച്ച് ആദ്യമുണ്ടായ നിയമം, 1974-ലെ ജലമലിനീകരണനിരോധന നിയന്ത്രണനിയമമായിരുന്നു. ഇത് നിലവിൽവരുന്നതിനു മുൻപ്തന്നെ ഇൻഡ്യൻ ശിക്ഷാസംഹിതയിൽ ജലമലിനീകരണം കുറ്റകരമാക്കിയിരുന്നു. പക്ഷേ, വിശദമായ നിയമം ഉണ്ടാക്കേണ്ടിവന്നത് അമിതമായ ജലവിനിയോഗത്തെ തുടർന്നും മലിനജലം ശുദ്ധജല സ്രോതസ്സുകളിലേക്ക് കടത്തിവിടുന്നതും മൂലമായിരുന്നു.





ശുദ്ധവായുവും വെള്ളവും ഭക്ഷണവും മനുഷ്യന്റെ മൗലികാവകാശമാണ്. ഇൻഡ്യൻ ഭരണഘടനയുടെ 21-ാം അനുച്ഛേദം നിയമപരമായ മാർഗ്ഗങ്ങളിലൂടെയല്ലാതെ ഒരു വ്യക്തിയുടെയും ജീവനോ വ്യക്തിസ്വാതന്ത്ര്യത്തിനോ വിലങ്ങിടരുതെന്ന് അനുശാസിക്കുന്നു. ഇതിൽ പരിസ്ഥിതിയെക്കുറിച്ച് നേരിട്ട് പരാമർശമില്ലെങ്കിലും സുപ്രീംകോടതിയും ഹൈക്കോടതികളും നിരവധി കേസുകളിലായി ജീവൻ എന്ന വാക്കിന് ആഴത്തിലുള്ള അർത്ഥമാണ് കല്പിച്ചിട്ടുള്ളത്. ജീവിക്കാനുള്ള അവകാശത്തിൽ മനുഷ്യനിലനില്പിന് അനിവാര്യമായ ജീവിതസാഹചര്യമെന്ന അർത്ഥമാണ് ഉൾക്കൊണ്ടിട്ടുള്ളത്.

സുഭാഷ്കുമാർ vs ബീഹാർ (AIR 1991, എസ്.സി. 420) എന്ന കേസിൽ ജീവയോഗ്യമായ പരിസ്ഥിതിക്കുള്ള അവകാശം ഒരു പൗരന്റെ മൗലികാവകാശമാണെന്നും ഭരണഘടനയുടെ 21-ാം അനുച്ഛേദത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ജീവന്റെയും വ്യക്തി സ്വാതന്ത്ര്യത്തിന്റെയും നിർവ്വചനത്തിൽ വരുമെന്നും സുപ്രിംകോടതി വിധിയെഴുതിയിട്ടുണ്ട്. ഈ അവകാശം നിഷേധിക്കപ്പെട്ടവർക്കോ, സാമൂഹ്യപ്രവർത്തകർക്കോ, പത്രപ്രവർത്തകർക്കോ മാലിന്യവൽക്കരണം തടയാനായി ഹൈക്കോടതിയിലോ സുപ്രീം കോടതിയിലോ പൊതുതാൽപര്യഹർജി നൽകാവുന്നതാണെന്നും വിധിച്ചു.

1974-ൽ നടത്തിയ 42-ാം ഭരണഘടനാ ഭേദഗതി പ്രകൃതിസംരക്ഷണത്തെ ഊട്ടിയുറപ്പിക്കാനായി രണ്ട് സുപ്രധാന മാറ്റങ്ങൾ കൊണ്ടുവന്നു. ഭരണഘടനയുടെ അനുച്ഛേദം 51 A (g) പ്രകാരമാണ് ഈ മാറ്റങ്ങൾ കൊണ്ടുവന്നത്.

വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃതിസംരക്ഷണവും പോഷണവും, ജീവികളോട് കരുണകാണിക്കുന്നതും ഒരു ഇൻഡ്യൻ പൗരന്റെ മൗലികകർത്തവ്യമായി മാറ്റിയതാണ് ഇതിൽ പ്രധാനം. മാത്രമല്ല രാജ്യത്തെ പരിസ്ഥിതി സംരക്ഷണവും പോഷണവും വന- വന്യജീവിസംരക്ഷണവും രാഷ്ട്രനയത്തിന്റെ നിർദ്ദേശകതത്ത്വങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തു (അനുച്ഛേദം 48 A).

മൗലികാവകാശങ്ങൾ ഹനിച്ചാൽ കോടതിയെ സമീപിക്കാം. എന്നാൽ നിർദ്ദേശകതത്വങ്ങളോ മൗലികകർത്തവ്യങ്ങളോ ലംഘിച്ചാൽ നിയമകോടതികളിൽ ചോദ്യം ചെയ്യാൻ അവകാശമില്ല.

**പ്രകൃതി സംരക്ഷണവിഷയങ്ങളുമായി ബന്ധപ്പെട്ട ഭരണഘടന യുടെ 246-ാം അനുച്ഛേദത്തിലെ 7-ാം പട്ടികയിലുള്ള യൂണിയൻ ലിസ്റ്റിൽ ഉൾപ്പെടുന്നവ.**

52. പൊതുതാല്പര്യത്തിന് സമീചീനമാണെന്ന് പാർലമെന്റ് നിയമംവഴി പ്രഖ്യാപിക്കുന്ന വ്യവസായങ്ങൾ.

53. എണ്ണപ്പാടങ്ങളുടെയും ഖനിജതൈലവിഭവങ്ങളുടെയും ക്രമ പ്പെടുത്തലും വികസനവും; പെട്രോളിയവും പെട്രോളിയ ഉത്പ ന്നങ്ങളും അപായകരമാംവണ്ണം എളുപ്പത്തിൽ തീപിടിക്കാവുന്നവ യാണെന്നു പാർലമെന്റ് നിയമംവഴി പ്രഖ്യാപിക്കുന്ന മറ്റ് ദ്രാവക ങ്ങളും പദാർത്ഥങ്ങളും.

54. പൊതുതാൽപ്പര്യത്തിന് സമീചീനമാണെന്നു നിയമം വഴി പാർലമെന്റ് പ്രഖ്യാപിക്കുന്നന്ത്ര, യൂണിയന്റെ നിയന്ത്രണത്തിൻ കീഴിൽ ഖനികളുടെ ക്രമപ്പെടുത്തലും ഖനിജങ്ങളുടെ വികസന വും.

56. പൊതുതാൽപര്യത്തിന് സമീചീനമാണെന്നു നിയമംവഴി പാർലമെന്റ് പ്രഖ്യാപിക്കുന്നന്ത്ര, യൂണിയന്റെ നിയന്ത്രണത്തിൻ കീഴിൽ അന്തർസംസ്ഥാനനദികളുടെയും നദീതടങ്ങളുടേയും ക്രമ പ്പെടുത്തലും വികസനവും.

57. പ്രാദേശികജലാതിർത്തിക്കപ്പുറമുള്ള മൽസ്യബന്ധനവും മൽസ്യബന്ധന കേന്ദ്രങ്ങളും.

**സംസ്ഥാനലിസ്റ്റിൽ ഉൾപ്പെടുന്നവ**

6. പൊതുജനാരോഗ്യവും ആരോഗ്യരക്ഷാനടപടികളും; ആശു പത്രികളും വൈദ്യശാലകളും.

14. കൃഷി, കാർഷിക വിദ്യാഭ്യാസവും കാർഷിക ഗവേഷണവും കീടങ്ങളിൽനിന്നു കാത്തുസൂക്ഷിക്കലും സസ്യരോഗങ്ങളുടെ നിവാ രണവും.

18. ഭൂമി, അതായത്, ഭൂമിയിലോ ഭൂമിയുടെമേലോ ഉള്ള അവകാ ശങ്ങൾ, ജന്മി - കുടിയാൻ ബന്ധമുൾപ്പെടെ ഭൂനടപ്പവകാശങ്ങളും പാട്ടം പിരിക്കലും; കൃഷിഭൂമിയുടെ കൈമാറ്റവും അന്യാധീനപ്പെടു ത്തലും; ഭൂമി അഭിവൃദ്ധിപ്പെടുത്തലും കാർഷികവായ്പകളും; കുടി യേറിപ്പാർക്കലും.

21. മൽസ്യബന്ധനം





23. യൂണിയന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ക്രമപ്പെടുത്തലും വികസനവും സംബന്ധിച്ച് ലിസ്റ്റ് 1-ലെ വ്യവസ്ഥകൾക്ക് വിധേയ മായി, ഖനികളുടെ ക്രമപ്പെടുത്തലും ഖനിജന്യവികസനവും.

24. ലിസ്റ്റ് 1-ലെ വ്യവസ്ഥകൾക്ക് വിധേയമായുള്ള വ്യവസായ ങ്ങൾ.

**സമവർത്തി ലിസ്റ്റ്**

17. എ. വനം

17. ബി. വന്യമൃഗങ്ങളുടെയും പക്ഷികളുടെയും സംരക്ഷണം.

20. സാമ്പത്തിക സാമൂഹ്യ ആസൂത്രണം.

അനുച്ഛേദം 246 (1) പ്രകാരമുള്ള ഒന്നാം ലിസ്റ്റിൽ ഉൾപ്പെട്ട വിഷ യങ്ങളിൽ പാർലമെന്റിനും സംസ്ഥാന നിയമസഭകൾക്കും ഒരേ പോലെ അധികാരമുണ്ട്. അനുച്ഛേദം 245-ൽപ്പെടാത്ത വിഷയങ്ങ ളുടെ അധികാരം പാർലമെന്റിനായിരിക്കും. സംസ്ഥാന- കേന്ദ്രനി യമങ്ങൾ തമ്മിൽ ഭിന്നത വന്നാൽ കേന്ദ്രനിയമത്തിനായിരിക്കും പ്രാബല്യം.

ത്രിതലപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പരി സ്ഥിതി സംരക്ഷണത്തിൽ നിർണ്ണായക പങ്ക്.

1992-ൽ നടത്തിയ 73, 74 ഭരണഘടനാഭേദഗതികൾ പ്രകാരം ഒൻപത്, ഒൻപത് എ ഭാഗങ്ങൾ ഭരണഘടനയിൽ കൂട്ടിച്ചേർത്തു.

ഭരണഘടനയുടെ 11-ാം പട്ടികയായി പരിസ്ഥിതി സംബന്ധി യായ താഴെപ്പറയുന്ന വിവിധ വിഷയങ്ങൾ പഞ്ചായത്തുകളുടെ പരിധിയിൽ കൊണ്ടുവന്നു.

1. കൃഷി, എക്സ്റ്റെൻഷൻ
2. ഭൂമിവികസനം, ഭൂപരിഷ്ക്കരണം, ഭൂസംരക്ഷണം
3. മൈനർ ഇറിഗേഷൻ, വാട്ടർ മാനേജ്മെന്റ്, വാട്ടർഷെഡ് ഡെവ ലപ്പ്മെന്റ്
4. ആനിമൽ ഹസ്ബെന്ററി, ഡയറി, പൗൾട്രി
5. ഫിഷറീസ്
6. സോഷ്യൽ ഫോറസ്ട്രി, ഫാം ഫോറസ്ട്രി
7. മൈനർ ഫോറസ്റ്റ് ഉൽപന്നങ്ങൾ

8. റൂറൽ ഹൗസിംഗ്
9. കുടിവെള്ളം
10. ഊർജ്ജം
11. റോഡുകൾ, നടപ്പാതകൾ, പാലങ്ങൾ, ജലപ്പാതകൾ
12. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ സംരക്ഷണം.
13. ആരോഗ്യം, ശുചിത്വം- ആശുപത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ഡിസ്പെൻസറികൾ.
14. പൊതു സ്വത്ത് സംരക്ഷണം

ഭരണഘടനയുടെ 12-ാം പട്ടികയിൽ മുനിസിപ്പാലിറ്റികളെയും(നഗര പാലിക) വിവിധ പാരിസ്ഥിതിക സംരക്ഷണ വിഷയങ്ങൾക്ക് ചുമതലപ്പെടുത്തി.

ഉദാഹരണം:

1. അർബൻ, ടൗൺ പ്ലാനിംഗ്
2. ഭൂവിനിയോഗവും കെട്ടിട നിർമ്മാണവും
3. ജലവിതരണം - വീട്ടാവശ്യം, വ്യവസായം, വാണിജ്യം
4. ഖര-മാലിന്യനിർമ്മാർജ്ജനം
5. പൊതുജനാരോഗ്യം
6. ശുചിത്വം
7. നഗരവത്കരണം
8. പരിസ്ഥിതി സംരക്ഷണം
9. ചേരിനിർമ്മാർജ്ജനം
10. നഗരസൗന്ദര്യവത്ക്കരണം, കളിസ്ഥലങ്ങൾ, പാർക്കുകൾ, പൂന്തോട്ടങ്ങൾ
11. മൃഗങ്ങളോടുള്ള ക്രൂരത തടയുക.

ഭരണഘടനാസ്ഥാനമായി സംസ്ഥാനനിയമങ്ങൾക്ക് വിധേയമായും പരിസ്ഥിതിസംരക്ഷണകാര്യങ്ങളിൽ ത്രിതലപഞ്ചായത്ത് സംവിധാനങ്ങൾക്ക് തനതായുള്ള നിയമനിർമ്മാണങ്ങൾ നടത്താനുള്ള അധികാരമുണ്ട്.





## പ്രകൃതി സംരക്ഷണത്തിനായി നിലവിലുള്ള പ്രധാന നിയമങ്ങൾ

1. എൻവയോൺമെന്റ് പ്രൊട്ടക്ഷൻ ആക്ട് 1986
2. എയർ ആക്ട് 1981
3. വാട്ടർ ആക്ട് 1974
4. പോയിസൺ ആക്ട് 1919
5. ഇൻഡ്യൻ ഫോറസ്റ്റ് ആക്ട് 1927
6. ഇൻഡ്യൻ പോർട്ട്സ് ആക്ട് 1908
7. ഇൻഡ്യൻ ഫിഷറീസ് ആക്ട് 1897
8. ഇൻഡ്യൻ ഈസ്മെന്റ് ആക്ട് 1882
9. ഒബ്സ്ക്രഷൻ ഇൻ ഫെയർവെയ്സ് ആക്ട് 1881
10. ഫാക്ടറീസ് ആക്ട് 1948
11. മൈൻസ് ആക്ട് 1952
12. ദാമോദർ വാലീ കോർപ്പറേഷൻ (ജലമലിനീകരണ നിയന്ത്രണം ആക്ട് 1948.
13. ഒറീസ്സാ റിവർ പൊലൂഷൻ ആക്ട്
14. റിവർ ബോർഡ്സ് ആക്ട് 1956
15. വാട്ടർ സെസ്സ് ആക്ട് 1977
16. വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട്
17. കോസ്റ്റൽ റെഗുലേഷൻ നോട്ടിഫിക്കേഷൻ
18. ദേശീയ പരിസ്ഥിതി ട്രിബൂണൽ ആക്ട്.

ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 268, 269, 270–272, 274, 277, 278, 280, 284–289, 291, 336–338, 425, 426, 430–432 വകുപ്പുകൾ പരിസ്ഥിതി സംരക്ഷണപ്രാധാന്യമുള്ളവയാണ്. ഇന്ത്യൻ ക്രിമിനൽ നടപടി സംഹിതയുടെ 133–144, 482 വകുപ്പുകളും പ്രധാനപ്പെട്ടവതന്നെ.

ഇന്ന് നിലവിലുള്ള പരിസ്ഥിതിസംരക്ഷണ പ്രാധാന്യമുള്ള നിയമങ്ങൾ ഒട്ടേറെ പഴുതുകളുണ്ട്. ഇവ പരിഹരിക്കുന്നതിനായി പരിസ്ഥിതി നിയമങ്ങളെ സമഗ്രമായ പുനർവായനയ്ക്ക് വിഷയീഭവിപ്പിക്കേണ്ടതുണ്ട്.പല വിഷയങ്ങളും നിയമത്തിന്റെ അധീനതയിൽ

കൊണ്ടുവരാറുണ്ട്. പരിസ്ഥിതി സംരക്ഷണം കേവലം സന്നദ്ധസംഘടനകളുടെയോ പത്രപ്രവർത്തകരുടെയോ കോടതികളുടെയോ മാത്രം ഉത്തരവാദിത്വമാണെന്ന നിലപാട് പൊതുസമൂഹം മാറ്റേണ്ടതായിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണം ഓരോ പൗരന്റെയും പരമപ്രധാനമായ കർത്തവ്യമാണെന്ന് ബോധ്യപ്പെടുത്താൻ സർക്കാർ സംവിധാനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും മുന്നിട്ടിറങ്ങണം.

പലവിധത്തിലുള്ള പരാശ്രയങ്ങൾ നിറഞ്ഞുനിൽക്കുന്ന ഒരു ആവാസ വ്യവസ്ഥയിൽ കേവലം ഘടകത്തിനുണ്ടാകുന്ന പോരായ്മ പരിസ്ഥിതിയുടെ സഹജമായ സന്തുലിതാവസ്ഥയെ ബാധിക്കും. പരിസ്ഥിതിപ്രശ്നങ്ങൾ മനുഷ്യന്റെ മാത്രം പ്രശ്നങ്ങളല്ലെന്നും ഭൂമിയിലെ ലക്ഷോപലക്ഷം ജീവജാലങ്ങളുടെ നിലനില്പിന്റെ പ്രശ്നമാണെന്നും പൊതുസമൂഹം ഇന്ന് അംഗീകരിച്ചുകഴിഞ്ഞു. അതിനാൽ ഒരു ജനാധിപത്യസമൂഹത്തിൽ പരിസ്ഥിതി സംരക്ഷണം പരമപ്രധാനമായ വിഷയമാണിന്ന്. പരിസ്ഥിതിയുടെ ഹരിതദീപ്തിയെ സംരക്ഷിക്കാനുള്ള ധാർമ്മികവും പൗരാവകാശപരമായ ചുമതല നിറവേറ്റുവാൻ ഓരോ പൗരനും കടമയുണ്ട്.

**ഡോ. ജോർജ്ജ് ജോസഫ്**

*(പരിസ്ഥിതി ദൈവശാസ്ത്രത്തിന് ഒരു സമകാലികഭാഷ്യം,*
ഓറിയെന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീസിയസ് സ്റ്റഡീസ്, കോട്ടയം, 2016)



# 15

## നമ്മുടെ പൊതു ഭവനമായ ഭൂമിയുടെ നന്മയ്ക്ക്

ലോകം പ്രതീക്ഷാപൂർവം കാത്തിരുന്ന ഫ്രാൻസിസ് മാർപാപ്പയുടെ പുതിയ ചാക്രികലേഖനത്തിന്റെ പേരാണു Laudato si (ലൗദാത്തൊ സി - Praise be to you - അങ്ങേക്കു സ്തുതിയായിരിക്കട്ടെ) LS എന്ന ചുരുക്കെഴുത്തിൽ ആയിരിക്കും ഇത് അറിയപ്പെടുന്നത്. Laudato si mi Signore: Praise be to you, my Lord. "എന്റെ കർത്താവേ, നിനക്കു സ്തുതിയായിരിക്കട്ടെ" എന്നാണു ചാക്രിക ലേഖനത്തിന്റെ തുടക്കം. ഫ്രാൻസിസ് അസീസിയുടെ സൂര്യ കീർത്തനം എന്ന പ്രാർത്ഥനയിൽ നിന്നാണിത്. "ഞങ്ങളെ പരിരക്ഷിക്കുകയും ഭരിക്കുകയും ഞങ്ങൾക്കുവേണ്ടി സമൃദ്ധമായ നിറഭംഗിയുള്ള ഫലങ്ങൾ നല്കുകയും ചെയ്യുന്ന നമ്മുടെ സഹോദരിയായ ഭൂമിയിലൂടെ, എന്റെ കർത്താവേ, നിനക്കു സ്തുതി" എന്നാണ് ആ പ്രാർത്ഥനയിൽ പറയുന്നത്. 246 ഖണ്ഡികളുള്ള, ആറ് അധ്യായങ്ങൾ അടങ്ങുന്ന, വിപുലമായ ഒരു പഠനമാണ് ഈ ചാക്രികലേഖനം.

കാലഘട്ടത്തിന്റെ ആവശ്യം മനസിലാക്കി വളരെ സങ്കീർണവും എന്നാൽ അവസരോചിതവുമായ വിഷ

യമാണു പാപ്പാ അവതരിപ്പിക്കുന്നത്. ഈ ചാക്രികലേഖനത്തിന്റെ കാതൽ നമുക്കുശേഷം വരുന്നവർക്കുവേണ്ടി, ഇപ്പോൾ വളർന്നു കൊണ്ടിരിക്കുന്ന കുട്ടികൾക്കുവേണ്ടി, ഏതു തരത്തിലുള്ള ഒരു ലോകമാണു നമ്മൾ കൊടുക്കാനിരിക്കുന്നത് (160) എന്നതാണ്. നമ്മുടെ പൊതുഭവനമായ ഭൂമിയോടു നമ്മൾ കാണിക്കുന്ന പരിഗണന എന്താണ്? ഇതു പരിസ്ഥിതിവിഷയം മാത്രമായി കാണരുത്. പരിസ്ഥിതി ഒരു ഒറ്റപ്പെട്ട തുണ്ടായി നമ്മിൽനിന്നു മാറിനില്ക്കുന്ന കാര്യമല്ല.

നമ്മുടെ ജീവനെക്കുറിച്ചും നമ്മുടെ അസ്തിത്വത്തെക്കുറിച്ചുമാണു വാസ്തവത്തിൽ ഇവിടെ ചിന്തിക്കുന്നത്. ഈ ലോകത്തിലെ നമ്മുടെ ജീവന്റെ അർത്ഥം എന്താണ്? നമ്മുടെ പ്രയത്നങ്ങളുടെ അർത്ഥം എന്താണ്? ഭൂമിക്കു നമ്മെക്കൊണ്ട് എന്താണ് ആവശ്യം? ഈ വിഷയങ്ങളെക്കുറിച്ചു ഗൗരവമായി നമ്മൾ ചിന്തിക്കുന്നില്ലെങ്കിൽ പരിസ്ഥിതിശാസ്ത്രത്തെക്കുറിച്ചുള്ള നമ്മുടെ പഠനം കാര്യമായ പ്രതികരണങ്ങൾ സൃഷ്ടിക്കുകയില്ല എന്നു പാപ്പാ പറയുന്നു (160)

ജീവജാലങ്ങളിൽ പരിതസ്ഥിതികളുടെ സ്വാധീനശക്തിയെക്കുറിച്ചു പ്രതിപാദിക്കുന്ന ശാസ്ത്രമാണ് പരിസ്ഥിതിവിജ്ഞാനീയം (ecology). ഇത് Oikos (ഓയ്ക്കോസ് = വീട്) എന്ന ഗ്രീക്കുമൂലത്തിൽ നിന്നുവരുന്നു. ജീവജാലങ്ങളുടെ വീടിനെക്കുറിച്ചുള്ള ശാസ്ത്രമാണിത്. നമ്മൾ ഭൂമിയിൽനിന്നുള്ള പൊടിയാണെന്നും (ഉല്പ 2,7), ശരീരം സൃഷ്ടിക്കപ്പെട്ടതു ഭൗമികപദാർത്ഥങ്ങളിൽ നിന്നാണെന്നും ഇവിടുത്തെ വായുവാണു നാം ശ്വസിക്കുന്നതെന്നും ഇവിടുത്തെ ജലത്തിൽനിന്നാണു നമുക്കു ജീവനും ഉന്മേഷവും വളർച്ചയും ലഭിക്കുന്നതെന്നും നാം മറന്നുകളയുന്നു

**വിരൂപമാക്കപ്പെട്ട ഭൂമി**

അമിതോപയോഗംവഴിയും ദുരുപയോഗംവഴിയും ഭൂമി ഇന്നു വിരൂപമാക്കപ്പെട്ടിരിക്കുന്നു. ഭൂമിയിൽ ഉപേക്ഷിക്കപ്പെട്ടവരുടെ എണ്ണം കൂടുന്നു. ഇവരെ ശ്രദ്ധിക്കണമെന്നു മാർപാപ്പ ശക്തമായി ഓർമപ്പെടുത്തുന്നു. വ്യക്തികളും കുടുംബങ്ങളും, പ്രാദേശിക സമൂഹങ്ങളും, രാജ്യങ്ങളും, അന്തർദേശീയ കൂട്ടായ്മകളും ഒരു പരിസ്ഥിതി മാനസാന്തരത്തിന് (ecological conversion) വിധേയമകണമെന്നു പാപ്പാ പറയുന്നു. വിശുദ്ധനായ ജോൺ പോൾ രണ്ടാമന്റെ വാക്കുകളാണിവ. നമ്മുടെ പൊതുഭവനത്തോടുള്ള കരുതലിനുവേണ്ടി പാപ്പാ എല്ലാവരേയും ക്ഷണിക്കുന്നു.





നമ്മുടെ ഭൗമികഭവനത്തെക്കുറിച്ചുള്ള കരുതൽ വർദ്ധിച്ചു വരുന്നുണ്ട് എന്നും പാപ്പാ പറയുന്നു (19). ഈ ചാക്രികലേഖനം ഒരു മുഖ്യധാര വെട്ടിത്തുറക്കുന്നുണ്ട്. നമ്മുടെ പൊതുഭവന നിർമ്മാണത്തിന് ഒരുമിച്ചു ജോലി ചെയ്യാൻ മനുഷ്യവർഗത്തിന് ഇനിയും കഴിയും (13). എല്ലാം നഷ്ടപ്പെട്ടിട്ടില്ല. മനുഷ്യർക്ക് ഇനിയും ഇടപെടാൻ കഴിയും. ഉദ്യമങ്ങൾ തിരിച്ചറിയാൻ ഒരു പുതിയ തുടക്കം ആവശ്യമാണ് (205).

ഫ്രാൻസിസ് പാപ്പാ വിശുദ്ധനായ ജോൺ പോൾ പാപ്പായെ അനുസ്മരിക്കുന്നു: ക്രൈസ്തവർ വിശ്വാസത്തിന്റെ ഏറ്റവും അടുത്ത ഭാഗമായിട്ടാണ് സൃഷ്ടിയോടും പ്രകൃതിയോടും സ്രഷ്ടാവിനോടുമുള്ള ഉത്തരവാദിത്വത്തെ കാണുന്നത്. ഫ്രാൻസിസ് പാപ്പായുടെ ലക്ഷ്യം നമ്മുടെ പൊതുഭവനത്തെക്കുറിച്ച് എല്ലാ മനുഷ്യരുമായിട്ടും ലോകം മുഴുവനുമായിട്ടും സംഭാഷണം നടത്തുക എന്നതാണ് (3). ഈ ചാക്രികലേഖനം മുഴുവനും ഈ ചിന്ത നിറഞ്ഞുനില്ക്കുന്നു. മറ്റു സഭകളും മതങ്ങളും ഇക്കോളജി പഠനവിഷയമാക്കിയിട്ടുണ്ട്. കോൺസ്റ്റാന്റിനോപ്പിളിലെ എക്യുമെനിക്കൽ പാത്രീയർക്കീസ് ബർത്തലോമിയോയുടെ ചിന്തകൾ ഇതിൽ ചേർത്തിട്ടുണ്ട്. (8-9); അതുപോലെ ശാസ്ത്രജ്ഞരുടെയും തത്ത്വശാസ്ത്രജ്ഞരുടെയും ദൈവശാസ്ത്രജ്ഞരുടെയും ചിന്തകളും.

**ചാക്രികലേഖനത്തിലെ പ്രധാനചിന്തകൾ**

ഭൂമി നമ്മുടെ പൊതുഭവനമാണ്; എല്ലാ വീടുകളിലും കലാലയങ്ങളിലും പൊതുവേദികളിലും ഇതിനേക്കുറിച്ചു സംസാരിക്കണം. ഈ ഭവനത്തിലെ പാവപ്പെട്ടവരും ബലഹീനരും ഈ ഭവനത്തിലെ എല്ലാ ജീവജാലങ്ങളും തമ്മിൽ ബന്ധമുണ്ട്.

സമഗ്രപരിസ്ഥിതിവിജ്ഞാനത്തിന്റെ ആവശ്യകത, പാരിസ്ഥിതികമാനസാന്തരം, പരിസ്ഥിതിവിദ്യാഭ്യാസം, പരിസ്ഥിതി ആത്മീയത തുടങ്ങിയ പ്രയോഗശൈലി പ്രധാനമാകുന്നു.

ഒരു ദരിദ്രപക്ഷ ( Pro poor- പാവപ്പെട്ടവർക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും അനുകൂലമായ) പരിസ്ഥിതിവിജ്ഞാനീയവും പാരിസ്ഥിതികനീതിയെക്കുറിച്ചുള്ള പഠനവുമാണിത്. 'എല്ലാം വലിച്ചെറിയാം' എന്ന സംസ്കാരത്തിന്റെ പോരായ്മയും ഒരു പുതിയ ജീവിതശൈലിക്കുള്ള നിർദ്ദേശങ്ങളും ഇതിൽ എടുത്തു കാണിക്കുന്നു. ഒരു സാങ്കേതിക വിദ്യകൊണ്ടുവന്ന തിന്മകളെ മറ്റൊരു സാങ്കേതികവിദ്യകൊണ്ടു മാറ്റിയെടുക്കാൻ സാധ്യമല്ല. മനുഷ്യ മനസിന്റെ ധാർമികവും ആത്മീയവുമായ മാനസാന്തരത്തിലൂടെ മാത്രമേ അതുസാധിക്കൂ.

**ഐച്ഛികമല്ല**

ഈ ചാക്രികലേഖനത്തിനു മുൻകാല ചാക്രികലേഖനങ്ങളെക്കാൾ എന്തു പ്രത്യേകതയുണ്ട് എന്നു ചോദിച്ചേക്കാം. ഒരു വിശ്വാസിക്കു പ്രകൃതിയോടുള്ള സമീപനം ഐച്ഛികം ( optional - നമുക്ക് ആവശ്യമുണ്ടെങ്കിൽ എടുക്കാം, അല്ലെങ്കിൽ വിട്ടുകളയാം) അല്ല എന്നു പഠിപ്പിക്കുന്നു. സഭാപഠനത്തിന്റെ പ്രധാനഭാഗമായി പാപ്പാ എടുത്തിരിക്കുകയാണിത്. നമുക്കു വേണ്ടാത്തതെല്ലാം പുറത്തേക്കു വലിച്ചെറിയാം എന്ന നിലപാടിനെ മാർപാപ്പ വിമർശിക്കുന്നു. നമ്മുടെ ആവശ്യങ്ങൾ നോക്കാതെ അമിതമായി ഏതു കാര്യവും ഉപയോഗിക്കുന്നതിനെയും ധൂർത്തടിക്കുന്നതിനെയും പാഴ്ച്ചെലവുകൾ വരുത്തുന്നതിനെയും വളരെ ഗൗരവ ബുദ്ധിയോടെയാണു പാപ്പാ കാണുന്നത്.

മനുഷ്യനെ വളർത്തുകയും അവനെ ശുശ്രൂഷിക്കുകയും ചെയ്യുന്നിടത്തോളം സാങ്കേതികവിദ്യയും പണവും നല്ലതാണ്. പക്ഷേ, ചുരുക്കം ചിലരെ മാത്രം അതിസമ്പന്നരും വലിയ ഒരു വിഭാഗത്തെ ദരിദ്രരുമാക്കുന്ന സംവിധാനത്തിലേക്ക് എത്തുമ്പോൾ അതു വലിയ തിന്മയാണ്. നാനാവിധ അടിമത്തത്തിലേക്ക് അതു നയിക്കും. ഇന്നത്തെ സാമ്പത്തിക ഇടപാടുകൾ സമ്പത്ത് എല്ലാവരിലും എത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നില്ല. ദാരിദ്ര്യത്തിൽനിന്നു ജനങ്ങളെ കരേറ്റാൻ സാധിക്കുന്നില്ല.

ദാരിദ്ര്യത്തിന്റെ മൂലകാരണം പാപ്പാ അന്വേഷിക്കുന്നു. ഫോസിൽ ഇന്ധനങ്ങളുടെ അമിതമായ ഉപയോഗത്തെ എതിർക്കുന്നു. പാറകൾക്കുള്ളിൽ നൂറ്റാണ്ടുകളായി അടിഞ്ഞു കിടന്നു ശിലീഭൂതമാകുന്ന അതിപ്രാചീനകാലത്തെ ജീവികളുടെയോ സസ്യങ്ങളുടെയോ അവശിഷ്ടങ്ങളാണു ഫോസിൽ. അതായതു കൽക്കരി, പെട്രോളിയം മുതലായവ. ഈ സാധാരണ ഊർജ്ജം ഒരുപിടി ജനതകളെ ദാരിദ്ര്യത്തിൽനിന്നു കരകയറ്റിയിട്ടുണ്ട്.

ഇത്തരം ഫോസിലുകളുടെ അമിത ഉപയോഗംമൂലം അന്തരീക്ഷത്തെ മലിനപ്പെടുത്തിയ വൻകിട രാഷ്ട്രങ്ങൾ അതിന്റെ ഉപയോഗം കുറയ്ക്കണമെന്നു പാപ്പാ സമർത്ഥിക്കുന്നു. മറ്റു സംവിധാനങ്ങൾ (പാരമ്പര്യേതര ഊർജ്ജം) കണ്ടെത്തണം. ഉദാഹരണം:- കാറ്റിൽനിന്നോ സൂര്യപ്രകാശത്തിൽനിന്നോ ഊർജ്ജം സമ്പാദിക്കുക. പക്ഷേ, അതു ചെലവേറിയതാണ്. ഇക്കാര്യത്തിൽ വലിയ ഐക്യദാർഢ്യം വേണം.





**പങ്കുവയ്ക്കണം**

സമ്പന്നരാഷ്ട്രങ്ങൾ തങ്ങളുടെ സമ്പത്ത് പങ്കുവയ്ക്കണം. എങ്കിൽ മാത്രമേ പിന്നാക്കരാഷ്ട്രങ്ങൾക്കു പാരമ്പര്യേതര ഊർജ്ജത്തിലേക്കു വരാനാവൂ. അതിനു മൂലധനം മുടക്കണം.

കാർഷികമേഖലകളെക്കുറിച്ചുള്ള ശ്രേഷ്ഠമായ കാഴ്ചപ്പാടുകൾ പാപ്പാ മുന്നോട്ടു വയ്ക്കുന്നുണ്ട്. സ്വരമില്ലാതെയും ശക്തിയില്ലാതെയും ഇപ്പോൾ ഒതുങ്ങിക്കഴിയുന്ന കർഷകരുടെ സ്വരമായി പാപ്പാ മാറുകയാണ്. ഒരു കർഷകബാങ്കിന്റെ സ്വരമാണ് 129,164 എന്നീ ഖണ്ഡികകളിൽ മുഴങ്ങുന്നത്. കാർഷികോത്പന്നങ്ങളുടെ ഉത്പാദനരീതിയിൽത്തന്നെ മാറ്റംവരണം. ഇതിലേക്കു വിവേകപൂർവം കടന്നുവന്ന് അല്മായർ നേതൃത്വം കൊടുക്കണം.

ശാസ്ത്രവിഷയങ്ങളിലേക്കു പാപ്പാ കടന്നിട്ടുണ്ട്. കെമിസ്ട്രി പഠിച്ച ഒരു വ്യക്തി എന്ന നിലയിൽ പാപ്പാ ശാസ്ത്രജ്ഞരോടുള്ള അടുപ്പം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

**പണത്തോടുള്ള ആരാധന**

സമ്പദ്ഘടനയെക്കുറിച്ചും ഏറെ പറഞ്ഞിട്ടുണ്ട്. പാപ്പാ ഇതിൽ ധനശാസ്ത്രസിദ്ധാന്തം പഠിപ്പിക്കുകയല്ല മനുഷ്യമഹത്വം മാറ്റിക്കളയുന്ന അപകടകരമായ സമ്പദ്ഘടനയെക്കുറിച്ച് പറയുകയാണു ചെയ്യുന്നത്. പണത്തോടുള്ള അമിതവ്യഗ്രത എല്ലാ കാഴ്ചപ്പാടുകളെയും ബലഹീനമാക്കുന്നു. തടുക്കാനും കെടുത്താനും പറ്റാത്ത അഗ്നിയായി പണത്തോടുള്ള ഈ ആരാധന നില്ക്കുന്നു. ഇന്നത്തെ ആഗോള സമ്പദ്ഘടന വലിയ ഒരു വിഭാഗം ജനതയ്ക്ക് ഉപകാരപ്പെടുന്നില്ല എന്നുമാത്രമല്ല, ഉപദ്രവകരംകൂടിയാണ്. അതു ധാരാളം പണം ഉല്പാദിപ്പിക്കുമ്പോഴും അതിലേറെ ദരിദ്രരെയും പാർശ്വവത്കരിക്കപ്പെട്ടവരെയും സൃഷടിക്കുന്നുണ്ട്.

പാപ്പായുടെ ഏറെ ശ്രദ്ധേയമായ ചിന്ത ആഗോളതാപനത്തെക്കുറിച്ചാണ്. ലോകത്തിലുള്ള എല്ലാ ജീവജാലങ്ങളും തമ്മിലുള്ള ബന്ധത്തിനു പാപ്പാ ഊന്നൽ കൊടുക്കുന്നു. ശരിയായി മാനുഷികമായിട്ടുള്ളത് ഒന്നും സഭയുടെ പരിഗണനയ്ക്കു പുറത്തല്ല എന്നു പാപ്പാ പഠിപ്പിക്കുകയാണ്. സൃഷ്ടലോകത്തെക്കുറിച്ചും പാവപ്പെട്ടവരെക്കുറിച്ചും ഉള്ള കരുതലും ഉത്തരവാദിത്വവും പാപ്പായുടെ ദൈവശാസ്ത്രത്തിന്റെ കാതലാണ്. കാലാവസ്ഥാ വ്യതിയാനം വെറുമൊരു സിദ്ധാന്തമല്ല. എല്ലാവരും അതിന്റെ ദുരിതഫലം അനുഭവിച്ചറിഞ്ഞുകൊണ്ടിരിക്കുന്നു.

**ലക്ഷ്യം മാനസികവിപ്ലവം**

ലോകമനഃസാക്ഷിയിൽ വിപ്ലവവും മാനസാന്തരവും സൃഷ്ടിക്കുകയാണു പാപ്പാ. പ്രകൃതിയെക്കുറിച്ചും അനുബന്ധവിഷയങ്ങളെക്കുറിച്ചും ദീർഘമായി പ്രതിപാദിക്കുന്ന പാപ്പാ ദൈവശാസ്ത്ര വിഷയങ്ങളെ അല്പംപോലും അവഗണിക്കുകയല്ല. വലിയ ഒരു ദൈവശാസ്ത്രമാറ്റം കൊണ്ടുവരുന്നുമില്ല. ഒരു പുതിയ ശൈലിയിലൂടെ വിപുലമായ ഒരു സദസിനെ മുന്നിൽക്കണ്ടുകൊണ്ടാണ് ഈ ചാക്രികലേഖനം തയാറാക്കിയിരിക്കുന്നത്.

**മനുഷ്യമഹത്വത്തെ ആദരിച്ച്**

സ്വാഭാവിക സമീപനങ്ങളെയും നിയമങ്ങളെയും അപ്രധാനങ്ങളാക്കുന്നില്ല. മനുഷ്യമഹത്വത്തെ ആദരിച്ചുകൊണ്ടു ധാർമിക മൂല്യങ്ങളിൽ ഊന്നിനിന്നുകൊണ്ടു പാപ്പാ മുന്നോട്ടു കുതിക്കുകയാണ്. ഈ ലോകമാകുന്ന ഭവനത്തെ ആദരിച്ചുകൊണ്ടുള്ള കുതിപ്പാണിത്. ജോലി ഇല്ലാത്തവരുടെയും വീടില്ലാത്തവരുടെയും ആരോഗ്യമില്ലാത്തവരുടെയും എണ്ണം കുറയ്ക്കാനുള്ള ധാർമിക ഉത്തരവാദിത്വമാകുന്ന ദണ്ഡിൽ ഊന്നിനിന്നുകൊണ്ടാണു പാപ്പാ സംസാരിക്കുന്നത്.

സമ്പന്നരാഷ്ട്രങ്ങൾ സമ്പത്ത് പങ്കുവയ്ക്കണം എന്ന ധാർമിക ദാർശനികതയുടെ വക്താവാണു പാപ്പാ. പങ്കുവയ്ക്കാൻ മനസില്ലാത്ത സമ്പദ്ഘടന വലിയ വിനാശം വിതയ്ക്കുന്നുണ്ട്. ജലവും ഊർജ്ജവും അമിതോപയോഗം മൂലം നഷ്ടമാകുന്നതു തടയണം. ലോകം മുഴുവനും എയർ കണ്ടീഷൻ ചെയ്യണം എന്ന വ്യഗ്രത വേണ്ട

**മാന്ത്രിക ഫോർമുലയില്ല**

സമ്പത്ത് എങ്ങനെ പങ്കുവയ്ക്കണം എന്നതിനെക്കുറിച്ചുള്ള മാന്ത്രികഫോർമുലയൊന്നും പാപ്പായുടെ കൈവശമില്ല. എല്ലാ മനുഷ്യർക്കും ആവശ്യത്തിനുള്ള പണവും നല്ല ഭക്ഷണവും ശുദ്ധജലവും ശുദ്ധവായുവും കിട്ടണം എന്ന കാഴ്ചപ്പാടാണു പാപ്പായുടെ ചിന്തകളുടെ ഇന്ധനമായി നിൽക്കുന്നത്. കൂടുതൽ സമ്പാദിക്കണം എന്ന ചിന്ത വെടിഞ്ഞു കൂടുതൽ കൊടുക്കണം എന്ന സുവിശേഷ മാർഗ്ഗത്തിലേക്കു കടന്നുവരണം.

ദരിദ്രരെക്കുറിച്ചും ഭാവിയെക്കുറിച്ചുമുള്ള ഓർമ ഒരുവനെ സ്വതന്ത്രനാക്കും. ദരിദ്രനിൽ നിക്ഷേപിക്കുന്നവൻ സ്വർഗ്ഗത്തിലാണു നിക്ഷേപിക്കുന്നത്. അത് ആരും കവർന്നെടുക്കുകയില്ല. പാപ്പാ





നിർദ്ദേശിക്കുന്ന പാരിസ്ഥിതിക മാനസാന്തരം ദൈവശാസ്ത്രത്തിന്റെ കാതൽതന്നെയാണ്. എനിക്കുശേഷം വരുന്നവർക്കായി ഞാൻ വിട്ടിട്ടുപോകുന്ന ലോകത്തിന്റെ ഗുണമേന്മയെക്കുറിച്ചാണു പാപ്പാ വ്യഗ്രതകാണിക്കുന്നത്.

ഈ ചാക്രികലേഖനത്തിന്റെ ദൈവശാസ്ത്രപരവും അജപാലനപരവും ആത്മീയവുമായ കാഴ്ചപ്പാടുകൾ വളരെ ആഴമായിട്ടുള്ളതും പഠനവിഷയമാക്കേണ്ടതുമാണ്.പാരിസ്ഥിതിക വിഷയങ്ങളിൽമാത്രം ഒതുക്കിയാൽ ഇതിന്റെ ആഴവും വ്യാപ്തിയും ഗുണമേന്മയും നാം കാണാതെ പോവുകയായിരിക്കും. പാപ്പായുടെ വാക്കുകൾ: "ക്രൈസ്തവർ ത്രിയേകദൈവത്തിൽ, ത്രിത്വാത്മക കൂട്ടായ്മയിൽ വിശ്വസിക്കുന്നവരാണ്. അതിന്റെ അർത്ഥം ത്രിത്വം അതിന്റെ അടയാളം എല്ലാ സൃഷ്ടികളിന്മേലും ചാർത്തിയിട്ടുണ്ട് എന്നതാണ്" (239).

**അസീസിയുടെ ചിന്തകളിൽ**

ഈ ചാക്രികലേഖനം വായിച്ചുകഴിയുമ്പോൾ അമിതാവേശക്കാരനായ ഒരു പ്രകൃതിവാദിയായി പാപ്പായെ തെറ്റിദ്ധരിക്കരുത്. സമഗ്രപരിസ്ഥിതിശാസ്ത്രത്തിന്റെ വക്താവായ ഫ്രാൻസിസ് അസീസിയുടെ ചിന്തകളിലാണു പാപ്പാ വേരുറപ്പിച്ചിരിക്കുന്നത്.ഇതിന്റെ ചുവടുപിടിച്ചു സഭാപിതാക്കന്മാരുടെ കാലഘട്ടത്തിലേക്കു നമ്മൾ യാത്രചെയ്യുന്നതും ഫലപ്രദമാണ്. മാർ അപ്രേം, അഫ്രാത്ത്, നർസെ, ഇരണേവൂസ്, ക്ലമന്റ്, നിനിവേയിലെ ഇസഹാക്ക്, ക്രിസോസ്തോം, ആഗസ്തിനോസ്, അംബ്രോസ്, ജോൺ ഡമഷീൻ തുടങ്ങിയ വലിയ പിതാക്കന്മാർ എല്ലാവരും പ്രകൃതിസ്നേഹികളും പ്രകൃതിയും ദൈവശാസ്ത്രവും തമ്മിലുള്ള ബന്ധം ആഴത്തിൽ പഠനവിഷയമാക്കിയവരുമാണ്. ഈ മേഖലയുമായി ഈ ചാക്രികലേഖനത്തെ കൂട്ടിമുട്ടിക്കുക നമ്മുടെ അജപാലനപരമായ ദൗത്യമായിരിക്കണം.

**ലക്ഷ്യം പുതിയ ഒരു ജീവിതശൈലി**

ആറ് അധ്യായങ്ങളാണു *ലൗദാത്തൊ സി* എന്ന ചാക്രിക ലേഖനത്തിലുള്ളത്.

**1. നമ്മുടെ പൊതുഭവനത്തിന് എന്തു സംഭവിക്കുന്നു?**

ഭൂമിക്ക് എന്തു സംഭവിക്കുന്നു എന്നു വിശകലനം ചെയ്യുന്ന ഒന്നാം അധ്യായം പരിസ്ഥിതി വിജ്ഞാനീയം സംബന്ധിച്ച ആനുകാലിക ശാസ്ത്രീയപഠനങ്ങൾ നിരത്തുന്നു. പ്രകൃതിയുടെ വിലാ

പത്തെ ശ്രദ്ധിക്കുന്നു. ഓരോ വ്യക്തിയും ഇതു ശ്രദ്ധിക്കുകയും പരിഹാരമാർഗ്ഗങ്ങൾ കാണുകയും ചെയ്യണം (19). ഇന്നത്തെ പാരിസ്ഥിതികപ്രതിസന്ധികളെ നന്നായി അവതരിപ്പിക്കുന്നു (15).

*അന്തരീക്ഷമലിനീകരണവും കാലാവസ്ഥാവ്യതിയാനവും:* പാരിസ്ഥിതികവും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും വിഭവം പങ്കുവയ്ക്കുന്നതുമായ അനേകം ഘടകങ്ങൾ ചേർന്ന ഒരു ആഗോളപ്രശ്നമാണു കാലാവസ്ഥാവ്യതിയാനം (25). കാലാവസ്ഥ ഒരു പൊതുകാര്യമാണ്, എല്ലാവർക്കും വേണ്ടിയാണ് (23). ഏറ്റവും പാവപ്പെട്ടവർക്കാണ് ഇതിന്റെ ദൂഷ്യവശങ്ങൾ കൂടുതൽ അനുഭവപ്പെടുക. സാമ്പത്തിക - രാഷ്ട്രീയബലമുള്ള സമ്പന്നരാജ്യങ്ങൾ ഇതു മറച്ചുവയ്ക്കുകയാണ് (26). നമ്മൾ മൗനം പാലിക്കുമ്പോൾ നമ്മുടെ സാധാരണ സഹോദരങ്ങളുടെ നേർക്കുള്ള ഉത്തരവാദിത്വം നാം മറക്കുകയാണ്.

*ശുദ്ധജലം:* അടിസ്ഥാനപരവും സാർവത്രികവുമായ ഒരു അവകാശമാണു ശുദ്ധജലം കുടിക്കുക എന്നത്. മനുഷ്യന്റെ നിലനില്പിനും മറ്റു മനുഷ്യാവകാശങ്ങൾ ഉണർത്തുന്നതിനും ഇതാവശ്യമാണ്. പാവപ്പെട്ടവർക്ക് ഈ അവകാശം നിഷേധിക്കുമ്പോൾ അവരുടെ മനുഷ്യമഹത്വത്തെ നാം നിഷേധിക്കുകയാണ് (30).

*ജൈവവൈവിധ്യനഷ്ടം:* ഓരോ വർഷവും ആയിരക്കണക്കിനു സസ്യങ്ങൾക്കും മൃഗങ്ങൾക്കും വംശനാശം ഉണ്ടാകുന്നു(33).

മനുഷ്യജീവന്റെ ഗുണം നഷ്ടപ്പെടുകയും സമൂഹം ഛിന്നഭിന്നമാവുകയും ചെയ്യുന്നു. കാലാവസ്ഥാവ്യതിയാനം സംഭവിക്കുന്നതിൽ സമ്പന്നരാഷ്ട്രങ്ങൾക്കു പ്രത്യേക ഉത്തരവാദിത്വമുണ്ട്. ഒരു അന്തർദേശീയ ധാർമികചിന്ത രൂപപ്പെടുത്തണം. ഇന്നത്തെ ഏറ്റവും വലിയ കടബാധ്യത പാരിസ്ഥിതിക കടമാണ് (51). ഇതിനോടെല്ലാം ഉള്ള ലോകപ്രതികരണം അല്പം ബലഹീനമാണ് എന്നതത്രേ ഫ്രാൻസിസ് മാർപാപ്പയുടെ നിലപാട്. ഒരു താൻപോരിമവാദവും ഇതൊന്നും സാരമില്ല എന്നൊരു ചിന്തയും സമ്പന്നവർഗത്തിനിടയിലുണ്ട്.

## 2. സൃഷ്ടിയുടെ സുവിശേഷം

വേദപുസ്തകത്തിൽ ഊന്നിനിന്നുകൊണ്ടു യഹൂദ - ക്രൈസ്തവ പാരമ്പര്യങ്ങളിലൂടെ യാത്രചെയ്തു മനുഷ്യവർഗത്തിനു സൃഷ്ടജാലങ്ങളുടെമേലുള്ള വലിയ ഉത്തരവാദിത്വത്തിലേക്കും പാപ്പാ എത്തിക്കുന്നു. സ്വാഭാവികപ്രകൃതി ഒരു പൊതുനന്മയാണ്; മനുഷ്യവർഗത്തിന്റെ സമ്പത്താണ്, ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ് (95).

നമ്മെ രക്ഷിക്കുന്ന ദൈവംതന്നെയാണു ലോകം സൃഷ്ടിച്ചതും. ഇവ രണ്ടും തമ്മിൽ അഭേദ്യബന്ധമുണ്ട്. മനുഷ്യവർഗവും മറ്റു ജീവജാലങ്ങളും തമ്മിലുള്ള ബന്ധം സൂക്ഷിക്കണം. പാപമാണു താളം തെറ്റിച്ചത്. മനുഷ്യജീവൻ ദൈവത്തോടും അയൽക്കാരനോടും ഭൂമിയോടും ഏറ്റവും ബന്ധപ്പെട്ട ഒന്നാണ്. ഈ മൂവരോടുമുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടു കഴിഞ്ഞു. അതാണു പാപം (66).

മനുഷ്യന് ഏദൻതോട്ടം കൃഷിചെയ്യാനും സംരക്ഷിക്കാനുമുള്ള ചുമതലയാണു ദൈവം നൽകിയത്. (ഉല്പ 2,15) എല്ലാ ജീവജാലങ്ങളുടെയും ദൈവോന്മുഖമായ യാത്ര മനുഷ്യരിലൂടെയാണ് (83). ഏതു ജീവിയോടുമുള്ള ക്രൂരത മനുഷ്യമഹത്വത്തിന് എതിരാണ് (92). നമ്മുടെ സഹോദരങ്ങളുടെ നേർക്കുള്ള സ്നേഹവും താത്പര്യവും പരിഗണനയും കുറഞ്ഞാൽ പ്രകൃതിയിലെ മറ്റു ജീവജാലങ്ങളോടുള്ള കൂട്ടായ്മ വാസ്തവമാകുന്നില്ല (91). ഉത്ഥിതന്റെ സാന്നിധ്യം ലോകം മുഴുവനിലുമുണ്ട്.

## 3. പാരിസ്ഥിതികസംഘർഷത്തിന്റെ മാനുഷികവേരുകൾ

ദാർശനികവീക്ഷണങ്ങളോടെയും ശാസ്ത്രത്തിന്റെ സഹായത്തോടെയും പ്രശ്നങ്ങളുടെ വേരുകളിലേക്കു പാപ്പാ നീങ്ങുന്നു. സാങ്കേതികവിദ്യ ലോകപുരോഗതിക്ക് ഏറെ സഹായിച്ചിട്ടുണ്ട്. പക്ഷേ, ഈ മേഖലയിൽ, അറിവും സമ്പത്തും മറ്റു വിഭവങ്ങളുമുള്ളവർ സാധാരണക്കാരന്റെമേൽ ആധിപത്യം നടത്തുന്നുണ്ട് (104). സാങ്കേതികവിദ്യകൊണ്ടു പാവപ്പെട്ടവരെ മുറിപ്പെടുത്തിയിട്ടുണ്ട്. അതു സാമ്പത്തികമേഖലയെയും രഷ്ട്രീയജീവിതത്തെയും കീഴ്പ്പെടുത്തിയിട്ടുണ്ട്. അല്ലെങ്കിൽ അവയ്ക്കുമേൽ ഭരണം നടത്തുന്നു.

മനുഷ്യരുടെ സ്വാർഥപ്രേരിതമായ സമീപനങ്ങൾ വളരുന്നു. മറ്റു മനുഷ്യരോടുള്ള ഉത്തരവാദിത്വത്തിൽനിന്ന് ഓടി മറയുന്നു. ഉപയോഗിക്കുക, എറിഞ്ഞു കളയുക എന്ന ചിന്ത ബലപ്പെടുന്നു. കുട്ടികളെ ദുരുപയോഗിക്കുക, വാർധക്യത്തിൽ എത്തിയവരെ ഉപേക്ഷിക്കുക, കുട്ടികളെ തട്ടിക്കൊണ്ടുപോവുക തുടങ്ങിയവയെല്ലാം ഇതിന്റെ ഫലമാണ് (114). ഫലഭൂയിഷ്ഠമായ ഭൂമിയുടെ സിംഹഭാഗവും സമ്പന്നർ കുത്തകയായി വയ്ക്കുന്നു. തന്മൂലം വിശാലവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ചർച്ചകൾ ഉരുത്തിരിയണമെന്നു പാപ്പാ ആഗ്രഹിക്കുന്നു (135).

**4. സമ്പൂർണപരിസ്ഥിതി**

ഈ ചാക്രികലേഖനത്തിന്റെ ഉന്നം സമഗ്രപരിസ്ഥിതിയാണ്. നീതിക്കുവേണ്ടിയുള്ള ഒരു പുതിയ മാതൃകയാണിത്. ഇതു ഭൂമിയിൽ മനുഷ്യന്റെ തനതായ സ്ഥാനവും മനുഷ്യനു ചുറ്റുപാടുകളോടുള്ള ബന്ധവും ഉൾപ്പെടുന്നു. നമ്മിൽനിന്നു വേർപെട്ടു ബന്ധമില്ലാതെ നില്ക്കുന്ന ഒരു യാഥാർത്ഥ്യമായി പ്രകൃതിയെ കാണരുത് (139).

മാനവൈകൃത്തിനും സാമൂഹികബന്ധങ്ങൾക്കും എതിരായ ഓരോ നീക്കവും പരിസ്ഥിതിയെ ഉപദ്രവിക്കുന്നതാണ് (142). സാമൂഹികസ്ഥാപനങ്ങളുടെ ആരോഗ്യം, പ്രകൃതിയുടെ ആരോഗ്യമാണ്. പ്രകൃതിയെക്കുറിച്ചുള്ള വിശകലനം മനുഷ്യനേയും കുടുംബത്തേയും ജോലി ചെയ്യുന്ന സ്ഥാപനങ്ങളേയും മാറ്റി നിർത്തിക്കൊണ്ടാവരുത്. മാനുഷികപരിസ്ഥിതി പൊതുനന്മയിൽനിന്ന് അവിഭാജ്യമാണ് (156).

ഇന്നു ലോകത്തിൽ അനീതി വളരുകയും അനേകർക്ക് അടിസ്ഥാനസൗകര്യങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്യുന്നു. ഇത്തരുണത്തിൽ പൊതുനന്മയ്ക്കായി പ്രവർത്തിക്കുക എന്നു പറഞ്ഞാൽ സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവരുടെ പക്ഷം ചേരുക എന്നത്രേ (158). ഭാവിതലമുറയ്ക്കു വാസയോഗ്യമായ ഒരു വീട് മനസിൽ കാണുക എന്നതിന്റെ അർഥവും ഇതാണ്.

സത്യം പ്രഘോഷിക്കുന്ന കൂട്ടത്തിൽ പാവപ്പെട്ടവരുടെ കൂട്ടുകാരനും പ്രഘോഷകനും ആയിരിക്കണം നാം എല്ലാവരും. ബെനഡിക്ട് പതിനാറാമൻ മാർപാപ്പയും മാനുഷിക പരിസ്ഥിതിയെക്കുറിച്ചു വിശദമായി പഠിപ്പിച്ചിട്ടുണ്ട്. മനുഷ്യരുടെ കേന്ദ്രസ്ഥാനം നഷ്ടപ്പെടുത്താതെ പ്രകൃതിയെ സംരക്ഷിക്കണം എന്ന ചിന്തയാണത്. നമ്മുടെ ശരീരങ്ങൾ ദൈവത്തിന്റെ സമ്മാനമായി നമ്മൾ കരുതണം. നമ്മുടെ പൊതുഭവനത്തിൽനിന്നു ലഭിച്ചതുമാണത്. നമ്മുടെ ശരീരത്തിന്മേൽ അനിയന്ത്രിതമായ അധികാരം നമുക്കുണ്ട് എന്നു കരുതുന്നതു ജീവജാലങ്ങളുടെമേൽ അനിയന്ത്രിതമായ അധികാരമുണ്ട് എന്നു പറയുന്നതുപോലെയാണ്.

**5. സമീപനങ്ങളും പ്രായോഗികമാർഗങ്ങളും**

നമ്മൾ എന്തുചെയ്യണം, എന്തു ചെയ്യാൻ കഴിയും എന്നതിലേക്കുള്ള കാഴ്ചപ്പാടുകളാണിവിടെ. പഠനം മാത്രം പോരാ, സംഭാഷണങ്ങളും പ്രായോഗികമാർഗ്ഗങ്ങളും കണ്ടെത്തണം. ഓരോ വ്യക്തിയും പങ്കുവയ്ക്കണം. ഇത് അന്തർദേശീയ നയങ്ങളേക്കാൾ ഒട്ടും ചെറുതല്ല. ഇതു സ്വയം നശീകരണത്തിൽനിന്നു നമ്മെ രക്ഷിക്കും (163). പ്രശ്നങ്ങൾ ഏറെയുണ്ട്. ശാസ്ത്രവിഷയങ്ങളും രാഷ്ട്രീയവിഷയങ്ങളും എളുപ്പത്തിൽ പരിഹരിച്ചു സമവായത്തിൽ എത്താൻ പറ്റും എന്നു കരുതുന്നില്ല. എല്ലാവരും സംഭാഷണത്തിൽ ഏർപ്പെടണം. ഏതെങ്കിലും ഒരു മുൻവിധിയുടെയോ ആശയത്തിന്റെയോ പുറകേ പോകരുത് (188).

ആധുനിക ഉച്ചകോടി സമ്മേളനങ്ങളെ മാർപാപ്പ വിമർശിക്കുന്നു. രാഷ്ട്രീയ ചേരിതിരിവുമൂലം പ്രകൃതിയെക്കുറിച്ചു ഫലപ്രദവും കാര്യക്ഷമവുമായ തീരുമാനങ്ങളിലേക്ക് എത്താൻ അവയ്ക്കു സാധിച്ചില്ല എന്നതാണു പാപ്പായുടെ നിരീക്ഷണം (166).

അടിയന്തരസാഹചര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കാത്ത അധികാരത്തിന്റെ സാധുതയെത്തന്നെ പാപ്പാ വിമർശിക്കുന്നുണ്ട്. ഭരണകൂടങ്ങൾ ലോകനന്മയ്ക്കുവേണ്ടി ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും തീരുമാനങ്ങൾ എടുക്കുകയും വേണം (174). ബിസിനസ് ശക്തികൊണ്ടുമാത്രം പ്രകൃതിയെ നമുക്കു സംരക്ഷിക്കാനാവില്ല. സത്യസന്ധവും സുതാര്യവും മനഃസാക്ഷിക്കു യോജിക്കുന്നതുമായ രീതിയിൽ തീരുമാനമെടുക്കണം. സമഗ്രവികസനവും എല്ലാ മനുഷ്യരുടെയും വളർച്ചയും ലക്ഷ്യംവയ്ക്കണം (185).

അഴിമതി ലോകവ്യാപകമാകുന്നു. പാപ്പാ ഉയർത്തുന്ന ഏറ്റവും വലിയ ചോദ്യങ്ങൾ ഭരണാധികാരികളോടാണ്. അവരുടെ നേട്ടങ്ങളും ഇപ്പോഴത്തെ ആവശ്യങ്ങളും മാത്രം നോക്കിയാൽ പോരാ (181). അവർക്കു ധൈര്യമുണ്ടെങ്കിൽ അവരുടെ ദൈവദത്തമായ മഹത്വം മറക്കരുത്. അതിന്മേൽ നിസ്വാർത്ഥമായ ഒരു ഉത്തരവാദിത്വം പ്രകാശിപ്പിക്കട്ടെ (181).

**6. പാരിസ്ഥിതിക വിദ്യാഭ്യാസവും ആത്മീയതയും**

ഒരു പാരിസ്ഥിതിക മാനസാന്തരത്തിലേക്കു മാർപാപ്പ ഏവരെയും ക്ഷണിക്കുന്നു. സാംസ്കാരിക അരാജകത്വത്തിന്റെ വേരുകൾ ആഴമുള്ളവയാണ്. നമ്മുടെ സ്വഭാവവും പ്രവർത്തനങ്ങളും മാറ്റിയെടുക്കുക എളുപ്പമല്ല. അതിനു നിരന്തര പരിശീലനം വേണമത്രേ. ഉദ്ദേശ്യശുദ്ധി ഇല്ലാതെയും ശരിയായ പരിശീലനവും പഠനവും ഇല്ലാതെയും മാറ്റങ്ങൾ അസാധ്യമാണ്. എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളും ഇതിൽ പങ്കാളികളാവണം (213). പുതിയ ഒരു ജീവിതശൈലിയാണു ലക്ഷ്യം (203). അതു സ്വകാര്യ, രാഷ്ട്രീയ സാമ്പത്തികവിദഗ്ധരിൽ സമ്മർദം ചെലുത്തണം.

വ്യവസായം നടത്തുന്ന രീതികൾക്കു മാറ്റം വരുത്തണം അവരുടെ ഉത്പാദനരീതികൾ പരിശോധിക്കേണ്ടതായിട്ടുണ്ട് (206)അക്രമം, ചൂഷണം, സ്വാർത്ഥത എന്നിവയിൽനിന്നു മാറിനിൽക്കണം. ഇതും സമഗ്ര പരിസ്ഥിതിയുടെ ഉൾക്കാമ്പാണ്. ദൈവം തന്ന കഴിവുകളെ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തിക്കൊണ്ടു കൂടുതൽ സൃഷ്ടിപരതയിലേക്കും കാര്യക്ഷമതയിലേക്കും എത്തിയ വിശുദ്ധരുടെ (ഫ്രാൻസിസ് അസീസി, ബെനഡക്ട്, തെരേസ വാഴ്ത്തപ്പെട്ട ചാൾസ് ദെ ഫുക്കോ) മാതൃകകൾ മാർപാപ്പ എടുത്തു കാണിക്കുന്നു: പരിശുദ്ധ ത്രിത്വത്തിലുള്ള കൂട്ടായ്മയിലാണു പാപ്പാ ചാക്രികലേഖനം അവസാനിപ്പിക്കുന്നതും കൂട്ടിയിണക്കുന്നതും (238 – 240). എല്ലാ സൃഷ്ടികളുടെയും മകുടമായ പരിശുദ്ധമറിയത്തെയും പ്രത്യേകം സ്മരിക്കുന്നു (241-2).

**മാർ ജോസഫ് കല്ലറങ്ങാട്ട്**

*(പരിസ്ഥിതി ദൈവശാസ്ത്രത്തിന് ഒരു സമകാലികഭാഷ്യം,*
ഓറിയെന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീസിയസ് സ്റ്റഡീസ്, കോട്ടയം, 2016)